KOTTAYAM PUBLIC LIBRARY

Call No. 1708 [illegible]    Acc. No. 12843

Author [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM.

19

# ഒരു
# സാധകൻെറ സഞ്ചാരം

(ഒരു റഷ്യൻ തീർത്ഥാടകൻെറ ആത്മകഥ)

KOTTAYAM PUBLIC LIBRARY
42943

മൂലഗ്രന്ഥകാരൻ:

**അജ്ഞാതനാമൻ**

ആംഗലവിവർത്തകൻ:

**റവറൻഡ് ആർ. എം. ഫ്രഞ്ച്**

മലയാളവിവർത്തകൻ:

**സിദ്ധിനാഥാനന്ദസ്വാമി**

**ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ,**

പുറനാട്ടുകര, തൃശ്ശിവപേരൂർ.

NATIONAL BOOK STALL
SPCS LTD.
BR: KOTTAYAM.

**Oru Sadhakante Sancharam** (The Way of a Pilgrim)
(Malayalam)

Author unknown
English translator: Revd. R. M. French
Malayalam translator: Swami Siddhinathananda

Published by Swami Iswarananda
President, Sri Ramakrishna Ashrama
Puranattukara, Trichur.

---

ഒന്നാം പതിപ്പ്: 1969 ഫെബ്രുവരി. പ്രതി 2000

അച്ചടി: പ്രബുദ്ധകേരളം പ്രസ്സ്,
പുറനാട്ടുകര, തൃശ്ശിവപേരൂർ.

പകപ്പവകാശം: പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിന്ന്.

വില രൂപ രണ്ട്.

KOTTAYAM PUBLIC LIBRARY
KOTTAYAM

# പ്രസ്താവന

ഈ സാധകൻ ഒരു സഞ്ചാരിയാണ്, തീർത്ഥാടകനാണ്; അതിനാൽ ഗ്രന്ഥം ഒരു സഞ്ചാരകഥയാണ്, സാധകൻെറ സഞ്ചാരമായതിനാൽ അദ്ധ്യാത്മമാർഗ്ഗസഞ്ചരണവുമാണ്. കാഥികൻ ഒരു കൃസ്തുഭക്തനാകുന്നു. ഈ ക്രൈസ്തവമതഗ്രന്ഥം എങ്ങനെ ഒരു ഹിന്ദു സന്ന്യാസി വിവർത്തനം ചെയ്യാനിടയായി, ഒരു ഹിന്ദുമതസംഘടനയിൽനിന്നു് എങ്ങനെ പ്രസിദ്ധപ്പെടുത്തുന്നു എന്നൊരു ചോദ്യം ചിലക്കെങ്കിലും തോന്നാം. അതിനു സമുചിതമായ സമാധാനം, ഈ വിശിഷ്ടകൃതി ഒരാവൃത്തി വായിച്ചുനോക്കൂ, അപ്പോൾ മനസ്സിലാകും, എന്നാണ്. അതിനു മുമ്പുതന്നെ കാരണം കുറഞ്ഞൊന്നു് ഇവിടെ സൂചിപ്പിക്കുകയും ചെയ്യാം. ഓരോ വ്യക്തിക്കും അവനവൻെറ വഴിക്കു് ഈശ്വരനെ സമീപിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും അതു സാദ്ധ്യമാണെന്നുമുള്ളതു് ഹിന്ദുമതത്തിൻെറ സവിശേഷതകളിൽ ഒന്നാകുന്നു. സ്ഥലകാലവ്യക്തിഭേദമനുസരിച്ചു് വഴികൾ പലതെങ്കിലും ഏവരും ചെന്നെത്തുന്ന ലക്ഷ്യം ഒന്നെന്നും, പേരു പലതായതുകൊണ്ടു് പൊരുൾ മാറുന്നില്ലെന്നും, വഴിക്കു് തീർത്ഥാടകർക്കു് ഒരേമാതിരി അനുഭവങ്ങൾ ഉണ്ടാകാമെന്നും അനാദികാലംമുതൽ നമ്മുടെ ഈശ്വരപുരുഷന്മാർ പ്രഖ്യാപിച്ചിട്ടുള്ളതും, അവിച്ഛിന്നം ഭക്തന്മാരുടെ ജീവിതംകൊണ്ടു തെളിയിക്കപ്പെട്ടുപോന്നിട്ടുള്ളതും ആകുന്നു. പള്ളിയും അമ്പലവും മസ്ജിദും തമ്മിൽ വരമ്പും വേലിയും മണ്ണിലേ ഉള്ളൂ, വിണ്ണിലില്ല. ഉള്ളുരുകി പ്രാർത്ഥിച്ചാൽ, വ്യാകുലതയോടെ വിളിച്ചാൽ, ഈശ്വരൻ വിളി കേൾക്കും എന്നതു് ദേശകാലങ്ങളെ അതിക്രമിച്ചുള്ള ഒരു നിത്യസത്യമാകുന്നു. അപ്രകാരം വിളിച്ചു വിളികൊണ്ടവരുടെ അരുൾമൊഴികൾ മാനവരാശിയുടെ മുഴുവൻ തറവാട്ടുമുതലാകുന്നു.

'എല്ലാ കുറുക്കന്മാരും കൂവുന്നതൊരുപോലെ.' എന്നാണ് ഈ അനുഭൂതിയുടെ സാർവ്വലൗകികതയെക്കുറിച്ച് ശ്രീരാമകൃഷ്ണൻ സരസമായി പ്രസ്താവിച്ചിട്ടുള്ളതു്. 'തേടുവിൻ, കണ്ടെത്തും.' എന്ന ആഹ്വാനത്തെ അനുസരിച്ച് പിതാവിനെ തേടി കണ്ടെത്തിയ ഒരു വിനീതപുത്രൻെറ ആത്മസഞ്ചരണമാണു് ഇതിലെ ഉള്ളടക്കം. സത്യാന്വേഷി, സകല സത്യാന്വേഷികളുടെയും തോഴനും വഴികാട്ടിയും കൂടെപ്പിറപ്പും ആകുന്നു.

ഈശ്വരചിന്തയും ഭഗവദ്ഭജനവും ജീവിതത്തിൻെറ പരമലക്ഷ്യമായി കരുതി അതിനുവേണ്ടി സർവ്വസ്വവും ത്യജിക്കാനും സ്വയം സമർപ്പിക്കാനുമായി സന്നദ്ധരായിട്ടുള്ള നിരവധി സാധകന്മാരുടെയും സിദ്ധന്മാരുടെയും ചരിതംകൊണ്ടു് പരിപൂതമാകുന്നു ഭാരതം. അനാദികാലം മുതൽ ഭാരതത്തിൽ കണ്ടുവരുന്ന ഒരു വാസനാവിശേഷമാണിതു്. ഈശ്വരനെ സമീപിക്കാനുള്ള പാതകൾ പലതുണ്ടെങ്കിലും നമ്മുടെ പൂർവ്വികർ നാലു രാജപാതകൾ തെളിച്ചിട്ടുണ്ടു്: ബുദ്ധിയുടെ, മനസ്സിൻെറ, ഹൃദയത്തിൻെറ, കരചരണാദികരണങ്ങളുടെ. ബുദ്ധി കാരണം തേടുന്നു, പരമകാരണത്തിലെത്തുന്നു. ചഞ്ചലമായ മനസ്സ് സ്വൈരം കൊടുക്കാതെ ജീവനെ ഇട്ടലട്ടുന്നു; അതിൻെറ ചാഞ്ചല്യം അടക്കി, സാക്ഷിസ്വരൂപനെ കണ്ടെത്തി, ജീവൻ സ്വസ്ഥനായിത്തീരുന്നു. ഹൃദയം ഈശ്വരൻെറ ആസ്ഥാനമാണു്, പ്രേമത്തിൻെറ കലവറയാണു്. 'ഹൃദി അയം ഇതി ഹൃദയം,' 'ഹൃത്തിൽ അവൻ വാഴുന്നതുകൊണ്ടാണു് ഹൃദയം' എന്നു് നെഞ്ചകത്തിനു പേരു വന്നതുതന്നെ. ആ ഹൃദയാന്തർവർത്തിയായ പ്രേമമൂർത്തിയെ പരമപ്രേമപൂർവ്വം ഭജിച്ച് ജന്മം കൃതാർത്ഥമാക്കാം. ചപലങ്ങളായ കരചരണാദികളുടെ സകല കർമ്മങ്ങളും സർവ്വേശ്വരനു് സമർപ്പിച്ചു് അവയെ ഭഗവത്കൈങ്കര്യമാക്കി ഭഗവത്പദം

പ്രാപിക്കാം. ഈ നാലു രാജപാതകളിൽ സുഗമവും സുലഭവുമായതു് ഹൃദയത്തിൻെറ മാർഗ്ഗമാകുന്നു; കാരണം, ഹൃദയമില്ലാതെ ആരുമില്ല എന്നതുതന്നെ.

ഈ മാർഗ്ഗത്തിൽക്കൂടി ആ ഹൃദയേശ്വരനെ പ്രാപിക്കാനും നമ്മുടെ ഭാഗവതന്മാർ പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്, ഓരോരുത്തരുടേയും അർഹതയും അഭിരുചിയും അനുസരിച്ചു്: പരമാത്മജീവാത്മബന്ധം, പിതൃപുത്രബന്ധം, സുഹൃത്സഖീബന്ധം, സ്വാമിഭൃത്യബന്ധം, കാന്തകാന്താബന്ധം എന്നിങ്ങനെ ഈശ്വരനുമായി ഓരോ ബന്ധം സ്ഥാപിച്ചുകൊണ്ടുള്ള സമീപനം. ഇവയിൽ സ്വാമിഭൃത്യബന്ധമാണു് അജ്ഞനും ദീനനും അല്പനും ആയ ജീവനു് സ്വീകരിക്കാവുന്ന സുഗമമായ മാർഗ്ഗം. അശരണനായ ജീവൻ തന്നെ രക്ഷിക്കുന്നതിനായി സ്വസ്വാമിയോടു കേണപേക്ഷിക്കുന്നു. താപാർത്തനായ മനുഷ്യനു് ഈശ്വരനല്ലാതെ ആരും തുണയില്ല. നിരന്തരമായ ഈശ്വരസ്മരണം മാത്രമേ, അന്യഥാ അശാന്തവും അസുഖപ്രദവുമായ ജീവിതത്തിൽ, ശാന്തിയും സമാധാനവും ഉണ്ടാക്കുന്നതിനു് ഒരുപായമുള്ളു. ഈ നിരന്തരസ്മരണയ്ക്കു് ഈശ്വരകഥാശ്രവണം, സ്തോത്രകീർത്തനം, ഭഗവദ്രൂപധ്യാനം, പൂജ, നമസ്കാരം, നാമജപം, തീർത്ഥാടനം, ആത്മസമർപ്പണം എന്നിങ്ങനെ പലേ മാർഗ്ഗങ്ങളും ഭക്തന്മാർ സ്വീകരിക്കാറുണ്ടു്. ഇവ വിഭിന്നരുചികളായ സാധകന്മാർക്കു സ്വീകരിക്കാവുന്ന വിഭിന്നമാർഗ്ഗങ്ങളാവാം; ഒരേ വ്യക്തിക്കുതന്നെ മുഷിവുകൂടാതെ ഈശ്വരചിന്ത നിരന്തരം നിലനിർത്തുന്നതിനു് മാറിമാറി സ്വീകരിക്കാവുന്ന സാധനാഭേദങ്ങളുമാകാം. ഇവയിൽ ഏററവും എളുപ്പമായ മാർഗ്ഗം നാമസങ്കീർത്തനമാണു്. അജ്ഞനും വിജ്ഞനും, അന്ത്യജനും അന്തണനും, രോഗിക്കും യോഗിക്കും, ഭോഗിക്കും ത്യാഗിക്കും, കുചേലനും കുബേരനും, സ്ത്രീക്കും പുരുഷനും, ബാലനും വൃദ്ധനും, ഏവക്കും ഏതു പൊഴുതും അനുശീലിക്കാവുന്ന ഒരു

സാധനയാണിതു്. 'ജപാത് സിദ്ധിഃ' എന്നു്, അതിപുരാതനമായ യോഗദർശനത്തിൻെറ ഉപജ്ഞാതാവായ പതഞ്ജലിമഹർഷി ഉപദേശിക്കുന്നു. ഈ മാർഗ്ഗത്തിൻെറ സൗലഭ്യംകൊണ്ടു്, അതു് മററതൊരു അദ്ധ്യാത്മസാധനോപായത്തേക്കാളും ശ്രേഷ്ഠമാണെന്നുപോലും ഭാഗവതന്മാർ പ്രഖ്യാപിക്കുന്നു. അന്നഗതപ്രാണന്മാരായ കലികാലജീവന്മാർക്കു് നാമസങ്കീർത്തനം മാത്രമാണു് ഈശ്വരപ്രാപ്തിക്കുള്ള ഏകോപായം എന്നത്രെ ശ്രീരാമകൃഷ്ണദേവൻ അരുളുന്നതു്.

നാമകീർത്തനം ഉറക്കെയോ പതുക്കെയോ നിശ്ശബ്ദമായോ ആകാം. സ്തോത്രാദികൾ ഉറക്കെ ചൊല്ലുന്നതു സഹായകമാകുന്നു. ഗുരൂപദിഷ്ടമായ മന്ത്രമോ ഏതെങ്കിലും നാമമോ ആണെങ്കിൽ അതു് നിശ്ശബ്ദമായോ അന്യർ കേൾക്കാത്ത തരത്തിൽ നാവുകൊണ്ടോ ജപിക്കുന്നതായിരിക്കും നല്ലതു്. അന്യർ കേൾക്കുന്നതു് ആക്ഷേപകരവും വിക്ഷേപകരവും ആയെന്നു വരാം; യഥാർത്ഥഭക്തൻ അന്യരുടെ ആക്ഷേപത്തെ ഗൗനിക്കുകയില്ല എന്നിരുന്നാലും ആരംഭദശയിൽ ചിലർക്കു് സങ്കോചം തോന്നിയേക്കാം. പിന്നെ, ഈവക കാര്യങ്ങൾ എത്രയും രഹസ്യമായിരിക്കുന്നുവോ അത്രയും ശ്രേയസ്കരവുമാണു്. ഈ ഗോപനവാസന ഭാരതത്തിലെ സാധകന്മാരിൽ കുറെ കവിഞ്ഞുപോയില്ലേ എന്നു് സംശയം തോന്നാം. ശിഷ്യന്മാർക്കോ ജിജ്ഞാസുക്കൾക്കോ ആചാര്യന്മാർ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകും; എന്നാൽ അവർ സ്വയം സിദ്ധന്മാരായതെങ്ങനെ എന്നു വെളിപ്പെടുത്താൻ അവർ വലിയ വിമുഖരാണു്. ഇക്കാര്യത്തിൽ വ്യാസനും വാല്മീകിയും പതഞ്ജലിയും പാണിനിയും മററും കേവലം ശബ്ദരൂപികൾ മാത്രമാകുന്നു. ഭാഗവതത്തിലെ നാരദൻമാത്രമേ അല്പം ആത്മകഥാകഥനം നടത്തുന്നുള്ളു, വ്യാസൻെറ അപേക്ഷയനുസരിച്ചു്. ഇനി, ആധുനികരായ ആചാര്യന്മാരാരെങ്കിലും ആത്മകഥ എഴുതി

യിട്ടുണ്ടെങ്കിൽ, അതിൽ അവരുടെ 'അഹം' മുഴച്ചുനില്ക്കു ന്നതും കാണാം. ഒരുവൻെറ 'അഹം' മുഴച്ചാൽ അപരൻെറ യും മുഴക്കും, തമ്മിലേററു മുട്ടും. ആത്മഗോപനം സിദ്ധന്മാ രുടെ ആദ്ധ്യാത്മികമായ മഹനീയതയെയാണ് വിളം ബരം ചെയ്യുന്നത് എന്നിരുന്നാലും, അവരുടെ ജീവിത മാതൃകയിൽനിന്നു് പിൻഗാമികൾക്കു് ലഭിക്കാമായിരുന്ന ഒരു മാർഗ്ഗദീപം തന്മൂലം ലഭിക്കാതെ പോകുന്നു. അവർ അതിനുള്ള തത്ത്വങ്ങളും മാർഗ്ഗങ്ങളും ഉപദേശിച്ചിട്ടുണ്ടെന്നു ള്ളതു നേരുതന്നെ; അവരുടെ കഥാപാത്രങ്ങൾ അവരുടെ പ്രതിപുരുഷന്മാരുമായിരിക്കാം. പക്ഷെ സ്ജീവമാതൃക യിൽനിന്നു കിട്ടുന്ന പ്രചോദനത്തിന് വെളിച്ചവും ചൂടും കൂടുതലുണ്ട്. ഇക്കാര്യത്തിൽ ക്രൈസ്തവസാധകസമ്പ്രദായം മററുള്ളവക്കും മാർഗ്ഗദർശകമാകുന്നു. വിശുദ്ധ കൊച്ചുത്രേസ്യ, ബ്രദർ ലാറൻസ്, തോമസ് അകെമ്പിസ്, സെൻറ് ജോൺ ഓഫ് ദി ക്രോസ് തുടങ്ങിയവരുടെ ചരിത്ര ങ്ങളും കൃതികളും ആ നിലയിൽ നിസ്തുലങ്ങളാകുന്നു.

സാധകന്മാർ തങ്ങളുടെ അദ്ധ്യാത്മപുരോഗതി രേഖ പ്പെടുത്തിവെയ്ക്കുന്നതിൻെറ അത്യാവശ്യകതയെക്കുറിച്ച് നമ്മുടെ സഞ്ചാരസാധകൻെറയും അദ്ദേഹത്തിൻെറ ആചാ ര്യന്മാരുടെയും അഭിപ്രായം കേട്ടോളു: "...അവർ തങ്ങളുടെ ജീവിതം നിരന്തരപ്രാർത്ഥനയ്ക്കായി വിനിയോഗിക്കുക മാത്രമല്ല, അവരുടെ ഉൾക്കാമ്പിലെ സ്നേഹവായ്പിനാൽ, അവസരം ലഭിച്ചപ്പോൾ അതു വെളിവാക്കുകയും അന്യരെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധ്യാനത്തിൽനിന്നു ഗ്രഹിച്ച കാര്യങ്ങളും ആത്മാവിനെ അത്യുന്നതനിലയിലേയ്ക്ക് ഉയർത്താനുള്ള ഉപായങ്ങളും വെറുതെ സ്വന്തം മനസ്സിൽ സൂക്ഷിച്ചുവെയ്ക്കാൻ പാടുള്ളതല്ല; പിന്നെയോ, സ്നേഹമസൃ ണമായ ഉദ്ദേശ്യത്തോടെ പൊതു ഉപയോഗത്തിനുവേ ണ്ടി ഒരുവൻ അവ കുറിച്ചുവെയ്ക്കുകയും വേണം – എഴുതി

വെയ്ക്കണം......'ഉറപ്പേറുറത്തും ഉയരമേറിയതുമായ ഒരു നഗരത്തെപ്പോലെ കൂടെപ്പിറപ്പ് കൂടെപ്പിറപ്പിനെ തുണെയ്ക്കുന്നു.' ഇക്കാര്യത്തിൽ പ്രത്യേകിച്ചും സൂക്ഷിക്കേണ്ട സംഗതി ആത്മപ്രശംസ ഒഴിവാക്കാനും ദിവ്യോപദേശത്തിൻെറ വിത്തുകഠം പാഴ്മണ്ണിൽ വിതയ്ക്കാതിരിക്കാനും ആണു്.'' ഈ അഭിപ്രായത്തെ തികച്ചും ആദരിച്ചുകൊണ്ടു്, ആത്മപ്രശംസയുടെ കണികപോലുമില്ലാതെ, അജ്ഞാതനാമാവായ ഒരു കൂടെപ്പിറപ്പ നമ്മെ തുണെയ്ക്കാൻവേണ്ടി രേഖപ്പെടുത്തിവെച്ചതും, യാദൃച്ഛികമായി കണ്ടുകിട്ടിയതും ആയ ഒരപൂർവ്വനിധിയാണിതു്.

ഹൃദയത്തിൻെറ മാർഗ്ഗമായ ഭക്തിയിൽക്കൂടി നിരന്തരമായ, അനുസ്യൂതമായ, പ്രാർത്ഥനയിൽക്കൂടി ജന്മസാഫല്യം നേടിയ ഒരു സുകൃതിയാണു് ഈ സഞ്ചാരി. ആ ജപസിദ്ധൻ താൻ ചെയ്ത തീർത്ഥാടനത്തെക്കുറിച്ചും ജപസാധനയെക്കുറിച്ചും തൻെറ അദ്ധ്യാത്മപിതാവിനോടു് പറയുന്ന രീതിയിലാണു് ഇതു് വിരചിതമായിട്ടുള്ളതു്. ക്രൈസ്തവമതവിശ്വാസികഠം ഈശ്വരനെ സ്വർഗ്ഗസ്ഥനായ പിതാവായി ആരാധിക്കുന്നതിനാൽ അവർ പിതാവെന്ന നിലയിലും രക്ഷകനെന്ന നിലയിലും ആണു് അധികമായും ഈശ്വരനെ ഭജിക്കുന്നതു്. ഭക്തി ഉറയ്ക്കുകയും ഈശ്വരനോടു് കൂടുതൽ അടുക്കുകയും ചെയ്യുമ്പോഠം ഇതരഭാവങ്ങളും ഭക്തൻ അനുഭവിക്കുമെന്നിരുന്നാലും പിതൃപുത്രബന്ധവും സ്വാമിഭൃത്യബന്ധവുമാണു് അവരുടെ വിശ്വാസപ്രമാണങ്ങഠംക്കു് അനുരൂപമായ ഈശ്വരഭജനസമ്പ്രദായം. ഈ സാധകൻ സ്വാനുഭവങ്ങളാണു് വർണ്ണിക്കുന്നതു്. നേരിട്ടു കണ്ടവൻ പറയുമ്പോഠം കേഠംക്കുന്നവനു്, കാണുംപോലെ കാര്യങ്ങഠം വ്യക്തമാകും. അനുഭൂതിയുടെ അപരോക്ഷതയും ആധികാരികതയും സരളതയും ഹൃദയവശ്യതയും സാധകൻെറ ഓരോ വാക്കിലും തെളിഞ്ഞു കാണാം.

YAM PUBLIC LIBRARY KOTTAYAM

ഒരു കാഥികൻ എന്ന നിലയ്ക്കും തീർത്ഥാടകൻ മഹത്തായ ഒരു സ്ഥാനത്തിനർഹനാകുന്നു. വേണ്ടതു് പറയും, വേണ്ടതേ പറയൂ, അമിതമോ അഹിതമോ ആയി ഒരു വാക്കുപോലും ഇല്ല. 'ഹിതം ച സാരം ച വചോ ഹി വാഗ്മിതാ.' ഹിതവും സാരവും മാത്രം പറയുന്ന ഒരു ഉത്തമ വാഗ്മിയാണു് ഈ അജ്ഞാതതീർത്ഥാടകൻ. ഈ സാധകൻ നമ്മുടെ അന്തരാത്മാവിനോടു് സംവാദം നടത്തുന്ന അനുഭൂതിയാണു് ഇതു വായിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. ഒരിക്കൽ അനുഗമിക്കാൻ തുടങ്ങിയാൽ വിടാൻ തോന്നുകയില്ല, തീർന്നാൽ തീർന്നുപോയല്ലോ എന്നു കുണ്ഠിതം തോന്നും. പക്ഷേ, ഒരിക്കൽ വായിച്ചാൽ ഈ സിദ്ധൻ പിന്നെ നമ്മെ പിരിയുകയില്ല, അഥവാ നാം അദ്ദേഹത്തെ പിരിയുകയില്ല. മനസാ നാം അദ്ദേഹത്തെ പലപ്പോഴും അനുഗമിക്കും, അനുകരിക്കും; കൃതജ്ഞതയോടെ അനുസ്മരിക്കും. ഈ സാധകസഞ്ചാരം നാസ്തികനെ ആസ്തികനും ആസ്തികനെ ഭക്തനും കൃതകൃത്യനും ആക്കും.

കലികാലത്തിൽ നാമസങ്കീർത്തനമല്ലാതെ ഈശ്വരപ്രാപ്തിക്കു് മറെറാരു മാർഗ്ഗവുമില്ല എന്നുപദേശിച്ച നാരദാദിമഹർഷിമാരുടെ അരുളപ്പാടു് ദേശകാലാതിവർത്തിയായ ഒരു നിത്യസത്യമാണെന്നു തെളിയിച്ച ഈ സാധകൻെറ കൂടെയുള്ള സഞ്ചാരം, തീർത്ഥാടനം, പാപഹരവും പുണ്യകരവും ശാന്തിപ്രദവുമാകുന്നു.

ഈ പുസ്തകം ഒരു സുഹൃത്തു് വായിക്കാൻ തന്നു; അന്നു രാത്രിയും പിറേറന്നു രാവിലെയുമായി വായിച്ചുതീർത്തു. ഒരു പുസ്തകം എവിടെ കിട്ടും എന്നു് അന്വേഷണമായി. ഇന്ത്യയിൽ പലയിടത്തും അന്വേഷിച്ചു; ഇതുവരെ കിട്ടിയില്ല. ശ്രീ സിദ്ധേശ്വരാനന്ദസ്വാമികൾ യൂറോപ്പിൽനിന്നും നാലു പുസ്തകം ഇന്ത്യയിൽ ചിലക്കു് അയച്ചുകൊടുത്തതിൽ ഒന്നാണു് വായിക്കാൻ കിട്ടിയതു്. ഇതു്

ഇങ്ങനെ അജ്ഞാതവും അലഭ്യവുമായിരുന്നാൽ വലിയ ഒരു നഷ്ടമാണെന്നു തോന്നി. അതിനാൽ വിവൎത്തനം ചെയ്യാൻ തീൎച്ചയാക്കി; 15–8–1967-ൽ തുടങ്ങി 13–12–1967 കൊണ്ടു് വിവൎത്തനം പൂൎണ്ണമാക്കി. പരിചയക്കാരിൽ പലരെയും ഇംഗ്ലീഷ് പുസ്തകം വായിക്കാൻ പ്രേരിപ്പിച്ചു. വായിച്ചവരൊക്കെ, ഒരു പുസ്തകം കിട്ടാനെന്തു വഴി, എന്നു ചോദിക്കാറുണ്ടു്. വിവൎത്തനം തയ്യാറായിട്ടുണ്ടെന്നറിഞ്ഞു്, പുസ്തകം എപ്പോഴു കിട്ടും, എന്നു് പലരും ചോദിച്ചു കൊണ്ടുമിരിക്കുന്നു. ഇതിൽനിന്നും ആളുകൾക്കു് ഈ പുസ്തകത്തോടു തോന്നുന്ന സ്നേഹാദരങ്ങൾ ഊഹിക്കാമല്ലൊ. *

സൎവ്വേശ്വരൻെറ തിരുനാമത്തിൽ ഈ സത്കൃതി സജ്ജനസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

18 – 2 – 1969
ശ്രീരാമകൃഷ്ണജയന്തി

വിവൎത്തകൻ

---

* ഈയിടെ ഒരു സ്നേഹിതൻ അമേരിക്കയിൽനിന്നും ഒരു പ്രതി വരുത്തിത്തന്നിട്ടുണ്ടു്. ഇംഗ്ലണ്ടിൽനിന്നു വേറൊരു പ്രതി അദ്ദേഹവും വരുത്തി. ഇവയിൽ തീൎത്ഥാടനത്തിൻെറ രണ്ടാം ഭാഗം കൂടി ഉണ്ടു്; ഇത്രതന്നെ വലിപ്പം വരും. 'സാധകൻ സഞ്ചാരം തുടരുന്നു.' എന്നാണതിൻെറ പേർ. യഥാകാലം രണ്ടാം ഭാഗവും പ്രസിദ്ധം ചെയ്യണമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

# വായനക്കാരോട്

ഈ തീർത്ഥാടകൻെറ കൂടെ കുറച്ചൊന്നു സഞ്ചരിച്ചു നോക്കൂ; കാരണം, അയാറം വളരെ നല്ല കൂട്ടുകാരനാണെന്നു നിങ്ങറംക്കു കാണാൻ കഴിയും. അയാളുടെ അകളങ്കഭാഷണവുമായി നിങ്ങറം എപ്പോഴും യോജിച്ചു എന്നു വരികയില്ല; എന്നാൽ അയാളുടെ വീക്ഷണഗതിയിൽനിന്നുമുള്ള നിങ്ങളുടെ വ്യത്യാസങ്ങറം, നിശ്ശബ്ദവേളകളിൽ – നിശ്ശബ്ദത അയാറംക്കു വളരെ വിലയേറിയതായിരുന്നു – വിചാരം ചെയ്യാൻ വേണ്ട വക ധാരാളം തരും. എന്തായാലും അയാളുടെ തികഞ്ഞ സരളതയും ആത്മാർത്ഥതയും നിങ്ങറം അനുമോദിക്കുകതന്നെ ചെയ്യും.

അയാറം ഒരേ തന്ത്രിതന്നെ ഒട്ടുവളരെ മീട്ടുന്നു, വാസ്തവം; പക്ഷെ അതു് എന്തൊരു തന്ത്രി! ആഴമിയന്ന ഒരു പുല്ലാംകുഴൽവിളി അങ്ങനെ ഒഴുകുന്നു, നിത്യജീവിതത്തിലെ സ്വരാപസ്വരങ്ങളുടെ അടിയിൽക്കൂടി, അവയെ ഈശ്വരനുമായി ഏകതാനമാക്കുംവരെ.

അതെപ്പോഴെങ്കിലും വിരസമെന്നു തോന്നുന്നെങ്കിൽ അയാളുടെ പല്ലവിക്കു മേളം കൂട്ടാൻ അയാറം വിവരിക്കുന്ന റഷ്യൻ ജീവിതത്തിലെ വിശദദൃശ്യങ്ങറം വൈചിത്ര്യവും മോഹനതയും ചേർക്കുന്നു, നിശ്ചയം. അവയെ ലിയോ ടോറംസ്റ്റോയിയുടെ നിസ്തുലങ്ങളായ നാടോടിക്കഥകളുമായി ഒന്നൊത്തുനോക്കാൻ തോന്നിപ്പോകും; അങ്ങനെ ഒത്തുനോക്കിയാൽ അവയ്ക്കു കുറവൊന്നും കാണുകയില്ല.

എന്തെന്നാൽ, മതം കൂടുതൽ സുപ്രതിഷ്ഠമാണു്. ടോറംസ്റ്റോയി ഒരു കലാകാരൻെറ നിലയിലാണു് എഴുതിയതു്. അശാന്തവും വിഷണ്ണവും ആയ ഒരു മനസ്സാണു് തനിക്കുണ്ടായിരുന്നതെങ്കിലും അദ്ദേഹത്തിനു് താൻ കണ്ടെത്തും

കേട്ടതും – എന്നാൽ വാസ്തവത്തിൽ തനിക്കു് അനുഭവമില്ലാത്തതു് – ചിത്രീകരിക്കാനുള്ള കഴിവുണ്ടായിരുന്നു. നമ്മുടെ തീർത്ഥാടകനു് താൻ വർണ്ണിക്കുന്നതിൻെറ ഓരോ അംശവും അറിവുണ്ടു്. അയാഠം പറയുന്ന ഏററവും അസാധാരണമായ സംഗതികഠം പോലും നിങ്ങഠം, യഥാർത്ഥവും മർമ്മപ്രധാനവുമായ അറിവിനു് അർഹമായ ആദരത്തോടെ, ശ്രദ്ധിക്കുന്നതുമാണു്.

അവസാനം അയാഠം, നിങ്ങഠം അയാളെ ആദ്യം കണ്ടുമുട്ടിയപ്പോഠം ഏതൊരു നിഗൂഢതയിൽനിന്നാണോ പുറത്തുവന്നതു് അതേ നിഗൂഢതയിലേയ്ക്കു് തിരോധാനം ചെയ്യുമ്പോഠം നിങ്ങഠംക്കു് സങ്കടം വരും എന്നാണെനിക്കു തോന്നുന്നതു്.

വാഠംടെറസ് ട്രറോൺ

# അവതാരിക

ഈ പുസ്തകത്തിൻെറ റഷ്യൻഭാഷയിലുള്ള പേരു് 'ഒരു തീൎത്ഥാടകൻ തൻെറ അദ്ധ്യാത്മപിതാവിനോടു തുറന്നു പറയുന്ന സംഭവകഥകഠം' എന്നു് പദാനുപദം വിവൎത്തനം ചെയ്യാവുന്നതാണു്. ഇംഗ്ലീഷ് പരിഭാഷയ്ക്കു സ്വീകരിച്ച പേരു് – ഒരു തീൎത്ഥാടകൻെറ വഴി * – അതിൻെറ അൎത്ഥം സ്വയം വ്യക്തമാക്കുന്നു; പുസ്തകത്തിൻെറ രണ്ടു വിധത്തിലുള്ള ഉദ്ദേശ്യവും ഉഠംക്കൊള്ളണമെന്നു കരുതി നൽകിയതാണു് ഈ പേരു്. തീൎത്ഥാടകൻ റഷ്യയിലും സൈബീരിയയിലും ദേശദേശാന്തരം സഞ്ചരിക്കുന്ന വഴിക്കു് അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളുടെ കഥയാണിതു്. ഈ യാത്രാക്കുറിപ്പുകളിലെ ലളിതവും ഋജുവും ആയ പ്രതിപാദനരീതിയുടെയും, അവ ഉഠംക്കൊള്ളുന്ന ആളുകളെ സംബന്ധിച്ച സുവ്യക്തമായ വൎണ്ണനകളുടെയും ചമത്കാരചാതുരി ആരും കാണാതിരിക്കയില്ല.

ഇതു തീൎത്ഥാടകൻെറ അഭ്യസനത്തിൻെറയും സാധനയുടെയും, ചില അവസരങ്ങളിൽ പ്രാൎത്ഥനയുടെ ഒരു വഴി അന്യരെ പഠിപ്പിക്കുന്നതിൻെറയും, ഒരു കഥകൂടി ആണു്. ഇതിനെക്കുറിച്ചു്, നിരന്തരവും ഏകാന്തശാന്തവുമായ പ്രാൎത്ഥനാപഥത്തെക്കുറിച്ചു്, വളരെയൊക്കെ പറയാൻ സാധിക്കും; എല്ലാവൎക്കും അതിനോടു് ആനുകൂല്യം ഉണ്ടായെന്നും വരികയില്ല. എന്നാൽ ആരും അദ്ദേഹത്തിൻെറ വിശ്വാസദാൎഢ്യത്തിൻെറ ആത്മാൎത്ഥതയെ വിലമതിക്കും; അദ്ദേഹത്തിൻെറ അനുഭൂതികളുടെ സത്യതയെ ആരുംതന്നെ അവിശ്വസിക്കുകയില്ല. മതവിശ്വാസിയായ ഒരു സാധാരണ ഇംഗ്ലീഷുകാരൻെറ ഭജനസമ്പ്രദായത്തിൽനിന്നും തുലോം

---

* The Way of a Pilgrim

ഭിന്നമാണെന്നിരുന്നാലും, വേറൊരുതരം ജീവനു്, ഇതു്, 'എനിക്കു ജീവിക്കാൻ കൃസ്തു കൂടിയേ കഴിയൂ.' എന്ന സത്യത്തിന്റെ വ്യക്തമായ സാക്ഷാത്ക്കാരത്തിന്റെ വിജ്ഞാപനം ആയെന്നു വരാം.

ഏകാന്തശാന്തവും നിരന്തരവുമായ പ്രാർത്ഥനയുടെ മാഗ്ഗത്തെക്കുറിച്ചും, അതിനു് കോൺസ്റ്റാൻറിനോപ്പിളിലെ ആ മഹാനായ സിദ്ധൻ – 949 മുതൽ 1022വരെ ജീവിച്ചിരുന്ന പുതിയ ദൈവവിജ്ഞൻ – സിമിയോൺ പുണ്യവാളനുമായുള്ള ബന്ധത്തെക്കുറിച്ചും കൂടുതൽ വായിക്കണമെന്നുള്ളവക്കു് 1927 ജൂൺ ജൂലായ്മാസങ്ങളിലെ † ഓറിയൻേറലിയാ ക്രിസ്റ്റിയാനാ, വാല്യം ഒമ്പതു്, ലക്കം 36വായിച്ചുനോക്കാവുന്നതാണു്.

ഈ പുസ്തകത്തിൽ വിവരിക്കുന്ന സംഭവങ്ങൾ, അടിമകളുടെ മോചനത്തിനുമുമ്പുള്ള – 1861 – ൽ ആണു് അതുണ്ടായതു് – റഷ്യയെ സംബന്ധിച്ചവയാണെന്നു തോന്നുന്നു. നാലാംഭാഗത്തിൽ ക്രിമിയൻ യുദ്ധത്തെക്കുറിച്ചു പരാമശിച്ചിട്ടുള്ളതിൽനിന്നും ആ കാലഘട്ടത്തിന്റെ അങ്ങേ അതിരു് 1853 ആണു് എന്നും കിട്ടുന്നു. ഈ രണ്ടു കാലയളവിനിടയിൽ തീത്ഥാടകൻ ഇർകുട്'സ്കിൽ എത്തിച്ചേന്നു. അവിടെ അദ്ദേഹം തന്റെ അദ്ധ്യാത്മപിതാവിനെ കണ്ടെത്തി. കുറെയൊക്കെ അദ്ധ്യാത്മഗുരുവിന്റെ നേരിട്ടുള്ള ഉപദേശങ്ങളിൽനിന്നും, കുറെ, ഗുരുവിന്റെ മരണശേഷം 'അദ്ധ്യാത്മപ്രേമം' എന്ന പുസ്തകം സ്വയം പഠിച്ചതിൽനിന്നും, എങ്ങനെയാണു് താൻ 'യേശുവിന്റെ പ്രാർത്ഥന'§ പഠിക്കാൻ ഇടയായതു് എന്നു് തീർത്ഥാടകൻ പിതാവിനെ പറഞ്ഞുകേൾപ്പിക്കുന്നു. ആദ്യത്തെ രണ്ടു ഭാഗങ്ങളുടെ സാരാംശമിതാണു്; അദ്ധ്യാത്മഗുരുവിന്റെ മരണമാണു് ഇവയെ രണ്ടായി തിരിക്കുന്നതു്.

---

† Orientalia Christiana Vol. ix, June and July, 1927.
§ Prayer of Jesus.

മൂന്നാംഭാഗം വളരെ ചെറുതാണ്. അദ്ധ്യാത്മപിതാവിൻെറ ചോദ്യത്തിനുത്തരമായി തീർത്ഥാടകൻ തൻെറ പൂർവ്വകാലചരിത്രവും താനൊരു തീർത്ഥാടകനാകാൻ ഇടയാക്കിയ സംഭവവും പറഞ്ഞു കേൾപ്പിക്കുന്നു അതിൽ.

ഇർകുട്സ്ക്കിൽനിന്നും യറുശലേമിലേയ്ക്കു് പോകണമെന്നായിരുന്നു തീർത്ഥാടകൻെറ ഉദ്ദേശം; വാസ്തവത്തിൽ അദ്ദേഹം അതിനായി പുറപ്പെടുകയും ചെയ്തു. പക്ഷെ, യാദൃച്ഛികമായി ഒരു പരിചയക്കാരനെ കണ്ടുമുട്ടിയതു കാരണം യാത്ര കുറച്ചു ദിവസത്തേയ്ക്കു് നീട്ടിവെയ്ക്കേണ്ടതായിവന്നു. ആ അവസരത്തിൽ അദ്ദേഹം തൻെറ തീർത്ഥാടനജീവിതത്തിലെ വേറെയും അനുഭവങ്ങൾ വിവരിക്കുന്നു. അതാണ് നാലാംഭാഗത്തിൻെറ ഉള്ളടക്കം.

ആരാണ് ഈ തീർത്ഥാടകൻ എന്നു് യാതൊരു വിവരവും ഇല്ല. എങ്ങനെയോ അദ്ദേഹത്തിൻെറ ഒരു കൈയ്യെഴുത്തു പ്രതി, അഥവാ അതിൻെറ ഒരു പകർപ്പ്, മൗണ്ട് ഏഥോസ്സിലെ ഒരു സന്ന്യാസിയുടെ കൈയ്വശം വന്നുചേർന്നു. അദ്ദേഹത്തിൻെറ അധീനത്തിൽ അതു്, കസ്സാനിലെ സെൻെറ്മൈക്കൽ സന്ന്യാസിമഠത്തിലെ അദ്ധ്യക്ഷൻ കണ്ടെത്തി. അദ്ധ്യക്ഷൻ ആ കൈയ്യെഴുത്തുഗ്രന്ഥം പകർത്തിയെടുത്തു. ആ പകർപ്പിൽനിന്നും 1884-ൽ കസ്സാനിൽ പുസ്തകം അച്ചടിക്കപ്പെട്ടു.

അടുത്തകാലത്തു് ഈ പതിപ്പിൻെറ (1930 ഏപ്രിൽ വരെ ആ പതിപ്പുമാത്രമേ ഉണ്ടായിരുന്നുള്ളു.) പ്രതികൾ കിട്ടാൻ അത്യധികം പ്രയാസമായിരിക്കുന്നു. റഷ്യയ്ക്കു പുറമെ മൂന്നോ നാലോ പ്രതികളേ നിലവിലുള്ളു എന്നാണു തോന്നുന്നതു്. തങ്ങളുടെ പുസ്തകങ്ങൾ വായ്പ തന്നതിനു് ഡെൻമാർക്കിലും ബൾഗേറിയയിലും ഉള്ള സുഹൃത്തുക്കളോടു് ഞാൻ ഗാഢമായി കടപ്പെട്ടവനാണ്; ആ പ്രതികളിൽനിന്നാണു് ഈ വിവർത്തനം തയ്യാറാക്കപ്പെട്ടതു്.

എൻെറ വിവൎത്തനത്തിൻെറ കൈയ്യെഴുത്തുപ്രതി സദയം വായിച്ചുനോക്കിയതിനു്, ലണ്ടനിലെ റഷ്യൻപള്ളിയുടെ പ്രധാനപുരോഹിതൻ അഭിവന്ദ്യനായ എൻ. ബേഹ്രിനോടും ഞാൻ അതീവ കൃതജ്ഞനാകുന്നു.

അല്പം ചില കുറിപ്പുകൾ $ കൂട്ടുകയും പുസ്തകത്തിൻെറ അവസാനം ചേൎക്കുകയും ചെയ്തിട്ടുണ്ടു്. അതധികവും, ഇംഗ്ലീഷിലേയ്ക്കു് പരാവൎത്തനം ചെയ്യാൻ ശ്രമിക്കാതിരിക്കുകയാണു നല്ലതു് എന്നു തോന്നിയ ഒന്നോ രണ്ടോ വാക്കുകളെ വിശദീകരിക്കാനാണു ചെയ്തിട്ടുള്ളതു്.

ആർ. എം. എഫു്.

---

$ മലയാളവിവൎത്തനത്തിൽ ഈ കുറിപ്പുകളുടെ സാരം ഗ്രന്ഥത്തിൻെറ ഉള്ളിലൊതുക്കിയിരിക്കുന്നു.



# ഒരു സാധകൻെറ സഞ്ചാരം

## ഒന്നു്

ഈശ്വരകാരുണ്യത്താൽ ഞാനൊരു ക്രിസ്ത്യാനിയാണു്. എൻെറ പ്രവൃത്തികൾകൊണ്ടു് ഞാൻ വലിയൊരു പാപിയാകുന്നു. തീരെ താണനിലയിൽ പിറന്നു്, വീടു വെടിഞ്ഞു്, നാടുതോറും അലഞ്ഞുനടക്കുകയാണു് എൻെറ തൊഴിൽ. കുറച്ചു് ഉണങ്ങിയ റൊട്ടിയിട്ട പൊക്കണം പുറത്തും പരിശുദ്ധവേദപുസ്തകം മാറത്തെ കീശയിലും; ഇവയാണു് എൻെറ ലൗകികസമ്പാദ്യങ്ങൾ. അതെ, അത്രതന്നെ.

പെന്തക്കോസ്തു പെരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച 24-ാംതീയതി പൊതു ആരാധനാസമയത്തു് പ്രാർത്ഥിക്കാൻ ഞാൻ പള്ളിയിൽ പോയി. പൗലോസ് പുണ്യവാളൻ തെസലോണിയക്കാർക്കു് അയച്ച ആദ്യത്തെ തിരുവെഴുത്തു വായിച്ചുകൊണ്ടിരുന്നു: മററു വാക്കുകളുടെ കൂട്ടത്തിൽ ഞാനിതു കേട്ടു: 'നിത്താതെ പ്രാർത്ഥിക്കുവിൻ.' ഈ പാഠമാണു് മററു് ഏതിനേക്കാളും കൂടുതലായി എൻെറ മനസ്സിൽ പതിഞ്ഞതു്. നിത്താതെ പ്രാർത്ഥിക്കാൻ എങ്ങനെയാണു് സാധിക്കുക എന്നു ഞാൻ ആലോചിക്കാൻ തുടങ്ങി; എന്തെന്നാൽ ഒരു മനുഷ്യനു് ജീവിക്കാൻവേണ്ടതു നേടുന്നതിനു് വേറെ പലതിലും ഏപ്പെടേണ്ടതായിട്ടുമുണ്ടല്ലൊ. ഞാൻ വേദപുസ്തകം തുറന്നു നോക്കി; സ്വന്തം കണ്ണുകൾകൊണ്ടു നോക്കി വായിച്ചു ഞാൻ കേട്ട ആ വാക്കു

കരം, അതായതു്, നാം ഏതു പൊഴുതും, എല്ലാ സമയത്തും എല്ലാ സ്ഥലത്തും, കൈയ്കളുയർത്തി പ്രാൎത്ഥിക്കണം, എന്നു്. ഞാൻ വീണ്ടും വീണ്ടും ആലോചിച്ചു; പക്ഷേ അതുകൊണ്ടു് എന്താണു മനസ്സിലാക്കേണ്ടതു് എന്നൊന്നും പിടികിട്ടിയില്ല. 'ഞാനെന്താണു വേണ്ടതു് ?' ഞാൻ ആലോചിച്ചു. 'അതു വെളിവാക്കിത്തരാൻ ഒരാളെ എനിക്കെവിടെ കിട്ടും ? പേരു കേട്ട പ്രചാരകന്മാരുടെ പ്രഭാഷണങ്ങരം കേരംക്കാൻ കഴിയുന്ന പള്ളികളിൽ ഞാൻ പോകും; ഒരുപക്ഷേ, ഇതിൽ വെളിച്ചം വീശുന്ന എന്തെങ്കിലും എനിക്കവിടെ കേരംക്കാൻ കഴിഞ്ഞേക്കും.' ഞാൻ അപ്രകാരം ചെയ്തു. പ്രാൎത്ഥനയെക്കുറിച്ചു് അനേകം ഒന്നാം തരം പ്രഭാഷണങ്ങരം കേട്ടു. പ്രാൎത്ഥനയെന്നാൽ എന്താണു്, നമുക്കു് അതെത്രമാത്രം ആവശ്യമാണു്, അതുകൊണ്ടുള്ള പ്രയോജനങ്ങരം എന്തൊക്കെ എന്നെല്ലാം. പക്ഷേ പ്രാൎത്ഥനയിൽ എങ്ങനെ വിജയിക്കാം എന്നാരും പറഞ്ഞു കേട്ടില്ല. ആദ്ധ്യാത്മികപ്രാൎത്ഥനയെക്കുറിച്ചും നിരന്തരപ്രാൎത്ഥനയെക്കുറിച്ചും ഒരു പ്രഭാഷണം കേട്ടു. എന്നാൽ അതെങ്ങനെയാണു് ചെയ്യേണ്ടതു് എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടില്ല.

ഇങ്ങനെ ധൎമ്മോപദേശങ്ങരം കേട്ടിട്ടൊന്നും എനിക്കു വേണ്ടതു കിട്ടിയില്ല. അവ കേട്ടു മടുത്തു; കാൎയ്യമൊട്ടു മനസ്സിലായതുമില്ല. പൊതുപ്രഭാഷണങ്ങരം കേരംക്കാൻ പോകുന്ന ഏൎപ്പാടു നിൎത്തി. വേറൊരു വഴി നോക്കാൻ ഞാൻ തീരുമാനിച്ചു - എന്നെ ഇത്ര ശക്തിയായി ആകൎഷിച്ച ആ നിരന്തരപ്രാൎത്ഥനയെക്കുറിച്ചു് എനിക്കു പറഞ്ഞുതരാൻ കഴിയുന്ന പഴക്കവും തഴക്കവും ഉള്ള ഒരാളെ, ഈശ്വരൻെറ തുണയോടെ, തേടുക.

വളരെക്കാലം ഞാൻ പലയിടങ്ങളിലും അലഞ്ഞു നടന്നു. അടുത്തെങ്ങും ഒരു ആദ്ധ്യാത്മികാചാൎയ്യനെ, ഭക്തിയും അനുഭൂതിയും ഉള്ള ഒരു മാൎഗ്ഗദൎശിയെ, കണ്ടെത്താൻ കഴി

യുകയില്ലേ എന്നു് ഞാൻ എല്ലായിടത്തും അന്വേഷിച്ചു. ഒരു ഗ്രാമത്തിൽ ഒരു മാന്യൻ വളരെക്കാലമായി പാർക്കുന്നുണ്ടെന്നും, ആത്മാവിൻെറ മോക്ഷത്തിനുവേണ്ടി തേടുന്നുണ്ടെന്നും, ഒരു ദിവസം എനിക്കു വിവരം കിട്ടി. അദ്ദേഹത്തിൻെറ വീട്ടിൽ ഒരു ആരാധനാമുറിയുണ്ടു്. അദ്ദേഹം തൻെറ പറമ്പുവിട്ടു് പുറത്തെങ്ങും പോകാറില്ല; പ്രാർത്ഥനയിലും ഭക്തിപരങ്ങളായ ഗ്രന്ഥങ്ങൾ വായിച്ചും കാലം കഴിച്ചുപോന്നു. ഇതു കേട്ടു് ഞാൻ ആ ഗ്രാമത്തിലേയ്ക്കു് ഓടി, അതെ നടക്കുകയല്ല, ഓടി. അവിടെച്ചെന്നു് അദ്ദേഹത്തെ കണ്ടുപിടിച്ചു.

'ഞാനെന്താണു് താങ്കൾക്കു ചെയ്യേണ്ടതു് ?' അദ്ദേഹം ചോദിച്ചു.

'അങ്ങു് ഒരു ഭക്തനും അനുഗൃഹീതനും ആണെന്നു ഞാൻ കേട്ടിട്ടുണ്ടു്.' ഞാൻ പറഞ്ഞു: 'ഈശ്വരനാമത്തിൽ ഞാൻ അപേക്ഷിക്കുന്നു, ''നിത്താതെ പ്രാർത്ഥിക്കുവിൻ,'' എന്ന പുണ്യവാളൻെറ ഉപദേശത്തിൻെറ അർത്ഥമെന്താണെന്നു് സദയം എനിക്കു വിശദമാക്കിത്തന്നാലും. നിത്താതെ പ്രാർത്ഥിക്കാൻ സാധിക്കുന്നതു് എങ്ങനെയാണു് ? എനിക്കു് അതറിയാൻ അതിയായ താല്പര്യമുണ്ടു്; പക്ഷെ അതു് എനിക്കു തീരെ മനസ്സിലാക്കാൻ കഴിയുന്നില്ല.'

തെല്ലിട അദ്ദേഹം ഒന്നും മിണ്ടാതിരുന്നു; എന്നെ സൂക്ഷിച്ചുനോക്കി. എന്നിട്ടു പറഞ്ഞു: 'നിരന്തരമായ ആന്തരപ്രാർത്ഥന എന്നുവെച്ചാൽ മനുഷ്യാത്മാവിൻെറ ഈശ്വരാഭിമുഖമായി ഇടവിടാതെയുള്ള വ്യാകുലതയാകുന്നു. ആശ്വാസദായകമായ ഈ സാധനയിൽ വിജയിക്കണമെങ്കിൽ, നിത്താതെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്നു നാം ഈശ്വരനോടു് കൂടെക്കൂടെ അപേക്ഷിക്കണം. കൂടുതൽ പ്രാർത്ഥിക്കുക, കൂടുതൽ ആവേശത്തോടെ പ്രാർത്ഥിക്കുക. പ്രാർത്ഥനയെങ്ങനെയാണു് അഭംഗമായി നടത്തേണ്ടതു്

എന്നതു പഠിപ്പിക്കുന്നതു് പ്രാൎത്ഥനതന്നെയാണു്, പക്ഷെ അതു സാധിക്കാൻ കുറച്ചുകാലം പിടിക്കും.'

ഇത്രയും പറഞ്ഞു് അദ്ദേഹം എനിക്കു് ആഹാരം വരുത്തിത്തന്നു, യാത്രച്ചെലവിനു പണവും തന്നു; അങ്ങനെ എന്നെ വിട്ടയച്ചു,

അദ്ദേഹം ആ സംഗതി വിശദമാക്കിയില്ല.

ഞാൻ വീണ്ടും യാത്രയായി. പിന്നെയും പിന്നെയും ആലോചിച്ചു, വീണ്ടും വീണ്ടും വായിച്ചു, ഈ മനുഷ്യൻ എന്നോടു പറഞ്ഞതിനെക്കുറിച്ചു് പലവാറു് ഞാൻ ചിന്തിച്ചു; എന്നാൽ എനിക്കു് അതിൻെറ അടിത്തട്ടിൽ എത്താനൊത്തില്ല. പക്ഷെ അതറിയാനുള്ള അത്യാകാംക്ഷ കൊണ്ടു് എനിക്കു് രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല.

ഞാൻ ഒരു നൂററിയിരുപത്തഞ്ചു മൈലെങ്കിലും നടന്നു; എന്നിട്ടു് ഒരു വലിയ പട്ടണത്തിലെത്തി, ഒരു സംസ്ഥാനത്തിൻെറ തലസ്ഥാനനഗരത്തിൽ. അവിടെ ഒരു സന്ന്യാസിമഠം കണ്ടു. മഠാധിപതി വളരെ ദയാവാനും ഭക്തനും സത്കാരശീലനും ആണെന്നു് ഞാൻ തങ്ങിയ സത്രത്തിൽ വെച്ചു് കേട്ടു. ഞാൻ അദ്ദേഹത്തെ കാണാൻ പോയി. വളരെ സ്നേഹത്തോടെ അദ്ദേഹം എന്നെ സ്വീകരിച്ചു; എന്നോടു് ഇരിക്കാൻ പറഞ്ഞു; എനിക്കു് ലഘുഭക്ഷണം തരാൻ ഒരുങ്ങി.

'പരിശുദ്ധപിതാവേ, എനിക്കു ലഘുഭക്ഷണം ആവശ്യമില്ല.' ഞാൻ പറഞ്ഞു: 'പക്ഷെ ഞാൻ അവിടുത്തോടു് അപേക്ഷിക്കുന്നു, എനിക്കെന്തെങ്കിലും ആദ്ധ്യാത്മികോപദേശം നല്കിയാലും. എനിക്കെൻെറ ആത്മാവിനെ എങ്ങനെ രക്ഷിക്കാൻ കഴിയും ?'

'എന്തു്! നിങ്ങളുടെ ആത്മാവിനെ രക്ഷിക്കുകയോ ? ശരി, ദൈവകല്പനകൾക്കനുസരിച്ചു ജീവിക്കുക, പ്രാൎത്ഥന ചൊല്ലുക; നിങ്ങൾ രക്ഷിക്കപ്പെടും.'

'പക്ഷെ, നിത്താതെ പ്രാത്ഥിക്കണം, എന്നു പറയുന്നതായി ഞാൻ കേട്ടിട്ടുണ്ടു്; നിത്താതെ പ്രാത്ഥിക്കുന്നതെങ്ങനെ, എനിക്കൊട്ടറിയുകയുമില്ല. നിരന്തരപ്രാത്ഥന എന്നു വെച്ചാൽ എന്താണത്ഥമെന്നുംകൂടി എനിക്കറിഞ്ഞുകൂടാ. പിതാവേ, ഞാൻ അപേക്ഷിക്കുന്നു, എനിക്കിതു പറഞ്ഞു തന്നാലും.'

'കൂടുതൽ വ്യക്തമാക്കാൻ, പ്രിയസോദരാ, എനിക്കറിഞ്ഞുകൂടാ. പക്ഷെ, ഒരു നിമിഷം നിൽക്കു; എനിക്കൊരു ചെറിയ പുസ്തകമുണ്ടു്. അതിൽ ഇതു വിശദമാക്കിയിട്ടുണ്ടു്.' എന്നിട്ടു്, 'നോക്കു ഈ പുറം വായിക്കു.' എന്നും പറഞ്ഞു് അദ്ദേഹം മിത്രിപുണ്യവാളൻെറ 'ആന്തരമനുഷ്യൻെറ ആദ്ധ്യാത്മികശിക്ഷണം'* എന്ന പുസ്തകം എൻെറ കൈയിൽ തന്നു.

ഞാനിപ്രകാരം വായിക്കാൻ തുടങ്ങി: ''പുണ്യവാളൻെറ 'നിത്താതെ പ്രാത്ഥിക്കുവിൻ,' എന്ന വാക്കുകൾ ബുദ്ധിയുടെ സൃഷ്ടികാരിയായ പ്രാത്ഥനയെ സൂചിപ്പിക്കുന്നതായിട്ടുവേണം മനസ്സിലാക്കാൻ. ബുദ്ധിക്കു് ഏതു നേരവും ഈശ്വരനെ എത്തിപ്പിടിക്കാനും അദ്ദേഹത്തോടു് അനുസ്യൂതം പ്രാത്ഥിക്കാനും സാധിക്കും.''

ഞാൻ ചോദിച്ചു: 'പക്ഷെ, ബുദ്ധി എല്ലായ്പോഴും ഈശ്വരനുനേരേ തിരിഞ്ഞിരിക്കാൻ, ഒരിക്കലും ഇളക്കപ്പെടാതിരിക്കാൻ, നിത്താതെ പ്രാത്ഥിക്കാൻ, ഉള്ള വഴിയെന്താണു്?'

'ഈശ്വരൻ സ്വയം അപ്രകാരമൊരു വരംകൊടുത്തനുഗ്രഹിക്കുന്ന ആരംക്കുപോലും അതു വളരെ പ്രയാസമാണു്.' എന്നു പറഞ്ഞു മഠാധിപതി.

അദ്ദേഹം എനിക്കുവേണ്ട വിശദീകരണം തന്നില്ല.

---

* The Spiritual Education of the Inner Man, by St· Dmitri.

അന്നു രാത്രി അദ്ദേഹത്തിൻെറ വീട്ടിൽ കഴിച്ചു. രാവിലെ അദ്ദേഹത്തിൻെറ ആതിത്ഥ്യത്തിനു നന്ദി പറഞ്ഞുകൊണ്ടു് ഞാൻ എൻെറ വഴിക്കു പോയി. എങ്ങോട്ടു്? എനിക്കുതന്നെ അറിഞ്ഞുകൂടാ. മനസ്സിലാക്കാൻ എനിക്കു കഴിയാത്തതിനെക്കുറിച്ചു ഞാൻ ഖേദിച്ചു; തന്നെത്താൻ സമാധാനിപ്പിക്കാനായി വേദപുസ്തകം എടുത്തു വായിച്ചു.

അവസാനം അന്തിയോടടുത്തപ്പോൾ ഒരു വയസ്സൻ എൻെറ മുന്നിൽക്കടന്നു; ആളെ കണ്ടാൽ എന്തോ ഒരുതരം വൈദികൻ ആണെന്നു തോന്നും. എൻെറ ചോദ്യത്തിനു് ഉത്തരമായി താൻ പെരുവഴിയിൽനിന്നും ആറുമൈൽ അകലെയുള്ള ഒരു മഠത്തിൽപെട്ട സന്ന്യാസിയാണെന്നു് അദ്ദേഹം പറഞ്ഞു. തൻെറകൂടെ അങ്ങോട്ടു ചെല്ലാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. 'ഞങ്ങൾ തീർത്ഥാടകരെ സ്വീകരിക്കുകയും അതിഥിശാലയിൽ ഭക്തന്മാരുടെകൂടെ ആഹാരവും വിശ്രമവും നൽകുകയും ചെയ്യുന്നു.' എന്നു് അദ്ദേഹം പറഞ്ഞു. എനിക്കു പോകാൻ ഇഷ്ടം തോന്നിയില്ല. അതിനാൽ മറുപടി പറഞ്ഞു, 'എൻെറ മനശ്ശാന്തി ഒരു വിശ്രമസ്ഥലം കണ്ടുപിടിക്കുന്നതിനെ തീരെ ആശ്രയിക്കുന്നില്ല; പിന്നെയോ, ആദ്ധ്യാത്മികോപദേശം ലഭിക്കുന്നതിലാണു് അതു നിലകൊള്ളുന്നതു്.' എന്നു്. ആഹാരത്തെക്കുറിച്ചും ഞാൻ അല്ലൽപ്പെട്ടിരുന്നില്ല; കാരണം, എൻെറ മാറാപ്പിൽ വേണ്ടുവോളം ഉണക്കറൊട്ടി ഉണ്ടായിരുന്നു.

'എന്തുമാതിരി ആദ്ധ്യാത്മികോപദേശമാണു നിങ്ങൾ നേടാൻ തേടുന്നതു്?' എന്നു് അദ്ദേഹം ചോദിച്ചു: 'എന്തോന്നാണു് നിങ്ങളെ കുഴക്കുന്നതു്? ഇപ്പോൾ വരൂ. ഞങ്ങളുടെ വീട്ടിലേയ്ക്കു വരൂ, പ്രിയ സോദരാ. ഞങ്ങൾക്കവിടെ നല്ല തഴക്കവും പഴക്കവും ഉള്ള വൃദ്ധമഹാത്മാക്കളുണ്ടു്. അവർക്കു് നിങ്ങളുടെ ആത്മാവിനെ നേർവഴിക്കു നയിക്കാനും അതിനെ ഈശ്വരൻെറ അരുൾമൊഴികളുടെയും പരിശുദ്ധപിതാ

ക്കന്മാരുടെ കൃതികളുടെയും വെളിച്ചത്തിൽ സത്യമായ പന്ഥാവിൽ എത്തിക്കുന്നതിനും നല്ല കഴിവുണ്ടു്.'

'ആവട്ടെ പിതാവേ, സംഗതിയിങ്ങനെയാണു്;' ഞാൻ പറഞ്ഞു: 'ഏകദേശം ഒരു വഷം മുമ്പു് പൊതു ആരാധനയിൽ പങ്കുകൊള്ളുമ്പോഠം, മനുഷ്യരോടു്, നിത്താതെ പ്രാത്ഥിക്കണം, എന്നു നിദ്ദേശിക്കുന്ന ഒരു ഭാഗം തിരുവെഴുത്തുകളുടെ കൂട്ടത്തിൽ ഞാൻ കേട്ടു. കായ്യം ഗ്രഹിക്കാൻ കഴിയാഞ്ഞു് ഞാൻ വേദപുസ്തകം എടുത്തു വായിക്കാൻ തുടങ്ങി; അതിലും പലയിടങ്ങളിലും, എല്ലാനേരവും എല്ലായിടങ്ങളിലും, നാം നമ്മുടെ വ്യാപാരങ്ങളിൽ ഏപ്പെട്ടിരിക്കുമ്പോഠം മാത്രമല്ല, ഉണൎന്നിരിക്കുമ്പോഠം മാത്രമല്ല, ഉറങ്ങുന്ന നേരത്തും, -''ഞാൻ ഉറങ്ങുന്നു, എന്നാലെൻെറ അകക്കാമ്പു് ഉണൎന്നിരിക്കുന്നു.''- നാം പ്രാത്ഥിക്കേണ്ടതാകുന്നു എന്ന ദിവ്യകല്പന ഞാൻ കണ്ടു. ഇതെന്നെ വളരെയേറെ അദ്ഭുതപ്പെടുത്തി; എങ്ങനെയാണു് അതു നടപ്പിൽ വരുത്തുക, അതു ചെയ്യാനുള്ള വഴിയെന്താണു്, എന്നൊന്നും ഒരു പിടിയും കിട്ടിയില്ല. കത്തിക്കാളുന്ന ഒരാഗ്രഹവും ജ്ഞാനത്തിനുള്ള ദാഹവും എന്നിൽ ഉദിച്ചു. ഇരവുപകൽ ഒരു പൊഴുതും അക്കായ്യം എൻെറ മനസ്സിൽനിന്നു വിട്ടുപോയില്ല. അതിനാൽ ഞാൻ പള്ളികളിൽ പോകാനും ധമ്മോപദേശങ്ങഠം കേഠക്കാനും ആരംഭിച്ചു. പക്ഷെ, എത്രയൊക്കെ കേട്ടിട്ടും അവയിലൊന്നിൽനിന്നെങ്കിലും എങ്ങനെയാണു് ഇടവിടാതെ പ്രാത്ഥിക്കുന്നതു് എന്നതിനെക്കുറിച്ചു് എനിക്കു് ഒരുപദേശവും ലഭിച്ചില്ല. ഒരുവൻ എങ്ങനെയാണു നിരന്തരം പ്രാത്ഥിക്കുന്നതെന്നോ അത്തരം പ്രാത്ഥനയെന്നുവെച്ചാൽ എന്താണത്ഥമെന്നോ ഒന്നും പഠിപ്പിക്കാതെ, അവരെപ്പോഴും പ്രാത്ഥനയ്ക്കു തയ്യാറെടുക്കുന്നതിനെക്കുറിച്ചോ അതിൻെറ പ്രയോജനത്തെക്കുറിച്ചോ ഒക്കെ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ പലപ്പോഴും വേദപുസ്തകം വായിക്കാറുണ്ടു്; ഞാൻ കേട്ടതു് ശരിയാണെന്നു്

അതിൽനിന്നും ഉറപ്പുവരുത്തി. പക്ഷെ ഇത്രയും കാലമായിട്ടും ഞാൻ തേടിയ അറിവു് എനിക്കു കിട്ടിയിട്ടില്ല; അതിനാൽ ഈ നിമിഷംവരെ ഞാൻ അസ്വസ്ഥനും സംശയഗ്രസ്തനും ആകുന്നു.'

അപ്പോൾ ആ വൃദ്ധൻ കുരിശു വരച്ചുകൊണ്ടു പറഞ്ഞു: 'പ്രിയസോദരാ, നിരന്തരമായ ആന്തരപ്രാൎത്ഥനയ്ക്കുള്ള ഈ അടക്കാൻവയ്യാത്ത ആഗ്രഹം താങ്കൾക്കു വെളിവാക്കിത്തന്നതിനു ദൈവത്തിനു നന്ദിപറയുക. അതിൽ ഈശ്വരാഹ്വാനത്തെ കണ്ടെത്തുക; അങ്ങനെ താങ്കൾ ശാന്തനായാലും. താങ്കളിൽ ഇതുവരെ സംഭവിച്ചതു് താങ്കളുടെ ഇച്ഛാശക്തിയും ദൈവത്തിൻെറ വിളിയും തമ്മിലുള്ള പൊരുത്തത്തിൻെറ പരീക്ഷണമായിരുന്നു എന്നു് ഉറപ്പായിരുന്നുകൊൾക. നിരന്തരമുള്ള ആന്തരപ്രാൎത്ഥനയാകുന്ന ദിവ്യജ്യോതിസ്സു്, ലോകത്തിലെ ജ്ഞാനംകൊണ്ടോ കേവലം ബാഹ്യമായ ജിജ്ഞാസകൊണ്ടോ അല്ല കിട്ടുന്നതു്; പിന്നെയോ, ദൈന്യതയിലും ഹൃദയസരളതയുടെ ഗാഢാനുഭൂതിയിലുമാണു് അതു കാണപ്പെടുന്നതു്, എന്നു് മനസ്സിലാക്കാനുള്ള അനുഗ്രഹം താങ്കൾക്കു ലഭിച്ചിരിക്കുന്നു. പ്രധാനപ്രയത്നമായ പ്രാൎത്ഥനയെക്കുറിച്ചും അതിൽ നിരന്തരം പ്രയത്നം നേടാൻ വേണ്ട അറിവു സമ്പാദിക്കുന്നതിനെക്കുറിച്ചും താങ്കൾക്കു യാതൊന്നും കേൾക്കാൻ കഴിഞ്ഞില്ല എന്നതു് അക്കാരണത്താൽ ആശ്ചര്യകരമല്ല. പ്രാർത്ഥനയെക്കുറിച്ചു് ഒട്ടുവളരെ പ്രവചനങ്ങൾ നടന്നിട്ടുണ്ടു് എന്നതു നേരുതന്നെ; പല എഴുത്തുകാരുടെയും ഉപദേശങ്ങളിലും അതിനെക്കുറിച്ചു് വളരെയൊക്കെ ഉണ്ടുതാനും. പക്ഷെ അവരുടെ വാദങ്ങളെല്ലാം ഏറിയകൂറും അഭ്യൂഹത്തെയും സ്വാഭാവികജ്ഞാനത്തിൻെറ പ്രവൎത്തനത്തെയും അടിസ്ഥാനപ്പെടുത്തിയുള്ളതാകയാലും, സാക്ഷാത്തായ അനുഭൂതിയിൽ അടിയുറച്ചതല്ലാത്തതിനാലും അവർ വസ്തുവിൻെറ സ്വഭാവത്തെക്കുറിച്ചല്ലാതെ അതിൻെറ വിശേഷണങ്ങളെക്കുറി

ച്ചാണു പ്രവചനം നടത്തുന്നതു്. പ്രാൎത്ഥനയുടെആവശ്യകത യെക്കുറിച്ചു് ഒരുവൻ മനോഹരമായിട്ടു വാദിക്കുന്നു;വേറൊരുവൻ അതിൻെറ ശക്തിയെക്കുറിച്ചും അതിൽനിന്നു കിട്ടുന്ന അനുഗ്രഹങ്ങളെക്കുറിച്ചും വാദിക്കുന്നു; മൂന്നാമതൊരുവൻ വാദിക്കുന്നു പ്രാൎത്ഥനയിൽ പൂൎണ്ണത ലഭിക്കാൻ തുണയ്ക്കുന്ന സംഗതികളെക്കുറിച്ചു്: അതായതു്, ആവേശത്തിൻെറ അത്യാവശ്യകത, ഏകാഗ്രചിത്തം, ഉത്സാഹം, ഭാവനാശുദ്ധി, വിരോധികളുമായുള്ള അനുരഞ്ജനം, വിനയം, അനുതാപം മുതലായവയെക്കുറിച്ചു്. എന്നാൽ, പ്രാൎത്ഥനയെന്നു വെച്ചാൽ എന്താണു്? എങ്ങനെയാണു് ഒരുവൻ പ്രാൎത്ഥിക്കാൻ ശീലിക്കുന്നതു്? പ്രധാനവും പ്രാഥമികവും ആയ ഈവക പ്രശ്നങ്ങളെക്കുറിച്ചു് ഇക്കാലത്തെ പ്രചാരകന്മാരിൽനിന്നും ദുർലഭമായിട്ടേ വ്യക്തമായ എന്തെങ്കിലും വെളിച്ചം ലഭിക്കു. എന്തെന്നാൽ, ഞാനിപ്പോൾ പറഞ്ഞ അവരുടെ വാദങ്ങളേക്കാളെല്ലാം പ്രയാസമാണു് ഈ പ്രശ്നങ്ങൾ മനസ്സിലാക്കാൻ. അതിനു വെറും പള്ളിക്കൂടത്തിലെ പഠിത്തം മാത്രം പോരാ, പിന്നെയോ, ആദ്ധ്യാത്മികമായ അപരോക്ഷജ്ഞാനവും കൂടിയേ കഴിയൂ. മാനവമാനദണ്ഡം ഐശ്വരകാര്യങ്ങൾക്കും പ്രയോഗിക്കാൻ, ലോകത്തിലെ വ്യൎത്ഥപാണ്ഡിത്യം അവരെ നിർബ്ബന്ധിക്കുന്നു എന്നുള്ളതാണു് എല്ലാററിലുംവെച്ചു് അത്യന്തം ശോചനീയമായ സംഗതി. പല ആളുകളും പ്രാൎത്ഥനയെക്കുറിച്ചു തെററായ വളഞ്ഞ വഴിക്കു വാദിക്കുന്നു; നല്ല പ്രവൃത്തികളും മററു കണ്ണിൽക്കണ്ട നടപടികളും നമ്മെ പ്രാൎത്ഥനയ്ക്കു സമർത്ഥരാക്കും എന്നു കരുതുന്നു അവർ. എന്നാൽ കാൎയ്യം നേരേ മറിച്ചാണു്: പ്രാൎത്ഥനയാണു് സത്കർമ്മങ്ങളായും മറെറല്ലാ പുണ്യങ്ങളായും ഫലവത്താകുന്നതു്. മേൽപറഞ്ഞ പ്രകാരം വാദിക്കുന്നവർ പ്രാർത്ഥനയുടെ ഫലത്തെയും പ്രയോജനത്തെയും അവ നേടാനുള്ള ഉപായമായി തെററിദ്ധരിക്കുന്നു; ഇതു് പ്രാർത്ഥനയുടെ വില കുറയ്ക്കുന്നതിനാണുതാനും. കൂടാതെ

ഇതു് വേദപ്രമാണത്തിനു് വിപരീതവുമാകുന്നു; എന്തെന്നാൽ, വിശുദ്ധ പുണ്യവാളൻ പൗലോസ് അരുളുന്നു: ''ആദ്യംതന്നെ അർത്ഥന അപ്പിക്കുവാൻ ഞാനതിനാൽ ഉപദേശിക്കുന്നു.'' (തിമോ. ii.1.) പ്രാർത്ഥനയെക്കുറിച്ചുള്ള പുണ്യവാളൻെറ അരുളപ്പാടുകളിൽ ഒന്നാമതായി നിർദ്ദേശിച്ചിരിക്കുന്നതു്, പ്രാർത്ഥനയാണു് മററെല്ലാററിനേക്കാളും ആദ്യം വേണ്ടതു് എന്നാകുന്നു: ''ആദ്യംതന്നെ അത്ഥന അപ്പിക്കുവാൻ...'' പലസത്കമ്മങ്ങളും ചെയ്യാൻ കൃസ്ത്യാനി കടപ്പെട്ടവനാണു്; പക്ഷെ, മററെന്തിനേക്കാളും മുമ്പേ അവൻ ചെയ്യേണ്ടതു പ്രാർത്ഥനയാകുന്നു. എന്തെന്നാൽ, പ്രാർത്ഥന കൂടാതെ വേറെ യാതൊരു സത്കർമ്മവുമനുഷ്ഠിക്കാൻ സാദ്ധ്യമല്ല. പ്രാർത്ഥനകൂടാതെ അവനു കത്താവിൻെറ അടുത്തേയ്ക്കുള്ള വഴി കണ്ടെത്താനാവില്ല; അവനു സത്യം ഗ്രഹിക്കാൻ സാദ്ധ്യമല്ല; രാഗങ്ങളും കാമങ്ങളും നിറഞ്ഞ ശരീരത്തെ അവനു നിയന്ത്രിക്കാനാവില്ല; കൃസ്തുവിൻെറ വെളിച്ചംകൊണ്ടു് തൻെറ അകക്കാമ്പു് പ്രകാശമാനമാക്കാൻ അവനു സാധിക്കുകയില്ല; മോചനം ലഭിക്കുമാറു് അവനു് ഈശ്വരനുമായി ഒന്നിക്കാൻ ഒക്കുകയില്ല. നിരന്തരമായ പ്രാർത്ഥന മുമ്പേ ഗമിക്കാതെ ഇവയൊന്നും അനുഗമിക്കുകയില്ല. ''നിരന്തരമായ'' എന്നാണു ഞാൻ പറയുന്നതു്; കാരണം, പ്രാർത്ഥനയിൽ പൂർണ്ണത നമ്മുടെ അധീനത്തിലല്ല ഇരിക്കുന്നതു്; പൗലോസ് പുണ്യവാളനും, ''എന്തെന്നാൽ നമുക്കു ശരിക്കു വേണ്ടതു് എന്താണെന്നറിഞ്ഞു് അതിനുവേണ്ടി പ്രാർത്ഥിക്കാൻ നമുക്കറിഞ്ഞുകൂടാ.'' (റോമ. viii .26.) എന്നതുകൊണ്ടു പറയുന്നതും അതുതന്നെയാണു്. അക്കാരണത്താൽ, കൂടെക്കൂടെ പ്രാത്ഥിക്കാൻ മാത്രമേ, ഏതുനേരവും പ്രാർത്ഥിക്കാനേ, നമ്മുടെ കഴിവിൽ പെടുകയുള്ളൂ. എല്ലാവിധം ആദ്ധ്യാത്മികാനുഗ്രഹങ്ങളുടെയും ജനനിയായ പ്രാർത്ഥനയിൽ പരിശുദ്ധി നേടുവാനുള്ള ഉപായവും അതുതന്നെയല്ലൊ. ''തള്ളയെ പിടിക്കൂ; അവരു

നിനക്കു പിള്ളകളെ കൊണ്ടുവരും.'' എന്നു സിറിയക്കാരൻ ആയ ഐസക്കു പുണ്യവാളൻ പറഞ്ഞിട്ടുണ്ടു്. പ്രാർത്ഥനയുടെ ശക്തി ആജ്ജിക്കാൻ ശീലിക്കുക ആദ്യം; എന്നാൽ മററു് സദ്ഗുണങ്ങളൊക്കെ നിങ്ങൾക്കെളുപ്പത്തിൽ ആചരിക്കാൻ സാധിക്കും. പരിശുദ്ധപിതാക്കന്മാരുടെ ഗഹനങ്ങളായ ഉപദേശങ്ങളിൽനിന്നും സ്വന്തം പ്രായോഗികാനുഭൂതിയിൽനിന്നും ഇതിനെക്കുറിച്ചറിവില്ലാത്തവക്കു് ഇതിനെപ്പററി ശരിയായ വിവരമൊന്നുമില്ല; അവർ ഇതിനെ സംബന്ധിച്ച ദുർലഭമായേ സംസാരിക്കുതാനും.'

ഈ സംഭാഷണത്തിനിടയ്ക്കു് ഞങ്ങൾ ഏതാണ്ടു് മഠത്തിലെത്തി. ഈ വിദ്യാവയോവൃദ്ധനുമായുള്ള സംസർഗ്ഗം വിടാതിരിക്കാനും എനിക്കു വേണ്ടത്ര വേഗം കിട്ടാനും വേണ്ടി ഞാൻ ഉടനെ പറഞ്ഞു: 'അഭിവന്ദ്യപിതാവേ, നിരന്തരമായ പ്രാർത്ഥന എന്നു വെച്ചാൽ എന്താണെന്നും എങ്ങനെയാണതു് അഭ്യസിക്കുകയെന്നും സദയം എനിക്കു കാണിച്ചുതന്നാലും. ഈവക സംഗതികളെക്കുറിച്ചു് അങ്ങേയ്ക്കു നല്ലതുപോലെ അറിയാം എന്നെനിക്കു മനസ്സിലായി.'

അദ്ദേഹം എൻെറ അപേക്ഷ കനിവോടെ കൈയ്ക്കൊണ്ടു; എന്നോടു് അദ്ദേഹത്തിൻെറ കൂടെ മുറിയിലേയ്ക്കു ചെല്ലാൻ പറഞ്ഞു. 'അകത്തേയ്ക്കു വരൂ.' അദ്ദേഹം പറഞ്ഞു, 'പരിശുദ്ധപിതാക്കന്മാരുടെ ഒരു ഗ്രന്ഥം ഞാൻ നിങ്ങൾക്കു തരാം; അതിൽനിന്നും നിങ്ങൾക്കു് ദൈവത്തിൻെറ തുണയോടെ, പ്രാർത്ഥനയെക്കുറിച്ചുള്ള സകല സംഗതികളും വ്യക്തമായും വിശദമായും മനസ്സിലാക്കാം.'

ഞങ്ങൾ അദ്ദേഹത്തിൻെറ മുറിയിലെത്തി. അദ്ദേഹം എന്നോടിപ്രകാരം പറയാൻ തുടങ്ങി: 'യേശുവിനോടുള്ള നിരന്തരമായ ആന്തരപ്രാർത്ഥന എന്നുവെച്ചാൽ, ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും നാവുകൊണ്ടും യേശുവിൻെറ തിരുനാമം ഇടവിടാതെ ഉരുവിടുക എന്നാണർത്ഥം. അതേ

സമയം, എന്തു ചെയ്യുമ്പോഴും ഏതു നേരവും എല്ലായിടത്തും, ഉറക്കത്തിൽപ്പോലും, അദ്ദേഹത്തിൻെറ നിത്യസാന്നിദ്ധ്യത്തിൻെറ ഒരു ചിത്രം മനസാ ധ്യാനിക്കുകയും അദ്ദേഹത്തിൻെറ കനിവിനായി കേഴുകയും വേണം. അപേക്ഷ ഈ രൂപത്തിലാകാം: ''പ്രഭോ, യേശുനാഥാ, അടിയനിൽ കനിവു കാണിച്ചാലും.'' ഈ അപേക്ഷ അപ്പിക്കാൻ അഭ്യസിക്കുന്ന ഒരുവനു് ഇതിൻെറ ഫലമായി അതിഗാഢമായ ഒരു ശാന്തി അനുഭവപ്പെടും; ആ പ്രാർത്ഥന ഏതുപൊഴുതും സമപ്പിക്കാൻ അവനു് അതിയായ താല്പര്യം തോന്നും; താല്പര്യം എത്രയെന്നോ, അതു കൂടാതെ അവനു് ജീവിതം അസാദ്ധ്യമാണെന്നു തോന്നത്തക്ക അത്ര. അതു് അവൻെറ ഉള്ളിൽ താനേ മുഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. നിരന്തരമായ പ്രാർത്ഥനയെന്നാൽ എന്താണെന്നു് ഇപ്പോഠം നിങ്ങഠംക്കു മനസ്സിലാകുന്നുണ്ടോ?'

'ഉണ്ടു് പിതാവേ, ഉണ്ടു്. ദൈവത്തിൻെറ നാമത്തിൽ ഞാൻ അവിടുത്തോടപേക്ഷിക്കുന്നു, അതിൻെറ അഭ്യാസം നേടുന്നതെങ്ങനെ, എന്നു് സദയം എന്നെ പഠിപ്പിച്ചാലും.' ആനന്ദംകൊണ്ടു മതിമറന്നു് ഞാൻ കേണു.

''ഈ പുസ്തകം വായിച്ചുനോക്കൂ '' അദ്ദേഹം അരുളി: * ''അദ്ധ്യാത്മപ്രേമം' എന്നാണതിനു പേർ; അതിൽ ഇരുപത്തിയഞ്ചു പരിശുദ്ധപിതാക്കന്മാർ നിരത്തിവെച്ചിട്ടുള്ള, നിരന്തരമായ ആന്തരപ്രാർത്ഥനയാകുന്ന ശാസ്ത്രത്തിൻെറ പൂണ്ണവും വിസ്തൃതവുമായ, വിവരണം അടങ്ങിയിരിക്കുന്നു. ഉത്കൃഷ്ടമായ വിജ്ഞാനംകൊണ്ടു് വിശിഷ്ടമാണു് ഈ ഗ്രന്ഥം. അതുകൊണ്ടുള്ള പ്രയോജനം എത്രയെന്നോ ! ധ്യാനപരമായ ആദ്ധ്യാത്മികജീവിതത്തിനു് ഏററവും ശ്രേഷ്ഠവും ഉത്തമവുമായ പഠനഗ്രന്ഥമായിട്ടാണു് അതു് എണ്ണപ്പെടുന്നതു്. 'വേലയും വിയപ്പുമെന്യെ അതു്

---

* Philokalia = Love of Spiritual Beauty.

KOTTAYAM PUBLIC LIBRARY KOTTAYAM

ഒരുവനെ മുക്തിപദത്തിൽ എത്തിക്കുന്നു.' എന്നാണു് അഭിവന്ദ്യ നിസെഫോറസ്‌ അതിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതു്.''

'അപ്പോഴതു് സുവിശേഷത്തെക്കാരം ഉത്കൃഷ്ടവും പവിത്രവും ആണോ ?' ഞാൻ ചോദിച്ചു.

'അല്ല, അതല്ല. പക്ഷെ അതിൽ, സുവിശേഷം ഗോപ്യമായി വെച്ചിരിക്കുന്നതിൻെറയും നമ്മുടെ അല്പബുദ്ധിക്കു് എളുപ്പത്തിൽ ഗ്രഹിക്കാൻ ആവാത്തതിൻെറയും വിശദമായ വിവരണങ്ങരം ഉണ്ടു്. ഞാനൊരു ഉദാഹരണം പറയാം: നഭോമണ്ഡലത്തിലെ തേജോഗോളങ്ങളിൽ ഏററവും വലിയതും ഏററവും പ്രകാശമാനവും അത്യാശ്ചര്യകരവുമായതു സൂര്യനാകുന്നു. പക്ഷെ നിങ്ങരംക്കതിനെ തനി അനാവൃതനേത്രങ്ങരംകൊണ്ടു് നിരീക്ഷിക്കാനോ പരീക്ഷിക്കാനോ സാദ്ധ്യമല്ല. നിങ്ങരംക്കതിനു് സൂര്യനേക്കാരം എത്രയോ കോടിമടങ്ങു ചെറുതും ഇരുണ്ടതും ആയ ഒരു കൃത്രിമസ്ഫടികശകലം ഉപയോഗിക്കേണ്ടതുണ്ടു്. എങ്കിലും ഈ ചെറുചില്ലിൻകഷണത്തിൽക്കൂടി നിങ്ങരംക്കു് ആ മഹനീയനായ ഗ്രഹാധിപനെ നിരീക്ഷിക്കാം, അതിൽ ആനന്ദിക്കാം, തീയ്ചൊരിയുന്ന അതിൻെറ കതിരുകളെ പൊറുക്കാം. പരിശുദ്ധവേദവും ഒരു തിളങ്ങുന്ന സൂര്യനാണു്. ഈ പുസ്തകം, അദ്ധ്യാത്മപ്രേമം, ആ സൂര്യൻെറ അപ്രധൃഷ്യമായ തേജസ്സിനെ നിരീക്ഷിക്കാൻ ഞങ്ങളെ സമർത്ഥരാക്കുന്നതിനു ഞങ്ങരം ഉപയോഗിക്കുന്ന സ്ഫടികഖണ്ഡവുമാണു്. കേട്ടോളു, നിരന്തരമായ ആന്തരപ്രാർത്ഥനയെക്കുറിച്ചു് അതു തരുന്ന ഉപദേശത്തിൻെറ മാതൃക ഞാൻ നിങ്ങളെ വായിച്ചു കേരംപ്പിക്കാം.'

അദ്ദേഹം പുസ്തകം തുറന്നു; നൂതനദൈവശാസ്ത്രജ്ഞനായ വിശുദ്ധസിമിയോൻെറ ഉപദേശങ്ങളെടുത്തു; വായിച്ചു: 'ഒററയ്ക്കിരിക്കുക, നിശ്ശബ്ദതയിൽ. തല താഴ്ത്തുക; കണ്ണടയ്ക്കുക: മെല്ലെ നിശ്വസിക്കുക; സ്വന്തം ഹൃദയാന്തർഭാഗ

ത്തേയ്ക്കു നോക്കുന്നതായി ഭാവന ചെയ്യുക. നിങ്ങളുടെ മനസ്സിനെ, അതായത് ചിന്തകളെ, ശിരസ്സിൽനിന്നു ഹൃദയത്തിലേയ്ക്കു കൊണ്ടുപോവുക. ശ്വാസം പുറത്തേയ്ക്കു വിടുന്നതിനോടൊപ്പം ഇതും ഉച്ചരിക്കുക: ''പ്രഭോ, യേശുനാഥാ, അടിയനിൽ കനിവു കാണിച്ചാലും.'' ചുണ്ടു മെല്ലെ അനക്കിക്കൊണ്ട് അതു് ഉരുവിടുക; അല്ലെങ്കിൽ മനസ്സിൽ ഉരുവിട്ടാലും മതി. ഇതരചിന്തകളെല്ലാം അകററിനിത്താൻ യത്നിക്കുക. ശാന്തനായിരിക്കുക, ക്ഷമയോടെ വാഴുക; ഈ അഭ്യാസം കൂടെക്കൂടെ നടത്തുകയും ചെയ്യുക.'

ആ വൃദ്ധൻ ഇതൊക്കെ എനിക്കു വിശദമാക്കിത്തരുകയും അവയുടെ അർത്ഥം സോദാഹരണം വെളിവാക്കുകയും ചെയ്തു. അദ്ധ്യാത്മപ്രേമത്തിൽനിന്നും, സിനായിയിലെ വിശുദ്ധഗ്രിഗോറി, വിശുദ്ധകാലിസ്റ്റസ്, വിശുദ്ധ ഇഗ്നേഷ്യസ് എന്നിവർ എഴുതിയ ഭാഗങ്ങരം തുടന്നു വായിക്കുകയും, വായിച്ച ഭാഗങ്ങരം ആ വൃദ്ധമഹാത്മാവു് സ്വന്തം ഭാഷയിൽ വ്യാഖ്യാനിക്കുകയും ചെയ്തു. ഞാൻ അത്യാനന്ദത്തോടെ ശ്രദ്ധിച്ചു കേട്ടു: അവ എൻെറ മനസ്സിൽ ഉറപ്പിച്ചു; ഒന്നും വിടാതെ ഒക്കെ ഓമ്മിച്ചുവെയ്ക്കാൻ ആവുംപോലെ ശ്രമിക്കുകയും ചെയ്തു. ഈ മട്ടിൽ രാത്രി മുഴുവൻ ഞങ്ങരം ഒരുമിച്ചുകഴിച്ചു; ഒട്ടും ഉറങ്ങാതെ പുലരിയിലെ പ്രാർത്ഥനയ്ക്കു പോവുകയും ചെയ്തു.

ആ മഹാത്മാവു് എന്നെ അനുഗ്രഹിച്ചു് യാത്രയയച്ചു; പ്രാത്ഥന അഭ്യസിക്കുമ്പോരം ഞാൻ എപ്പോഴും അദ്ദേഹത്തിൻെറ അടുത്തു ചെല്ലുകയും സകലതും അദ്ദേഹത്തോടു പറയുകയും വേണമെന്നു് - ഒന്നുംവിടാതെ സവ്വവും ഏററു പറയുകയും വിവരിക്കുകയും വേണമെന്നു് - അദ്ദേഹം എന്നോടു പറഞ്ഞു; എന്തെന്നാൽ ഒരാചായ്യൻെറ മാഗ്ഗനിദ്ദേശമില്ലാതെ ആന്തരസാധന ശരിയായും വിജയകരമായും പുരോഗമിക്കുക സാദ്ധ്യമല്ല.

അനുസ്യൂതമായ ആന്തരികപ്രാൎത്ഥന അഭ്യസിക്കുന്നതിനു് ആവുന്ന സകല ക്ലേശങ്ങളും സഹിക്കാൻ പള്ളിയിൽവെച്ചു് എനിക്കു് ഉജ്ജ്വലമായ ഒരുത്തേജനം തോന്നി; എൻെറ തുണയ്ക്കുത്താൻ ഞാൻ ദൈവത്തോടപേക്ഷിക്കുകയും ചെയ്തു. ഉപദേശത്തിനോ കുമ്പസാരത്തിനോവേണ്ടി വീണ്ടും ആചാര്യനെ കാണാൻ കഴിയുന്നതെങ്ങനെ എന്നായി എനിക്കു പിന്നെ ചിന്ത; കാരണം, മഠത്തിലെ അതിഥിശാലയിൽ മൂന്നു ദിവസത്തിൽക്കൂടുതൽ താമസിക്കാൻ അനുവാദം കൊടുക്കുകയില്ല; അടുത്തെങ്ങും ഒരു വീടും ഇല്ലതാനും.

എന്തായാലും, മഠത്തിൽനിന്നും രണ്ടിനുമേൽ മൂന്നു മൈലിനകം അകലെയായി ഒരു ഗ്രാമം ഉണ്ടെന്നു ഞാൻ മനസ്സിലാക്കി. തങ്ങാൻ ഒരിടം തേടി ഞാൻ അവിടെയെത്തി; എനിക്കു് അത്യാനന്ദം നൽകുമാറു് പററിയ ഒരിടം ദൈവം കാണിച്ചുതന്നു. ഒരു ഗ്രാമീണൻ തൻെറ അടുക്കളത്തോട്ടം നോക്കിയെടുക്കുന്നതിനായി ആ വേനല്ക്കാലം മുഴുവൻ എന്നെ വേലയ്ക്കു നിൎത്തി; എന്നു മാത്രമല്ല, അതിലുള്ള ഒരു ചെറിയ ഓലമേഞ്ഞ കുടിൽ എനിക്കു തനിച്ചു താമസിക്കാനായി വിട്ടുതരുകയും ചെയ്തു. ദൈവത്തിനു സ്തുതി! എനിക്കൊരു ഏകാന്തശാന്തമായ ഇടം കിട്ടി. ഈ വിധത്തിൽ ഞാൻ അവിടെ പാൎപ്പുറപ്പിക്കുകയും എനിക്കു കാണിച്ചുതരപ്പെട്ട വഴിയെ ആന്തരപ്രാൎത്ഥന ശീലിക്കാൻ ആരംഭിക്കുകയും ഇടയ്ക്കിടെ എൻെറ ആ ആചാൎയ്യനെ കാണ്മാൻ പൊയ്ക്കൊണ്ടിരിക്കുകയും ചെയ്തു.

ആ തോട്ടത്തിൽ ഒററയ്ക്കു പാൎത്തുകൊണ്ടു് ഒരാഴ്ചക്കാലം ആചാൎയ്യൻ ഉപദേശിച്ചതുപോലെതന്നെ യാതൊരു വീഴ്ചയും വരുത്താതെ ഞാൻ മുറയ്ക്കു് ഇടവിടാതെ പ്രാൎത്ഥിക്കാൻ അഭ്യസിച്ചുതുടങ്ങി. ആദ്യമൊക്കെ കാൎയ്യങ്ങൾ വളരെ ഭംഗിയായി നടക്കുന്നുവെന്നു തോന്നി. പക്ഷെ, അതെന്നെ വല്ലാതെ ശ്രാന്തനാക്കി. മടിയും മുഷിവും തോന്നി;

വല്ലാതെ ഉറക്കവും വന്നിരുന്നു. പല പല ഇതരചിന്ത കളാകുന്ന ഒരു മഴക്കാറും എൻെറ ചുററും വന്നണഞ്ഞു. ഞാൻ വ്യാകുലനായി വൃദ്ധമഹാത്മാവിൻെറ അടുത്തെത്തി അദ്ദേ ഹത്തെ എൻെറ നില പറഞ്ഞു കേരംപ്പിച്ചു.

അദ്ദേഹം എന്നെ സ്നേഹഭാവേന സ്വാഗതം ചെയ്തു കൊണ്ടു് പറഞ്ഞു: 'എൻെറ പ്രിയ സോദരാ, ഇതു തമോ ലോകം നിങ്ങളുടെമേൽ നടത്തുന്ന ആക്രമണമാണു്. ആ ലോകത്തിനു്, നിങ്ങരം നടത്തുന്ന ഹൃദയപൂർവ്വമായ പ്രാത്ഥനയേക്കാരം അസഹ്യമായിട്ടൊന്നുമില്ല. നിങ്ങളെ തടയാനും പ്രാത്ഥനാഭ്യാസത്തിൽനിന്നും നിങ്ങളെ തിരി ക്കാനും അതു പഠിച്ചപണി പതിനെട്ടും നോക്കുകയാണു്. പക്ഷെ, ഈശ്വരൻ അനുവദിക്കാൻ കനിയുന്നിടത്തോ ളവും നമുക്കു വേണ്ടതിലേറാതെയും മാത്രമേ ശത്രു പ്രവത്തി ക്കുകയുള്ളു. നിങ്ങളുടെ വിനയത്തിനു് ഒരു പരീക്ഷണം കൂടി വേണമെന്നും അതിനാൽ നിങ്ങളുടെ അളവററ ഉത്സാ ഹത്തിനു് ഹൃദയത്തിൻെറ അത്യുച്ചകവാടത്തിൻെറ പടിയോടടുക്കാനുള്ള കാലം പരിപക്വമായില്ല എന്നും തോന്നുന്നു. നിങ്ങരം അദ്ധ്യാത്മലോഭത്തിൽ പെട്ടുപോകാൻ ഇടയുണ്ടു്. ഈവക സാധകന്മാരെക്കുറിച്ചു് അദ്ധ്യാത്മ പ്രേമത്തിൽനിന്നും ഒരു ചെറിയ ഉപദേശം ഞാൻ വായിച്ചു കേരംപ്പിക്കാം.'

അദ്ദേഹം നിസെഫൊറസിൻെറ ഉപദേശമെടുത്തു വായിച്ചു: 'ഏതാനും തവണ ശ്രമിച്ചിട്ടും, നിങ്ങരംക്കു് ഉപദേശിക്കപ്പെട്ട രീതിയിൽ നിങ്ങളുടെ ഹൃദയമണ്ഡല ത്തിലെത്തുന്നതിൽ വിജയിക്കാത്തപക്ഷം, ഞാൻ പറയാൻ പോകുന്ന മാതിരി ചെയ്യുക; ഈശ്വരൻെറ സഹായത്താൽ നിങ്ങരം തേടുന്നതു് കണ്ടെത്തും. വാക്കുകളുച്ചരിക്കാനുള്ള കഴിവു നാക്കിലാണിരിക്കുന്നതു്. മററു വിചാരങ്ങളെല്ലാം വെടിയുക – നിങ്ങരംക്കു വേണമെന്നു വെച്ചാൽ അങ്ങനെ ചെയ്യാൻ സാധിക്കും – എന്നിട്ടു് ആ കഴിവിന്നെ

താഴെ പറയുന്ന വാക്കുകൾ മാത്രം നിരന്തരമുച്ചരിക്കുവാൻ അനുവദിക്കുക: ‘‘പ്രഭോ, യേശുനാഥാ, അടിയനിൽ കനിവു കാണിച്ചാലും.’’ അതു് എപ്പൊഴുതും ചെയ്‌വാൻ സ്വയം നിർബ്ബന്ധിക്കുക. കുറച്ചുനാൾ അങ്ങനെ ചെയ്യാൻ സാധിച്ചാൽ, നിങ്ങളുടെ ഹൃദയവും നിസ്സംശയം പ്രാർത്ഥനയ്ക്കു വാതിൽ തുറക്കും. ഞങ്ങളിതു് അനുഭവത്തിൽനിന്നും അറിഞ്ഞിട്ടുണ്ടു്.’

‘അമ്മാതിരി അവസരങ്ങളിൽ വേണ്ട പരിശുദ്ധ പിതാക്കന്മാരുടെ ഉപദേശം അതിൽ കിട്ടുന്നു.’ എന്റെ ആചാര്യൻ പറഞ്ഞു: ‘ആയതുകൊണ്ടു്, നിങ്ങൾ ഇന്നു മുതൽ എന്റെ നിർദ്ദേശങ്ങൾ വിശ്വാസപൂർവ്വം അനുസരിക്കണം; യേശുവിനോടുള്ള പ്രാർത്ഥന കഴിയുന്നത്ര കൂടെക്കൂടെ ചൊല്ലുകയും വേണം. ഇതാ ഒരു ജപമാല. അതെടുത്തോളു; എന്നിട്ടു് ദിവസം മൂവായിരം പ്രാവശ്യം വീതം ജപിച്ചുതുടങ്ങുക. നില്ക്കുകയോ ഇരിക്കുകയോ നടക്കുകയോ കിടക്കുകയോ എന്തു ചെയ്യുമ്പോഴും ഇടവിടാതെ, ‘‘പ്രഭോ, യേശുനാഥാ, അടിയനിൽ കനിവു കാണിച്ചാലും.’’ എന്നു് ഉരുവിടുക. നിശ്ശബ്ദമായിട്ടും ബദ്ധപ്പാടുകൂടാതെയും ചെയ്യുക; എന്നാൽ മുടങ്ങാതെ ദിവസവും മൂവായിരം തവണ ജപിക്കണം; മനഃപ്പൂർവ്വം എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ വേണ്ട. ഈശ്വരൻ നിങ്ങളെ സഹായിക്കും; ഈ മാർഗ്ഗത്തിൽക്കൂടി ഹൃദയത്തിന്റെ അനുസ്യൂതമായ പ്രവർത്തനത്തെയും നിങ്ങൾ പ്രാപിക്കും.’

ഞാൻ ഈ ഉപദേശം സസന്തോഷം സ്വീകരിച്ചുകൊണ്ടു് വീട്ടിലേയ്ക്കു മടങ്ങി; ശ്രദ്ധയോടും കൃത്യമായും എന്റെ ആചാര്യന്റെ നിർദ്ദേശമനുസരിച്ചു് അഭ്യസിക്കാനും തുടങ്ങി. രണ്ടു ദിവസത്തേയ്ക്കു് കുറച്ചൊരു വിഷമം തോന്നി; പക്ഷെ അതു കഴിഞ്ഞു് വളരെ എളുപ്പവും ഇഷ്ടവുമായി. എന്നു മാത്രമല്ല, യേശുവിനോടുള്ള പ്രാർത്ഥന

ചൊല്ലുന്നതു് നിൎത്തിയാലുടനെ വീണ്ടും ജപം തുടരാനുള്ള ഒരാവശ്യം തോന്നാനും തുടങ്ങി. പഴയതുപോലെ യാതൊരു നിൎബ്ബന്ധവുംകൂടാതെ ഞാനതു് സുഖമായും സന്തോഷമായും നടത്തുകയും ചെയ്തു.

ഞാൻ പോയി വിവരം വൃദ്ധമഹാത്മാവിനെ അറിയിച്ചു. ദിവസവും ആറായിരം ഉരു ജപം നടത്താൻ നിൎദ്ദേശിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: 'സ്വസ്ഥനായിരിക്കുക. പറഞ്ഞിടത്തോളം ജപിക്കാൻ, ആവുന്നത്ര വീഴ്ചയൊന്നും വരുത്താതെ, ശ്രമിക്കുക. സൎവ്വേശ്വരൻ തൻെറ അനുഗ്രഹം നിങ്ങളുടെ മേൽ പൊഴിക്കും.'

എൻെറ ഏകാന്തമായ കുടിലിൽ ഒരാഴ്ചതികച്ചും ഞാൻ യേശുവിനോടുള്ള പ്രാൎത്ഥന ദിവസവും ആറായിരം ഉരു ജപിച്ചു. എനിക്കൊരു ഉത്കണ്ഠയും തോന്നിയില്ല. ഇതര ചിന്തകൾ, അവയെത്രതന്നെ വന്നലട്ടിയാലും, ഒന്നും ഗണ്യമാക്കാതെ, എനിക്കു് ഒരേ ഒരു ഉന്നമേ ഉണ്ടായിരുന്നുള്ളൂ, അതായതു് എൻെറ ആചാര്യൻെറ ആദേശം അതേപടി നടപ്പിലാക്കുക എന്നുള്ളതു്. എന്നിട്ടെന്തുണ്ടായി? പ്രാൎത്ഥന എൻെറ ഒരു സ്വഭാവമായിത്തീൎന്നു; എന്തുമാത്രമെന്നോ, ഒരു ഞൊടിയിട നിൎത്തിയാൽ, എന്തോ കാണാതെപോയതുപോലെ, എന്തോ നഷ്ടപ്പെട്ടതുപോലെ എന്നു പറയട്ടെ, എനിക്കു തോന്നി. പ്രാൎത്ഥന പിന്നെയും തുടങ്ങിയ നിമിഷംമുതൽ അതു സുഖമായും സന്തോഷമായും തുടൎന്നുപോന്നു. ആരെയെങ്കിലും കണ്ടാൽ എനിക്കയാളോടു് സംസാരിക്കാൻ ഇഷ്ടം തോന്നിയിരുന്നില്ല. ഒററക്കിരുന്നു് എൻെറ പ്രാൎത്ഥന ചൊല്ലുകമാത്രമേ എനിക്കു വേണ്ടിയിരുന്നുള്ളൂ. ഞാൻ അതുമായി അത്രയ്ക്കു് ഇണങ്ങിക്കഴിഞ്ഞിരുന്നു ഒരാഴ്ചകൊണ്ടു്.

പത്തു ദിവസമായി എൻെറ ആചാര്യൻ എന്നെ കണ്ടില്ല. പതിനൊന്നാംദിവസം അദ്ദേഹം എൻെറ

അടുത്തേയ്ക്കു വന്നു എന്നെ കാണാൻ. കാര്യങ്ങളെങ്ങനെ നടക്കുന്നു എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം അതു ശ്രദ്ധിച്ചു, എന്നിട്ടു പറഞ്ഞു: 'നിങ്ങളിപ്പോഠം പ്രാത്ഥനയുമായി ഇണങ്ങിക്കഴിഞ്ഞു. ആ അഭ്യാസം നില നിത്തുക; അതിനെ ബലപ്പെടുത്തുക. അതിനാൽ സമയം വെറുതെ കളയരുതു്. ഇന്നുമുതൽ ആ പ്രാത്ഥന, ഈശ്വര ൻെറ തുണയോടുകൂടി, ദിവസം പന്തീരായിരം പ്രാവശ്യം വീതം ഉരുവിടാൻ നിശ്ചയിക്കുക. നിങ്ങളുടെ ഏകാന്ത മായ ഇടത്തു പാക്കുക; നേരത്തെ എഴുന്നേല്ക്കുക; വൈകി യിട്ടേ ഉറങ്ങാവൂ. ഓരോ പതിന്നാലാം പക്കവും എൻെറ അടുത്തുവന്നു് ഉപദേശം ആവശ്യപ്പെടുക.'

അദ്ദേഹം ആജ്ഞാപിച്ച പ്രകാരം ഞാൻ അനുഷ്ഠിച്ചു. ആദ്യത്തെ ദിവസം പന്തീരായിരം ജപം നടത്താൻ വളരെ വൈകുന്നേരമായിട്ടും വിഷമിച്ചേ എനിക്കു കഴിഞ്ഞുള്ളു. രണ്ടാംദിവസം ഞാനതു് എളുപ്പത്തിലും തൃപ്തിയായും അനുഷ്ഠിച്ചു. തുടക്കത്തിൽ, ഇടവിടാതെയുള്ള ഈ ജപം കുറച്ചൊരു ക്ഷീണം തോന്നിച്ചു: നാവു മരവിച്ചതുപോലെ തോന്നി; താടി ഉടക്കിയതുപോലെയായി. ആദ്യം രസമായിട്ടു തോന്നിയിരുന്നുവെങ്കിലും പിന്നീടു് വായുടെ മേൽവശത്തു കുറേശ്ശെ വേദന തോന്നിയിരുന്നു. മാലയിൽ എണ്ണംപിടിക്കാൻ ഉപയോഗിച്ചിരുന്ന ഇടതു കൈയുടെ തള്ളവിരൽ കുറച്ചൊക്കെ വേദനിച്ചു. കണങ്കൈയ്ു മുഴവൻ അല്പം വീക്കമുണ്ടായിരുന്നു; കൈയ്മുട്ടുവരെയും അതു ബാധിച്ചിരുന്നു. അതു് അസുഖകരമായി തോന്നി യില്ല. മാത്രമല്ല, ഇവയൊക്കെ എന്നെ ഉണത്തിയെന്നു പറയാം; അങ്ങനെ ഇടവിടാതെ ജപിക്കാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു. അഞ്ചുദിസം നേരത്തെ നിശ്ച യിച്ചിരുന്ന പന്തീരായിരം പ്രാവശ്യം വീതം ജപം നടത്തി അഭ്യാസമായതോടെ എനിക്കതിൽ ഒരേസമയം സന്തോഷ വും സംതൃപ്തിയും തോന്നി.

ഒരുനാഠം അതിരാവിലെ പ്രാത്ഥന എന്നെ ഉണത്തി – എന്നുതന്നെ പറയട്ടെ. ഞാൻ പതിവുള്ള പ്രഭാതപ്രാത്ഥന ചൊല്ലാൻ തുടങ്ങി; പക്ഷെ അതു ശരിയായോ കൃത്യ മായോ ചൊല്ലാൻ നാക്കു കൂട്ടാക്കിയില്ല. എൻെറ സവ്വ ആശയും ഒരേ ഒരു കാര്യത്തിലാണു് ഉറച്ചിരുന്നതു് – യേശു വിനോടുള്ള പ്രാത്ഥന ഉരുവിടുന്നതിൽ. അതു് ചൊല്ലാൻ തുടങ്ങിയ ഉടനെ എനിക്കു് ആനന്ദവും ആശ്വാസവും അനുഭവപ്പെട്ടു. ഞാൻ ആവശ്യപ്പെടാതെതന്നെ എൻെറ നാവും ചുണ്ടും സ്വമേധയാ ആ വാക്കുകഠം ഉച്ചരിക്കും പോലെയായിരുന്നു അതു്. ഞാൻ ദിവസം മുഴുവൻ അത്യന്തം സംതൃപ്തിയിൽ കഴിച്ചു; മററെല്ലാററിൽനിന്നും ഞാൻ വേർപെടുത്തപ്പെട്ടതുപോലെ തോന്നി. വേറെ ഏതോ ഒരു ലോകത്തിലെന്നപോലെ ഞാൻ ജീവിച്ചു. പന്തീരായിരം ഉരു ജപം നിഷ്പ്രയാസം അന്തിക്കുമുമ്പേ തീത്തു. ജപം തുടന്നുകൊണ്ടുപോകാൻ എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നു; പക്ഷെ ആചാര്യൻ നിശ്ചയിച്ച അതിരിനെ അതിക്രമിക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല. തുടന്നുള്ള നാളുകളിൽ യേശുനാഥൻെറ നാമം അതേ മാതിരി ജപിച്ചുപോന്നു; അതും വലിയ ഉത്സാഹത്തോടും താല്പര്യത്തോടുംകൂടി. എന്നിട്ടു ഞാൻ ആചാര്യൻെറ അടു ക്കൽ പോയി; അദ്ദേഹത്തോടു് എല്ലാക്കാര്യവും ആജ്ജവ ത്തോടെ വിശദമായി പറഞ്ഞു.

ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം കേട്ടു; എന്നിട്ടെന്നോടു പറഞ്ഞു: ‘പ്രാത്ഥനയിൽ ഇത്രമാത്രം താല്പര്യവും അതി ലിത്ര സുഗമതയും നിങ്ങളിൽ പ്രകടമായതിനു് ഈശ്വര നോടു നന്ദിയുള്ളവനായിരിക്കുക. നിരന്തരമായ പ്രയത്ന ത്തിൻെറയും അദ്ധ്യാത്മപ്രാപ്തിയുടെയും സ്വാഭാവികമായ പരിണാമമാണതു്. ഒരു ചക്രത്തോടു ഘടിപ്പിക്കപ്പെട്ട യന്ത്രം, ചക്രമൊന്നു കറക്കിക്കൊടുത്താൽ, ഏറെനേരത്തേക്കു തനിയെ കറങ്ങിക്കൊണ്ടിരിക്കും. എന്നാലതു് പിന്നെയും

കൂടുതൽ നേരം തിരിയണമെന്നുണ്ടെങ്കിൽ അതിന്ന് എണ്ണു ഇടണം. വീണ്ടും കറക്കിക്കൊടുക്കുകയും വേണം. ഈശ്വരൻ മാനവജാതിയോടുള്ള കാരുണ്യത്താൽ മനുഷ്യൻെറ ശരീര ഘടനയിൽപ്പോലും എന്തൊരു അദ്ഭുതകരമായ അനുഗ്രഹ മാണ് അരുളുന്നതു് എന്നു നിങ്ങളിപ്പോൾ കാണുന്നു. നിങ്ങൾ സ്വയം അനുഭവിച്ചതുപോലെ, പാപിയും അജി തേന്ദ്രിയനുമായ ഒരുവനിൽപോലും, ഈശ്വരകാരുണ്യ ത്തിനു സവിശേഷപാത്രമാകാതെതന്നെ, എന്തെല്ലാം ഭാവനകൾ ഉളവാക്കാമെന്നു നിങ്ങൾ കാണുന്നു. എന്നാൽ എത്ര അദ്ഭുതകരം, എത്ര ആനന്ദദായകം, എത്ര ആശ്വാസ പ്രദം ആയ ഒരു കാര്യമായിരിക്കും, സ്വയം പ്രവർത്തിക്കുന്ന പ്രാർത്ഥന നല്കിയനുഗ്രഹിക്കാനും ജീവൻെറ ഭോഗവാസന കളെയെല്ലാം അകററാനും സർവ്വേശ്വരൻ തിരുവുള്ളമാവു മെങ്കിൽ! അതു് വാക്കുകൾകൊണ്ടു വർണ്ണിക്കാനാവാത്ത ഒരവസ്ഥയാണ്; ഈ പ്രാർത്ഥനാരഹസ്യത്തിൻെറ കണ്ടു പിടിത്തം, സ്വർഗ്ഗീയാനന്ദത്തിൻെറ ഭൂമിയിൽവെച്ചുള്ള ഒരു പൂർവ്വാസ്വാദനമാണ്. പ്രേമപൂർണ്ണമായ ഹൃദയത്തിൻെറ സരളതയോടെ ഈശ്വരനെ തേടുന്നവർക്ക്പ്രത്യേകം നീക്കി വെച്ചിട്ടുള്ളതാണ് അമ്മാതിരി ആനന്ദം. നിങ്ങൾക്ക് ആവുമ്പോഴൊക്കെയും ഇഷ്ടം തോന്നുമ്പോഴൊക്കെയും പ്രാർത്ഥന ചൊല്ലാനുള്ള അനുവാദം ഞാൻ നിങ്ങൾക്കി പ്പോൾ തരുന്നു. ഉണർന്നിരിക്കുന്ന ഓരോ നിമിഷവും പ്രാർത്ഥനയ്ക്കുവേണ്ടി വിനിയോഗിക്കാൻ ശ്രമിക്കുക; എണ്ണ മൊന്നും നോക്കാതെ യേശുനാഥൻെറ തിരുനാമം ജപി ക്കുക. സവിനയം സ്വയം ഈശ്വരേച്ഛയ്ക്കു സമർപ്പിക്കുക; തുണയ്ക്കായി അദ്ദേഹത്തെ ആശ്രയിക്കുകയും ചെയ്യുക. അദ്ദേഹം നിങ്ങളെ കൈയ്‌വിടുകയില്ല എന്നെനിക്കു തീർച്ച യുണ്ടു്. അദ്ദേഹം നിങ്ങളെ നേർവഴിക്കു നയിക്കും എന്നു ള്ളതും നിശ്ചയം.'

ഈ നിർദ്ദേശമനുസരിച്ചു വേനല്ക്കാലം മുഴുവൻ ഇടവിടാതെ യേശുനാഥനോടു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ കഴിച്ചുകൂട്ടി; എനിക്കു് എൻെറ ആത്മാവിൽ സമ്പൂർണ്ണമായ ശാന്തി അനുഭവപ്പെട്ടു. ഉറക്കത്തിൽ പലപ്പോഴും ഞാൻ പ്രാർത്ഥന ചൊല്ലുന്നതായി കിനാവു കണ്ടു. പകൽ സമയത്തു് ആരെയെങ്കിലും കാണാനിടയായാൽ, അവരൊക്കെ, ഒന്നൊഴിയാതെ സകലരും, എൻെറ ഉററബന്ധുക്കളെപ്പോലെ എനിക്കു പ്രിയരായിരുന്നു. പക്ഷെ ഞാൻ അവരെക്കുറിച്ചു് അധികം ബദ്ധപ്പെടാറില്ല. എൻെറ ചിന്തകളെല്ലാം തനിയെ അടങ്ങി. എൻെറ പ്രാർത്ഥനയെക്കുറിച്ചല്ലാതെ മററു യാതൊന്നിനെക്കുറിച്ചും ഞാൻ ചിന്തിച്ചില്ല. എൻെറ മനസ്സു് അതു കേൾക്കാൻ ഉത്സുകമായി. എൻെറ ഹൃദയത്തിനു് ചിലപൊഴുതു് സ്വയമേവ ഒരുന്മേഷവും ആനന്ദവും തോന്നാൻ തുടങ്ങി. ഞാൻ പള്ളിയിൽ പോകാൻ ഇടയായാൽ അവിടത്തെ നീണ്ട പ്രാർത്ഥന ചെറുതായിട്ടെനിക്കു തോന്നി. മുൻകാലങ്ങളിൽ അതിൽ എനിക്കു മടുപ്പു തോന്നിയിരുന്നു; ഇപ്പോൾ അങ്ങനെ തോന്നാതായി. എൻെറ എളിയ കുടിൽ ഒരൊന്നാംതരം കൊട്ടാരമായിട്ടെനിക്കു തോന്നി. നിരാശ്രയനും പാപിയും ആയ എനിക്കു് ഇതുമാതിരി ഹിതകാരിയായ ഒരു മാർഗ്ഗദർശിയെയും ആചാര്യനെയും തന്നരുളിയതിനു് എങ്ങനെ കാർത്താവിനു നന്ദി പറയേണ്ടു എന്നെനിക്കു നിശ്ചയമില്ലാതായി.

എന്നാൽ, ദിവ്യവിജ്ഞാനസമ്പന്നനായ എൻെറ ആചാര്യൻെറ ഉപദേശം നെടുനാൾ ലഭിക്കാൻ എനിക്കു ഭാഗ്യമുണ്ടായിരുന്നില്ല. വേനല്ക്കാലത്തിൻെറ അവസാനത്തിൽ അദ്ദേഹം അന്തരിച്ചു. കണ്ണുനീരിൽ കുളിച്ചുകൊണ്ടു ഞാൻ അദ്ദേഹത്തോടു യാത്ര പറഞ്ഞു. നീചനായ എന്നെ പുത്രനിർവ്വിശേഷം നേർവഴിക്കു നയിച്ചതിനു് അദ്ദേഹത്തിനു നന്ദി സമർപ്പിച്ചു. ഗുരുസ്മരണക്കായി അദ്ദേഹം ജപിക്കാൻ ഉപയോഗിച്ചിരുന്ന മാലയ്ക്കു വേണ്ടി യാചിച്ചു.

അങ്ങനെ ഞാൻ ഏകാകിയായി. വേനല്ക്കാലം അവസാനിച്ചു; അടുക്കളത്തോട്ടത്തിൻെറ പണി തീൎന്നു. എനിക്കു പാൎക്കാൻ പിന്നെ ഒരിടവും ഉണ്ടായിരുന്നില്ല. എൻെറ മേലാൾ എന്നെ പിരിച്ചയച്ചു; കൂലിവകയിൽ രണ്ടു രൂപ്പികയും യാത്രയ്ക്കുവേണ്ടി സഞ്ചി നിറയെ ഉണങ്ങിയ റൊട്ടിയും തന്നു. ഞാൻ വീണ്ടും നട തുടൎന്നു. എന്നാൽ ഞാൻ ഇപ്പോൾ മുമ്പത്തെപ്പോലെ ചിന്താവ്യാകുലനായിട്ടല്ല നടന്നിരുന്നതു്. യേശുനാഥൻെറ തിരുനാമം ജപിച്ചുകൊണ്ടിരുന്നതിനാൽ യാത്ര ആനന്ദകരമായ ഒരനുഭവമായിരുന്നു. ഏവരും എന്നോടു കരുണയോടെ പെരുമാറി; സകലൎക്കും എന്നെ സ്നേഹമായിരുന്നുവെന്നു തോന്നി.

അടുക്കളത്തോട്ടം നോക്കിയ വകയിൽ കൂലിയായി കിട്ടിയ പണംകൊണ്ടു ഞാനെന്തു ചെയ്യും എന്നെനിക്കപ്പോൾ ആലോചന വന്നു. അതുകൊണ്ടെനിക്കു് എന്തു പ്രയോജനം ? തുടൎന്നു താമസിക്കുകയോ ? എനിക്കെൻെറ ആചാൎയ്യൻ നഷ്ടപ്പെട്ടു. എന്നെ തുടൎന്നു പഠിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല. എന്നാൽ എന്തുകൊണ്ടു് അദ്ധ്യാത്മപ്രേമം എന്ന പുസ്തകം വാങ്ങി അതിൽനിന്നും ആന്തരികപ്രാൎത്ഥനയെക്കുറിച്ചു് കൂടുതൽ ഗ്രഹിച്ചുകൂടാ ?

കുരിശും വരച്ചു പ്രാൎത്ഥനയും ചൊല്ലിക്കൊണ്ടു ഞാൻ പുറപ്പെട്ടു. ഞാൻ ഒരു വലിയ പട്ടണത്തിലെത്തി; അവിടെ എല്ലാ കടകളിലും പുസ്തകം തേടി. അവസാനം ഞാനതു കണ്ടെത്തി. പക്ഷെ അവരതിനു മൂന്നു രൂപ്പിക ആവശ്യപ്പെട്ടു; എൻെറ കൈയ്വശം രണ്ടു രൂപ്പികളേ ഉണ്ടായിരുന്നുള്ളുതാനും. ഞാൻ വളരെ നേരം വിലപേശി നോക്കി: എന്നിട്ടും കടയുടമ കടുകിട മയം കാണിച്ചില്ല. ഒടുവിൽ അയാൾ പറഞ്ഞു: 'അടുത്തുള്ള ഈ പള്ളിയിൽ പോവുക; എന്നിട്ടു പള്ളിവിചാരിപ്പുകാരനോടു കാൎയ്യം പറയുക. അയാൾക്കു് അതുമാതിരി ഒരു പുസ്തകം ഉണ്ടു്;

പക്ഷെ അതു വല്ലരെ പഴകിയ ഒരു പ്രതിയാണ്. ഒരു വേള അയാളതു രണ്ടു റുബിളിനു നിങ്ങൾക്കു തന്നേക്കും.' ഞാൻ പോയി; അയാളെ കണ്ടുപിടിച്ചു; രണ്ടു റൂബിളു കൊടുത്തു് അദ്ധ്യാത്മപ്രേമത്തിൻെറ പഴകി കീറിപ്പൊളിഞ്ഞ ഒരു പ്രതി വാങ്ങിക്കുകയും ചെയ്തു. അതുകൊണ്ടു് എനിക്കു് ആനന്ദമായി. എന്നാലാവുംപോലെ ആ പുസ്തകത്തിൻെറ കേടുപാടുകളൊക്കെ തീൎത്തു. ഒരു തുണ്ടു തുണികൊണ്ടു് അതിനു് ഒരു ഉറയുണ്ടാക്കി; എന്നിട്ടു്, വേദപുസ്തകത്തിൻെറ കൂടെ അതും ഞാനെൻെറ മാറത്തെ കുപ്പായക്കീശയിൽ സൂക്ഷിച്ചു.

ഈ വിധത്തിലാണു ഞാനിപ്പോൾ ചുററി നടക്കുന്നതു്; യേശുവിനോടുള്ള പ്രാർത്ഥന – അതെനിക്കു ലോകത്തിൽ മറെറന്തിനേക്കാളും മധുരവും വിലയേറിയതുമാകുന്നു – നിൎത്താതെ ഉരുവിട്ടുകൊണ്ടിരിക്കുന്നതും. ചിലപ്പോൾ ഞാൻ ഒരു ദിവസം നാല്പത്തിമൂന്നോ നാല്പത്തിനാലോ മൈൽ നടക്കും; എന്നാലും നടക്കുന്നതായിട്ടേ എനിക്കു ബോധമില്ല: ഞാനെൻെറ പ്രാർത്ഥന ചൊല്ലുന്നതായിട്ടു മാത്രമേ എനിക്കു ബോധമുള്ളു. കടുത്ത തണുപ്പു കുത്തിത്തുളയ്ക്കുമ്പോൾ ഞാൻ കൂടുതൽ ആവേശത്തോടെ പ്രാർത്ഥന ചൊല്ലാൻ തുടങ്ങും; വേഗം മേലെല്ലാം ചൂടു പിടിക്കും. വിശപ്പുകൊണ്ടു വാടിത്തളരുമ്പോൾ ഞാൻ യേശുവിൻെറ തിരുനാമം കൂടുതൽ ഉരുവിടുന്നു; ആഹാരത്തിനുള്ള ആഗ്രഹം ഞാൻ മറന്നു പോകുന്നു. എനിക്കു രോഗം പിടിക്കുമ്പോൾ, പുറത്തും കാലിലും വാതം പിടികൂടുമ്പോൾ, ഞാൻ പ്രാൎത്ഥനയിൽ എൻെറ മനസ്സു് ഉറപ്പിക്കുന്നു; വേദന ഞാൻ അറിയാതെയുമാകുന്നു. ആരെങ്കിലും എന്നെ ഉപദ്രവിച്ചാൽ, എനിക്കിങ്ങനെ ആലോചിക്കുകയേ വേണ്ടു: 'യേശുവിനോടുള്ള പ്രാർത്ഥന എത്ര മധുരം!' ഉടനടി കേടുപാടുകളും കോപവും പാറിപ്പോകുന്നു; ഞാൻ അതൊക്കെ മറന്നും പോകുന്നു. ഞാനൊരുതരം അദ്ധ്

42943

ബോധവാനായ മനുഷ്യനായിത്തീൎന്നിരിക്കുന്നു. എനിക്കു് യാതൊരു അലട്ടുമില്ല; ഒരു താല്പൎയ്യവുമില്ല. ലോകത്തിലെ കോലാഹലത്തിൻെറ നേൎക്കു് ഞാൻ തിരിഞ്ഞുനോക്കുന്നതേയില്ല. ഞാൻ ആഗ്രഹിക്കുന്ന ഒരേയൊരു സംഗതി ഏകാകിയായിരിക്കാനാണു്, തനിച്ചിരുന്നു പ്രാൎത്ഥിക്കാൻ; നിൎത്താതെ, പ്രാൎത്ഥിക്കാൻ. ഇതു ചെയ്യുന്നതുകൊണ്ടു് എന്നിൽ ആനന്ദം നിറയുന്നു. ഈശ്വരനറിയാം എനിക്കെന്താണു സംഭവിക്കുന്നതെന്നു്! ഇതൊക്കെ ഐന്ദ്രിയകമാണു്, വാസ്തവം; അഥവാ എൻെറ അന്തരിച്ച ആചാൎയ്യൻ പറഞ്ഞിട്ടുള്ളതുപോലെ, നിരന്തരാഭ്യാസത്തിൻെറ നിയതഫലമായിട്ടുണ്ടാകുന്ന ഒരു കൃത്രിമാവസ്ഥയാണു്. പക്ഷെ, എൻെറ അനൎഹതയും അജ്ഞതയും കാരണം ഇനിയും മുമ്പോട്ടു പോകാനും എൻെറ അകക്കാമ്പിൽ സ്വന്തമായി ആദ്ധ്യാത്മികപ്രാൎത്ഥന ശീലിക്കാനും കണ്ടെത്താനും എനിക്കു ധൈൎയ്യമില്ല. ഞാൻ കൎത്താവു കനിയുന്ന കാലവും കാത്തിരിക്കുന്നു. അതുവരെ ഞാനെൻെറ അന്തരിച്ച ആചാൎയ്യൻെറ പ്രാൎത്ഥനകളിൽ എൻെറ പ്രതീക്ഷ ഉറപ്പിക്കുന്നു. ഇപ്രകാരം, ഹൃദയാന്തൎഭാഗത്തിൽ സ്വയം പ്രവൎത്തിക്കുന്ന നിരന്തരമായ ആ ആദ്ധ്യാത്മികപ്രാൎത്ഥനയിൽ ഞാനിനിയും എത്തിച്ചേൎന്നിട്ടില്ലെങ്കിലും, 'നിൎത്താതെ പ്രാൎത്ഥിക്കുക.' എന്നു ഞാൻ പുണ്യവാളൻെറ തിരുവെഴുത്തിൽ കേട്ട ഉപദേശത്തിൻെറ അൎത്ഥം ഇപ്പോഠം എനിക്കു മനസ്സിലാകുന്നുണ്ടു്. കൎത്താവിനു് സ്തുതി.

---

## രണ്ടു്

യേശുവിൻെറ പ്രാത്ഥനയാകുന്ന സഹയാത്രികനു മൊരുമിച്ചു് ഞാൻ വളരെനാഠം പലേ പ്രവിശ്യകളിലും ചുററിനടന്നു; ആ സുഹൃത്തു് എൻെറ യാത്രയിലെല്ലാം എനിക്കു കരുത്തും ആശ്വാസവും അരുളി; മററു മനുഷ്യരു മായുള്ള എൻെറ എല്ലാ ഇടപാടുകളിലും യാത്രയിലെ മറെറല്ലാ സംഭവങ്ങളിലും എന്നെ കാത്തരുളി.

കൂടുതലായി തനിച്ചിരിക്കാനും തനിച്ചിരുന്നു് അദ്ധ്യാത്മപ്രേമം പഠിക്കാനും നല്ലതു് എവിടെയെങ്കിലും ഒരിടത്തു താമസിക്കുകയായിരിക്കും എന്നു് ഒടുവിൽ എനി ക്കു തോന്നിത്തുടങ്ങി. രാത്രി തങ്ങാൻ ഇടം കിട്ടുമ്പൊഴും പകൽ വിശ്രമിക്കുമ്പൊഴും ഞാനതു വായിക്കാറുണ്ടെങ്കിലും അതിലേയ്ക്കു് കൂടുതൽകൂടുതൽ ആണ്ടിറങ്ങാനും, വിശ്വാസം കൊണ്ടും ഹൃദയപൂവ്വമായ പ്രാർത്ഥനകൊണ്ടും അതിൽ നിന്നും എൻെറ ആത്മാവിൻെറ മോചനത്തിനുവേണ്ടി സത്യത്തെക്കുറിച്ചു് ഉപദേശം ഗ്രഹിക്കാനും, ഞാൻ അതി യായി ആഗ്രഹിച്ചു.

പക്ഷെ, ഞാനെത്രയൊക്കെ ആഗ്രഹിച്ചിട്ടും എനിക്കു ചെയ്യാൻ കഴിയുന്ന ഒരു ജോലി എങ്ങും കണ്ടെത്താൻ സാധിച്ചില്ല; കാരണം, കുട്ടിക്കാലത്തുതന്നെ എൻെറ ഇടതു കൈയ് നിരുപയോഗമായിത്തീന്നിരുന്നു. ഇതു കാരണം എനിക്കെങ്ങും സ്ഥിരമായി താമസിക്കാൻ ഒരിടം കിട്ടുക യില്ല എന്നു കണ്ടപ്പോഠം, സൈബീരിയയിൽ ഇർകുട്സ്കി ലെ ഇന്നസൻറ് പുണ്യവാളൻെറ ശവകുടീരത്തിലേയ്ക്കു പോകാൻ ഞാൻ തീച്ചയാക്കി. സൈബീരിയയിലെ കാടുകളിലും സമതലങ്ങളിലുംകൂടി എനിക്കു കൂടുതൽ ഏകാന്തമായി സഞ്ചരിക്കാൻ സാധിക്കും; അതിനാൽ

അതാണു പ്രാത്ഥനയ്ക്കും പാരായണത്തിനും കുറേക്കൂടി സൗകയ്യമായ മാഗ്ഗം എന്നതായിരുന്നു എൻെറ ഉദ്ദേശം. ഈ യാത്രയ്ക്കു ഞാൻ പുറപ്പെട്ടു, ഏതുനേരവും നാവുകൊണ്ടു് നിത്താതെ പ്രാത്ഥന ചൊല്ലിയുംകൊണ്ടു്.

അധികനാറം കഴിയുംമുമ്പേ, പ്രാത്ഥന സ്വയമേവ— എന്നുതന്നെ പറയട്ടെ – നാവിൽനിന്നും നെഞ്ചകത്തേയ്ക്കു പ്രവേശിച്ചതായി എനിക്കു തോന്നാൻ തുടങ്ങി. അതായതു്, എൻെറ നെഞ്ചകം അതിൻെറ സാധാരണ തുടിപ്പിൽ, ഓരോ മിടിപ്പോടുംകൂടി പ്രാത്ഥനയിലെ പദങ്ങറം ഉച്ചരിക്കുന്നതുപോലെ തോന്നി. ഉദാഹരണത്തിനു്: ഒന്നു്, 'പ്രഭോ,' രണ്ടു്, 'യേശുനാഥാ,' മൂന്നു്, 'അടിയനിൽ,' ഈ വിധത്തിൽ. നാവുകൊണ്ടു് ഉരുവിടൽ ഞാൻ നിത്തി. എൻെറ ഹൃദയം മൊഴിയുന്നതു സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കുക മാത്രം ചെയ്തു ഞാൻ. എൻെറ കണ്ണുകറം നേരേ അതിനുള്ളിലേയ്ക്കു് നോക്കുകയാണെന്നു തോന്നി. ഈ ആനന്ദത്തെപ്പററി എൻെറ പരേതനായ ആചാൎയ്യൻ എന്നോടു സംസാരിച്ചപ്പോറം പറഞ്ഞ വാക്കുകളെക്കുറിച്ചു് ഞാൻ ആലോചിച്ചു. അപ്പോഴെനിക്കു് നെഞ്ചിനുള്ളിൽ അല്പമൊരു നോവുപോലെ; മനസ്സിൽ യേശുനാഥനോടു് പരമപ്രേമവും. ഞാൻ സ്വയം ഭാവന ചെയ്തു: 'ഹാ, എനിക്കദ്ദേഹത്തെ ഒരു നോക്കു കാണാൻ കഴിഞ്ഞെങ്കിൽ, ഞാനദ്ദേഹത്തിൻെറ കാലടിയിൽ വീണു കിടക്കും; അവയെ കെട്ടിപ്പിടിക്കും; എൻെറ പിടിയിൽനിന്നു വിട്ടുപോകാൻ സമ്മതിക്കയില്ല; അവയെ മെല്ലെ മുകരും. അദ്ദേഹത്തിൻെറ തിരുനാമത്തിൽ, അനഹനും പാപിയും ആയ ഈ പ്രാണിക്കു് ഇത്രയേറെ ആശ്വാസം കണ്ടെത്താൻ, തൻെറ അൻപുകൊണ്ടും കനിവുകൊണ്ടും തിരുവുള്ളമായതിനു ഞാൻ കണ്ണുനീർകൊണ്ടു് അദ്ദേഹത്തിനു നന്ദി സമപ്പിക്കും!' എൻെറ ഉറംക്കാമ്പിൽ കാരുണ്യത്തിൻെറ ഊഷ്മാവു വ്യാപിച്ചു; അതെൻെറ മാറിടം മുഴുവൻ നിറഞ്ഞു.

എൻെറ അനുഭൂതികൾ ശരിയോ എന്നറിയാനും ഹൃദയത്തിലെ രഹസ്യപ്രാൎത്ഥനയെക്കുറിച്ചു സാംഗോപാംഗമായി പഠിക്കാനും അദ്ധ്യാത്മപ്രേമം കൂടുതൽ ശ്രദ്ധിച്ച് അദ്ധ്യയനം ചെയ്യാൻ ഇതെനിക്കു പ്രേരണ നൽകി. എന്തെന്നാൽ, അങ്ങനെയൊരു പരീക്ഷ നടത്തിയില്ലെങ്കിൽ, ഞാൻ അതിൻെറ വെറും രസത്തിനു കീഴ്പ്പെടുകയാണോ, സ്വാഭാവികഫലത്തെ ഈശ്വരകാരുണ്യത്തിൻെറ ഫലമെന്നു തെററിദ്ധരിക്കുകയാണോ, പ്രാൎത്ഥന വേഗം സ്വാധീനമാക്കിയതിൽ അഹങ്കാരത്തിന് അധീനനാവുകയാണോ, എന്നൊക്കെ എനിക്കു ഭയം തോന്നിയിരുന്നു. ഈ അപകടത്തെക്കുറിച്ചാണ് എൻെറ പരേതനായ ആചാൎയ്യൻ പറഞ്ഞു ഞാൻ കേട്ടിരുന്നതു്. ഇക്കാരണത്താൽ ഞാൻ യാത്ര രാത്രിയിലാക്കി; പകൽസമയം കാട്ടിൽ ഏതെങ്കിലും മരത്തിൻെറ ചുവട്ടിലിരുന്ന് അദ്ധ്യാത്മപ്രേമം വായിക്കാനും ഉപയോഗിച്ചു. ഹാ, എന്തൊരു വിജ്ഞാനം, മുമ്പെങ്ങും ഞാൻ അറിഞ്ഞിട്ടില്ലാത്ത വിജ്ഞാനം, ഈ വായന എനിക്കു കാണിച്ചുതന്നു ! ഞാനതിൽ മുഴുകിയതോടെ, അതുവരെ എനിക്കു സങ്കല്പിക്കാൻപോലും സാദ്ധ്യമായിട്ടില്ലാത്ത ആനന്ദം എനിക്ക് അനുഭവപ്പെട്ടു തുടങ്ങി. എൻെറ മന്ദബുദ്ധിക്കു പല ഭാഗങ്ങളും സുഗ്രഹമായിരുന്നില്ല, വാസ്തവം. എന്നാൽ, എനിക്കു മനസ്സിലാകാത്ത കാൎയ്യങ്ങൾ എൻെറ ഹൃദയപ്രാൎത്ഥന വെളിവാക്കിത്തന്നു. ചിലപ്പോൾ – ചുരുക്കമായിട്ടാണെങ്കിലും – ഞാനെൻെറ അന്തരിച്ച ആചാൎയ്യനെ കിനാവിൽ കണ്ടു; അദ്ദേഹം പല സംഗതികളിലും വെളിച്ചം വീശി; ഏററവും മുഖ്യമായി, അദ്ദേഹം എൻെറ അറിവില്ലാത്ത ആത്മാവിനെ മേൽക്കുമേൽ താഴ്മയിലേക്കു നയിച്ചു.

ഈ ആനന്ദാവസ്ഥയിൽ വേനല്ക്കാലം രണ്ടു മാസത്തിലേറെ കഴിച്ചുകൂട്ടി. അധികപക്ഷവും കാടുകളിലും ഊടു

വഴികളിലും കൂടിയാണു ഞാൻ പോയിരുന്നതു്. ഒരു ഗ്രാമത്തിലെത്തിയാൽ ഒരു സഞ്ചി ഉണക്കറൊട്ടിയും ഒരു പിടി ഉപ്പും മാത്രമേ ഞാൻ ആവശ്യപ്പെട്ടിരുന്നുള്ളു. മരവുരിക്കുടത്തിൽ വെള്ളവും നിറച്ചു; അങ്ങനെ അറുപതു മൈലോ അതിലുമേറെയോ മുമ്പോട്ടു്. വേനൽക്കാലം അവസാനിക്കാറായതോടെ പരീക്ഷണങ്ങൾ എന്നെ ആക്രമിക്കാൻ തുടങ്ങി – എൻെറ നീചമായ ജീവൻെറ പാപങ്ങളുടെ ഫലമായിട്ടായിരിക്കാം; അദ്ധ്യാത്മജീവിതത്തിൽ ആവശ്യമുള്ള ഒരു കാര്യമായിട്ടായിരിക്കാം; ഒരു പക്ഷെ, എനിക്കു് ഉപദേശവും അനുഭൂതിയും തരാനുള്ള ഉത്തമമാർഗ്ഗമെന്ന നിലയ്ക്കായെന്നും വരാം. ഇക്കാര്യത്തിൽ വ്യക്തമായ ഒരു സംഭവമിതാ: ഒരു നാൾ അന്തിയോടടുത്തു്, ഞാൻ പെരുവഴിയിലേയ്ക്കു കടന്നപ്പോൾ, കണ്ടാൽ പട്ടാളക്കാരെന്നു തോന്നുന്ന, തല മൊട്ടയടിച്ച, രണ്ടാളുകൾ എൻെറ നേക്കു വന്നു. അവർ പണം ആവശ്യപ്പെട്ടു. എൻെറ കൈയ്യിൽ ഒരു കാശുമില്ലെന്നു പറഞ്ഞിട്ടു് അവർ വിശ്വസിച്ചില്ല. അവർ ധിക്കാരത്തോടെ അലറി: 'നീ പൊളിപറയുകയാണു്: തീർത്ഥാടകർ എപ്പൊഴും ധാരാളം പണം നേടും.'

'അവനോടു് വാദിച്ചിട്ടെന്തു കാര്യം ?' എന്നു ചോദിച്ചു അവരിലൊരുവൻ; എന്നിട്ടു് അവൻെറ കൈയ്യിലെ കനത്ത വടികൊണ്ടു് എൻെറ തലയ്ക്കിട്ടൊരടി. ഞാൻ ബോധംകെട്ടു നിലംപതിച്ചു. ഏറെനേരം ബോധമില്ലാതെ കിടന്നോ എന്നെനിക്കു നിശ്ചയമില്ല; പക്ഷെ ബോധം വന്നപ്പോൾ കാണാം ഞാൻ കാട്ടിൽ വഴിയരികിൽ വീണു കിടക്കുന്നു; സാധനങ്ങളൊക്കെ അവർ തട്ടിക്കൊണ്ടു പോവുകയും ചെയ്തു. എൻെറ പൊക്കണം കാണാനില്ല. അതിൽ ബാക്കിയുണ്ടായിരുന്നതു് കെട്ടിയിരുന്ന കയർ മാത്രം; അതവർ അറത്തിരുന്നു. അവരെൻെറ പാസ്പോർട്ടു് തട്ടിക്കൊണ്ടുപോയില്ല – ദൈവത്തിനു് വാഴ്‌വു് – ഞാൻ അതു് എൻെറ പഴയ കമ്പിളിത്തൊപ്പിയിലാണു കൊണ്ടു

നടന്നിരുന്നതു്, ആവശ്യപ്പെടുമ്പോഠം വേഗമെടുത്തു കാണിക്കാൻ പാകത്തിനു്. ഞാൻ പൊറുക്കാനാവാതെ കരഞ്ഞുംകൊണ്ടു് എഴുന്നേററു; തലയിലെ വേദനകൊണ്ടല്ല ഞാൻ കരഞ്ഞതു്: എന്റെ പുസ്തകങ്ങഠം, വേദപുസ്തകവും അദ്ധ്യാത്മപ്രേമവും, നഷ്ടപ്പെട്ടതുകൊണ്ടു്. അവ എന്റെ കളവുപോയ പൊക്കണത്തിലായിരുന്നു.

രാവും പകലും എന്റെ കേഴലും മാഴ്കലും തുടന്നു: അതെവിടെയാണിപ്പോഠം, എന്റെ പരിശുദ്ധവേദപുസ്തകം — ഞാൻ ഒരു നേരം പിരിയാതെ കൂടെ കൊണ്ടുനടന്നിരുന്ന എന്റെ പുസ്തകം, ഞാനെന്റെ ചെറുപ്പകാലംതൊട്ടു് ഏതു നേരവും വായിച്ചുപോന്ന എന്റെ വേദപുസ്തകം, അതെവിടെ? എന്റെ അദ്ധ്യാത്മപ്രേമം എവിടെപ്പോയി, എനിക്കു വളരെയേറെ ഉപദേശവും സാന്ത്വനവും തന്നരുളിയിരുന്ന എന്റെ അദ്ധ്യാത്മപ്രേമം? ഹാ! ഞാനെന്തൊരു ഭാഗ്യഹീനൻ ! വേണ്ടത്ര നേട്ടം മുമ്പു് എന്റെ ജീവിതത്തിലെ ഒന്നാമത്തെയും ഒടുവിലത്തെയും നിധികഠം കൈയ്വിട്ടു പോയല്ലൊ! കൈയ്യോടെ കൊല്ലപ്പെടുകയായിരുന്നു അദ്ധ്യാത്മപോഷണം കൂടാതെ ജീവിക്കുന്നതിനേക്കാഠം ഭേദം. കാരണം, എനിക്കിനി ഈ പുസ്തകങ്ങഠം വേറെ സമ്പാദിക്കുക സാദ്ധ്യമല്ല.

രണ്ടുനാഠം ഞാനെങ്ങനെയോ വലിഞ്ഞിഴഞ്ഞു പൊയ്ക്കൊണ്ടിരുന്നു; എന്റെ ഭാഗ്യക്കേടിന്റെ കനംകൊണ്ടു് ഞാൻ അത്രമാത്രം തകന്നിരുന്നു. മൂന്നാംനാഠം ആയപ്പൊഴേയ്ക്കും എന്റെ കരുത്തിന്റെ അററത്തെത്തി; ഒരു പച്ചപ്പടപ്പിന്റെ തണലിൽ ചെന്നു വീണു് ഉറങ്ങി. അപ്പോഴെനിക്കൊരു സ്വപ്നമുണ്ടായി: ഞാൻ മടങ്ങി മഠത്തിൽ എന്റെ ആചായ്യന്റെ മുറിയിലെത്തി, എനിക്കു പററിയ നഷ്ടത്തെക്കുറിച്ചു കേണുകൊണ്ടു്. ആ വൃദ്ധൻ എന്നെ സമാധാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'സ്വഗ്ഗത്തിലേയ്ക്കുള്ള സുഗമമായ നിങ്ങളുടെ

സമീപനത്തിനു് ഭൗതികവസ്തുക്കളിൽ വിരക്തിയുണ്ടാവാൻ ഇതു് നിങ്ങൾക്കൊരു പാഠമായിരിക്കട്ടെ. അദ്ധ്യാത്മവസ്തുക്കളുടെ വെറും രസാസ്വാദനത്തിൽ വീഴുന്നതിൽനിന്നും നിങ്ങളെ കാത്തുപോററാൻ വേണ്ടിയാണു് നിങ്ങൾക്കിതു് സംഭവിക്കാൻ ഇടയാക്കപ്പെട്ടതു്. കൃസ്ത്യാനി തൻെറ സകല ആശകളും ആനന്ദങ്ങളും ആസക്തികളും തികച്ചും ത്യജിക്കുകയും സർവ്വേശ്വരൻെറ ദിവ്യേച്ഛയ്ക്കു് സ്വയം സമ്പൂർണ്ണം സമർപ്പിക്കുകയും വേണം എന്നാണു് ഈശ്വരൻ ആഗ്രഹിക്കുന്നതു്. ഈശ്വരൻ ഓരോ സംഗതിയും സംഭവിക്കാൻ ആജ്ഞാപിക്കുന്നതു് മനുഷ്യൻെറ തുണയ്ക്കും മോചനത്തിനും വേണ്ടിയാകുന്നു. സകല മനുഷ്യരും മോചിതരാകണം എന്നു് ഈശ്വരൻ ഇച്ഛിക്കുന്നു. അതിനാൽ ധൈര്യമവലംബിക്കുക; പരീക്ഷണത്തോടൊപ്പം അതിൽനിന്നും രക്ഷ നേടാനുള്ള ഒരു ഉപായവും ദൈവം തന്നരുളും (1. കൊറി. x – 13) എന്നും വിശ്വസിക്കുക. ഇപ്പോൾ നിങ്ങൾ പരിതപിക്കുന്നതിലും വളരെയധികം,വിളംബംവിനാ നിങ്ങൾസന്തോഷിക്കുന്നതാകുന്നു.' ഈ വാക്കുകൾ കേട്ടതും ഞാനുണർന്നു. എൻെറ കരുത്തു തിരിച്ചുവരുന്നതായും ആത്മാവിൽ ശാന്തിയും പ്രകാശവും നിറഞ്ഞതായും എനിക്കനുഭവപ്പെട്ടു. 'ഈശ്വരേച്ഛ നടക്കട്ടെ.' ഞാൻ പറഞ്ഞു: ഞാൻ കുരിശു വരച്ചു, എഴുന്നേററു, യാത്ര തുടൻു. പ്രാർത്ഥന വീണ്ടും അകക്കാമ്പിൽ പഴയപടി പ്രവർത്തിക്കാൻ തുടങ്ങി. മൂന്നുനാൾ ഞാൻ സമാധാനമായി യാത്ര ചെയ്തു.

പെട്ടെന്നു ഞാനതാ ഒരുകൂട്ടം കുററവാളികളെയും അവരുടെ കാവല്ക്കാരായ പട്ടാളക്കാരെയും കണ്ടുമുട്ടി. അവരുടെ അടുത്തെത്തിയപ്പോൾ എൻെറ സാധനങ്ങൾ തട്ടിക്കൊണ്ടുപോയ രണ്ടുപേരെയും ഞാൻ തിരിച്ചറിഞ്ഞു. അവർ പുറത്തെ അണിയിലായിരുന്നു; അതുകൊണ്ടു് അവരുടെ കാല്ക്കൽ വീണു് എൻെറ പുസ്തകങ്ങൾകൊണ്ടു് അവ

രെന്താണ്് ചെയ്തതു് എന്നു പറഞ്ഞുതരാൻ ഞാൻ കേണപേക്ഷിച്ചു. ആദ്യമൊന്നും അവർ ഞാൻ പറഞ്ഞതു് ശ്രദ്ധിച്ചില്ല. എന്നാലൊടുവിൽ ഒരുവൻ പറഞ്ഞു: 'താൻ ഞങ്ങൾക്കു വല്ലതും തരികയാണെങ്കിൽ തൻെറ പുസ്തകങ്ങളെവിടെയാണെന്നു പറഞ്ഞുതരാം. ഞങ്ങൾക്കൊരു റൂബിൾ കൊടു്.' കത്താവിൻെറ നാമത്തിൽ ആരോടെങ്കിലും ഒരു റൂബിളിനുവേണ്ടി ഇരക്കേണ്ടതായിട്ടു വന്നാലും ഞാനതു് എങ്ങനെയും അവക്കു് കൊടുത്തുകൊള്ളാമെന്നു് ആണയിട്ടു; അതിനു പണയമായി എൻെറ പാസ്പോട്ട്് കൊടുക്കാമെന്നും പറഞ്ഞു. അവർ മോഷ്ടിച്ച സാധനങ്ങളെല്ലാം വലിച്ചുകൊണ്ടു് തടവുപുള്ളികളുടെ പിന്നാലെ വരുന്ന വണ്ടികളിൽ ആ സാധനങ്ങളുടെ ഇടയിൽ എൻെറ പുസ്തകങ്ങളും ഉണ്ടു് എന്നവരെന്നോടു പറഞ്ഞു.

'എനിക്കതെങ്ങനെ കിട്ടും ?'

'ഞങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനോടു് ചോദിക്കുക.'

ഞാൻ ഉദ്യോഗസ്ഥൻെറ അടുക്കൽ ഓടിയെത്തി കഥ മുഴുവൻ പറഞ്ഞു കേൾപ്പിച്ചു.

'തനിക്കു വാസ്തവത്തിൽ വേദപുസ്തകം വായിക്കാൻ അറിയാമോ ?' അയാൾ എന്നോടു ചോദിച്ചു.

'അറിയാം.' ഞാൻ മറുപടി പറഞ്ഞു: 'എനിക്കതെല്ലാം വായിക്കാനറിയാമെന്നു മാത്രമല്ല, എഴുതാനുമറിയാം. വേദപുസ്തകത്തിൽ ഒരൊപ്പു നിങ്ങൾക്കു കാണാം. പുസ്തകം എൻെറയാണെന്നു് അതു തെളിയിക്കുന്നു. ഇതാ എൻെറ പാസ്പോർട്ടു്. അതേ പേരും ഇരട്ടപ്പേരും ഇതിലും കാണാം.'

എന്നെ കൊള്ളചെയ്ത ആ കള്ളന്മാർ പട്ടാളത്തിൽ നിന്നും ഒളിച്ചോടിപ്പോയവരാണെന്നും, കാട്ടിൽ ഒരു മൺകുടിലിൽ പാത്തുകൊണ്ടു് പലരേയും അവർ കൊള്ളയടി

ച്ചിട്ടുണ്ടെന്നും, ഒരു മുക്കുതിരവണ്ടി അപഹരിക്കാൻ നോക്കിയപ്പോഠം സമത്ഥനായ അതിൻെറ വണ്ടിക്കാരൻ തലേനാഠം അവരെ പിടികൂടിയെന്നും അദ്ദേഹം എന്നോടു പറഞ്ഞു. 'ശരി,' അദ്ദേഹം പിന്നെയും പറഞ്ഞു: 'നിങ്ങളുടെ പുസ്തകങ്ങഠം അവിടെയുണ്ടെങ്കിൽ അവ നിങ്ങഠംക്കു ഞാൻ തിരിച്ചുതരാം. എന്നാൽ ഒരു കാര്യം: ഞങ്ങഠം രാത്രിയിൽ തങ്ങുന്ന താവളംവരെ നിങ്ങഠം ഞങ്ങളുടെകൂടെ വരിക. അതിവിടെനിന്നും രണ്ടു മൈലും ചില്വാനവുമേ ഉള്ളു. അങ്ങനെ ചെയ്താൽ നിങ്ങഠംക്കുവേണ്ടി മാത്രം യാത്രാസംഘത്തെയും വാഹനങ്ങളെയും നിത്താതെ കഴിക്കാം.' ഞാനതു സസന്തോഷം സമ്മതിച്ചു. അദ്ദേഹത്തിൻെറ കുതിരയോടൊപ്പം നടന്നുകൊണ്ടിരിക്കെ ഞങ്ങഠം ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു.

അദ്ദേഹം ദയാലുവും സത്യസന്ധനും യൗവ്വനം അതിക്രമിച്ചവനും ആണെന്നു ഞാൻ കണ്ടു. ഞാനാരെന്നും എവിടെനിന്നു വരുന്നുവെന്നും എങ്ങോട്ടു പോകുന്നുവെന്നും അദ്ദേഹം എന്നോടു ചോദിച്ചു. അദ്ദേഹത്തിൻെറ ചോദ്യങ്ങഠംക്കൊക്കെ ഒന്നും മറയ്ക്കാതെ ഞാൻ മറുപടി പറഞ്ഞു. അങ്ങനെ ഞങ്ങഠം അന്നത്തെ യാത്രയുടെ അറുതി കുറിക്കുന്ന കെട്ടിടത്തിലെത്തി. അദ്ദേഹം എൻെറ പുസ്തകം തേടിപ്പിടിച്ചു തന്നുകൊണ്ടു പറഞ്ഞു: 'ഇന്നിനി ഈ രാത്രിയിൽ നിങ്ങളെങ്ങോട്ടു പോകും? ഇവിടെ തങ്ങു; എൻെറ ചാവടിയിൽ കിടന്നോളൂ.' അങ്ങനെ ഞാനവിടെ തങ്ങി.

എനിക്കെൻെറ പുസ്തകങ്ങഠം തിരിച്ചുകിട്ടിയപ്പോഠം എൻെറ ആനന്ദത്തിനു് അതിരില്ലായിരുന്നു. എങ്ങനെയാണു് ഞാനതിനു കർത്താവിനു നന്ദി പറയേണ്ടതെന്നു നിശ്ചയമില്ലാതായി. പുസ്തകങ്ങഠം ഞാനെൻെറ മാറോടു ചേത്തു് ഇറുക്കിപ്പിടിച്ചു; എത്ര നേരമെന്നോ? പിടിച്ചു പിടിച്ചു് എൻെറ കൈയ്കഠം മരവിച്ചുപോയി. ആനന്ദം

കൊണ്ടു് ഞാൻ കരഞ്ഞു. സന്തോഷംകൊണ്ടു് എൻെറ നെഞ്ചകം തുടിച്ചു. ഉദ്യോഗസ്ഥൻ എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടു പറഞ്ഞു: 'നിങ്ങരംക്കു് വേദപുസ്തകം പാരായണം ചെയ്യുന്നതു് വളരെ സന്തോഷകരമായിരിക്കണമല്ലൊ!' ആനന്ദാതിരേകംകൊണ്ടു് എനിക്കതിനു മറുപടി പറയാൻ കഴിഞ്ഞില്ല, കണ്ണീരൊഴുക്കാനേ കഴിഞ്ഞുള്ളു. അപ്പോഴദ്ദേഹം തുടൎന്നുപറഞ്ഞു: 'ഞാനും എന്നും പതിവായി സുവിശേഷം വായിക്കുന്നുണ്ടു്, സഹോദരാ.' അദ്ദേഹം സുവിശേഷത്തിൻെറ ഒരു ചെറിയ പ്രതി പുറത്തെടുത്തു; കീവിൽ അച്ചടിച്ചതു്, വെള്ളികൊണ്ടു ചട്ടയിട്ടതു്. 'ഇരിക്കൂ, എങ്ങനെയാണതു് സംഭവിച്ചതെന്നു ഞാൻ നിങ്ങളോടു പറയാം.' എന്നദ്ദേഹം പറഞ്ഞു.

'എടേ, ആരവിടെ, ഞങ്ങരംക്കു് അത്താഴം വല്ലതും കൊണ്ടുവാ.' അദ്ദേഹം വിളിച്ചു പറഞ്ഞു.

ഞങ്ങരം മേശയോടു് അടുത്തിരുന്നു. ഉദ്യോഗസ്ഥൻ തൻെറ കഥ ആരംഭിച്ചു: 'ചെറുപ്പംമുതല്ക്കുതന്നെ ഞാൻ പട്ടാളത്തിൽ പടക്കളത്തിലായിരുന്നു, പാളയത്തിലായിരുന്നില്ല. എനിക്കെൻെറ ജോലി അറിയാമായിരുന്നു. ഒരു വിശ്വസ്തനായ രണ്ടാം ലഫ്ററനൻറ് എന്ന നിലയിൽ എൻെറ മേലധികാരികരംക്കു് എന്നെ ഇഷ്ടവുമായിരുന്നു. അപ്പൊഴും ഞാനൊരു യുവാവു്; എൻെറ സ്നേഹിതന്മാരും സമപ്രായക്കാർ. കഷ്ടകാലത്തിനു ഞാൻ കുടി തുടങ്ങി; മദ്യപാനത്തിൽ ഞാൻ വല്ലാതെ ആസക്തനായിത്തീൎന്നു. മദ്യം തൊടാൻ തുടങ്ങുംവരെ ഞാനൊരു നല്ല ഉദ്യോഗസ്ഥനായിരുന്നു; എന്നാൽ അതിനു ഞാൻ അടിപെട്ടപ്പോരം തുടരെ ആറാഴ്ചയ്ക്കു് എന്നെക്കൊണ്ടു് ഒന്നിനും കൊള്ളുകയില്ല എന്ന ദിക്കായി. കുറെയേറെനാരം അവരതൊക്കെ പൊറുത്തു. കുടിച്ചു മത്തുപിടിച്ചപ്പോരം എൻെറ മേലധികാരിയോടു് ധിക്കാരമായി പെരുമാറിയതിനു് എന്നെ

എന്റെ തസ്തികയിൽനിന്നും പിരിച്ചു തരംതാഴ്ത്തി ഒരു വെറും ശിപായിയായി പാളയത്തിലേയ്ക്കയച്ചുമൂന്നു കൊല്ലത്തേയ്ക്ക്. അങ്ങനെയായിരുന്നു അതിന്റെ അവസാനം. കൂടി നിത്തി എന്റെ പെരുമാററം നേരെയാക്കാത്തപക്ഷം കൂടുതൽ കടുത്ത ശിക്ഷ തരുന്നതായിരിക്കും എന്നൊരു താക്കീതും തന്നിരുന്നു. ഈ പരിതാപകരമായ പരിതഃസ്ഥിതിയിൽപ്പോലും ഞാനെത്രയൊക്കെ പണിപ്പെട്ടിട്ടും എനിയ്ക്കുന്നെ നിലയ്ക്കു. നിർത്താനോ ദുശ്ശീലം വിടാനോ കഴിഞ്ഞില്ല. മദ്യപാനത്തിലുള്ള എന്റെ ആസക്തി നിയന്ത്രിക്കാൻ എനിക്കു് സാദ്ധ്യമല്ലാതായി; തന്മൂലം എന്നെ ഒരു അച്ചടക്കക്കൂപ്പിണിയിലേയ്ക്കു് അയയ്ക്കാൻ തീച്ച്യാക്കി. ഇതു കേട്ടപ്പോറം ഞാൻ അന്തംവിട്ടുപോയി. ഞാനെന്റെ നശിച്ച നിലയെക്കുറിച്ചു നിനച്ചുകൊണ്ടു് കൈയ്‌നിലയിലിരിക്കെ പള്ളിക്കുവേണ്ടി പണം പിരിച്ചുകൊണ്ടു നടക്കുന്ന ഒരു വൈദികൻ അവിടെ വന്നു ചേൻ്നു. ഞങ്ങളോരോരുത്തരും യഥാശക്തി സംഭാവന ചെയ്തു.

അദ്ദേഹം എന്റെയടുത്തു വന്നു്, 'എന്താണു താൻ വല്ലാതെ അസ്വസ്ഥനായി കാണപ്പെടുന്നതു്,' എന്നു ചോദിച്ചു. ഞാൻ അദ്ദേഹവുമായി വത്തമാനം പറഞ്ഞു, എന്റെ കുഴപ്പങ്ങളൊക്കെ പറഞ്ഞു കേറംപ്പിച്ചു. അദ്ദേഹത്തിനു് എന്നോടു് അനുതാപം തോന്നി. അദ്ദേഹം പറഞ്ഞു: "എന്റെ സ്വന്തം സഹോദരനും ഇതുപോലെതന്നെ സംഭവിച്ചു; അയാളെ കരകയററിയതു് എന്താണെന്നു തോന്നുന്നു? അയാളുടെ പുരോഹിതൻ അയാറംക്കൊരു സുവിശേഷപുസ്തകം കൊടുത്തു, വീഞ്ഞു കുടിക്കാനുള്ള കൊതി പിടികൂടിയാലുടൻ,ഞൊടിയിട അമാന്തിക്കാതെ, സുവിശേഷത്തിലെ ഒരദ്ധ്യായം വായിച്ചുകൊള്ളണം, എന്ന കശനമായ കല്പനയോടുകൂടി. കൊതി വിട്ടുപോയി

ല്ലെങ്കിൽ വേറൊരദ്ധ്യായംകൂടി വായിക്കണം, അങ്ങനെ തുടൎന്നുകൊള്ളണം. ഇതാണ് എൻെറ അനിയൻ ചെയ്തതു്. അല്പകാലത്തിനുള്ളിൽ അയാളുടെ പാനാസക്തി വിട്ടു പോയി. മദ്യം ഒരു തുള്ളി അവൻ തൊട്ടിട്ട് ഇപ്പോൾ പതിനഞ്ചു സംവത്സരങ്ങളായി. നിങ്ങളും അങ്ങനെ ചെയ്യുക; അപ്പോൾ കാണാം, അതെങ്ങനെ നിങ്ങളെ തുണയ്ക്കുമെന്നു്. സുവിശേഷത്തിൻെറ ഒരു പ്രതി എനിക്കുണ്ടു്. അതു നിങ്ങൾക്കു കൊണ്ടുവന്നു തരാൻ നിങ്ങൾ എന്നെ അനുവദിക്കണം.''

അദ്ദേഹം പറഞ്ഞതെല്ലാം ശ്രദ്ധിച്ചു കേട്ടു; എന്നിട്ടു ഞാൻ ചോദിച്ചു: ''എൻെറ സ്വന്തം പ്രയത്നങ്ങളും സകല വിധ ചികിത്സകളും എൻെറ മദ്യപാനാസക്തി നിൎത്തുന്നതിൽ വിഫലങ്ങളായിരിക്കെ, താങ്കളുടെ സുവിശേഷം എങ്ങനെയാണ് എന്നെ സഹായിക്കുന്നതു്?'' ഞാൻ അന്നിലയിൽ അദ്ദേഹത്തോടു് സംസാരിക്കാൻ കാരണം, എനിക്കതുവരെ സുവിശേഷം പാരായണം ചെയ്യുക എന്ന പതിവുണ്ടായിരുന്നില്ല. ''അങ്ങനെ പറയരുതു്.'' വൈദികൻ പറഞ്ഞു: ''അതു നിങ്ങളെ സഹായിക്കും എന്നു ഞാൻ ഉറപ്പു തരുന്നു.'' ഉള്ളതു പറഞ്ഞാൽ, പിറേറന്നു് അദ്ദേഹം ഈ പുസ്തകംതന്നെ കൊണ്ടുവന്നു് എനിക്കു തന്നു. ഞാൻ അതു തുറന്നു, ഒന്നു നോക്കി, എന്നിട്ടു പറഞ്ഞു: ''എനിക്കിതു സ്വീകരിക്കാനാവില്ല. പള്ളിയിലെ പ്രാകൃതഭാഷ എനിക്കു പരിചയമില്ല; എനിക്കതു മനസ്സിലാവുകയുമില്ല.'' എന്നാൽ, സുവിശേഷത്തിൻെറ പദങ്ങൾക്കു തന്നെ ഒരു അനുഗ്രഹശക്തിയുണ്ടെന്നു് – ദൈവത്തിൻെറ സ്വന്തം തിരുമൊഴികളിൽത്തന്നെയാണ് അവ എഴുതപ്പെട്ടിട്ടുള്ളതു് എന്നതിനാൽ – വൈദികൻ വീണ്ടും വീണ്ടും എനിക്കു് ഉറപ്പു തന്നുകൊണ്ടേ ഇരുന്നു. ''ആദ്യമൊക്കെ അത്രയ്ക്കൊന്നും മനസ്സിലായില്ലെങ്കിലും സാരമില്ല, സശ്രദ്ധം തുടൎന്നു വായിക്കുക. ഒരു സന്ന്യാസി ഒരിക്കൽ

പറയുകയുണ്ടായി, 'കത്താവിൻെറ അരുളപ്പാടുകൾ നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ, നിങ്ങളെന്താണു വായിക്കുന്നതു് എന്നു് പിശാചുക്കൾ മനസ്സിലാക്കും; അവർ വിറയ്ക്കുകയും ചെയ്യും.' എന്നു്. നിങ്ങളുടെ മദ്യപാനാസക്തി നിശ്ചയമായും ചെകുത്താൻെറ ചെയ്തിയാണു്. ഇതാ വേറൊരു കാര്യംകൂടി ഞാൻ നിങ്ങളോടു പറയാം. വിശുദ്ധയോഹന്നാൻ ക്രിസോസ്തോം എഴുതിവെച്ചിട്ടുണ്ടു്, സുവിശേഷത്തിൻെറ ഒരു പ്രതി ഇരിക്കുന്ന ഒരു മുറി പോലും അന്ധകാരത്തിൻെറ ആത്മാക്കളെ അകററി നിർത്തുന്നു എന്നും അവിടം അവരുടെ കാപട്യങ്ങൾക്കു് ഉതകാത്ത സ്ഥാനമാകുന്നു എന്നും.''

വൈദികനു് എന്താണു ഞാൻ കൊടുത്തതു് എന്നെനിക്കിപ്പോൾ ഓർമ്മയില്ല. എന്തായാലും അദ്ദേഹത്തിൻെറ സുവിശേഷപുസ്തകം ഞാൻ വാങ്ങിച്ചു, ഒരു പെട്ടിയിലെവിടെയോ ഇട്ടു മററുള്ള സാധനങ്ങളുടെ കൂട്ടത്തിൽ; എന്നിട്ടങ്ങു മറന്നു. കുറച്ചു നാൾ കഴിഞ്ഞു് മദ്യപാനത്തിനുള്ള ജ്വരം എന്നെ ബാധിച്ചു. കുടിക്കാനുള്ള കൊതി അടക്കാൻ കഴിഞ്ഞില്ല. കുറച്ചു കാശും എടുത്തുകൊണ്ടു് ചാരായക്കടയിലേയ്ക്കു് ഓടാനായി ഞാൻ ബദ്ധപ്പെട്ടു പെട്ടി തുറന്നു. തുറന്നതും കൺമുമ്പിൽ ആദ്യം പെട്ടതു് സുവിശേഷമായിരുന്നു. അതോടെ, ആ വൈദികൻ പറഞ്ഞതൊക്കെ വ്യക്തമായി എൻെറ മനസ്സിൽ പാഞ്ഞെത്തി. ഞാൻ പുസ്തകം തുറന്നു് വിശുദ്ധമത്തായിയുടെ സുവിശേഷത്തിലെ ഒന്നാമദ്ധ്യായം വായിക്കാൻ ആരംഭിച്ചു. ഒരു വാക്കുപോലും മനസ്സിലാകാതെ ഞാൻ അദ്ധ്യായത്തിൻെറ അവസാനംവരെ എത്തി. ''നിങ്ങൾക്കു മനസ്സിലായില്ലെങ്കിലും സാരമില്ല, സശ്രദ്ധം തുടന്നു വായിക്കുക.'' എന്നു് ആ വൈദികൻ പറഞ്ഞതു് എനിക്കു് ഓർമ്മയുണ്ടായിരുന്നു. ''വരട്ടെ, രണ്ടാമദ്ധ്യായവും എനിക്കു വായിക്കണം.'' ഞാൻ സ്വയം പറഞ്ഞു. ഞാൻ അപ്രകാരം ചെയ്തു, കുറേശ്ശെ മനസ്സിലാ

കാൻ തുടങ്ങി. അങ്ങനെ ഞാൻ മൂന്നാം അദ്ധ്യായവും ആരംഭിച്ചു. അപ്പൊഴേയ്ക്കും പാളയത്തിലെ മണി അടിച്ചു; സകലരും ഉറങ്ങാൻ പൊയ്ക്കൊള്ളണം, ആക്കും പുറത്തു പോകാൻ അനുവാദമില്ല. അതുകൊണ്ടു് എനിക്കു് അവിടെത്തന്നെ കഴിച്ചുകൂട്ടേണ്ടതായി വന്നു. വെളുപ്പിനു് ഏഴുനേററു്, കുറച്ചു വീഞ്ഞു വാങ്ങിക്കാൻ പുറത്തേയ്ക്കു് പോകാനങ്ങോട്ടു പുറപ്പെട്ടു — അപ്പൊഴേയ്ക്കും പെട്ടെന്നൊരാലോചന — ആട്ടെ, ഞാൻ ഒരദ്ധ്യായം കൂടി വായിച്ചാലോ? എങ്കിൽ എന്തായിരിക്കും അതിൻെറ ഫലം? ഞാനതു വായിച്ചു, ചാരായക്കടയിൽ പോയില്ല. വീണ്ടും എനിക്കാസക്തി തോന്നി; വീണ്ടും ഞാൻ ഒരദ്ധ്യായം വായിച്ചു. എനിക്കു് കുറച്ചൊരു ആശ്വാസം അനുഭവപ്പെട്ടു. ഇതെന്നെ പ്രോത്സാഹിപ്പിച്ചു. അന്നുമുതൽ, മദ്യപാനത്തിനു് ആഗ്രഹം തോന്നുമ്പോഴൊക്കെ ഞാൻ സുവിശേഷത്തിലെ ഓരോ അദ്ധ്യായം വായിച്ചുപോന്നു. എന്തിനു പറയുന്നു, കാലം കടന്നു പോയതോടെ കാര്യങ്ങരം മേന്മേൽ നന്നായിക്കൊണ്ടുവന്നു. സുവിശേഷങ്ങരം നാലും വായിച്ചുതീൎന്നതോടുകൂടി, എൻെറ മദ്യപാനാസക്തി തികച്ചും ഒരു പഴങ്കഥയായിത്തീൎന്നു; അതിനോടെനിക്കു് വെറുപ്പല്ലാതെ മറെറാന്നും തോന്നാതായി. ഇപ്പോരം കൃത്യം ഇരുപതു സംവത്സരങ്ങളായി ഞാൻ ചാരായം ഒരു തുള്ളി തൊട്ടിട്ടു്.

എന്നിലുണ്ടായ മാററം കണ്ടിട്ടു് എല്ലാവരും അദ്ഭുതപ്പെട്ടുപോയി. മൂന്നുകൊല്ലത്തിനുശേഷം എന്നെ പഴയ തസ്തികയിൽ തിരിച്ചു നിയമിച്ചു. യഥാകാലം എനിക്കു കയററം കിട്ടി, ഒടുവിൽ എനിക്കു മേജർസ്ഥാനവും കിട്ടി. ഞാൻ കല്യാണം കഴിച്ചു; ഒരു നല്ല ഭാൎയ്യയെ കിട്ടാനുള്ള സുകൃതം എനിക്കുണ്ടായി. ഞങ്ങരംക്കു് സ്വന്തമായ ഒരു സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ, ഈശ്വരനു് സ്തുതിയായിരിക്കട്ടെ, ഞങ്ങരം ജീവിതം നയിച്ചുവരുന്നു. എന്തിനു്, എനിക്കിപ്പോരം ഒരു മകനുമുണ്ടു്; അവനും ഒരു

ഉദ്യോഗസ്ഥൻ, മിടുമിടുക്കൻ. ഇതു ശ്രദ്ധിച്ചോളൂ: മദ്യ പാനാസക്തിയിൽനിന്നും മുക്തനായ നാറംമുതൽ, എൻെറ ജീവിതത്തിലെ ഓരോ നാളും സുവിശേഷം പാരായണം ചെയ്യും എന്നുള്ള ഒരു പ്രതിജ്ഞയിൻകീഴിലാണു ഞാൻ ജീവിച്ചുപോന്നിട്ടുള്ളതു് – ഇരുപത്തിനാലുമണിക്കൂറിനു ള്ളിൽ ഒരു സുവിശേഷം മുഴുവൻ. അതിനു ഞാൻ ഒരു പ്രകാ രത്തിലും മുടക്കം വരുത്തുകയില്ല. ഞാനതു് ഇപ്പൊഴും ചെയ്തുവരുന്നു. ജോലിത്തിരക്കു വല്ലാതെ ഞെരുക്കുകയും പതിവിൽക്കൂടുതൽ തളരുകയും ചെയ്താൽ, ഞാൻ ചെന്നു കിടക്കും; എന്നിട്ടു് ഭാര്യയോടോ മകനോടോ സുവിശേഷ ങ്ങളിൽ ഒരെണ്ണം മുഴുവൻ വായിച്ചുകേറപ്പിക്കാൻ ആവശ്യ പ്പെടും. അങ്ങനെ എൻെറ പ്രതിജ്ഞയ്ക്കു ഭംഗംവരാതെ നോക്കും. കൃതജ്ഞതയുടെ അടയാളമായും കർത്താവിൻെറ മഹിമയ്ക്കുവേണ്ടിയും ഞാൻ ഈ സുവിശേഷപുസ്തകം തനി വെള്ളിയിൽ പൊതിഞ്ഞു; ഞാനിതു സദാ എൻെറ കുപ്പായ ക്കീശയിൽ മാറോടുചേർത്തു കൊണ്ടുനടക്കുന്നു.'

അദ്ദേഹത്തിൻെറ ഇക്കഥ അതിയായ സന്തോഷ ത്തോടെ ശ്രദ്ധിച്ചു കേട്ടു. 'ഇതേമാതിരി വേറൊരാളെ ഞാനും കാണുകയുണ്ടായി.' ഞാൻ പറഞ്ഞു: 'ഞങ്ങളുടെ ഗ്രാമത്തിലെ തൊഴിൽശാലയിൽ ഒരു പണിക്കാരനുണ്ടാ യിരുന്നു; അവൻെറ ജോലിക്കു ബഹുസമർത്ഥൻ, നല്ലവൻ, അൻപുള്ള ഒരുത്തൻ. കഷ്ടകാലമെന്നു പറയട്ടെ, പക്ഷെ, അവൻ കുടിക്കുമായിരുന്നു, അതും കൂടെക്കൂടെ. മദ്യപാന ത്തിനുള്ള പനി പിടികൂടുമ്പോറം, യേശുവിനോടുള്ള പ്രാർത്ഥന, ദിവ്യത്രിമൂർത്തികളുടെ ബഹുമാനാർത്ഥവും യേശു കൃസ്തുവിൻെറ ഇഹലോകജീവിതകാലമായ മുപ്പത്തിമൂന്നു സംവത്സരത്തെ അനുസ്മരിച്ചും, മുപ്പത്തിമൂന്നു പ്രാവശ്യം ഉരുവിടാൻ ദൈവഭയമുള്ള ഒരാറം അവനെ ഉപദേശിച്ചു. അവൻ ആ ഉപദേശം സ്വീകരിച്ചു, അതു് നടപ്പിൽ വരു ത്താൻ തുടങ്ങി. വളരെവേഗം അയാറം കുടി വിട്ടു. അതു

മാത്രമല്ല, മൂന്നുകൊല്ലം കഴിഞ്ഞു് അയാാം ഒരു സന്ന്യാസിമഠത്തിൽ ചേരുകയും ചെയ്തു.'

'ആട്ടെ, ഏതാണുത്തമം, യേശുവിൻെറ പ്രാൎത്ഥനയോ, സുവിശേഷങ്ങളോ ?' അദ്ദേഹം ചോദിച്ചു.

'അതൊക്കെ കാര്യം ഒന്നുതന്നെയാണു്.' ഞാൻ മറുപടി പറഞ്ഞു: 'എന്താണോ സുവിശേഷം അതുതന്നെ യേശുവിൻെറ പ്രാൎത്ഥനയും; എന്തെന്നാൽ, യേശുവിൻെറ തിരുനാമത്തിൽ സുവിശേഷത്തിൻെറ സത്യം മുഴുവൻ ഒതുങ്ങുന്നു. യേശുവിൻെറ പ്രാൎത്ഥന സുവിശേഷങ്ങളുടെ സംക്ഷിപ്തരൂപമാകുന്നു എന്നാണു് പരിശുദ്ധപിതാക്കന്മാർ പറയുന്നതു്.'

സംഭാഷണത്തിനുശേഷം ഞങ്ങാം പ്രാൎത്ഥന ചൊല്ലി. വിശുദ്ധമൎക്കോസിൻെറ സുവിശേഷം ആദ്യംമുതൽ മേജർ വായിക്കാനാരംഭിച്ചു; ഞാനതു കേട്ടുകൊണ്ടിരുന്നു, ഹൃദയംകൊണ്ടു് എൻെറ പ്രാൎത്ഥന ചൊല്ലിക്കൊണ്ടുമിരുന്നു. വെളുപ്പിനു രണ്ടുമണിയോടുകൂടി അദ്ദേഹം സുവിശേഷത്തിൻെറ അവസാനത്തിലെത്തി. ഞങ്ങാം പിരിഞ്ഞു, പോയി കിടക്കുകയും ചെയ്തു.

പതിവുപോലെ ഞാൻ വളരെ നേരത്തെ എഴുനേററു. മറെറല്ലാവരും അപ്പോഴും നല്ല ഉറക്കം. വെളിച്ചം വീണുതുടങ്ങിയപ്പോഴേ ഞാൻ വേഗം ആർത്തിയോടെ അദ്ധ്യാത്മപ്രേമം പുറത്തെടുത്തു. എന്തൊരാനന്ദത്തോടുകൂടിയാണു് ഞാനതു് തുറന്നതെന്നോ! എൻെറ സ്വന്തം അച്ഛൻ ഏതോ വിദൂരദേശത്തുനിന്നു മടങ്ങിവരുമ്പോാം ഒരുനോക്കു കാണുംപോലെയോ, മരിച്ച ഒരു ചങ്ങാതി പിന്നെയും ഉയിൎത്തെഴുനേററു കാണുംപോലെയോ ആയിരുന്നു അതു്. ഞാൻ അതെടുത്തു മുകൎന്നു. എനിക്കതു് തിരിച്ചുതന്നതിനു ദൈവത്തിനു നന്ദി പറഞ്ഞു. ഞാനുടനെ രണ്ടാംഭാഗത്തിലെ ഫിലാഡെൽഫിയയിലെ തിയോലിപ്ററ് എഴുതിയ

ഭാഗം വായിക്കാൻ തുടങ്ങി. ഒരേ മനുഷ്യൻ ഒരേ സമയത്ത് മൂന്നു വ്യത്യസ്തകാര്യങ്ങൾ ചെയ്യണം എന്നു വിധിക്കുന്ന അദ്ദേഹത്തിൻെറ ഉപദേശം എന്നെ ആശ്ചര്യപ്പെടുത്തി. അദ്ദേഹം പറയുന്നു: 'ആഹാരം കഴിക്കാൻ മേശയ്ക്കു മുമ്പിലിരിക്കുമ്പോൾ, നിങ്ങളുടെ ശരീരത്തിന്ന് ആഹാരവും കാതിന്നു പാരായണവും മനസ്സിന്ന് പ്രാൎത്ഥനയും നൽകുക.' എന്നിരുന്നാലും, തലേന്നാളത്തെ വളരെ സന്തോഷകരമായ സായന്തനത്തിൻെറ സ്മരണ, എനിക്കെൻെറ സ്വന്തം അനുഭവത്തിൽനിന്നും ഈ ചിന്തയുടെ അൎത്ഥം വാസ്തവമായും വ്യക്തമാക്കിത്തന്നു. മനസ്സും ഹൃദയവും ഒരേ ഒരു വസ്തു അല്ല എന്ന രഹസ്യവും എനിക്കിവിടെ വെളിവാക്കപ്പെട്ടു.

മേജർ എഴുന്നേററ ഉടനെ അദ്ദേഹത്തിൻെറ ദയയ്ക്കു നന്ദി പറയാനും യാത്ര പറയാനുമായി ഞാൻ അദ്ദേഹത്തിൻെറ അടുത്തുചെന്നു. അദ്ദേഹം എനിക്കു ചായയും ഒരു റൂബിളും തന്നു് വിടനൽകി. അര മൈലിനുമേൽ നടന്നു കഴിഞ്ഞപ്പോൾ ഓൎത്തു, പട്ടാളക്കാൎക്കു് ഒരു റൂബിൾ കൊടുക്കാമെന്നു ഞാൻ വാക്കുകൊടുത്തിരുന്നുവല്ലൊ, തീരെ നിനച്ചിരിക്കാതെ ഈ റൂബിൾ എൻെറ കൈയ്യവശം വന്നു ചേരുകയും ചെയ്തുവല്ലൊ, എന്നു്. ഞാനതു് അവൎക്കു കൊടുക്കണമോ വേണ്ടയോ? ആദ്യം ഞാൻ കരുതി: 'അവർ നിന്നെ തല്ലി, നിൻെറ മുതലെല്ലാം തട്ടിപ്പറിച്ചു. പോരെങ്കിൽ, അവരിപ്പോൾ ബന്തോവസ്തിലായതുകൊണ്ടു് അവൎക്കു് ഈ പണംകൊണ്ടു യാതൊരു പ്രയോജനവുമൊട്ടില്ലതാനും.' പക്ഷെ, പിന്നീടു് മററാലോചനകൾ എനിക്കുണ്ടായി: 'ഓൎമ്മിക്കു, വേദപുസ്തകത്തിൽ വിധിച്ചിട്ടുണ്ടു്, ''നിൻെറ വൈരിക്കു വിശക്കുന്നുവെങ്കിൽ, അവന്നു് ആഹാരം കൊടുക്കുക.''എന്നു്. യേശുകൃസ്തു സ്വയം അരുളിയിട്ടുണ്ടു്: ''നിൻെറ ശത്രുക്കളെ സ്നേഹിക്കുക.'' ''ആരെങ്കിലും നിൻെറ കുപ്പായം തട്ടിക്കൊണ്ടുപോവുന്നുവെങ്കിൽ അവനു നിൻെറ മേലങ്കിയുംകൂടി നൽകുക.'' അതു് ഇക്കാൎയ്യ

ത്തിൽ എനിക്കു തീർപ്പു നൽകി. ഞാൻ തിരിച്ചുനടന്നു; ഞാൻ ആ വീട്ടിലേയ്ക്കു കയറിയ ഉടനെ അടുത്ത താവളത്തിലേയ്ക്കു പോകാനായി തടവുപുള്ളികളൊക്കെ പുറത്തുവന്നു. ഞാൻ വേഗം എൻെറ ആ രണ്ടു പട്ടാളക്കാരുടെ അടുത്തെത്തി. റൂബിൾ അവരുടെ കൈയ്യിൽ കൊടുത്തു; എന്നിട്ടു പറഞ്ഞു: 'അനുതപിക്കുക, പ്രാത്ഥിക്കുക! യേശുക്രിസ്തു മനുഷ്യരെ സ്നേഹിക്കുന്നു, അദ്ദേഹം നിങ്ങളെ കൈയ്‌വിടുകയില്ല.' അതോടെ ഞാൻ അവരെ വിട്ട് എൻെറ പാട്ടിനു പോയി.

പെരുവഴിയെ മുപ്പതുമൈലോളം നടന്നശേഷം ആലോചിച്ചു ഒരു ഇടവഴിയേ പോകാമെന്ന്, കൂടുതൽ ഏകാന്തത കിട്ടാനും കൂടുതൽ ശാന്തമായി പാരായണം ചെയ്യാൻ സൗകര്യം കിട്ടുന്നതിനുംവേണ്ടി. വളരെനേരം ഞാൻ നെടുംകാട്ടിൽക്കൂടിയാണ് സഞ്ചരിച്ചിരുന്നത്; വളരെ വിരളമായേ വല്ല ഗ്രാമവും കണ്ടിരുന്നുള്ളു. ചില അവസരങ്ങളിൽ പകൽസമയം മുഴുവൻ വല്ല മരത്തിൻെറ ചുവട്ടിലും ഇരുന്ന് സശ്രദ്ധം അദ്ധ്യാത്മപ്രേമം വായിച്ചുംകൊണ്ടു കഴിച്ചു. അതിൽനിന്നും എനിക്ക് ആശ്ചര്യം തോന്നത്തക്ക അത്ര അറിവു കിട്ടി. ആന്തരികപ്രാത്ഥനയിൽക്കൂടി ഈശ്വരനുമായി ഐക്യം പ്രാപിക്കാനുള്ള ആശകൊണ്ട് എൻെറ ഹൃദയം ജ്വലിച്ചു; ആയതു് എൻെറ പുസ്തകത്തിൻെറ നിർദ്ദേശത്താലും നിയന്ത്രണത്താലും സാധിക്കാൻ ഞാൻ ഉത്കണ്ഠിതനായിരുന്നു. അതേ സമയം, ശാന്തമായി സമയം മുഴുവൻ പാരായണത്തിൽ ചെലവഴിക്കാൻ സൗകര്യമായി പാക്കുന്നതിനു് ഒരിടമില്ലല്ലൊ എന്നോത്ത് എനിക്ക് ഖേദവും തോന്നി. ഇക്കാലത്തു ഞാൻ വേദപുസ്തകവും വായിച്ചിരുന്നു; മുമ്പത്തേക്കാൾ വ്യക്തമായി അതിലെ കാര്യങ്ങൾ മനസ്സിലായിത്തുടങ്ങി. മുമ്പ് അതിലെ പല കാര്യങ്ങളും എനിക്കു മനസ്സിലായിരുന്നില്ല; പലപ്പൊഴും സംശയങ്ങൾക്ക് ഇരയായിത്തീരാറുമുണ്ട്. വേദപുസ്തക

ത്തിലെ രഹസ്യങ്ങളുടെ താക്കോലാണ് അദ്ധ്യാത്മപ്രേമം എന്ന് പരിശുദ്ധപിതാക്കന്മാർ പറഞ്ഞതു ശരിയാണ്. അതിൻെറ സഹായത്തോടെ ദൈവത്തിൻെറ അരുളുമൊഴിയുടെ അർത്ഥം എനിക്കു കുറച്ചൊക്കെ മനസ്സിലാകാറായി. 'ഹൃദയാന്തർഭാഗത്തിലെ ഗുപ്തപുരുഷൻ,' 'യഥാർത്ഥപ്രാർത്ഥന ആത്മാവിൽ ആരാധിക്കുന്നു,' 'സ്വർഗ്ഗരാജ്യം നമ്മുടെ ഉൾക്കാമ്പിലാകുന്നു,' 'പരിശുദ്ധാരൂപിയുടെ അവാച്യവേദനയോടെയുള്ള നിവേദനം,' 'എന്നിൽ വാഴുവിൻ,' 'നിൻനെഞ്ചകം എനിക്കു നല്കുക,' 'കൃസ്തുവിനെ അണിയുക,' 'ഹൃദയം ആത്മാവിനെ വിവാഹം ചെയ്യുമെന്ന പ്രതിജ്ഞ,' 'അകക്കാമ്പിൻെറ അടിത്തട്ടിൽനിന്നും ''അപ്പോ അപ്പോ!'' എന്നുള്ള കേഴൽ,' മുതലായ വാക്യങ്ങളുടെ ശരിയായ അർത്ഥം ഞാൻ കാണാൻ തുടങ്ങി. ഈവക കാര്യങ്ങളെല്ലാം ഉള്ളിൽവെച്ചുകൊണ്ടു് ഞാൻ ഹൃദയംകൊണ്ടു പ്രാർത്ഥിച്ചപ്പോൾ എൻെറ ചുററുമുള്ള സകലവും ആനന്ദകരങ്ങളും അദ്ഭുതാവഹങ്ങളുമായി കാണപ്പെട്ടു. മരങ്ങൾ, പുല്ലുകൾ, പറവകൾ, ഭൂമി, വായു, പ്രകാശം, എല്ലാം നിലനില്ക്കുന്നതു മനുഷ്യനുവേണ്ടിയാണ്. ദൈവത്തിന് മനുഷ്യരോടുള്ള വാത്സല്യത്തിൻെറ സാക്ഷികളാണു തങ്ങൾ, എന്ന് അവ പറയുന്നതായി എനിക്കു തോന്നി. സകലതും കർത്താവിനു മനുഷ്യരോടുള്ള അൻപിൻെറ അടയാളങ്ങളായി കാണപ്പെട്ടു; സകല വസ്തുക്കളും സർവ്വേശ്വരനെ വാഴ്ത്തുന്നതായും അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നതായും അനുഭവപ്പെട്ടു.

ഈ വിധത്തിലാണു ഞാൻ, 'സർവ്വപ്രാണികളുടെയും ഭാഷ മനസ്സിലാക്കൽ – സർവ്വഭൂതരുതജ്ഞാനം–' എന്ന് അദ്ധ്യാത്മപ്രേമം പ്രസ്താവിക്കുന്നതിൻെറ അർത്ഥം ഗ്രഹിക്കാൻ ഇടയായതു്. ദൈവസൃഷ്ടികളോടെല്ലാം സംഭാഷണം ചെയ്യാനുള്ള ഉപായം ഞാൻ കണ്ടെത്തി.

ഇങ്ങനെ ഞാൻ വളരെ നാറം അലഞ്ഞുനടന്നു. ഒടുവിൽ അത്യന്തം നിജ്ജനമായ ഒരു ജില്ലയിലെത്തി; എത്ര നിജ്ജനമെന്നുവെച്ചാൽ, മൂന്നു നാറം നടന്നിട്ടും ഒരു ഗ്രാമം പോലും കാണാൻ കഴിഞ്ഞില്ല, അത്ര നിജ്ജനം. എൻെറ ഉണക്കറൊട്ടിയൊക്കെ തീൎന്നുകഴിഞ്ഞിരുന്നു. പട്ടിണികിടന്നു മരിക്കേണ്ടിവരുമോ എന്നോൎത്തപ്പോറം എനിക്കു വലിയ വിഷാദമായി. ഞാനെൻെറ ഉറംക്കാമ്പിൻെറ അകക്കാമ്പിൽ ഏററവും തീവ്രമായി പ്രാർത്ഥിക്കാൻ തുടങ്ങി. എൻെറ പേടിയൊക്കെ പറപറന്നു. ഞാൻ എന്നെ ഈശ്വരേച്ഛയ്ക്കു് അടിയറവെച്ചു. എൻെറ മനശ്ശാന്തി മടങ്ങിവന്നു. ഞാൻ വീണ്ടും ഉത്സാഹവാനായി. ഒരു പെരുംകാടിനെ വലംവെച്ചു പോകുന്ന പാതയിലൂടെ കുറച്ചുകൂടി മുന്നോട്ടു ചെന്നപ്പോറം കാട്ടിൽനിന്നും പുറത്തു വരുന്ന ഒരു പട്ടിയെ ഞാൻ കണ്ടു. അതെൻെറ മുമ്പേ പാഞ്ഞു. ഞാൻ അതിനെ വിളിച്ചു. അതു് ഓടി അടുത്തെത്തി, വലിയ സ്നേഹഭാവത്തോടെ. എനിക്കു സന്തോഷമായി. ഞാൻ നിനച്ചു: ''ഇതാ ഇവിടെ കൎത്താവിൻെറ കാരുണ്യത്തിനു് വേറൊരു തെളിവു കൂടി!' ഒരാട്ടിൻപററം കാട്ടിൽ മേയുന്നുണ്ടു്, തീൎച്ച; ഈ പട്ടി ആ ഇടയൻെറയാവണം. അല്ലെങ്കിൽ, ആരെങ്കിലും നായാട്ടിനു് അടുത്തെങ്ങാൻ എത്തിയിട്ടുണ്ടാവണം. കാര്യമെന്തായാലും ഒരു കഷണം റൊട്ടി യാചിക്കാമല്ലൊ; വല്ലതും കഴിച്ചിട്ടു ദിവസമൊന്നു കഴിഞ്ഞു. ഇതൊന്നും കഴിഞ്ഞില്ലെങ്കിൽ അടുത്തുള്ള ഗ്രാമം എവിടെയാണെന്ന വിവരം ഗ്രഹിക്കുകയെങ്കിലുമാവാം.''

എൻെറ ചുററും കുറച്ചുനേരം ചാടി നടന്നശേഷം ഞാൻ അതിനൊന്നും കൊടുക്കാൻ ഭാവമില്ലെന്നു കണ്ടപ്പോറം അതു് വന്ന അതേ ഊടുവഴിയേ കാട്ടിലേയ്ക്കു തിരിച്ചു മണ്ടി. ഞാൻ പിന്നാലേ പോയി. നൂറോ ഏറെയോ വാര ചെന്നു് മരങ്ങളറക്കിടയിൽക്കൂടി നോക്കുമ്പോറം കാണാം, അതു് ഒരു മാളത്തിൽ ചെന്നൊളിക്കുന്നു; അതി

KOTTAYAM PUBLIC LIBRARY KOTTAYAM 42943

നുള്ളിൽനിന്നും പുറത്തേയ്ക്കു നോക്കി, കുരയ്ക്കുന്നു. അതേ സമയം വരണ്ടു വിളറിയ മദ്ധ്യവയസ്സനായ ഒരു ഗ്രാമീണൻ ഒരു വലിയ മരത്തിന്റെ മറവിൽനിന്നും മുമ്പിലേയ്ക്കു വന്നു. ഞാനെവിടെനിന്നു വരുന്നുവെന്നു് അയാൾ എന്നോടു ചോദിച്ചു; അയാൾ അവിടെ എങ്ങനെ വന്നുപെട്ടു എന്നു് എനിക്കും അറിയണം; അങ്ങനെ ഞങ്ങൾ സ്നേഹപൂർണ്ണമായ സംഭാഷണത്തിലേർപ്പെട്ടു.

അയാളെന്നെ അയാളുടെ മൺകുടിലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. താനൊരു വനം കാവല്ക്കാരനാണെന്നും, അടുത്തുള്ള വനവിഭാഗം കാക്കുകയാണു തന്റെ ജോലിയെന്നും, അവിടം വെട്ടിത്തെളിക്കാനായി വിററുകഴിഞ്ഞിരിക്കുന്നു എന്നും അയാളെന്നോടു പറഞ്ഞു. അയാൾ റൊട്ടിയും ഉപ്പും എന്റെ മുമ്പിൽ വെച്ചു. ഞങ്ങൾ വർത്തമാനം പറയാനാരംഭിച്ചു. 'എനിക്കു നിങ്ങളോടു് എന്തസൂയ തോന്നുന്നുവെന്നോ?' ഞാൻ പറഞ്ഞു: 'ഇങ്ങനെ തനിച്ചു സുഖമായി ഈ ഏകാന്തമായ സ്ഥാനത്തു പാർക്കാൻ ഭാഗ്യമുണ്ടായല്ലൊ, എന്നെപ്പോലെയല്ലാതെ. ഞാനോ നാടുതോറും അലഞ്ഞുനടക്കുന്നു; എല്ലാത്തരത്തിലുമുള്ള ആളുകളുമായി കൂട്ടിമുട്ടുന്നു.'

'നിങ്ങൾക്കും ഇവിടെ താമസിക്കാം, നിങ്ങൾക്കങ്ങനെ ഇഷ്ടമാണെങ്കിൽ.' അയാൾ പറഞ്ഞു: 'പഴയ കാവല്ക്കാരന്റെ കുടിലിതാ അടുത്തുതന്നെയാണു്. അതു പകുതി പൊളിഞ്ഞിരിക്കുന്നു: എന്നിരുന്നാലും വേനല്ക്കാലത്തു് അതിനുള്ളിൽ കഴിച്ചുകൂട്ടാൻ പററും. നിങ്ങളുടെ പാസ്പോർട്ടു് കൈയ്വശമുണ്ടായിരിക്കുമല്ലൊ. റൊട്ടിയുടെ കാര്യത്തിൽ അതു നമുക്കു വേണ്ടതിലധികം എപ്പോഴും കിട്ടും; ആഴ്ചതോറും എന്റെ നാട്ടിൽനിന്നു് അതിവിടെ കൊണ്ടുവന്നു തരും. ഇവിടെയുള്ള ഈ ഊററു് ഒരിക്കലും വററിപ്പോവുകയില്ല. ഞാനാണെങ്കിൽ അനിയാ, കഴിഞ്ഞ

പത്തു കൊല്ലമായി റൊട്ടിയല്ലാതെ ഒന്നും തിന്നിട്ടില്ല, വെള്ളമല്ലാതെ ഒന്നും കുടിച്ചിട്ടുമില്ല. ഇങ്ങനെയാണു കാര്യങ്ങളുടെ കിടപ്പ്. കൊയ്ത്തുകാലമാകുമ്പോഴും, കൃഷിക്കാരുടെ പാടത്തെ വേലയെല്ലാം തീരുമ്പോഴും, ഈ കാടു വെട്ടിത്തെളിക്കാൻ ഇരുനൂറോളം വേലക്കാർ വരുന്നുണ്ടാകും. അപ്പോഴംപിന്നെ എനിക്കിവിടെ ജോലിയൊന്നും ഉണ്ടായിരിക്കയില്ല; നിങ്ങൾക്കിവിടെ താമസിക്കാനും പററുകയില്ല.'

ഇതൊക്കെ കേട്ടപ്പോഴം, ഞാനയാളുടെ കാല്ക്കൽ വീണില്ലെന്നേയുള്ളു, എനിക്കത്ര സന്തോഷം തോന്നി. ഇത്രയധികം നന്മയ്ക്കു് ദൈവത്തിനു് എങ്ങനെയാണു നന്ദി പറയേണ്ടതു് എന്നെനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഇങ്ങനെ തികച്ചും അപ്രതീക്ഷിതമായി എന്റെ ഏററവും വലിയ ആഗ്രഹം സഫലമാകാറായി. അടുത്ത ശരത്കാലം വരാൻ പിന്നെയും നാലുമാസം ഉണ്ടായിരുന്നു. അക്കാലമത്രയും, ഹൃദയത്തിലെ നിരന്തരപ്രാൎത്ഥനയെക്കുറിച്ചു് കൂടുതൽ പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനുമായി അദ്ധ്യാത്മപ്രേമം വിസ്തരിച്ചു വായിക്കാൻ ആവശ്യമായ ശാന്തിയും ഏകാന്തതയും എനിക്കനുഭവിക്കാം. അതിനാൽ അയാൾ കാണിച്ചുതന്ന ആ കുടിലിൽ ഞാൻ സസന്തോഷം താമസിച്ചു.

ഈ സരളനായ സഹോദരനുമായി, എനിക്കു കിടപ്പേടം നല്കിയ ആളുമായി, ഞാൻ പിന്നെയും സംസാരിച്ചു. അയാൾ തന്റെ ജീവിതത്തെക്കുറിച്ചും ചിന്തകളെക്കുറിച്ചും എന്നോടു പറഞ്ഞു: 'ഞങ്ങളുടെ ഗ്രാമത്തിലെ ജീവിതത്തിൽ എനിക്കു സാമാന്യം നല്ല ഒരു നിലയുണ്ടായിരുന്നു. തുണിയും ചണവും ചായം മുക്കാൻ എനിക്കൊരു പണിപ്പുര ഉണ്ടായിരുന്നു. സാമാന്യം സുഖമായി ഞാൻ കഴിഞ്ഞുകൂടി, പാപമൊന്നും ഇല്ലാതെയല്ലെങ്കിലും. കച്ചവടത്തിൽ പല

പ്പൊഴും ഞാൻ കള്ളത്തരം കാണിച്ചിരുന്നു; പൊളിയായിട്ടു് ആണയിടാറുണ്ടു്; ആളുകളെ ശകാരിക്കാറുണ്ടു്. കടിക്കുകയും വഴക്കടിക്കുകയും ചെയ്തിരുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ കീർത്തനം ചൊല്ലുന്ന വയസ്സനായ ഒരു പുരോഹിതനുണ്ടായിരുന്നു. അവസാനവിധിയെക്കുറിച്ചു വിസ്തരിക്കുന്ന വളരെ പഴയ ഒരു പുസ്തകമുണ്ടു് അദ്ദേഹത്തിൻെറ കൈയ്വശം. അദ്ദേഹം വീടുതോറും പോയി അതിൽ നിന്നും ഓരോ ഭാഗം വായിച്ചുകേൾപ്പിക്കും. ആളുകൾ അതിനു് അദ്ദേഹത്തിനു് എന്തെങ്കിലും കൊടുക്കാറുമുണ്ടു്. അദ്ദേഹം എൻെറയടുത്തും വന്നു. നാലണയും ഒരു കോപ്പ വീഞ്ഞും കൊടുത്താൽ അദ്ദേഹം രാത്രി മുഴുവൻ, കോഴി കൂവുന്നതുവരെ, ഇരുന്നു വായിച്ചുകൊള്ളും. ഞാനവിടെ എൻെറ പണി ചെയ്തുകൊണ്ടിരിക്കും, വായന കേൾക്കും; നരകത്തിൽ നമുക്കു വരാനിരിക്കുന്ന യാതനകളെക്കുറിച്ചു് അദ്ദേഹം വായിക്കും. ജീവനുള്ളവക്കു വരുന്ന മാററം, മരിച്ചവരുടെ ഉയിർത്തൽ; ലോകത്തെക്കുറിച്ചു വിധി കല്പിക്കാൻ ദൈവം തമ്പുരാൻെറ എഴുന്നള്ളത്തു്; മാലാഖമാരുടെ പെരുമ്പറയടി; എരിതീയും ഉരുകുന്ന കീലും; പാപികളെ മിഴുങ്ങുന്ന പുഴു — ഇവയെക്കുറിച്ചെല്ലാം ഞാൻ കേട്ടു. ഒരു ദിവസം കേട്ടുകൊണ്ടിരിക്കെ എനിക്കു വല്ലാത്ത പേടിപിടിച്ചു. ഞാൻ എന്നോടുതന്നെ പറഞ്ഞു: "ഈ യാതനകൾ എനിക്കനുഭവിക്കേണ്ടിവന്നാൽ! എൻെറ ആത്മാവിനെ രക്ഷിക്കാൻ ഞാൻ പ്രയത്നിക്കും. എൻെറ പാപങ്ങളുടെ ഫലത്തെ പ്രാർത്ഥനകൊണ്ടു് ഒരുവേള എനിക്കു് ഒഴിവാക്കാൻ കഴിഞ്ഞേക്കും." ഇതിനെക്കുറിച്ചു ഞാൻ വളരെനേരം ചിന്തിച്ചു. എന്നിട്ടു ഞാനെൻെറ വേല വേണ്ടെന്നു വെച്ചു; വീടു വിററു. ഞാൻ ലോകത്തിൽ ഒററയ്ക്കായിരുന്നതുകൊണ്ടു് എനിക്കിവിടെ കാടു കാവല്ക്കാരനായി ഒരു ജോലി കിട്ടി. റൊട്ടിയും തുണിയും പ്രാർത്ഥനയ്ക്കാവശ്യമുള്ള കുറച്ചു മെഴുകുതിരിയും മാത്രമേ ഞാൻ ഗ്രാമ

സഭയോടു് ആവശ്യപ്പെടുന്നുള്ളു. ഞാനിങ്ങനെ ഇവിടെ താമസമാക്കിയിട്ടു് പത്തു കൊല്ലത്തിലേറെയായി. ദിവസത്തിലൊരിക്കൽ മാത്രമേ ഞാൻ ആഹാരം കഴിക്കുന്നുള്ളു, അതും റൊട്ടിയും വെള്ളവും മാത്രം. കോഴികൂവുമ്പോൾ എഴുനേല്ക്കുന്നു; പരിശുദ്ധ ചിത്രങ്ങളുടെ മുമ്പിൽ ഏഴു മെഴുകുതിരി കത്തിച്ചുവെച്ചുകൊണ്ടു് നമസ്കാരം ചെയ്തു് പ്രാർത്ഥന ചൊല്ലുന്നു. പകൽ സമയം കാട്ടിൽക്കൂടി ചുററിനടക്കുമ്പോൾ, അറുപതു റാത്തൽ കനമുള്ള ഇരുമ്പുചങ്ങല ദേഹത്തോടു ചേർത്തു ഞാൻ ധരിക്കുന്നു. ഞാനൊരിക്കലും പിറുപിറുക്കുന്നില്ല, വീഞ്ഞോ ചാരായമോ കുടിക്കാറില്ല; ആരുമായിട്ടും ഞാൻ വഴക്കടിക്കാറില്ല. ജീവിതത്തിലൊരിക്കലും പെണ്ണുങ്ങളുമായിട്ടോ പെൺപിള്ളേരുമായിട്ടോ ഒരേപ്പാടും ഉണ്ടായിട്ടുമില്ല. ആദ്യമൊക്കെ ഇമ്മാതിരി ജീവിതം എനിക്കിഷ്ടപ്പെട്ടു. എന്നാൽ, അടുത്തകാലത്തായി അന്യചിന്തകൾ എന്റെയുള്ളിൽ കടന്നുകൂടിയിരിക്കുന്നു; അവയിൽനിന്നും വിട്ടുപോകാൻ എനിക്കൊട്ടു കഴിയുന്നുമില്ല. ഈ വിധത്തിൽ പ്രാർത്ഥനകൾകൊണ്ടു് എന്റെ പാപങ്ങൾ ഒഴിവാക്കാൻ പററുമോ എന്നു് ദൈവംതമ്പുരാനുതന്നെയേ അറിഞ്ഞുകൂട്ടു. ഇതൊരു ക്ലേശംപിടിച്ച ജീവിതമാണുതാനും. ആ പുസ്തകത്തിൽ എഴുതിവെച്ചിട്ടുള്ളതെല്ലാം സത്യമാണോ, അതിനു് ? മരിച്ച മനുഷ്യൻ എങ്ങനെയാണു് ഉയിർത്തുവരുന്നതു് ? അവൻ മരിച്ചിട്ടു് ഒരു നൂറു കൊല്ലമായി, അവന്റെ ചാമ്പലുപോലും ബാക്കിയില്ല എന്നു വന്നാലോ ? യഥാർത്ഥത്തിൽ നരകമുണ്ടോ ഇല്ലയോ എന്നാക്കറിയാം ? മനുഷ്യൻ ചത്തു് ചീഞ്ഞളിഞ്ഞാൽ പിന്നെ അവനെക്കുറിച്ചു് കൂടുതലായി എന്തറിയാം ? പാവപ്പെട്ട മണ്ടന്മാരായ നമ്മളെ പേടിപ്പിച്ചു മിണ്ടാണ്ടാക്കുന്നതിനു് പുരോഹിതരും പ്രഭുക്കന്മാരും എഴുതിയതാണെന്നുവരാം ആ പുസ്തകം. നമ്മുടെ സുഖഭോഗങ്ങളെല്ലാം വെറുതെ വേണ്ടെന്നുവെച്ചു് ചുമ്മാ തന്നെത്താൻ

പീഡിപ്പിച്ചിട്ടെന്തു കാര്യം ? ഇനിയൊരു ജന്മം എന്നൊരു സംഗതിതന്നെ ഇല്ലെന്നുവന്നാലോ? അപ്പോഠം പിന്നെ എന്താ ? ലോകജീവിതത്തിൽ കിട്ടുന്ന ഭോഗങ്ങഠം അനു ഭവിക്കുകയും വരുന്നതൊക്കെ ഉല്ലാസമായും നിശ്ചിന്ത മായും സ്വീകരിക്കുകയുമല്ലേ നല്ലതു് ? ഈജാതി ചിന്ത കഠം എന്നെ അലട്ടുന്നു. അതുകൊണ്ടു് എപ്പൊഴെങ്കിലും എൻെറ പഴയ പണിയിലേയ്ക്കു് ഞാൻ തിരിച്ചുപോവുക യില്ലേ, എന്നൊന്നും എനിക്കു നല്ല നിശ്ചയമില്ല.'

അനുകമ്പയോടെ അയാളുടെ കഥകളെല്ലാം ഞാൻ കേട്ടു. ഞാൻ ആലോചിച്ചു, ആളുകഠം പറയാറുണ്ടല്ലൊ പഠിച്ചവരും സമർത്ഥന്മാരുമാണു് സ്വതന്ത്രചിന്തകന്മാ രെന്നും ഒന്നിലും വിശ്വാസമില്ലാത്തവരെന്നും! എന്നാലി വിടെയിതാ നമ്മളിലൊരുവൻ, ഒരു പാവപ്പെട്ട നാടൻ മനുഷ്യൻ, അമ്മാതിരി അവിശ്വാസത്തിനു് ഇരയായി രിക്കുന്നു. ഇരുളിൻെറ രാജ്യം തൻെറ പടിവാതിലുകഠം എല്ലാവക്കും തുറന്നുകൊടുക്കുന്നുവെന്നും ശുദ്ധാത്മാക്കളെ വളരെ എളുപ്പത്തിൽ ആക്രമിക്കുമെന്നും തോന്നുന്നല്ലൊ. അതിനാൽ ഒരുവൻ ആത്മാവിൻെറ വൈരികഠംക്കെതിരെ, ദൈവത്തിൻെറ അരുഠംമൊഴിയുടെ തുണയോടെ, ആവും പോലെ അറിവുനേടി തന്നത്താൻ കരുത്താർജ്ജിക്കേണ്ട താകുന്നു.

അതിനാൽ, ഈ സഹോദരനെ സഹായിക്കാൻവേണ്ടി, അയാളുടെ വിശ്വാസത്തെ ഉറപ്പിക്കാൻ എന്നാലാവുന്നതു ചെയ്യാൻവേണ്ടി, ഞാനെൻെറ പൊക്കണത്തിൽനിന്നും അദ്ധ്യാത്മപ്രേമം പുറത്തെടുത്തു. ഇശിക്കി എഴുതിയ 109-ാം അദ്ധ്യായമെടുത്തു് ഞാനതു്അയാളെ വായിച്ചുകേഠംപ്പിച്ചു. നരകത്തിലെ യാതനകളെ പേടിച്ചുമാത്രം പാപത്തെ ഒഴി വാക്കാൻ നോക്കുന്നതിൻെറ കഴമ്പില്ലായ്മയേയും കൊള്ളരു തായ്മയേയും തെളിയിക്കാൻ ഞാൻ ഒരുമ്പെട്ടു. മനസ്സിനെ

സൂക്ഷിക്കുന്നതുകൊണ്ടും ഹൃദയത്തെ ശുദ്ധീകരിക്കുന്നതുകൊണ്ടും മാത്രമേ ആത്മാവിനെ പാപചിന്തകളിൽനിന്നും മോചിപ്പിക്കാൻ കഴികയുള്ളുവെന്നും ആ ഹൃദയശുദ്ധീകരണം ആന്തരികപ്രാൎത്ഥനകൊണ്ടു സാധിക്കുമെന്നും ഞാൻ അയാളോടു പറഞ്ഞു. പരിശുദ്ധപിതാക്കന്മാരുടെ അഭിപ്രായത്തിൽ, നരകഭയംകൊണ്ടു രക്ഷാപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടുന്നവൻ പോകുന്നതു ബന്ധനത്തിൻെറ വഴിയേ ആണെന്നും, അതേ പ്രവൎത്തനങ്ങൾതന്നെ സ്വൎഗ്ഗരാജ്യം കാംക്ഷിച്ചു ചെയ്യുന്നവൻ ഈശ്വരനുമായി വ്യാപാരം നടത്തുന്നവൻെറ മാൎഗ്ഗത്തുൂടെയാണു് സഞ്ചരിക്കുന്നതു് എന്നും ഞാനയാളെ അറിയിച്ചു. ആദ്യത്തവനെ അവർ അടിമയെന്നും രണ്ടാമനെ കൂലിപ്പണിക്കാരനെന്നും വിളിക്കുന്നു. മക്കൾ അച്ഛൻെറയടുത്തു പോകുംപോലെ നാം അദ്ദേഹത്തിൻെറയടുത്തു ചെല്ലണം എന്നാണു് ഈശ്വരൻ ആവശ്യപ്പെടുന്നതു്. അദ്ദേഹത്തോടുള്ള സ്നേഹംകൊണ്ടും അദ്ദേഹത്തിൻെറ കൈങ്കൎയ്യത്തിലുള്ള ഉത്സാഹംകൊണ്ടും നാം മാതൃകാപരമായി പെരുമാറണം എന്നാണു് ഈശ്വരൻ നമ്മോടാവശ്യപ്പെടുന്നതു്; മനസ്സിൻെറയും ഹൃദയത്തിൻെറയും അഭയദായകമായ ഐക്യംവഴി നമ്മെ അദ്ദേഹത്തിൽ ഒന്നിക്കുന്നതിൽ നാം നമ്മുടെ സുഖം കണ്ടെത്തണമെന്നു് ഈശ്വരനാഗ്രഹിക്കുന്നു.

'നിങ്ങളുടെ ശരീരത്തെ ക്ലേശിപ്പിക്കുന്നതിനു നിങ്ങൾ എത്രയൊക്കെ പാടുപെട്ടാലും,' ഞാൻ പറഞ്ഞു: 'ആ വഴിക്കു നിങ്ങളൊരിക്കലും മനസ്സമാധാനം പ്രാപിക്കയില്ല. ഹൃദയത്തിൽ യേശുനാഥനോടുള്ള നിരന്തരമായ പ്രാൎത്ഥനയും മനസ്സിൽ ഈശ്വരനും ഇല്ലാതെയിരുന്നാൽ, അതിനിസ്സാരമായ കാരണംകൊണ്ടും വീണ്ടും പാപത്തിൽ പതിക്കാൻ ഏതുപൊഴുതും ഇടയുണ്ടു്. സഹോദരാ, യേശുവിൻെറ നിരന്തരപ്രാർത്ഥന ചൊല്ലാൻ ആരംഭിക്കൂ. ഈ ഏകാന്തശാന്തമായ സ്ഥാനത്തു നിങ്ങൾക്കതു് ശീലിക്കാൻ ഒന്നാംതരം അവസരം കിട്ടിയിട്ടുണ്ടു്: അല്പകാലത്തിനുള്ളിൽ

അതുകൊണ്ടുള്ള പ്രയോജനം നിങ്ങറംക്കു കാണാൻ കഴിയും. അപ്പോറം നിരീശ്വരചിന്തകറംക്കൊന്നും നിങ്ങളെ പിടികൂടാനാവില്ല. യേശുകൃസ്തുവിൽ യഥാർത്ഥമായ വിശ്വാസവും ഭക്തിയും എന്താണെന്നു നിങ്ങറംക്കു വെളിവാക്കപ്പെടുകയും ചെയ്യും. മരിച്ചവർ എങ്ങനെയാണു് പുനർജീവിപ്പിക്കപ്പെടുന്നതു് എന്നു് അപ്പോറം നിങ്ങറംക്കു മനസ്സിലാകും; അവസാനവിധി അതിൻെറ ശരിയായ രൂപത്തിൽ അപ്പോറം നിങ്ങറംക്കു കാണാറാകും. നിങ്ങറം സ്വയം അദ്ഭുതം കൊള്ളുമാറു് അത്രയ്ക്കു് ഹൃദയത്തിൽ ആനന്ദവും ആജ്ജവവും പ്രാർത്ഥന നിങ്ങളിൽ ഉത്പാദിപ്പിക്കും. നിങ്ങളുടെ ശ്രേയസ്സരമായ ജീവിതചര്യ നീരസമോ ക്ലേശകരമോ ആയിട്ടൊട്ടു തോന്നുകയുമില്ല.'

അതിനുശേഷം, എന്നാലാവുന്നതുപോലെ, യേശുവിനോടുള്ള പ്രാർത്ഥന ഇടവിടാതെ നടത്തുന്നതെങ്ങനെ എന്നും, പരിശുദ്ധപിതാക്കന്മാരുടെ ഗ്രന്ഥങ്ങളും കത്താവിൻെറ അരുളപ്പാടുകളും അതിനെക്കുറിച്ചു് നമ്മെ എന്തു പഠിപ്പിക്കുന്നുവെന്നും, ഞാൻ തുടന്നു വിശദമാക്കി. അയാറം അതിനോടൊക്കെ യോജിച്ചു; കൂടുതൽ ശാന്തനായി എന്നെനിക്കു തോന്നുകയും ചെയ്തു.

പിന്നെ ഞാൻ അയാളെ വിട്ടു; എന്നിട്ടു് പോയി അയാറം കാണിച്ചുതന്ന കുടിലിൽ കയറി വാതിലടച്ചു. ഹാ, ആ ഏകാന്തകുടീരത്തിൻെറ, അഥവാ ശവകുടീരത്തിൻെറ, പടികടന്നപ്പോറം എനിക്കുണ്ടായ ആനന്ദം! എന്തൊരു ശാന്തിയും സംതൃപ്തിയും! സകലവിധസൗകര്യങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞ ഒരു മഹനീയസൗധമായിട്ടാണു് എനിക്കതു തോന്നിയതു്. ആനന്ദത്താൽ കണ്ണുനീർ വാർത്തുകൊണ്ടു് ഞാൻ ദൈവത്തെ വാഴ്ത്തി. എന്നിട്ടു് എന്നോടു തന്നെ പറഞ്ഞു: 'ഈ ശാന്തവും ഏകാന്തവുമായ സ്ഥാനത്തു് എൻെറ ഉദ്ദിഷ്ടലക്ഷ്യത്തിനുവേണ്ടി തീവ്രമായി പ്രയത്നിക്കുകയും എനിക്കു വെളിച്ചമരുളാൻ സർവ്വേശ്വരനോടു്

അപേക്ഷിക്കുകയും വേണം.' അതിനായി ഞാൻ അദ്ധ്യാത്മ പ്രേമം ആദിമുതൽ അവസാനംവരെ അതിജാഗ്രതയോടെ വായിച്ചുകൊണ്ടു് ആരംഭിച്ചു. അധികം കഴിയുംമുമ്പേ ഞാനതു മുഴുവൻ വായിച്ചുതീൎത്തു. എന്തുമാത്രം വിജ്ഞാനവും ദിവ്യതയും ഗഹനമായ അന്തർദൃഷ്ടിയും ഈ പുസ്തകത്തിലുണ്ടു് എന്നു ഞാൻ കണ്ടു. എന്നിരുന്നാലും, അതിൽ വിവരിക്കുന്ന വിഷയങ്ങളുടെ നാനാത്വംകൊണ്ടും പരിശുദ്ധ പിതാക്കന്മാർ അരുളുന്ന ഉപദേശങ്ങളുടെ വൈപുല്യം കൊണ്ടും അതെല്ലാം വിശദമായി ഗ്രഹിക്കുന്നതിനോ, ആന്തരികപ്രാൎത്ഥനയെക്കുറിച്ചു് അതിൽ പറഞ്ഞിട്ടുള്ളതെല്ലാം സമഗ്രമായി ഉൾക്കൊള്ളുന്നതിനോ എനിക്കു കഴിഞ്ഞില്ല. ഇതാണു് മുഖ്യമായും എനിക്കു് അതിൽനിന്നും അറിയേണ്ടിയിരുന്നതു്, ഹൃദയത്തിലെ സ്വയം പ്രവൎത്തിക്കുന്ന നിരന്തരമായ പ്രാൎത്ഥന അനുശീലിക്കുന്നതെങ്ങനെ എന്നറിയാൻവേണ്ടി.

'ഉത്തമാനുഗ്രഹങ്ങൾക്കുവേണ്ടി തീവ്രമായി ആശിക്കുക.' 'ആത്മാവിനെ അണച്ചുകളയരുതു്.' എന്നുള്ള പുണ്യവാളൻെറ അരുളപ്പാടുകളനുസരിച്ചു് എൻെറ വലിയ ആഗ്രഹം ഇതായിരുന്നു. ഞാൻ അതിനെക്കുറിച്ചു വളരെനേരം ആലോചിച്ചു. എന്താണു ചെയ്യേണ്ടതു് ? എൻെറ മനസ്സും ഗ്രഹണശക്തിയും ഇതിനു് ഉത്തരം നൽകാൻ സമൎത്ഥങ്ങളായിരുന്നില്ല; വ്യക്തമാക്കിത്തരാൻ വേറാരും ഒട്ടുണ്ടായിരുന്നുമില്ല. പ്രാൎത്ഥനകൊണ്ടു് ഈശ്വരനെ വളയാൻ ഞാൻ തീൎച്ചയാക്കി. എങ്ങനെയെങ്കിലും അദ്ദേഹമെനിക്കു് മനസ്സിലാക്കിത്തന്നുവെന്നു വരാം. ഒരു നിമിഷം ഇടവിടാതെ ഇരുപത്തിനാലു മണിക്കൂർ സമയം ഞാൻ പ്രാർത്ഥിക്കുകയല്ലാതെ മററൊന്നും ചെയ്തില്ല. അവസാനം എൻെറ ചിന്തകൾ അടങ്ങി; ഞാൻ ഉറങ്ങി. അപ്പോൾ, ഞാനെൻെറ അന്തരിച്ച ആചാര്യൻെറ മുറിയിലാണെന്നും അദ്ദേഹം

എനിക്കു് അദ്ധ്യാത്മപ്രേമം വ്യാഖ്യാനിച്ചുതരുകയാണെന്നും ഞാനൊരു കിനാവു കണ്ടു. 'ആ ദിവ്യഗ്രന്ഥം ഗഹനമായ വിജ്ഞാനംകൊണ്ടു നിറഞ്ഞതാണു്.' അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു: 'ദൈവത്തിൻെറ രഹസ്യവിധികളുടെ അർത്ഥം സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു രഹസ്യഭണ്ഡാരമാണതു്. അതു് എവിടെയും ഏവക്കും കിട്ടാവുന്നതല്ല; എന്നാലതു് ഒരോരുവനും അവനാവശ്യമുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുന്നു: വിജ്ഞാനിക്കു് വിജ്ഞാനോചിതമായ നിർദ്ദേശം, സരളമനസ്സനു് സരളമായ നിർദ്ദേശം. അതുകൊണ്ടാണു് അല്പമതികളായ നിങ്ങൾ, പുസ്തകത്തിൽ ക്രമപ്പെടുത്തിവെച്ചിരിക്കുന്ന പ്രകാരം അദ്ധ്യായങ്ങൾ ഒന്നൊന്നായി വായിക്കരുതാത്തതു്. ആ ക്രമം ദൈവവിജ്ഞാനത്തിൽ ശിക്ഷണം നേടിയിട്ടുള്ളവക്കു വേണ്ടിയാണു്. അശിക്ഷിതരും, അതേ സമയം ഈ പുസ്തകത്തിൽ നിന്നും ആന്തരികപ്രാർത്ഥന ഗ്രഹിക്കണം എന്നു് ആഗ്രഹിക്കുന്നവരും, അനുസരിക്കേണ്ട ക്രമമിതാണു്: (1) ആദ്യം തന്നെ സന്ന്യാസിയായ നൈസെഫൊറസ് എഴുതിയ ഭാഗം (രണ്ടാം ഭാഗത്തിൽ) വായിക്കുക. പിന്നെ, (2) സിനായിയിലെ ഗ്രിഗോറിയുടെ ഭാഗം മുഴുവൻ – ചെറിയ അദ്ധ്യായങ്ങളൊഴിച്ചു്. (3) പുതിയ ദൈവവിജ്ഞാനി സൈമൺ മൂന്നുതരം പ്രാർത്ഥനകളെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും എഴുതിയിട്ടുള്ള ഭാഗം. അതു കഴിഞ്ഞു്, (4) കാലിസ്റ്റസ്സിൻെറയും ഇഗ്നേഷിയസ്സിൻെറയും അദ്ധ്യായങ്ങൾ. ഈ പിതാക്കന്മാരുടെ ലേഖനങ്ങളിൽ, ഏവക്കും മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ, ഹൃദയത്തിലെ ആന്തരപ്രാർത്ഥനയെക്കുറിച്ചു് പൂർണ്ണമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉണ്ടു്.

ഇവ കൂടാതെ, പ്രാർത്ഥനയെക്കുറിച്ചു് വളരെ ലളിതമായ ഉപദേശം നിങ്ങൾക്കു കണ്ടെത്തണമെന്നുണ്ടെങ്കിൽ, നാലാംഭാഗം മറിക്കുക, അവിടെ കോൺസ്റ്റാൻറിനോപ്പി

ളിലെ പാത്രിയാക്കീസ് നിതാന്തവന്ദ്യദിവ്യശ്രീ കാലിസ്റ്റസ് തിരുമേനി എഴുതിയ പ്രാർത്ഥനയുടെ സംക്ഷിപ്ത രീതി നോക്കുക.'

സ്വപ്നത്തിൽ ഞാൻ ഈ പുസ്തകം കൈയ്യിൽ വെച്ചുകൊണ്ടു് ആ ഭാഗം തെരഞ്ഞുതുടങ്ങി; പക്ഷെ എനിക്കതു കണ്ടുപിടിക്കാൻ തീരെ കഴിഞ്ഞില്ല. അപ്പോൾ അദ്ദേഹം തന്നെ ഏതാനും താളുകൾ മറിച്ചിട്ടു് പറഞ്ഞു, 'ഇതാ ഇവിടെ; ഞാനിതു നിങ്ങൾക്കുവേണ്ടി അടയാളപ്പെടുത്തിത്തരാം.' അദ്ദേഹം നിലത്തുനിന്നും ഒരു കരിക്കട്ടയെടുത്തു്, അദ്ദേഹം കാണിച്ചുതന്ന ഭാഗത്തിനെതിരേ വക്കിനു് ഒരടയാളമുണ്ടാക്കി. അദ്ദേഹം പറഞ്ഞതൊക്കെ ഞാൻ ശ്രദ്ധിച്ചുകേട്ടു. അതിൽ ഒരു വാക്കും വിടാതെ ഉള്ളിൽ ഉറപ്പിക്കാൻ നോക്കി. ഞാൻ ഉണന്നപ്പോൾ ഇരുട്ടു പോയിരുന്നില്ല; അനങ്ങാതെ കിടന്നു; എന്നിട്ടു് എൻെറ സ്വപ്നത്തെയും ആചാര്യൻ എന്നോടു പറഞ്ഞ കാര്യങ്ങളെയും വീണ്ടും മനസ്സുകൊണ്ടു് നോക്കിക്കണ്ടു. 'ദൈവത്തിനറിയാം,' ഞാൻ നിനച്ചു: 'ഞാൻ കണ്ടതു വാസ്തവത്തിൽ എൻെറ പരേതനായ ആചാര്യൻെറ ആത്മാവുതന്നെയാണോ, അതോ, എൻെറ ചിന്തകളുടെ ഫലം മാത്രമാണോ എന്നു്; കാരണം, അദ്ധ്യാത്മപ്രേമത്തെക്കുറിച്ചും എൻെറ ആചാര്യനെക്കുറിച്ചും എൻെറ മനസ്സു മിക്കപ്പൊഴും നിനച്ചുകൊണ്ടാണിരിക്കുന്നതു്.' മനസ്സിൽ ഈ സന്ദേഹത്തോടുകൂടി ഞാൻ എഴുന്നേററു. നേരം പുലരാറായിരുന്നു. ഞാനപ്പോൾ എന്താണു കണ്ടതെന്നോ? എൻെറ കുടിലിൽ മേശയായി ഉപയോഗിച്ചിരുന്ന ആ കല്ലിൽ പുസ്തകം തുറന്നു മലന്നു കിടക്കുന്നു: ആചാര്യൻ എനിക്കു ചൂണ്ടിക്കാണിച്ചുതന്ന അതേ പുറം; ഒരരികിനു്, കിനാവിൽ കണ്ടതുമാതിരി കരിക്കട്ട കൊണ്ടൊരു വരയും! ആ കരിക്കട്ടയുടെ തുണ്ടുപോലും പുസ്തകത്തിൻെറ അടുത്തു കിടപ്പുണ്ടായിരുന്നു! ഞാൻ ആശ്ചര്യത്തോടെ നോക്കി; കാരണം, തലേന്നു വൈകുന്നേരം

ആ പുസ്തകം അവിടെ ഉണ്ടായിരുന്നില്ല എന്നും, ഞാനതു് അടച്ചു് തലയിണയുടെ കീഴിൽ വെച്ചുവെന്നും, എനിക്കു വ്യക്തമായി ഓർമ്മയുണ്ടായിരുന്നു. ഇപ്പോഠം കരിക്കട്ട കൊണ്ടുള്ള വര കണ്ടയിടത്തു മുമ്പു് ഒന്നും ഉണ്ടായിരുന്നില്ല എന്ന കാര്യവും എനിക്കു നല്ല തീർച്ചയാണു്.

ധന്യകീർത്തിയായ എൻെറ ആചാര്യൻ കർത്താവിനു പ്രിയനാണെന്നും എൻെറ സ്വപ്നം സത്യമാണെന്നും എനിക്കു് ഉറപ്പുവന്നതു് ഇതുകൊണ്ടാണു്. അദ്ദേഹം നിർദ്ദേശിച്ച അതേ ക്രമത്തിൽത്തന്നെ അദ്ധ്യാത്മപ്രേമം ഞാൻ വായിക്കാൻ തുടങ്ങി. ഞാനതു് ഒരിക്കൽ വായിച്ചു, രണ്ടാമതു വീണ്ടും വായിച്ചു: ഞാൻ വായിച്ചതു് അനുഭവത്തിൽ വരുത്താനുള്ള തീവ്രമായ ഒരാഗ്രഹം ഈ വായന എന്നിൽ ജ്വലിപ്പിച്ചു. ആന്തരികപ്രാർത്ഥനയെന്നുവെച്ചാൽ എന്താണർത്ഥമെന്നും, എങ്ങനെയാണതു് നേടേണ്ടതെന്നും, അതിൻെറ ഫലങ്ങഠം എന്തൊക്കെയാണെന്നും, അതു് ഒരുവൻെറ അകക്കാമ്പിലും ആത്മാവിലും എന്തുമാത്രം ആനന്ദം നിറയ്ക്കുമെന്നും ആ ആനന്ദം ഈശ്വരനിൽനിന്നോ പ്രകൃതിയിൽ നിന്നോ പ്രലോഭനത്തിൽനിന്നോ എന്തിൽ നിന്നാണു വരുന്നതു് എന്നു് എങ്ങനെ പറയാൻ കഴിയുമെന്നും ഞാൻ വ്യക്തമായിക്കണ്ടു.

അതിനാൽ ഞാൻ, പുതിയ ദൈവവിജ്ഞാനി സൈമൺ ഉപദേശിക്കുന്നതനുസരിച്ചു് എൻെറ ഹൃദയം പരിശോധിക്കാൻ തുടങ്ങി. കണ്ണുകഠം അടച്ചുകൊണ്ടു് മനസാ, അതായതു ഭാവനയിൽ, ഞാൻ ഹൃദയത്തെ നിരീക്ഷിച്ചു. എൻെറ നെഞ്ചിൻെറ ഇടതുവശത്തു് അതിനെ വിഭാവന ചെയ്യാനും സശ്രദ്ധം അതിൻെറ മിടിപ്പു ശ്രവിക്കാനും ശ്രമിച്ചു. ഇതു ദിവസത്തിൽ പല പ്രാവശ്യം ഞാൻ ചെയ്തുതുടങ്ങി, ഓരോ തവണയും അര മണിക്കൂർവീതം തുടർച്ചയായിട്ടു്. ആദ്യമൊക്കെ വെറും അന്ധകാരത്തിൻെറ ബോധമല്ലാതെ

മററൊന്നും തോന്നിയില്ല. എന്നാൽ പതുക്കെപ്പതുക്കെ, ഏതാണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ, എനിക്കെൻെറ ഹൃദയത്തെ ഭാവന ചെയ്യാനും അതിൻെറ മിടിപ്പ് നിരീക്ഷിക്കാനും സാധിച്ചു; എന്നു മാത്രമല്ല, ശ്വാസോച്ഛ്വാസത്തിൻെറ സഹായത്തോടുകൂടി, വിശുദ്ധന്മാരായ ഇഗ്നേഷിയസ്സും കാലിസ്റ്റസ്സും സിനായിയിലെ ഗ്രിഗോറിയും ഉപദേശിക്കുന്ന രീതിയിൽ, യേശുവിൻെറ പ്രാർത്ഥന എനിക്ക് ഹൃദയത്തിലേയ്ക്കുയയ്ക്കാനും പുറത്തേയ്ക്കെടുക്കാനും സാധിച്ചു. ഉള്ളിലേയ്ക്കു ശ്വാസം വലിക്കുമ്പോൾ ഞാൻ ഭാവനയിൽ എൻെറ ഹൃദയത്തിലേയ്ക്കു നോക്കിക്കൊണ്ട്, 'പ്രഭോ, യേശുനാഥാ,' എന്നു പറയുകയും പുറത്തേയ്ക്കു വിടുമ്പോൾ, 'അടിയനിൽ കനിവു കാണിച്ചാലും.' എന്നു പറയുകയും ചെയ്തു. ആദ്യമിതു് ഒരു മണിക്കൂർനേരം ചെയ്തു. പിന്നെ രണ്ടു മണിക്കൂർനേരം; പിന്നെ കഴിയുന്നിടത്തോളം സമയം; ഒടുവിൽ, മിക്കവാറും മുഴുവൻ ദിവസവും. എന്തെങ്കിലും വിഷമം നേരിട്ടാൽ, മടിയോ സംശയമോ എന്നെ പിടികൂടിയാൽ, ഞാൻ വേഗം അദ്ധ്യാത്മപ്രേമം എടുത്തു് ഹൃദയത്തിൻെറ പ്രവൎത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗങ്ങൾ വീണ്ടും വായിക്കും; അതോടെ വീണ്ടും പ്രാർത്ഥനയ്ക്കു ആവേശവും ഉത്സാഹവും തോന്നുകയും ചെയ്യും.

ഏകദേശം മൂന്നാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് നെഞ്ചിലൊരു നോവു തോന്നി; അതു കഴിഞ്ഞു് ആനന്ദപ്രദമായ ഒരു ചൂട്; അതോടൊപ്പം ശാന്തിയും സമാധാനവും. അതെന്നെ പൂൎവ്വാധികം ഉണൎത്തുകയും, പ്രാൎത്ഥന ചൊല്ലുന്നതിൽ എന്നെ കൂടുതൽകൂടുതൽ ശ്രദ്ധാലുവാകുന്നതിനു് ഉത്തേജിപ്പിക്കുകയും ചെയ്തു. അങ്ങനെ എൻെറ ചിന്തകളെല്ലാം അതിനെക്കുറിച്ചായി; എനിക്കു വലിയ ആനന്ദം തോന്നി. ഈ കാലംമുതൽ ഇടയ്ക്കിടെ എനിക്കെൻെറ ഹൃദയത്തിലും മനസ്സിലും അനേകം വിഭിന്നവികാരങ്ങൾ അനുഭവപ്പെട്ടുതുടങ്ങി. ചിലപ്പോൾ ആനന്ദം കവിഞ്ഞു

കവിയുന്നതായി ഹൃദയത്തിനു തോന്നും – അത്രയ്ക്കു ലാഘവവും സ്വാതന്ത്ര്യവും സമാധാനവും അതിലുണ്ടായിരുന്നു. ചിലപ്പോഠ യേശുക്രിസ്തുവിനോടും കത്താവിൻെറ സൃഷ്ടിജാലങ്ങളോടും എരിയുന്ന പ്രേമം തോന്നിയിരുന്നു. ഒരു നികൃഷ്ടപാപിയായ എന്നോട് ഇത്രയേറെ കാരുണ്യവാനായ സവ്വേശ്വരനോടുള്ള കൃതജ്ഞതയാൽ എൻെറ മിഴികളിൽ നീർ വഴിയും ചില വേളകളിൽ. മുമ്പ് അതിമൂഢമായിരുന്ന എൻെറ ബുദ്ധിക്ക്, നാളതുവരെ എനിക്ക് ആലോചിക്കാൻപോലും അസാദ്ധ്യങ്ങളായിരുന്ന കാര്യങ്ങഠ നിനയ്ക്കാനും എളുപ്പത്തിൽ ഗ്രഹിക്കാനും വേണ്ടത്ര വെളിച്ചം ലഭിച്ച ചില അവസരങ്ങളിൽ. ചിലപ്പോഠ ഹൃദയത്തിലെ ഊഷ്മളസന്തോഷം എന്നിൽ സവ്വാംഗം വ്യാപിക്കുകയും സവ്വത്ര സവ്വേശ്വരൻെറ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധം ഉണത്തപ്പെട്ടപ്പോഠ ഞാൻ വികാരതരളിതനാവുകയും ചെയ്തു. ചിലപ്പോഠ യേശുവിൻെറ തിരുനാമം ജപിച്ച് ആനന്ദവിവശനായിത്തീന്നു. 'സ്വഗ്ഗരാജ്യം നിന്നുള്ളിൽത്തന്നെയാകുന്നു.' എന്ന അരുളപ്പാടിൻെറ അത്ഥം എനിക്കിപ്പോഠ മനസ്സിലായി.

ഈവക കാര്യങ്ങളിൽനിന്നും മററനുഭൂതികളിൽനിന്നും എനിക്കു മനസ്സിലായി ആന്തരികപ്രാത്ഥന സഫലമാകുന്നതു മൂന്നു വിധത്തിലാണ് എന്ന്: ആത്മാവിൽ, വികാരങ്ങളിൽ, വെളിപാടുകളിൽ. ഉദാഹരണമായി, ആദ്യത്തേതിൽ, ഈശ്വരപ്രേമത്തിൻെറ മാധുര്യം, ആന്തരശാന്തി, മനസ്സന്തോഷം, ചിന്താശുദ്ധി, മധുരമായ ഈശ്വരസ്മരണം എന്നിവ അനുഭവപ്പെടുന്നു. രണ്ടാമത്തേതിൽ, സുഖപ്രദമായ ഹൃദയോഷ്മളത, സവ്വേന്ദ്രിയങ്ങളിലും പൂണ്ണാനന്ദം, ഹൃദയത്തിൽ ആഹ്ലാദകരമായ 'കുമിഞ്ഞുകവിയൽ', ഭാരമില്ലായ്മ, ധൈര്യം, ജീവിക്കുന്നതിലുള്ള ആനന്ദം, രോഗമോ ശോകമോ അറിയാതിരിക്കാനുള്ള ശക്തി,

എന്നിവ. അവസാനത്തേതിൽ, മനസ്സിനു കിട്ടുന്ന വെളിച്ചം, പരിശുദ്ധവേദത്തിൻെറ അൎത്ഥബോധം, ഇതരസൃഷ്ടികളുടെ ഭാഷ മനസ്സിലാക്കാനുള്ള കഴിവ്, ബദ്ധപ്പാടും ഡംഭും ഇല്ലായ്മ, അദ്ധ്യാത്മജീവിതത്തിൻെറ ആനന്ദത്തെക്കുറിച്ചുള്ള ബോധം, പിന്നെ, ഈശ്വരസാമീപ്യത്തെക്കുറിച്ചും അദ്ദേഹത്തിനു നമ്മോടുള്ള കാരുണ്യത്തെക്കുറിച്ചും ഉള്ള ദൃഢബോധം എന്നിവയും.

ഏകാന്തമായ ഈ പ്രാൎത്ഥനാജീവിതത്തിലും ഇതുമാതിരി ആനന്ദത്തിലും അഞ്ചുമാസം ജീവിച്ചുകഴിഞ്ഞപ്പോൾ, ഞാനതു് സൎവ്വസമയവും ചെയ്തുപോന്നു. അത്രയ്ക്കു ഞാൻ അതുമായി തന്മയനായിത്തീൎന്നിരുന്നു. ഒടുവിൽ എനിക്കു തോന്നി, എൻെറ പ്രേരണയൊന്നും കൂടാതെതന്നെ അതു സ്വയമേവ എൻെറ മനസ്സിലും ഹൃദയത്തിൻെറ അടിത്തട്ടിലും നടക്കുന്നതായിട്ടു്. ഉണൎന്നിരിക്കുമ്പോൾ മാത്രമല്ല, ഉറക്കത്തിലും അതങ്ങനെതന്നെ നടന്നുകൊണ്ടിരുന്നു. അതിനൊരു തടവുമില്ല. ഞാനെന്തുതന്നെ ചെയ്തുകൊണ്ടിരുന്നാലും അതു ഞൊടിയിടപോലും നിന്നില്ല. എൻെറ ആത്മാവു് സൎവ്വദാ സൎവ്വേശ്വരനു് നന്ദി സമൎപ്പിച്ചുകൊണ്ടിരുന്നു. അനുസ്യൂതമായ ആനന്ദംകൊണ്ടു് എൻെറ ഹൃദയം ദ്രവിച്ചുപോയി.

കാടു വെട്ടാനുള്ള കാലം വന്നു. ആളുകൾ കൂട്ടംകൂട്ടമായി വന്നുതുടങ്ങി. എനിക്കെൻെറ ഏകാന്തമായ പാൎപ്പിടം വിട്ടുപോകേണ്ടതായ് വന്നു. വനം കാവല്ക്കാരനു നന്ദി പറഞ്ഞു; ചില പ്രാർത്ഥനകൾ ചൊല്ലി; എന്നെപ്പോലെ തൻെറ കാരുണ്യത്തിനു് അനൎഹനായ എനിക്കു് ദൈവം തന്നരുളാൻ കനിഞ്ഞ ആ മണ്ണിൽ മുകൎന്നു; പുസ്തകങ്ങളടങ്ങിയ പൊക്കണമെടുത്തു് തോളത്തിട്ടു, ഞാനങ്ങു നടന്നു.

ഇർകുട്സ്കിൽ എത്തുന്നതുവരെ ഞാൻ വളരെക്കാലം പലയിടങ്ങളിലും ചുററിനടന്നു. ഹൃദയത്തിലെ സ്വയം പ്രവ

ത്തിക്കുന്ന പ്രാർത്ഥന വഴിക്കൊക്കെ എനിക്കു സുഖപ്രദവും ആശ്വാസകരവുമായിരുന്നു. എനിക്കെന്തുതന്നെ സംഭവിച്ചാലും അതെന്നെ ഒരിക്കലും ആനന്ദിപ്പിക്കാതിരുന്നിട്ടില്ല, പലയവസരങ്ങളിൽ പലയളവിലാണ് അതങ്ങനെ ചെയ്തുകൊണ്ടിരുന്നത് എന്നിരുന്നാലും. ഞാനെവിടെ ആയിരുന്നാലും എന്തു ചെയ്താലും എന്തിൽ മുഴുകിയാലും അതു് ഒരു കാര്യത്തെയും തടഞ്ഞില്ല; ഒന്നിനാലും അതു് തടയപ്പെട്ടുമില്ല. ഞാനെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ പ്രാർത്ഥന സ്വയമേവ എൻെറ ഹൃദയത്തിൽ നടന്നുകൊണ്ടിരിക്കും; ജോലി കൂടുതൽ വേഗത്തിൽ നടക്കുകയും ചെയ്യും. ഞാനെന്തെങ്കിലും സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കുകയോ പാരായണം ചെയ്യുകയോ ആണെന്നിരിക്കട്ടെ, പ്രാർത്ഥന ഒരിക്കലും മുടങ്ങുന്നില്ല; ഒരേ ഒരു സമയത്തു് രണ്ടിനെക്കുറിച്ചും ഞാൻ ബോധവാനാണ്, എന്നെ രണ്ടാളുകളാക്കിയതുപോലെ; അഥവാ, എൻെറ ഒരു ശരീരത്തിൽ രണ്ടു് ആത്മാക്കൾ ഉള്ളതുപോലെ. 'പ്രഭോ, എന്തൊരദ്ഭുതവസ്തുവാണ് മനുഷ്യൻ! അവിടുത്തെ വേലകൾ എത്ര വിവിധങ്ങൾ, നാഥാ! സർവ്വജ്ഞതയിൽക്കൂടിയാണ് അവിടുന്ന് അവയെ എല്ലാം നിർമ്മിച്ചിരിക്കുന്നതു്.'

ഞാനെൻെറ പാട്ടിനു പൊയ്ക്കൊണ്ടിരിക്കെ അനേകം വിചിത്രങ്ങളും അപ്രതീക്ഷിതങ്ങളുമായ അനുഭവങ്ങളും പലതും സംഭവിച്ചു. അവയൊക്കെ ഞാൻ പറയാൻ തുടങ്ങിയാൽ ഒരു ദിവസം മുഴുവൻ രാപകൽ പറഞ്ഞാലും തീരുകയില്ല. ഉദാഹരണത്തിന് ഒരനുഭവം പറയാം. മഞ്ഞുകാലത്തു് ഒരു ദിവസം വൈകുന്നേരം ഞാൻ തനിച്ചു കാട്ടിൽകൂടി അങ്ങനെ പൊയ്ക്കൊണ്ടിരുന്നു. ഒരു ഗ്രാമത്തിലേയ്ക്കു പോവുകയാണ്; ഒരു മൈലകലെ ആ ഗ്രാമം എൻെറ കണ്ണിൽ പെടുകയും ചെയ്തു. അന്നു രാത്രി അവിടെ കഴിക്കാനാണ് ഉദ്ദേശം. പെട്ടെന്നതാ ഒരു വലിയ ചെന്നായ്! അതെൻെറ നേർക്കു പാഞ്ഞുവന്നു. എനി

ക്കെൻെറ കൈയ്യിൽ ആചാര്യൻെറ കമ്പിളികൊണ്ടുണ്ടാക്കിയ ജപമാലയുണ്ടായിരുന്നു. അതു് ഞാൻ എപ്പോഴും കൂടെ കൊണ്ടുനടക്കാറുണ്ട്. ഞാനതുകൊണ്ടു് ആ നായ്ക്കിട്ട കൊടുത്തു ഒരടി. അപ്പൊഴേ, മാല എൻെറ കൈയ്യിൽ നിന്നും പൊട്ടി ചെന്നായുടെ കഴുത്തിനു ചുററും ചുററി. അവൻ എൻെറയടുത്തുനിന്നും കുതിച്ചു; ഒരു മുൾച്ചെടിക്കൂട്ടത്തിനിടയ്ക്കുകൂടി കുതിക്കുന്നതിനിടയ്ക്കു് അവൻെറ പിൻകാലുകൾ അതിൽ കുടുങ്ങി. മാല അടുത്തുള്ള ഉണങ്ങിയ ഒരു മരത്തിൻെറ കൊമ്പിൽ ചുററി: അവൻ കിടന്നു പിടയ്ക്കാൻ തുടങ്ങി. പിടയ്ക്കുംതോറും മാല കഴുത്തിൽ ഇറുകിയതിനാൽ അവനു് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ഞാൻ വിശ്വാസപൂർവ്വം കുരിശും വരച്ചുകൊണ്ടു്, അവനെ വേർപെടുത്താൻ മുമ്പോട്ടു ചെന്നു. അതിനു പ്രധാനകാരണം, അവൻ എൻെറ മാലയും പൊട്ടിച്ചുകൊണ്ടു് പാഞ്ഞാൽ എനിക്കു് എൻെറ വിലയേറിയ മാല നഷ്ടപ്പെടുമല്ലൊ എന്നുള്ള ഭയമാണു്. എന്നിട്ടോ? ഞാൻ മാല പിടിച്ചതും അതു കുതറി പ്രാണനുംകൊണ്ടു പാഞ്ഞു. എൻെറ ആചാര്യനെ മനസ്സിൽ നിനച്ചുകൊണ്ടു് ഞാൻ ദൈവത്തെ വാഴ്ത്തി. യാതൊരു കേടുപാടുംകൂടാതെ സുഖമായി ഞാൻ ആ ഗ്രാമത്തിലെത്തി; അവിടെ ഒരു സത്രത്തിൽ ഒരു രാത്രി തങ്ങാനുള്ള അനുവാദം ചോദിച്ചു.

ഞാൻ കെട്ടിടത്തിനകത്തു കടന്നു. രണ്ടാളുകൾ – ഒരാൾ വൃദ്ധൻ, മററയാൾ മദ്ധ്യവയസ്സനും സ്ഥൂലകായനും – ഒരു മൂലയ്ക്കു് മേശയ്ക്കരികേ ചായയും കുടിച്ചുകൊണ്ടു് ഇരിപ്പുണ്ടു്. വെറും നാടന്മാരല്ലെന്നു് അവരെ കണ്ടാൽ തോന്നും. അവരുടെ കുതിരയുടെ അടുത്തു നിന്നിരുന്ന ഒരു ഗ്രാമീണനോടു് അവർ ആരാണെന്നു ഞാൻ ചോദിച്ചു. അവരിൽ മൂത്തയാൾ പ്രാഥമികവിദ്യാലയത്തിലെ ഒരദ്ധ്യാപകനാണെന്നും, അപരൻ ജില്ലാക്കോടതിയിൽ ഒരു ഗുമസ്തൻ ആണെന്നും അയാളെന്നോടു പറഞ്ഞു. അവരിരുവരും ഭേദപ്പെട്ട

ആളുകളുടെ കൂട്ടത്തിൽ പെട്ടവരായിരുന്നു. കുതിരക്കാരൻ അവരെ പത്തുപന്ത്രണ്ടു മൈലകലെ ഒരുത്സവത്തിനു കൊണ്ടു പോവുകയാണു്. കുറച്ചുനേരം ഇരുന്നിട്ടു ഞാൻ ആതിഥേയിയോടു് അല്പം നൂലും സൂചിയും മേടിച്ചു: മെഴുകുതിരിവിളക്കിൻെറ അടുത്തേയ്ക്കു മാറിയിരുന്നു; എന്നിട്ടു് എൻെറ പൊട്ടിയ മാല തുന്നി നേരെയാക്കാൻ തുടങ്ങി.

ഞാൻ ചെയ്യുന്നതു നോക്കിക്കണ്ടുകൊണ്ടു് ഗൃഹസ്ഥൻ ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ മാല പൊട്ടിപ്പോകാൻ പാകത്തിനു് അത്ര കഠിനമായിട്ടു ജപിച്ചിരുന്നുവെന്നു തോന്നുന്നല്ലൊ ?'

'ഞാനല്ല അതു പൊട്ടിച്ചതു്.' ഞാൻ പറഞ്ഞു: 'അതൊരു ചെന്നായ് പററിച്ച പണിയാണു്.'

'എന്തു്! ചെന്നായോ? ചെന്നായ്ക്കളും നാമം ജപിക്കാറുണ്ടോ ?' അയാൾ കളിയാക്കിക്കൊണ്ടു ചോദിച്ചു.

നടന്നതൊക്കെ ഞാനവരെ പറഞ്ഞുകേൾപ്പിച്ചു: ആ മാല എനിക്കു് എത്ര വിലയേറിയതാണെന്നും പറഞ്ഞു. ഗൃഹസ്ഥൻ വീണ്ടും ചിരിച്ചു, പറഞ്ഞു: 'നിങ്ങൾ കപടയോഗികൾക്കു് അദ്‌ഭുതങ്ങൾ എപ്പൊഴും ഉണ്ടായ്ക്കൊണ്ടിരിക്കുന്നു! അമ്മാതിരിയൊരു കാര്യത്തിൽ ദിവ്യമായിട്ടെന്തിരിക്കുന്നു? നടന്നതോ, നിങ്ങൾ ചെന്നായുടെ നേരേ എന്തോ വീശി; അവൻ പേടിച്ചു, മണ്ടി. അത്രതന്നെ. എറിയാൻ ഓങ്ങിയാൽ നായ്ക്കളും ചെന്നായ്ക്കളും ഭയപ്പെടും, തീർച്ച; മരത്തിൻെറ കൊമ്പത്തു കുടുങ്ങിപ്പോകുന്നതു സാധാരണ സംഭവിക്കാറുള്ളതുമാണു്. അങ്ങനെയൊക്കെ പലപ്പോഴും പററാറുണ്ടു്. അതിൽ അദ്‌ഭുതം എവിടെ ?'

അതിനു വൃദ്ധൻ ഇങ്ങനെ സമാധാനം പറഞ്ഞു: 'അങ്ങനെയങ്ങു നിഗമനങ്ങളിലേയ്ക്കു് എടുത്തു ചാടൊല്ലേ, സർ. ആ സംഭവത്തിൻെറ ഗഹനവശങ്ങൾ നിങ്ങൾ ഗ്രഹിച്ചിട്ടില്ല. ഈ ഗ്രാമീണൻെറ കഥയിൽ ഞാൻ പ്രകൃതിയുടെ

രഹസ്യങ്ങൾ, ഐന്ദ്രിയകവും ആദ്ധ്യാത്മികവും, രണ്ടും, കാണുന്നു.'

'അതെങ്ങനെ ?' ഗൃഹസ്ഥൻ ചോദിച്ചു.

'ശരി, ഇതാ കേട്ടോളു. ഏററവും ഉയൎന്ന വിദ്യാഭ്യാസം നിങ്ങൾക്കു ലഭിച്ചിട്ടില്ലെങ്കിലും, പള്ളിക്കൂടത്തിൽ ഉപയോഗിക്കുന്ന ചോദ്യോത്തരങ്ങളിൽ സംഗ്രഹിച്ചിട്ടുള്ള രൂപത്തിൽ പഴയതും പുതിയതുമായ വേദപുസ്തകങ്ങളുടെ ദിവ്യചരിത്രം നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടു് എന്നുള്ളതു തീൎച്ചയാണല്ലൊ. നിങ്ങൾ ഓൎമ്മിക്കുന്നുണ്ടല്ലൊ, നമ്മുടെ പിതാവു് ആദാം ദിവ്യമായ നിഷ്കളങ്കാവസ്ഥയിലായിരുന്നപ്പോൾ സകല ജന്തുക്കളും അദ്ദേഹത്തോടു് അനുസരണമുള്ളവരായിരുന്നു; അവർ ഭയത്തോടെ അദ്ദേഹത്തെ സമീപിച്ചിരുന്നു; എന്നിട്ടു് അദ്ദേഹത്തിൽനിന്നും തങ്ങളുടെ പേരുകൾ സ്വീകരിച്ചിരുന്നു, എന്നൊക്കെ. ഈ ജപമാലയുടെ ഉടമസ്ഥനായിരുന്ന വൃദ്ധൻ ഒരു വിശുദ്ധനായിരുന്നു. ആട്ടെ; വിശുദ്ധി എന്നുവെച്ചാൽ എന്താണൎത്ഥം? ഒരു പാപിയെ സംബന്ധിച്ചിടത്തോളം അതിന്റെ അൎത്ഥം, പ്രയത്നത്തിലും ശിക്ഷണത്തിലും കൂടി ആദിമമനുഷ്യന്റെ നിഷ്കളങ്കമായ അവസ്ഥയിലേയ്ക്കുള്ള പ്രതിപ്രയാണം, എന്നു മാത്രമാകുന്നു. ആത്മാവിനെ ശുദ്ധീകരിക്കുമ്പോൾ ശരീരവും ശുദ്ധമാക്കപ്പെടുന്നു. ആ മാല എപ്പൊഴും ഒരു പവിത്രീകൃതനായ ആളുടെ കൈയ്യിൽത്തന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ കൈയ്കളുമായുള്ള സമ്പൎക്കവും ദേഹത്തിൽനിന്നു പുറപ്പെടുന്ന ആവിയും അതിൽ ദിവ്യശക്തി – ആദിമമനുഷ്യന്റെ നിഷ്കളങ്കതയുടെ ശക്തി–അനുപ്രവേശിപ്പിച്ചിട്ടുണ്ടാവും. അതാണു് ആദ്ധ്യാത്മികമായ രഹസ്യം! സകല ജന്തുക്കളും പരമ്പരയാ നാളിതുവരെ ഈ ശക്തി അനുഭവിച്ചിട്ടുണ്ടു്. ഗന്ധത്തിൽക്കൂടിയാണു് അവയിതു് അനുഭവിക്കുന്നതു്; കാരണം, എല്ലാ ജന്തുക്കൾക്കും നാസിക

യാണു് ജ്ഞാനേന്ദ്രിയങ്ങളിൽ മുഖ്യമായതു്. അതാണു് ഐന്ദ്രിയകമായ രഹസ്യം.'

'നിങ്ങറം പഠിപ്പുള്ള ആളുകറം ബലത്തെക്കുറിച്ചും വിജ്ഞാനത്തെക്കുറിച്ചുമൊക്കെ പറഞ്ഞുകൊണ്ടു നടക്കുന്നു.' ഗ്ഗമസ്റ്റൻ പറഞ്ഞു: 'എന്നാൽ ഞങ്ങളോ, കാര്യങ്ങറം കുറേ ക്കൂടി ലളിതമായിട്ടെടുക്കുന്നു. കോപ്പ നിറയെ ചാരായം പകരുക, അതു മോന്തുക; അതു തരും വേണ്ടുവോളം കരുത്തു്.' എന്നിട്ടു് അയാറം അലമാരയുടെ നേരേ പോയി.

'അതു തൻെറ തൊഴിൽ,' അദ്ധ്യാപകൻ പറഞ്ഞു, 'പക്ഷെ, ദയവു ചെയ്തു് പഠിത്തത്തിൻെറ കാര്യം ഞങ്ങറംക്കു വിട്ടേക്കുക!'

അദ്ദേഹം കാര്യങ്ങറം പറഞ്ഞ രീതി എനിക്കു പിടിച്ചു. ഞാൻ കുറച്ചുകൂടി അദ്ദേഹത്തോടു് അടുത്തുചെന്നു; എന്നിട്ടു ചോദിച്ചു: 'താതപാദരേ, അവിടുത്തോടു് എൻെറ ആചാര്യനെക്കുറിച്ചു് കുറച്ചു കാര്യങ്ങളും കൂടി ഞാൻ പറയട്ടെയോ ?' അതനുസരിച്ചു്, ഉറക്കത്തിൽ ആചാര്യൻ ആവിർഭവിച്ചതിനെക്കുറിച്ചും, അദ്ദേഹം എനിക്കു തന്ന ഉപദേശത്തെക്കുറിച്ചും, അദ്ദേഹം അദ്ധ്യാത്മപ്രേമത്തിൽ കരികൊണ്ടു വരച്ച വരയെക്കുറിച്ചുമൊക്കെ ഞാൻ പറഞ്ഞു. ഞാൻ പറഞ്ഞതൊക്കെ ആ വൃദ്ധൻ ശ്രദ്ധിച്ചു കേട്ടു. എന്നാൽ ഒരു ബെഞ്ചിൽ നീണ്ടുനിവന്നു കിടന്നിരുന്ന ഗ്ഗമസ്റ്റൻ പിറുപിറുത്തു: 'വേദപുസ്തകം അധികം വായിച്ചാൽ മൂള ഇളകിപ്പോകുമെന്നു പറയുന്നതു നേരുതന്നെയാണു്; അതാണു സംഗതി. ഒരു ഭൂതത്താൻ രാത്രിയിൽ വന്നു നിങ്ങളുടെ പുസ്തകത്തിൽ അടയാളമിടുമെന്നോ നിങ്ങറം കരുതുന്നതു് ? ഉറക്കത്തിൽ പുസ്തകം നിങ്ങളുടെ കൈയ്യിൽനിന്നും താഴെ വീണു; അതിൽ കുറെ കരി പററി

ഒരടയാളവും വീണു. അതാണു നിങ്ങളുടെ അദ്ഭുതം! ഓ! കുറുക്കന്മാർ, ഞാനീപരിഷകളെ വേണ്ടുവോളം കണ്ടിട്ടുണ്ടു്.'

ഇങ്ങനെ മുറുമുറുത്തുകൊണ്ടു് അയാഠം തിരിഞ്ഞു് മുഖം ചുമരിനുനേരെയാക്കിക്കൊണ്ടു് കിടന്നുറങ്ങി. അതിനാൽ ഞാൻ അദ്ധ്യാപകൻെറ നേക്കു തിരിഞ്ഞു പറഞ്ഞു: 'താങ്കഠം അനുവദിക്കുന്നപക്ഷം ഞാൻ ആ പുസ്തകംതന്നെ കാണിക്കാം. നോക്കു, ഇതു വാസ്തവമായും വരച്ചിരിക്കുകയാണു്; കരി പുരണ്ടു വൃത്തികേടായതല്ല.' ഞാനതെൻെറ സഞ്ചിയിൽനിന്നും എടുത്തു കാണിച്ചുകൊടുത്തു. 'ശരീരമില്ലാത്ത ഒരു ആത്മാവു് എങ്ങനെയാണു് ഒരു കരിക്കട്ട പെറുക്കിയെടുത്തു് അതുകൊണ്ടു് അടയാളമിട്ടതു് എന്നതാണു് എന്നെ ആശ്ചര്യപ്പെടുത്തുന്ന സംഗതി.' ഞാൻ പറഞ്ഞു. അദ്ദേഹം അടയാളം നോക്കിയിട്ടു പറഞ്ഞു: 'ഇതും ഒരു ആദ്ധ്യാത്മികരഹസ്യമാകുന്നു. ഞാനതു നിങ്ങഠംക്കു് വിശദമാക്കിത്തരാം. നോക്കു, ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻെറ മുമ്പിൽ പ്രേതാത്മാക്കഠം ശരീരത്തോടുകൂടി പ്രത്യക്ഷപ്പെടുമ്പോഠം, അവ വായുവിൽനിന്നും ഭൗതികപദാൎത്ഥങ്ങളിൽനിന്നും തങ്ങഠംക്കു് ഒരു ശരീരം രൂപപ്പെടുത്തിയെടുക്കുന്നു. പിന്നീടു് അവ കടം മേടിച്ച വസ്തുക്കഠം ഭൂതങ്ങഠംക്കു് മടക്കിക്കൊടുക്കുകയും ചെയ്യുന്നു. അന്തരീക്ഷത്തിനു് സങ്കോചവികാസശക്തി — ചുരുങ്ങാനും പെരുകാനും ഉള്ള ഒരു ശക്തി — ഉള്ളതുപോലെ. അതിനാൽ ആവൃതനായ ആത്മാവിനു് എന്തും എടുക്കാം, കൈയ്ക്കാര്യം ചെയ്യാം, എഴുതാം. ആട്ടെ, ഇതെന്തു പുസ്തകമാണു് ? ഞാനതൊന്നു നോക്കട്ടെ.' അദ്ദേഹം അതു നോക്കാൻ തുടങ്ങി; പുതിയ ദൈവവിജ്ഞാനിയായ സൈമൻെറ ധൎമ്മോപദേശങ്ങഠം ഉഠംക്കൊള്ളുന്ന ഭാഗം തുറന്നു. 'ഹാ, ഇതൊരു ദൈവവിജ്ഞാനഗ്രന്ഥമായിരിക്കണമല്ലൊ. ഞാനിതു മുമ്പു കണ്ടിട്ടില്ല.' അദ്ദേഹം പറഞ്ഞു.

'യേശുക്രിസ്തുവിൻെറ നാമത്തിൽ ഹൃദയത്തിലെ ആന്തരികപ്രാൎത്ഥനയെക്കുറിച്ചാണ് അതിൽ ഒട്ടുമുഴുവനും പ്രതിപാദിക്കുന്നതു്.' ഞാൻ പറഞ്ഞു: 'അതിവിടെ തികച്ചും വിശദമായി ഇരുപത്തിയഞ്ചു പരിശുദ്ധപിതാക്കന്മാർ വൎണ്ണിച്ചിരിക്കുന്നു.'

'ആ! ആന്തരികപ്രാൎത്ഥനയെക്കുറിച്ചു ചിലതൊക്കെ എനിക്കറിയാം.' അദ്ദേഹം പറഞ്ഞു.

ഞാൻ നിലംമുട്ടെ അദ്ദേഹത്തിൻെറ മുമ്പിൽ താണു വണങ്ങി; എന്നിട്ട് ആന്തരികപ്രാൎത്ഥനയെക്കുറിച്ച് എനിക്കു് പറഞ്ഞുതരാൻ അപേക്ഷിച്ചു.

'ശരി, ''മനുഷ്യരും എല്ലാ ജീവജാലങ്ങളും അഹംമതിക്കു് അധീനരാണു്, പക്ഷെ സ്വേച്ഛയാ അല്ല.'' എന്നും ദൈവസന്താനങ്ങളുടെ സ്വാതന്ത്ര്യത്തിൽ പ്രവേശം ലഭിക്കാൻ ആശയോടും പ്രയത്നത്തോടും കൂടി അവർ നെടുവീൎപ്പിടുന്നു എന്നും നവീനവേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടു്. ജീവികളുടെ അജ്ഞാതാൎത്ഥമായ ദീൎഘനിഃശ്വാസം, ഓരോ ജീവൻെറയും ഈശ്വരാഭിമുഖമുള്ള ജന്മസിദ്ധമായ ആകാംക്ഷ, ശരിക്കും അതുതന്നെയാണു് ആന്തരിക പ്രാർത്ഥന. അതു പഠിക്കേണ്ട ആവശ്യമില്ല. അതു് നമ്മിലോരോരുത്തരിലും ജന്മസിദ്ധമായിട്ടുണ്ടു്.'

'എന്നിരുന്നാലും അതു തന്നിൽ കണ്ടെത്താൻ, അതു തൻെറ ഹൃദയത്തിൽ അനുഭവിക്കാൻ, തൻെറ ഇച്ഛാശക്തി കൊണ്ടു് അതിനെ അംഗീകരിക്കാൻ, അതു് കൈയ്ക്കൊള്ളാനും അതിൻെറ സന്തോഷവും പ്രകാശവും അനുഭവിക്കാനും, അങ്ങനെ മുക്തിപദത്തിലെത്താൻ, എന്താണു് ഒരുവൻ ചെയ്യേണ്ടതു് ?' ഞാൻ ചോദിച്ചു.

'ആ വിഷയത്തെക്കുറിച്ചു ദൈവവിജ്ഞാനഗ്രന്ഥങ്ങളിൽ എന്തെങ്കിലും പറയുന്നുണ്ടോ എന്നെനിക്കറിഞ്ഞു കൂടാ.' അദ്ദേഹം പറഞ്ഞു.

'ശരി, അതിവിടെയുണ്ടു്; അതെല്ലാം ഇവിടെ വിവരിച്ചിട്ടുണ്ടു്.' ഞാൻ എൻെറ പുസ്തകം വീണ്ടും കാണിച്ചു കൊണ്ടു മറുപടി നൽകി. അദ്ധ്യാപകൻ പുസ്തകത്തിൻെറ പേരു നോക്കിയിട്ടു് തോബോൾസ്കിൽനിന്നും ഒരെണ്ണം തീർച്ചയായും വരുത്തുമെന്നും അതു പഠിക്കുമെന്നും പറഞ്ഞു. അദ്ധ്യാപകനുമായി നടന്ന ഈ സംഭാഷണത്തിനു് ഞാൻ ഈശ്വരനു നന്ദി പറയുകയും, ആ ഗ്രന്ഥമസ്തനം അദ്ധ്യാത്മ പ്രേമം ഒരിക്കലെങ്കിലും വായിക്കാൻ ഇടയാവുകയും തദ്വാരാ മുക്തി കണ്ടെത്തുകയും ചെയ്യുമാറു് ഈശ്വരൻ സംഗതികൾ സൗകര്യപ്പെടുത്തണേയെന്നു് പ്രാർത്ഥിക്കുകയും ചെയ്തു.

പിന്നെയൊരിക്കൽ – ഒരു വസന്തകാലത്തായിരുന്നു അതു് – ഞാനൊരു ഗ്രാമത്തിൽക്കൂടി കടന്നുപോയി. അവിടെ ഒരു പുരോഹിതൻെറ കൂടെയാണു് താമസിച്ചതു്. അദ്ദേഹം ഒരു യോഗ്യനായ മനുഷ്യൻ; ഒററയ്ക്കാണു താമസിച്ചിരുന്നതു്. ഞാൻ അദ്ദേഹത്തിൻെറകൂടെ മൂന്നുനാൾ കഴിച്ചു. അത്രയും നാൾ എന്നെ നോക്കി മനസ്സിലാക്കിയ ശേഷം അദ്ദേഹം എന്നോടു പറഞ്ഞു: 'ഇവിടെ താമസിക്കൂ. ഞാൻ തനിക്കു വല്ല ശമ്പളവും തരാം. വിശ്വസ്തനായ ഒരാളെ എനിക്കാവശ്യമുണ്ടു്: ഇവിടെ മരംകൊണ്ടു തീർത്ത പഴയ പള്ളിയുടെ അടുത്തു് കല്ലുകൊണ്ടു് ഒരു പള്ളി പണിയാൻ പോവുകയാണു് ഞങ്ങൾ എന്നു കാണുന്നുണ്ടല്ലൊ. വേലക്കാരുടെ മേൽനോട്ടം വഹിക്കുന്നതിനും പള്ളി പണിക്കു കിട്ടുന്ന കാണിക്ക കാത്തുസൂക്ഷിക്കാൻ കുരിശു പള്ളിയിൽ താമസിക്കുന്നതിനുമായി ഒരാളെ ഞാൻ തേടി ക്കൊണ്ടിരിക്കുകയാണു്. അതു തന്നെയാണു തനിക്കു പററിയ പണി; തൻെറ ജീവിതരീതിക്കു് ശരിക്കും ഇണങ്ങുന്ന ഒന്നാണതു്. കുരിശുപള്ളിയിൽ താൻ മാത്രമേ ഉണ്ടായിരിക്കൂ; തനിക്കു പ്രാർത്ഥിക്കുകയും ചെയ്യാം. കോൽക്കാരനു

പാക്കാൻ വേണ്ടി ഒരു ചെറിയ മുറിയുണ്ടിവിടെ. കെട്ടിടം പണി തീരുന്നതുവരെയെങ്കിലും ദയവു ചെയ്തു് ഇവിടെ താമസിക്കു.'

കുറെയേറെനേരം ഞാൻ വയ്യെന്നു പറഞ്ഞു; പക്ഷെ ഒടുവിൽ എനിക്കു് ആ നല്ലവനായ പുരോഹിതൻെറ അപേക്ഷയ്ക്കു് കീഴടങ്ങേണ്ടതായി വന്നു. ഞാനവിടെ ശരത്കാലംവരെ താമസിച്ചു; കുരിശുപള്ളിയിലാണു പാർത്തതു്. കുരിശുപള്ളിയിൽ അനേകമാളുകരം വന്നു കൊണ്ടിരുന്നെങ്കിലും – വിശേഷിച്ചും ഒഴിവുദിവസങ്ങളിൽ – ചിലർ പ്രാർത്ഥിക്കാൻ, ചിലർ മുഷിവു പോക്കാൻ, ചിലർ കാണിക്കത്തളികയിൽനിന്നു കക്കാൻ തക്കം കിട്ടുമോ എന്നു നോക്കാൻ – ഇങ്ങനെ പലരും പലതിനും വന്നിരുന്നെങ്കിലും, ആദ്യമൊക്കെ അതൊരു ശാന്തവും പ്രാർത്ഥനയ്ക്കു പററിയതുമായ സ്ഥാനമായിട്ടാണു ഞാൻ കണ്ടതു്. ഞാൻ വേദപുസ്തകവും അദ്ധ്യാത്മപ്രേമവും എന്നും വൈകുന്നേരം വായിച്ചു. ഇതു കണ്ടു് ചിലർ അതിനെക്കുറിച്ചു് എന്നോടു സംസാരിക്കുകയോ അവരെ വായിച്ചുകേരംപ്പിക്കാൻ ആവശ്യപ്പെടുകയോ ചെയ്തു.

ഒരു നാടൻ പെൺകുട്ടി കൂടെക്കൂടെ കുരിശുപള്ളിയിൽ വരുകയും വളരെനേരം പ്രാർത്ഥനയിൽ കഴിക്കുകയും ചെയ്യുന്നതായി കുറച്ചു കഴിഞ്ഞപ്പോരം എൻെറ ശ്രദ്ധയിൽ പെട്ടു. അവളുടെ പിറുപിറുക്കൽ ശ്രദ്ധിച്ചപ്പോരം, അവരം ചൊല്ലുന്ന പ്രാർത്ഥനകളിൽ ചിലതൊക്കെ എനിക്കു തികച്ചും അപരിചിതങ്ങളും ബാക്കിയുള്ളവ സാധാരണ പ്രാർത്ഥനകളുടെ വികൃതരൂപവും ആണെന്നു മനസ്സിലായി. അതൊക്കെ എവിടെ നിന്നാണു പഠിച്ചതു് എന്നു ഞാൻ അവളോടു ചോദിച്ചാറെ, പള്ളിയിൽ പോകുന്ന തൻെറ അമ്മയുടെ അടുത്തുനിന്നാണെന്നും, അപ്പൻ പുരോഹിതസമ്പ്രദായമില്ലാത്ത ഒരു മതവിഭാഗത്തിൽപ്പെട്ട ആളാണെന്നും,

അവഠം പറഞ്ഞു് ഞാനറിഞ്ഞു. അവളിൽ അനുതാപം തോന്നി ഞാൻ വിശുദ്ധപള്ളിയുടെ പാരമ്പര്യമനുസരിച്ച ശരിയായ രീതിയിൽ പ്രാൎത്ഥന പാരായണം ചെയ്യാൻ അവളോടു് ഉപദേശിച്ചു. എന്നിട്ടു ഞാനവളെ * ഈശ്വര പ്രാൎത്ഥനയുടെയും §വിശുദ്ധകന്യാമറിയമേ എന്നതിൻെറ യും ശരിയായ രൂപം പഠിപ്പിച്ചു. അവസാനം ‡യേശു വിൻെറ പ്രാൎത്ഥന അവഠംക്കു് ആവുന്നത്ര പ്രാവശ്യം ജപി ക്കാൻ ഉപദേശിക്കുകയും ചെയ്തു; കാരണം, അതു് മററു് ഏതു പ്രാൎത്ഥനയേയുംകാഠം കൂടുതൽ ഒരുവനെ ഈശ്വര നോടു് അടുപ്പിക്കുന്നു. അവഠം ഞാൻ പറഞ്ഞതു് ശ്രദ്ധിച്ചു; നിഷ്കപടമായിട്ടു് അതനുസരിച്ചു പ്രവൎത്തിക്കാനും തുടങ്ങി. എന്നിട്ടെന്തുണ്ടായി? കുറച്ചു കാലം കഴിഞ്ഞപ്പോഠം അവഠം പറഞ്ഞു എല്ലാ നേരവും പ്രാൎത്ഥന തന്നെ പിടിച്ചുവലിക്കു ന്നതായി തോന്നുമാറു് അതുമായി അത്ര ശീലമായി എന്നു്; തന്നാലാവുന്നത്ര ജപിക്കുന്നുണ്ടെന്നു്; പ്രാൎത്ഥിക്കുന്ന സമ യത്തു് സന്തോഷം തോന്നുന്നു എന്നു്; അതു കഴിഞ്ഞാൽ ഉള്ളിൽ ആനന്ദം നിറയുന്നതായും അതു വീണ്ടും ചൊല്ലാൻ ആഗ്രഹം തോന്നുന്നതായും അനുഭവപ്പെടുന്നു എന്നു്. അതു കേട്ടു് എനിക്കു സന്തോഷം തോന്നി. അതു് ഏറെയേറെ അനുശീലിക്കാൻ അവളെ ഞാൻ ഉപദേശിക്കുകയും ചെയ്തു.

വേനല്ക്കാലം കഴിയാറായി. കുരിശുപള്ളിയിൽ വന്നിരുന്ന പലരും എന്നെയും കാണാൻ വന്നുകൊണ്ടിരുന്നു; വായന കേഠക്കാനും ഉപദേശം ലഭിക്കാനും മാത്ര മല്ല, എല്ലാത്തരം ലൗകികപ്രശ്നങ്ങളെക്കുറിച്ചും – കളഞ്ഞു പോവുകയോ മറന്നുകളയുകയോ ചെയ്തിട്ടുള്ള സാധനങ്ങളെ ക്കുറിച്ചുപോലും – ചോദിക്കാനായിട്ടും. അവരിൽ ചിലർ

---

* Lord's Prayer

§ Hail Mary

‡ Prayer of Jesus

എന്നെയൊരു മാന്ത്രികനായിട്ടു കരുതുന്നതായും തോന്നി. ഞാൻ പറഞ്ഞ പെൺകുട്ടി ഒരു ദിവസം വല്ലാതെ സങ്കടപ്പെട്ടു വിഷമിച്ചു് എന്താണു ചെയ്യേണ്ടതെന്നറിയാതെ എൻെറയടുത്തു വന്നു. അവളുടെ അപ്പൻ അവളെ അയാളുടെ മതത്തിൽപ്പെട്ട ഒരാൾക്കു കെട്ടിക്കൊടുക്കാൻ ആഗ്രഹിച്ചു; അതും കല്യാണം നടത്തുന്നതു പുരോഹിതനല്ല, പിന്നെയോ, അതേ സമ്പ്രദായത്തിൽപ്പെട്ട ഒരു വെറും ഗ്രാമീണൻ! 'അതെങ്ങനെയാണു നിയമാനുസൃതമായ വിവാഹമാകുന്നതു്, അതു വ്യഭിചാരമാവില്ലേ ?' അവൾ ആക്രോശിച്ചു. എങ്ങോട്ടെങ്കിലും ഓടിപ്പോകാൻ അവൾ തീർച്ചപ്പെടുത്തിയിരുന്നു.

'പക്ഷേ, എങ്ങോട്ടു് ?' ഞാൻ ചോദിച്ചു: 'അവർ നിന്നെ തേടിപ്പിടിക്കുമെന്ന കാര്യം തീർച്ച. അവർ എല്ലായിടത്തും അന്വേഷിക്കും; അവരിൽനിന്നും ഒളിച്ചു നിനക്കു് എങ്ങും താമസിക്കാനാവില്ല. അപ്പൻെറ നിശ്ചയം മാററിത്തരാനും പാപത്തിൽനിന്നും വിശ്വാസദൂഷണത്തിൽനിന്നും നിൻെറ ആത്മാവിനെ കാത്തരുളാനും ദൈവത്തോടു നീ ഉള്ളുരുകി പ്രാർത്ഥിക്കുകയായിരിക്കും നല്ലതു്. ഒളിച്ചോടുന്നതിലും വളരെയേറെ നല്ല ഒരുപായമായിരിക്കും അതു്.'

അങ്ങനെ കാലം കടന്നുപോയി; ഈ ഒച്ചയും ബഹളവുമൊക്കെ എനിക്കു് താങ്ങാവുന്നതിലും അധികമായിത്തുടങ്ങി. ഒടുവിൽ, വേനലിൻെറ അറുതിയോടുകൂടി ഞാൻ കുരിശുപള്ളിയോടു വിടവാങ്ങാനും പഴയപടി എൻെറ തീർത്ഥാടനം തുടരാനും തീരുമാനിച്ചു. എൻെറ മനസ്സിലുണ്ടായിരുന്നതു് ഞാനീവിധത്തിൽ പുരോഹിതനെ അറിയിച്ചു: 'അച്ചാ, എൻെറ പരിപാടികൾ അങ്ങേയ്ക്കറിയാവുന്നതാണല്ലോ. എനിക്കു പ്രാർത്ഥനയ്ക്കു് ഏകാന്തത വേണം. എനിക്കിവിടെ വല്ലാത്ത ശല്യവും വിഷമവുമാണു്; വേനക്കാലം മുഴുവൻ ഞാനിവിടെ കഴിക്കുകയും ചെയ്തല്ലോ.

ഇനിയെന്നെ പോകാൻ അനുവദിക്കുക. എൻെറ ഏകാന്ത യാത്രയ്ക്ക് അവിടുത്തെ അനുഗ്രഹങ്ങാം നല്കിയാലും.'

പുരോഹിതനു പക്ഷെ, എന്നെ വിട്ടയയ്ക്കാൻ ഇഷ്ടമുണ്ടായിരുന്നില്ല; എന്നെ അവിടെ പിടിച്ചുനിത്താൻ നോക്കുകയും ചെയ്തു. 'നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഇവിടെയെന്താണു തടസ്സം? നിങ്ങളുടെ പണിയാണെങ്കിൽ പറയാൻമാത്രമൊന്നുമില്ല, കുരിശുപള്ളിയിൽ തങ്ങുക എന്നതല്ലാതെ. നിങ്ങാംക്കു നിങ്ങളുടെ പതിവായുള്ള റൊട്ടി കിട്ടുന്നുണ്ട്. പകലൊക്കെ പ്രാർത്ഥന ചൊല്ലിക്കോളു, വേണമെന്നുണ്ടെങ്കിൽ മുഴുവൻ രാത്രിയിലും: അങ്ങനെ ദൈവത്തോടൊത്തു പാർത്തോളൂ. നിങ്ങളെക്കൊണ്ട് ഇവിടെ പ്രയോജനമുണ്ട്. ഇവിടെ വരുന്ന ആളുകളുമായി വേണ്ടാതെ വെടിപറയാനൊന്നും നിങ്ങാം പോകുന്നില്ല. പള്ളിക്ക് നിങ്ങളെക്കൊണ്ട് ആദായം ഉണ്ടാകുന്നുണ്ട്. ഒററയ്ക്കിരുന്നു പ്രാത്ഥിക്കുന്നതിനെക്കാളെല്ലാം ദൈവത്തിൻെറ കണ്ണിൽ ഇതൊക്കെ വളരെ വിലയേറിയതാകുന്നു. എന്തിനാണെപ്പോഴും ഒററക്കിരിക്കുന്നത്? സമൂഹപ്രാർത്ഥന കൂടുതൽ സന്തോഷകരമാകുന്നു. തന്നെക്കുറിച്ചുമാത്രം ചിന്തിക്കാനായിട്ടല്ല കർത്താവു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതു്; പിന്നെയോ, പരസ്പരം തുണയ്ക്കാൻ, പരസ്പരം മുക്തിയിലേയ്ക്കു വഴികാണിക്കാൻ, ഓരോരുത്തരും താന്താങ്ങളുടെ കഴിവുപോലെ. പള്ളിയിലെ പിതാക്കന്മാരെയും പുണ്യവാളന്മാരെയും കുറിച്ച് ആലോചിച്ചുനോക്കൂ! അവർ രാവും പകലും ഓടി നടന്നു; അവർ പള്ളിയുടെ കാര്യങ്ങാം നോക്കി നടത്തി. അവർ എല്ലായിടത്തും പോയി ധർമ്മോപദേശം നടത്തിയിരുന്നു. അവർ ആളുകളിൽനിന്നും ഒളിച്ച് ഒരിടത്ത് കുത്തിയിരുന്നില്ല.'

'ഓരോരുത്തനും അവനവൻേറതായ ഈശ്വരാനുഗ്രഹം ഉണ്ട്.' ഞാൻ മറുപടി പറഞ്ഞു: ''പിതാവേ, അനേകം

പ്രചാരകന്മാരുണ്ടായിരുന്നു; അതേപോലെ എല്ലാക്കാലത്തും അനേകം ഏകാന്തതപസ്വികളും ഉണ്ടായിരുന്നു. ഓരോരുത്തനും അവനവന് ആവുന്നതു ചെയ്യുന്നു, അവനവന് ശരിയെന്നു തോന്നുന്ന വഴിക്ക്, തൻെറ മോക്ഷത്തിലേയ്ക്കുള്ള വഴി ഈശ്വരൻതന്നെ കാണിച്ചുതരുന്നു എന്നുള്ള വിശ്വാസത്തോടെ. നിരവധി സിദ്ധന്മാർ തങ്ങളുടെ മെത്രാൻപദവിയോ പുരോഹിതവൃത്തിയോ ആശ്രമഭരണമോ വേണ്ടെന്നുവെച്ച്, മററുള്ളവരുമൊരുമിച്ചു പാക്കുമ്പോഠം ഉണ്ടാകുന്ന ബഹളത്തിൽനിന്നും ഒഴിഞ്ഞിരിക്കാൻ വേണ്ടി, മണലാരണ്യത്തിലേയ്ക്ക് പോയിട്ടുണ്ടെന്ന വസ്തുതയെ അങ്ങെങ്ങനെ മറികടക്കും ? ഉദാഹരണമായി, സിറിയക്കാരനായ ഐസക്പുണ്യവാളൻ മെത്രാനായിരുന്നെങ്കിലും തൻെറ അനുയായികളെ വിട്ട് ഓടിപ്പോയി. ഏഥോസിലെ അഭിവന്ദ്യനായ അഥാനാസ്യൂസ് തൻെറ വലിയ മഠം ഉപേക്ഷിച്ചു. എന്തുകൊണ്ട് ? കാരണം, അവക്ക് ഈ പദവികഠം പ്രലോഭനഹേതുക്കളായതുകൊണ്ടു മാത്രം. നമ്മുടെ കത്താവിൻെറ ഈ അരുളപ്പാടിൽ അവർ ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്തിരുന്നു: 'ഒരു മനുഷ്യന് ലോകമാസകലം കിട്ടിയാലും തൻെറ ആത്മാവു നഷ്ടമായ്പോയാൽ പിന്നെയെന്തു പ്രയോജനം ?''

'ആ, അവർ സിദ്ധന്മാരായിരുന്നു.' പുരോഹിതൻ പറഞ്ഞു.

'സിദ്ധന്മാർപോലും ആളുകളുമായി ഇടപെടുന്നതിൻ നിന്നും തങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ട നടപടികഠം എടുത്തുവെങ്കിൽ, ഞാൻ ചോദിക്കട്ടെ, ദുബ്ബലനായ ഒരു പാപിക്ക് മറെറന്തുചെയ്യാൻ കഴിയും ?' ഞാൻ ചോദിച്ചു.

അങ്ങനെ അവസാനം ഞാൻ ആ നല്ല പുരോഹിതനോടു യാത്രപറഞ്ഞു; അദ്ദേഹവും തൻെറ ഉള്ളിലെ സ്നേഹത്താൽ എന്നെ യാത്രയയച്ചു.

ഏതാണ്ടു്, അഞ്ചാറുമൈൽ ചെന്നാറെ ഞാൻ ഒരു ഗ്രാമത്തിൽ രാത്രിയിൽ തങ്ങി. അവിടെ ആ സത്രത്തിൽ ഒരു ഗ്രാമീണൻ ആസന്നമരണനായി കിടക്കുന്നതു കണ്ടു. അയാൾക്കു് അന്ത്യകൂദാശ നൽകാൻവേണ്ട ഏപ്പാടുകൾ ചെയ്യാൻ കൂടെയുള്ളവരോടു ഞാൻ പറഞ്ഞു. ഞാനും അവിടെത്തന്നെ താമസിച്ചു; കാരണം, * ദിവ്യദാനങ്ങളുടെ സമക്ഷം എനിക്കു് ആരാധിക്കുകയും പ്രാത്ഥിക്കുകയും ചെയ്യണമെന്നുണ്ടായിരുന്നു. ഞാൻ തെരുവിലേയ്ക്കിറങ്ങി പുരോഹിതൻെറ വരവും കാത്തു് ഒരു മൺതിട്ടമേൽ കയറി ഇരിപ്പായി. കുരിശുപള്ളിയിൽ പ്രാത്ഥിക്കാൻ വരാറുള്ള ആ പെൺകുട്ടി പെട്ടെന്നു പിൻമുററത്തുനിന്നു് എൻെറ നേക്കു് ഓടിവരുന്നതു കണ്ടു് ഞാനാശ്ചയ്യപ്പെട്ടു.

'നീയെന്തിനിവിടെ വന്നു?' ഞാൻ ചോദിച്ചു.

'അവരെൻെറ ഒത്തുകല്യാണത്തിനുള്ള ദിവസം നിശ്ചയിച്ചു, ഞാൻ അവിടുത്തോടു പറഞ്ഞ ആളുമായി; അതുകൊണ്ടു് ഞാനവരെ വിട്ടുപോന്നു.' എന്നിട്ടു് എൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ടു് അവൾ തുടന്നു: 'എന്നോടു ദയവു വിചാരിച്ചാലും: എന്നെയും അങ്ങയുടെകൂടെ കൊണ്ടുപോകുക; എന്നിട്ടു വല്ല മഠത്തിലോ മറേറാ ചേക്കുക. എനിക്കു് കല്യാണം കഴിക്കണ്ട. എനിക്കൊരു മഠത്തിൽ താമസിച്ചു് യേശുവിൻെറ പ്രാത്ഥന ചൊല്ലണം. അങ്ങു പറഞ്ഞാൽ അവർ കേൾക്കും, എന്നെ ചേക്കും.'

'എൻെറ കത്താവേ!' ഞാൻ ആക്രോശിച്ചു: 'ഞാൻ നിന്നെയെങ്ങോട്ടു കൊണ്ടുപോകും? ഈ അടുത്ത പ്രദേശത്തെങ്ങും ഒരൊററ കന്യാസ്ത്രീമഠംപോലും എനിക്കു പരിചയമില്ല. പോരെങ്കിൽ, പാസ്പോർട്ടില്ലാതെ എനിക്കു് നിന്നെ എങ്ങോട്ടും കൊണ്ടുപോകാനും നിവൃത്തിയില്ല. ഒന്നാമതായി, എങ്ങും നിന്നെ ചേക്കുകയില്ല; പിന്നെ, ഇക്കാലത്തു്

---

* Holy Gifts.

നിനക്കു് ഒളിച്ചുപാക്കാൻ ഒട്ടും സാദ്ധ്യവുമല്ല. നിന്നെ വേഗം പിടികൂടി തിരിച്ചു വീട്ടിലേക്കയയ്ക്കും; എന്നുമാത്ര മല്ല, അലഞ്ഞുനടക്കുന്ന പിച്ചക്കാരിയെന്നും പറഞ്ഞു് പിടിച്ചു ശിക്ഷിക്കുകയും ചെയ്യും. നിനക്കു കല്യാണം കഴിക്കാൻ ഇഷ്ടമില്ലെങ്കിൽ നിനക്കു സുഖമില്ല എന്നു ഭാവിച്ചോളു. ക്ലെമൻറാ പുണ്യവതി അങ്ങനെ ചെയ്തു; അഭിവന്ദ്യ മരീന, പുരുഷന്മാരുടെ മഠത്തിൽ അഭയം തേടി യപ്പോഴും ചെയ്തതും അപ്രകാരമാണു്. വേറെയും ഇമ്മാതിരി പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. ആത്മരക്ഷയ്ക്കുള്ള അഭിനയം എന്നാണതിനു പറയുന്നതു്.'

ഇതൊക്കെ ഇങ്ങനെ നടന്നുകൊണ്ടിരിക്കെ, ഞങ്ങളി ങ്ങനെ ഇതിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കെ, നാലു പേർ ഒരു ഇരട്ടക്കുതിരവണ്ടിയിൽ അതിവേഗം പെരു വഴിയേ നേരേ ഞങ്ങളുടെ നേക്കു പാഞ്ഞുവരുന്നതു കാണാ യി. അവർ ആ പെണ്ണിനെ പിടിച്ചു് വണ്ടിയിലാക്കി; ഒരുത്തൻ അവളെയും കൊണ്ടു് ഓടിച്ചുപോയി. മററു മൂവരുംകൂടി എൻെറ കൈയ്യ് കൂട്ടിക്കെട്ടി: എന്നിട്ടു് എന്നെ ഞാൻ വേനല്ക്കാലത്തു പാർത്തിരുന്ന ഗ്രാമത്തിലേയ്ക്കു് തിരിച്ചുകൊണ്ടുപോയി. ഞാൻ എന്നെക്കുറിച്ചു പറഞ്ഞതി നൊക്കെ അവരുടെ മറുപടി, 'കൊച്ചുപെൺകിടാങ്ങളെ തട്ടിക്കൊണ്ടുപോകാൻ ഞങ്ങൾ ചെറുപുണ്യവാളനെ പഠി പ്പിക്കും.' എന്നു മാത്രമായിരുന്നു.

അന്നു വൈകുന്നേരം അവരെന്നെ ഗ്രാമക്കോടതിയിൽ കൊണ്ടുപോയി; കാലിൽ ചങ്ങലയിട്ടു; പിറേറന്നു രാവിലെ വിസ്തരിക്കാനായി തുറുങ്കിലടച്ചു. ഞാൻ തുറുങ്കി ലുണ്ടു് എന്ന വാർത്തയറിഞ്ഞു് വൈദികൻ എന്നെ കാണാൻ വന്നു. അദ്ദേഹം എനിക്കു് അത്താഴം കൊണ്ടു വന്നുതരികയും തന്നാലാവുന്നതു് എനിക്കുവേണ്ടി ചെയ്യാം എന്നു പറഞ്ഞു് എന്നെ സമാധാനിപ്പിക്കുകയും ചെയ്തു;

അവർ കരുതുന്നമാതിരി ഒരാളല്ല ഞാൻ എന്നു് ഒരു അദ്ധ്യാത്മപിതാവെന്ന നിലയ്ക്കു് തൻെറ വാക്ക കൊടുത്തു കൊള്ളാമെന്നും പറഞ്ഞു. കുറച്ചുനേരം എൻെറ കൂടെ ഇരുന്നശേഷം അദ്ദേഹം പോയി.

മജിസ്ട്രേട്ടു്, വേറെ എങ്ങോട്ടോ സഞ്ചരിട്ടു പോകുംവഴി വൈകുന്നേരം കുറെ വൈകിയിട്ടു് ആ ഗ്രാമത്തിൽക്കൂടി വന്നു; ഡെപ്യൂട്ടിയുടെ വീട്ടിൽ തങ്ങി. നടന്നതൊക്കെ അവർ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം താമസിച്ച ഇടം തന്നെ കോടതിയാക്കി; ഗ്രാമീണരോടൊക്കെ വരാൻ പറഞ്ഞു: എന്നെയും അവിടെ വരുത്തി. തടുപിടോന്നു് മജിസ്ട്രേട്ടു് അങ്ങു കടന്നുവന്നു; തൊപ്പിയും തലയിൽ വെച്ചുകൊണ്ടു് മേശപ്പുറത്തു കയറി ഇരിപ്പായി. 'ഏയ് എപ്പിഫാൻ,' അയാറം അലറി: 'ഈ പെണ്ണു്, നിൻെറ മകറം, നിൻെറ വീട്ടിൽനിന്നും എന്തെങ്കിലും എടുത്തു കൊണ്ടാണോ ഒളിച്ചോടിപ്പോയതു് ?'

'അല്ല സർ, ഒന്നും കൊണ്ടുപോയിട്ടില്ല.' എന്നായിരുന്നു മറുപടി.

'അവിടെക്കാണുന്ന ആ കഴുതയുമായി ഇവറം എന്തെങ്കിലും വേണ്ടാതനം കാട്ടുന്നതായി കാണപ്പെടുക ഉണ്ടായോ ?'

'ഇല്ല, സർ.'

'ശരി, കൊള്ളാം. ഇക്കാര്യത്തിൽ ഇതാണെൻെറ തീർപ്പും കല്പനയും: നിൻെറ മകളെ എന്താണു ചെയ്യേണ്ടതെന്നുവെച്ചാൽ അതു നീ തന്നെ ചെയ്തുകൊള്ളുക. ഇനി ഈ തെണ്ടിയെക്കുറിച്ചു്: നാം അവനെ നാളെ ഒരു പാഠം പഠിപ്പിക്കും; എന്നിട്ടു് ഇനി അവൻെറ തല ഇവിടെ കാണിച്ചു പോകരുതെന്ന കശ്നമായ കല്പനയോടെ ഗ്രാമത്തിൽ നിന്നും പുറംതള്ളുന്നതുമാണു്. അക്കാര്യമങ്ങനെ.'

ഇതുംപറഞ്ഞു് അയാറം മേശപ്പുറത്തുനിന്നും ഇറങ്ങി ഉറങ്ങാൻ പോയി. എന്നെ തുറുങ്കിലേയ്ക്കു തിരിച്ചുകൊണ്ടു പോവുകയും ചെയ്തു. അതിരാവിലെ രണ്ടു് നാടൻ പോലീസുകാർ എത്തി; എന്നെപ്പിടിച്ചു കുറെ തല്ലി; എന്നിട്ടു് ആ ഗ്രാമത്തിൽനിന്നും ആട്ടിയോടിക്കുകയും ചെയ്തു. തൻെറ തിരുനാമത്തിൽ പീഡയേല്ക്കാൻ ഞാൻ അഹ്നാണെന്നു് എണ്ണിയതിനു് ദൈവത്തിനു നന്ദിയും പറഞ്ഞുകൊണ്ടു് ഞാൻ യാത്രയുമായി. ഇതെന്നെ ആശ്വസിപ്പിച്ചു. എൻെറ നിരന്തരമുള്ള ആന്തരികപ്രാത്ഥനയ്ക്കു് കൂടുതൽ ചൂടും വെളിച്ചവും തരുകയും ചെയ്തു. ഇതുകൊണ്ടൊന്നും എനിക്കു് ഒരു നൈരാശ്യവും തോന്നിയില്ല. ഇതൊക്കെ വേറെയാക്കോ ആണു സംഭവിച്ചതു്, ഞാൻ അതെല്ലാം ചുമ്മാ നോക്കിനിന്നതേയുള്ളു, എന്നാണെനിക്കു തോന്നിയതു്. അടിപോലും എൻെറ സഹനശക്തിക്കു് അതീതമായിരുന്നില്ല. പ്രാത്ഥന എൻെറ നെഞ്ചകത്തു് മാധുര്യം നിറച്ചു; അതെന്നെ മറെറാന്നും അറിയാണ്ടുതന്നെയാക്കി എന്നു പറയാം.

ഒന്നോ രണ്ടോ മൈൽ ചെന്നപ്പോഠം, ആ പെൺകുട്ടിയുടെ അമ്മ, ചന്തയിൽനിന്നും എന്തോ സാമാനവും മേടിച്ചുകൊണ്ടു് വരുന്നതു ഞാൻ കണ്ടു. അവളുടെ മകളെ കെട്ടാനിരുന്ന ആഠം അയാളുടെ വാക്കു പിൻവലിച്ചു എന്നു് അവഠം എന്നോടു പറഞ്ഞു. 'അതേ, അവഠം, അകുല്ക, * അയാളിൽനിന്നും ഓടിപ്പോയതുകൊണ്ടു് അയാഠം അരിശപ്പെട്ടിരിക്കുകയാണു്.' എന്നിട്ടു് അവരെനിക്കു് കുറച്ചു റൊട്ടിയും മാനിറച്ചിയടയും തന്നു; ഞാനെൻെറ പാട്ടിനു പോവുകയും ചെയ്തു.

മഞ്ഞോ മഴയോ ഒന്നുമില്ലാതെ നല്ല അസ്സൽ കാലാവസ്ഥ. രാത്രി ഗ്രാമത്തിലെങ്ങും കഴിച്ചുകൂട്ടാൻ എനിക്കു്

---

* Akulka

ഇഷ്ടം തോന്നിയില്ല. അതിനാൽ, കാട്ടിൽക്കൂടി കടന്നു പോകെ, ഒരു വളപ്പിൽ രണ്ടു വയ്ക്കോൽത്തുറു കണ്ടപ്പോൾ, അന്നത്തെ രാത്രി കഴിക്കാനായി അതിൻെറ അടിയിൽ ചെന്നു കിടന്നു. ഞാനുറങ്ങി; ഉറക്കത്തിൽ ഒരു കിനാവു കണ്ടു ഞാൻ നടക്കുകയാണ് എന്നും, അദ്ധ്യാത്മപ്രേമത്തിലെ വിശുദ്ധ അന്തോണിയുടെ ഉപദേശങ്ങളിൽനിന്ന് ഒരദ്ധ്യായം വായിക്കുകയാണ് എന്നും. പെട്ടെന്ന് എൻെറ ആചാര്യൻ എൻെറ മുമ്പിൽ കടന്ന് എന്നോടു പറഞ്ഞു: 'അതു വായിക്കരുത്; ഇതു വായിക്കൂ.' എന്നിട്ട്, വിശുദ്ധ യോഹന്നാൻ കർപാതിസ്സിയുടെ മുപ്പത്തഞ്ചാം അദ്ധ്യായത്തിലെ ഈ വാക്കുകൾ എനിക്കു ചൂണ്ടിക്കാണിച്ചുതന്നു: 'ഒരാചാര്യൻ ചിലപ്പോൾ തൻെറ അദ്ധ്യാത്മസന്താനങ്ങൾക്കുവേണ്ടി സ്വയം അവജ്ഞയ്ക്കു കീഴ്പെടുകയും വേദന സഹിക്കുകയും ചെയ്യുന്നു.' വീണ്ടും അദ്ദേഹം 41-ാം അദ്ധ്യായത്തിലെ ഈ വാക്കുകൾ എൻെറ ശ്രദ്ധയിൽ പെടുത്തി: 'ഏററവും തീവ്രമായി പ്രാർത്ഥനയിൽ ഏർപ്പെടുന്നവരാരോ അവരാണ് ഭയങ്കരവും ഉഗ്രവുമായ പരീക്ഷണങ്ങൾക്ക് ശരവ്യമായിത്തീരുന്നത്.' എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ധൈര്യമവലംബിക്കുക; വിഷാദമഗ്നനാകരുത്. ''നിന്നുള്ളിലുള്ളവൻ വെളിയിലുള്ളവനേക്കാൾ വലിയവനാകുന്നു.'' എന്ന പ്രവാചകൻെറ അരുളപ്പാട് അനുസ്മരിക്കുക. ഒരു പരീക്ഷണവും മനുഷ്യൻെറ സഹനശക്തിക്ക് അതീതമല്ല എന്നും, പരീക്ഷണത്തോടൊപ്പം ദൈവം ഒരു മോചനമാർഗ്ഗവും തരുന്നു എന്നും ഉള്ള സത്യത്തിൻെറ അനുഭൂതി നിങ്ങൾക്കിപ്പോൾ ഉണ്ടായല്ലൊ. ഈ ദിവ്യസഹായത്തിന്മേലുള്ള അവലംബം പ്രാർത്ഥനയിലേർപ്പെടുന്ന പവിത്രാത്മാക്കളെ കൂടുതൽ ശുഷ്കാന്തിയിലേയ്ക്കും ശ്രദ്ധയിലേയ്ക്കും നയിച്ചിട്ടുണ്ട്. അവർ തങ്ങളുടെ ജീവിതം നിരന്തര പ്രാർത്ഥനയ്ക്കായി വിനിയോഗിക്കുകമാത്രമല്ല, അവരുടെ ഉൾക്കാമ്പിലെ സ്നേഹവായ്പിനാൽ, അവസരം ലഭിച്ച

പ്പോരം അതു വെളിവാക്കുകയും അന്യരെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിനെക്കുറിച്ചു് തെസ്സലോനിക്കയിലെ വിശുദ്ധഗ്രിഗോറി ഇപ്രകാരം പറയുന്നു: ''ദൈവത്തിൻെറ തിരുവുള്ളത്തിനനുസരിച്ചു് യേശുക്രസ്തുവിൻെറ തിരുനാമത്തിൽ നാം സ്വയം നിരന്തരം പ്രാർത്ഥിച്ചാൽ മാത്രം പോരാ, നാമതു് മററുള്ളവക്കും, പൊതുവെ എല്ലാവക്കും, മതനിഷ്ഠനും നിർമ്മതനും, വിജ്ഞനും അജ്ഞനും, സ്ത്രീക്കും പുരുഷനും കുട്ടികരംക്കും, സകലക്കും വെളിവാക്കിക്കൊടുക്കാനും അവരിലെല്ലാം നിരന്തരപ്രാത്ഥനയിൽ ശുഷ്കാന്തി ഉളവാക്കാനും നിർബ്ബദ്ധരുംകൂടിയാകുന്നു.'' അതേമാതിരി തന്നെ അഭിവന്ദ്യ കാലിസ്റ്റസ് ടെലികൃഡ്സ് പറയുന്നു: ''ഒരുവൻ ഈശ്വരനെക്കുറിച്ചുള്ള ചിന്തകളും (അതായതു് ആന്തരപ്രാർത്ഥന) ധ്യാനത്തിൽനിന്നു ഗ്രഹിച്ച കാര്യങ്ങളും ആത്മാവിനെ അത്യുന്നതനിലയിലേക്കു് ഉയത്താനുള്ള ഉപായങ്ങളും വെറുതെ സ്വന്തം മനസ്സിൽ സൂക്ഷിച്ചുവെയ്ക്കാൻ പാടുള്ളതല്ല; പിന്നെയോ, സ്നേഹമസൃണമായ ഉദ്ദേശത്തോടെ പൊതു ഉപയോഗത്തിനുവേണ്ടി ഒരുവൻ അവ കുറിച്ചുവെയ്ക്കുകയും വേണം, എഴുതിവെയ്ക്കണം.'' ഇതിനെ സംബന്ധിച്ച വേദശാസ്ത്രങ്ങരം പറയുന്നു: ''ഉറപ്പുററതും ഉയരമേറിയതും ആയ ഒരു നഗരത്തെപ്പോലെ കൂടെപ്പിറപ്പു കൂടെപ്പിറപ്പിനെ തുണയ്ക്കുന്നു.'' (പഴഞ്ചൊല്ലുകരം-xviii, 19) ഇക്കാര്യത്തിൽ പ്രത്യേകിച്ചും സൂക്ഷിക്കേണ്ട സംഗതി ആത്മപ്രശംസ ഒഴിവാക്കാനും ദിവ്യോപദേശത്തിൻെറ വിത്തുകരം പാഴ്മണ്ണിൽ വിതയ്ക്കാതിരിക്കാനും ആണു്.'

അകക്കാമ്പിൽ അത്യാനന്ദത്തോടും ആത്മാവിൽ കരുത്തോടുംകൂടി ഞാൻ ഉണന്നു് എൻെറ വഴിക്കു യാത്ര തുടർന്നു.

ഇതിനുശേഷം വളരെനാരം കഴിഞ്ഞു മറെറാരു സംഭവമുണ്ടായി; അതും ഞാൻ നിങ്ങളോടു പറയാം, നിങ്ങരംക്കിഷ്ടമാണെങ്കിൽ. ഒരു ദിവസം – കൃത്യമായിപ്പറഞ്ഞാൽ

മാർച്ചമാസം 24-ാംതീയതി – എനിക്കു് തീവ്രമായ ഒരാഗ്രഹം: പിറേറന്നു്; അതായതു് നമ്മുടെ തിരുമാതാവിനെ ഗബ്രിയേൽമാലാഖ വന്നു് തിരുവവതാരത്തെക്കുറിച്ചു് അറിയിച്ച പെരുന്നാളിൻെറ * അന്നു്, ദിവ്യശുശ്രൂഷയിൽ പങ്കുകൊള്ളണമെന്നു്. പള്ളി വളരെ അകലെയാണോ എന്നു ഞാൻ അന്വേഷിച്ചു; ഏകദേശം ഇരുപതു മൈൽ ദൂരെയാണെന്നു് മനസ്സിലാക്കുകയും ചെയ്തു. അതുകൊണ്ടു് പുലരിയിലെ കുർബ്ബാനയ്ക്കു പാകത്തിനു് അവിടെ എത്താൻവേണ്ടി അന്നത്തെ ബാക്കി പകൽസമയവും ആ രാത്രി മുഴുവനും നടന്നു. കാലാവസ്ഥയോ ഇതിൽ കൂടുതൽ മോശമാവാൻ വയ്യ: മഞ്ഞും മഴയും പെയ്തു; ഊക്കൻ കാററു്; കടുത്ത തണുപ്പും. വഴിക്കു് എനിക്കൊരു തോടു താണ്ടേണ്ടതുണ്ടായിരുന്നു; തോടിൻെറ പകുതിവഴി എത്തിയപ്പോഴും കാൽക്കീഴിൽനിന്നും മഞ്ഞിളകിപ്പോയി; അതാ കിടക്കുന്നു ഞാൻ അരയററം വെള്ളത്തിൽ. ഇങ്ങനെ നനഞ്ഞു കുതിർന്നു ഞാൻ കുർബ്ബാനയ്ക്കു് എത്തി. അതും അതിനെ തുടർന്നു നടന്ന പൊതു ആരാധനയും കഴിയുന്നതുവരെ അവിടെ നിന്നു. പൊതു ആരാധനാസമയത്തു് കർത്താവിൻെറ അനുഗ്രഹത്താൽ ഞാൻ ആരാധന നടത്തി. എൻെറ ആദ്ധ്യാത്മികാനന്ദത്തിനു ഭംഗംവരാതെയും ശാന്തമായും ആ ദിവസം കഴിക്കണം എന്നു കരുതി ഞാൻ പള്ളിയിലെ കോൽക്കാരനോടു് അയാളുടെ ചെറിയ മുറിയിൽ പിറേറന്നു രാവിലെവരെ എന്നെ താമസിപ്പിക്കാനപേക്ഷിച്ചു. ആ ദിവസം മുഴുവൻ എനിക്കെന്തൊരു സുഖമായിരുന്നു എന്നു പറഞ്ഞറിയിക്കാനാവില്ല; ഹൃദയത്തിൽ ആനന്ദം നിറഞ്ഞിരുന്നു. ചൂടു പിടിപ്പിക്കാത്ത ആ മുറിയിൽ പലകക്കട്ടിലിൽ അബ്രാഹത്തിൻെറ മാറിടത്തിലെന്നപോലെ കിടന്നു ഞാൻ. പ്രാർത്ഥന സജീവമായി നടന്നുകൊണ്ടിരുന്നു. യേശുക്രൂസ്തുവിനോടും ദൈവത്തിൻെറ അമ്മയോടും ഉള്ള സ്നേഹം

* Feast of the Annunciation of our Lady.

മാധുര്യക്കല്ലോലങ്ങളായി എൻെറ ഹൃദയത്തിൽ ഉയരുന്ന തായും എൻെറ ആത്മാവിനെ ആശ്വാസത്തിലും വിജയ ത്തിലും മുക്കി കുതിക്കുന്നതായും തോന്നി. നേരം ഇരുട്ടി ത്തുടങ്ങിയതോടെ കാലിൽ കടുത്ത വാതനോവ് അനുഭവ പ്പെട്ടു; കാല് തണുത്തുകുതിന്നാണിരിക്കുന്നതു് എന്നു് അപ്പോഠം ബോധം വന്നു. ഞാനതു് ഗൗനിച്ചതേയില്ല. ഹൃദയം ഒന്നുകൂടി പ്രാൎത്ഥനയിൽ ഉറപ്പിച്ചു. അപ്പോഠം പിന്നെ വേദനയൊന്നും അറിഞ്ഞതേയില്ല. രാവിലെ എഴുന്നേല്ക്കാൻ നോക്കിയപ്പോഠം കാണാം കാലൊന്നും അന ക്കാൻ ഒക്കുന്നില്ല. അവ തികച്ചും മരവിച്ചിരുന്നു – ചരടു തുണ്ടുകഠംപോലെ ദുർബ്ബലങ്ങളും. കോൽക്കാരൻ ബലം പ്രയോഗിച്ചു വലിച്ചു് കട്ടിലിൽനിന്നും എന്നെ താഴെയി റക്കി. അങ്ങനെ രണ്ടു ദിവസം ഞാനവിടെ അനങ്ങാതെ ഇരുന്നു. മൂന്നാംദിവസം കോൽക്കാരൻ എന്നെ അയാളുടെ മുറിയിൽനിന്നും പുറത്താക്കാൻ ഒരുങ്ങി. 'കാരണം,' അയാഠം പറഞ്ഞു, 'താനിവിടെക്കിടന്നു ചത്തു എന്നു വിചാരിക്കുക: എന്തൊരു സൊല്ലയായിരിക്കും അതു്!' അങ്ങേയററം പ്രയാസപ്പെട്ടു്, കൈയ്കുത്തി എങ്ങനെ യൊക്കെയോ വലിഞ്ഞിഴഞ്ഞു് ഞാൻ പള്ളിയുടെ നട യ്ക്കൽ എത്തി. എന്നിട്ടവിടെ കിടന്നു. അങ്ങനെ അവിടെക്ക ഴിച്ചു രണ്ടുനാഠം. അടുത്തുകൂടി പോയ ആളുകഠം എന്നെയോ എൻെറ അപേക്ഷകളെയോ തീരെ ഗൗനിക്കാതെ കടന്നു പോയി. ഒടുവിൽ ഒരു ഗ്രാമീണൻ എൻെറ അടുത്തുവന്നി രുന്നു, സംസാരിക്കാൻ തുടങ്ങി. കുറച്ചുകഴിഞ്ഞു് അയാഠം ചോദിച്ചു: 'തന്നെ സുഖപ്പെടുത്തിയാൽ താനെനിക്കു് എന്തു തരും? എനിക്കും ഒരിക്കൽ ശരിക്കും ഇതേമാതിരി അസ്വാസ്ഥ്യം ഉണ്ടായിരുന്നു. അതുകൊണ്ടു് എനിക്കു് ഇതിനൊരു മരുന്നറിയാം.'

'നിങ്ങഠംക്കു തരാൻ എൻെറ കൈയ്‌വശം ഒന്നുമില്ല.' ഞാൻ മറുപടി പറഞ്ഞു.

'എന്നാൽ തൻെറ സഞ്ചിയിൽ എന്താണുള്ളതു് ?'

'ഉണക്കറൊട്ടിയും ചില പുസ്തകങ്ങളുംമാത്രം.'

'ആട്ടെ, ഞാൻ തന്നെ സുഖപ്പെടുത്തിയാൽ, ഒരു വേനല്ക്കാലം താനെനിക്കുവേണ്ടി പണിയെടുക്കണമെന്നു വെച്ചാലോ ?'

'എനിക്കു് പണിയൊന്നും എടുക്കാൻ വയ്യ: നോക്കൂ, എനിക്കു് ഒരു കൈയ് മാത്രമേ സ്വാധീനമുള്ളൂ. മററതു് ഒട്ടുമുക്കാലും തളൎന്നു വരണ്ടുപോയിരിക്കയാണു്.'

'എന്നാൽ പിന്നെ തനിക്കെന്തു ചെയ്യാൻ കഴിയും ?'

'ഒന്നും വയ്യ, എനിക്കു് എഴുതാനും വായിക്കാനും കഴിയും എന്നതൊഴികെ.'

'ആ! എഴുതുകയോ! ശരി, എൻെറ കൊച്ചുപയ്യനെ എഴുതാൻ പഠിപ്പിക്കൂ. അവനു് കുറച്ചൊക്കെ വായിക്കാൻ കഴിയും. അവനു് എഴുതാറും ആകണമെന്നാണു് എൻെറ ആഗ്രഹം. പക്ഷെ അതിന്നു ചെലവെത്രയെന്നോ ? അവനെ പഠിപ്പിക്കാൻ ഇരുപതു റൂബിളാണു് അവർ ചോദിക്കുന്നതു്.'

ഞാനതു സമ്മതിച്ചു. കോൽക്കാരൻെറ സഹായത്തോടു കൂടി അയാളെന്നെ എടുത്തുകൊണ്ടുപോയി അയാളുടെ വീടിൻെറ പിൻവശത്തെ മുററത്തു് ഒഴിഞ്ഞ ഒരു പഴയ കുളിപ്പുരയിലാക്കി.

എന്നിട്ടയാളെന്നെ ചികത്സിക്കാൻ തുടങ്ങി. ഇതായിരുന്നു അയാളുടെ ഏൎപ്പാടു്: തറയിൽനിന്നും പറമ്പിൽ നിന്നും കുപ്പക്കുഴിയിൽനിന്നുമെല്ലാം അയാൾ കന്നുകാലികളുടെയും പക്ഷികളുടെയും മററും ചീഞ്ഞുപൊടിഞ്ഞുതുടങ്ങിയ എല്ലുകൾ, ഏതാണ്ടു് ഒരു പറയോളം, പെറുക്കിയെടുത്തു. അയാളതൊക്കെ കഴുകി, കല്ലെടുത്തു് ഇടിച്ചുനുറുക്കി ഒരു വലിയ മൺകലത്തിലാക്കി. നടുക്കൊരു ചെറിയ

തുളയുള്ള ഒരടപ്പുകൊണ്ടു് അയാറം ആ കലം അടച്ചു. എന്നിട്ടതു്, നിലത്തു കുഴിച്ചിട്ട ഒരൊഴിഞ്ഞ കുടത്തിനു മീതെ കമഴ്ത്തി വെച്ചു. മേലേത്തെ കലത്തിനു പുറത്തു് നല്ല കനത്തിൽ കളിമണ്ണു പൂശി; അതിനു ചുററും വിറകു് അടുക്കി; എന്നിട്ടതിനു തീയു് കൊളുത്തി. അതങ്ങനെ നേരത്തോടു നേരത്തിനുമേൽ കത്തിച്ചുകൊണ്ടിരുന്നു. തീയു് കത്തിച്ചുകൊണ്ടിരിക്കെ അയാറം പറഞ്ഞു: 'ഈ എല്ലിൽനിന്നു് നമുക്കിപ്പോറം കുറെ കീലു കിട്ടും.' പിറേറന്നു്, അടിയിലത്തെ കുടം പുറത്തെടുത്തപ്പോറം, മേലേത്തെ കലത്തിൻെറ അടപ്പിൻെറ തുളയിൽക്കൂടി ഇററിററു വീണ, കട്ടിയായ, ചുവന്ന, പച്ചയിറച്ചിയുടേതുപോലെ കടുത്ത മണമുള്ള, ഒരു തരം എണ്ണ – ഏതാണ്ടൊരിടങ്ങഴി വരും – ഉണ്ടായിരുന്നു. കലത്തിൽ കിടന്ന എല്ലുകളാണെങ്കിൽ അവ കറുപ്പും ചീയലും പോയി വെളുപ്പും വെട്ടപ്പും ഉള്ളവയും മുത്തുച്ചിപ്പിപോലെ അകവും പുറവും കാണാവുന്നവയും ആയിത്തീന്നു. ഞാനീ എണ്ണ ദിവസത്തിൽ അഞ്ചു പ്രാവശ്യം വീതം പുരട്ടി. നേരത്തോടുനേരം കഴിഞ്ഞപ്പൊഴേയ്ക്കും, ദാ കാണാം, എനിക്കെൻെറ പെരുവിരൽ അനക്കാറായി. അതിനടുത്തനാറം കാലു മടക്കാം, നിവക്ാം എന്ന മട്ടായി. അഞ്ചാംനാറം ഞാൻ കാലിന്മേൽ എഴുന്നേററു നിന്നു; ഒരു വടിയുടെ സഹായത്തോടെ മുററത്തു ചുററി നടന്നു. ചുരുക്കിപ്പറഞ്ഞാൽ, ഒരാഴ്ചകൊണ്ടു് എൻെറ കാലുകറം തികച്ചും പഴയപടി കരുത്തുററതായിത്തീന്നു. ഞാൻ ദൈവത്തെ വാഴ്ത്തി; അദ്ദേഹം തൻെറ സൃഷ്ടികറംക്കു നല്കിയിട്ടുള്ള അദ്ഭുതശക്തികളെക്കുറിച്ചു ചിന്തിച്ചു. ഉണങ്ങി, തകന്നു്, മിക്കവാറും പൊടിഞ്ഞുകൊണ്ടിരുന്ന എല്ലുകറം; എന്നിട്ടും അവയ്ക്കുള്ളിൽ ഇത്ര ജീവച്ഛക്തി, നിറം, മണം, ജീവച്ഛരീരങ്ങളിൽ പ്രവത്തിക്കാനുള്ള ശക്തി, പകുതി ചത്ത ശരീരങ്ങറംക്കു് ജീവൻ കൊടുക്കാൻ പോന്ന വീയ്യം! ശരീരത്തിനു് ഭാവിയിൽ സംഭവിക്കാനിരിക്കുന്ന

ഉയിത്തെഴുന്നേല്പിൻെറ ഒരു പ്രതിജ്ഞയാണിതു്. പൊതുവായ ഉയിത്തെഴുന്നേല്പിനെക്കുറിച്ചു സംശയം പ്രകടിപ്പിച്ച ആ വനംകാവല്ക്കാരനു്, എന്നെ കൂടെത്താമസിപ്പിച്ച ആ മനുഷ്യനു്, ഇതൊന്നു ചൂണ്ടിക്കാണിച്ചുകൊടുക്കാൻ കഴിഞ്ഞെങ്കിൽ!

ഇങ്ങനെ സുഖക്കേടു ഭേദമായതിനുശേഷം ഞാൻ കുട്ടിയെ പഠിപ്പിക്കാൻ തുടങ്ങി. പതിവുള്ള പകൎത്തിയെഴുത്തുപാഠത്തിനു പകരം അവൻ യേശുവിൻെറ പ്രാൎത്ഥന എഴുതിയെടുത്തു. വാക്കുകൾ എങ്ങനെയാണു ഭംഗിയായി എഴുതേണ്ടതു് എന്നു കാണിച്ചുകൊടുത്തു് ഞാൻ അവനെക്കൊണ്ടു പകൎത്തിച്ചു. പയ്യനെ പഠിപ്പിക്കുന്നതു് വിശ്രമപ്രദമായ ഒരു പണിയായിട്ടാണു് എനിക്കു തോന്നിയതു്. കാരണം, പകലൊക്കെ അവൻ അടുത്തുള്ള ഒരു തോട്ടത്തിലെ കാൎയ്യസ്ഥനുവേണ്ടി പണികൾ പൊയ്ക്കൊണ്ടിരുന്നു. അതിനാൽ, കാൎയ്യസ്ഥൻ ഉറങ്ങുന്ന സമയത്തു മാത്രമേ, അതായതു പുലച്ചമുതൽ പൊതുവാരാധനാസമയം വരെയേ, അവനു പഠിക്കാൻ വരാൻ കഴിഞ്ഞിരുന്നുള്ളു.

അവനൊരു ബുദ്ധിയുള്ള കുട്ടിയായിരുന്നു; സാമാന്യം നന്നായിട്ടെഴുതാൻ വേഗത്തിൽ പഠിക്കുകയും ചെയ്തു. അവൻ എഴുതുന്നതു് അവൻെറ മുതലാളി കണ്ടു; ആരാണവനെ എഴുതാൻ പഠിപ്പിച്ചതു് എന്നു ചോദിക്കുകയും ചെയ്തു. 'ഞങ്ങളുടെ കുളിപ്പുരയിൽ താമസിക്കുന്ന ഒരു ഒററക്കൈയ്യൻ തീൎത്ഥാടനക്കാരൻ.' എന്നു പറഞ്ഞു പയ്യൻ.

പോളണ്ടുകാരനായ ആ കാര്യസ്ഥനു് താല്പൎയ്യം തോന്നി എന്നെ കാണാൻ വന്നു. ഞാൻ അദ്ധ്യാത്മപ്രേമം വായിച്ചുകൊണ്ടിരിക്കുന്നതു് അയാൾ കണ്ടു. ഞാനെന്താണു വായിക്കുന്നതു്, എന്നു ചോദിച്ചുകൊണ്ടു് അയാൾ സംഭാഷണം ആരംഭിച്ചു. ഞാൻ പുസ്തകം അയാളെ കാണിച്ചു. 'ഓ, അദ്ധ്യാത്മപ്രേമമോ ?' അയാൾ പറഞ്ഞു: 'ഞാൻ

മുമ്പ് ഈ പുസ്തകം കണ്ടിട്ടുണ്ട്, കത്തനാരച്ചൻെറ കൈയ്യിൽ, ഞാൻ വിൽനയിൽ താമസിച്ചിരുന്നപ്പോൾ. പക്ഷെ അതിൽ ഗ്രീക്സന്ന്യാസിമാർ എഴുതിയിട്ടുള്ള പ്രാർത്ഥനയെ സംബന്ധിച്ച വിചിത്രമായ ക്രമങ്ങളും സൂത്രങ്ങളും ഉണ്ട് എന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. നെഞ്ചിനകത്ത് ഒരിക്കിളി തോന്നൽ – അവരുടെ മണ്ടത്തരത്തിൻെറ മൂപ്പുകൊണ്ട് ഈ ശാരീരികമായ വികാരത്തെ പ്രാർത്ഥനയെന്ന് അവർ വിചാരിക്കുകയും ഈശ്വരൻെറ അനുഗ്രഹവിശേഷമെന്ന് കരുതുകയും ചെയ്യുന്നു – അതിനുവേണ്ടി കുത്തിയിരുന്ന് മൂക്കുചീററി ചാകുന്ന ഇന്ത്യയിലെയും ബൊക്കാറയിലെയും മതഭ്രാന്തന്മാരെപ്പോലെയാണത്. ഈശ്വരനോടുള്ള ഒരുവൻെറ കടമ നിറവേററാൻ വേണ്ടത് ലളിതമായി പ്രാർത്ഥിക്കുക മാത്രമാണ്: എഴുന്നേററുനിന്ന്, ക്രിസ്തു നമ്മെ പഠിപ്പിച്ചതുപോലെ, 'നമ്മുടെ പിതാവേ,' എന്ന പ്രാർത്ഥന ചൊല്ലുകയാണ്. അതു നിങ്ങളെ ദിവസം മുഴുവൻ നേരേ നിർത്തും; അല്ലാതെ പിന്നെയും പിന്നെയും ഒരേ സ്വരത്തിൽ പൊയ്ക്കൊണ്ടിരിക്കുകയല്ല. അത്, എൻെറ അഭിപ്രായത്തിൽ, ഒരുവനെ കിറുക്കു പിടിപ്പിക്കാൻ പോരുന്നതാണ്. മാത്രമല്ല, അതു ഹൃദയത്തിനു നല്ലതുമല്ല.'

'സർ, ഈ പരിശുദ്ധപുസ്തകത്തെക്കുറിച്ച് അങ്ങനെ കരുതരുതേ.' ഞാൻ പറഞ്ഞു: 'വെറും സാധാരണക്കാരായ ഗ്രീക്വൈദികർ എഴുതിയ ഗ്രന്ഥമല്ല ഇത്; പിന്നെയോ, പഴയ കാലത്തെ മഹാന്മാരും അതിപവിത്രരും ആയ ആളുകളാണ് അതു രചിച്ചിട്ടുള്ളത്: നിങ്ങളുടെ പള്ളിയും ആദരിക്കുന്നവരാണവർ: മഹാനായ അന്തോണി, മഹാനായ മക്കേറിയസ്, അദ്ധ്യാത്മമല്ലൻ മർക്കോസ്, യോഹന്നാൻ ക്രിസോസ്തോം, എന്നിങ്ങനെ പലരും. ഇവരിൽ നിന്നാണ് ഇന്ത്യയിലെയും ബൊക്കാറയിലെയും സന്ന്യാസിമാർ ആന്തരപ്രാർത്ഥനയുടെ 'ഹൃദയമാർഗ്ഗം' സ്വീകരി

ച്ചതു്: അവരതു സ്വീകരിച്ചിട്ടു് വളച്ചൊടിച്ച് ഒക്കെ കേട വരുത്തി എന്നു മാത്രം; ഇങ്ങനെയാണു് എനിക്കെൻെറ ആചാൎയ്യൻ ഉപദേശിച്ചുതന്നതു്. അദ്ധ്യാത്മപ്രേമത്തിലെ ഹൃദയപ്രാൎത്ഥനയുടെ അഭ്യാസത്തെക്കുറിച്ചുള്ള ഉപദേശങ്ങളെല്ലാം കൎത്താവിൻെറ തിരുവരുളിൽനിന്നുതന്നെ, വിശുദ്ധ വേദപുസ്തകത്തിൽനിന്നുതന്നെ ആണെടുത്തിരിക്കുന്നതു്: അതിൽ 'നമ്മുടെ പിതാവേ,' എന്നു പ്രാൎത്ഥിക്കാൻ നമ്മോടാജ്ഞാപിച്ച യേശുകൃസ്തുതന്നെ ഹൃദയത്തിലെ നിരന്തരമായ പ്രാൎത്ഥനയും പഠിപ്പിച്ചിരിക്കുന്നു. എന്തെന്നാൽ, അദ്ദേഹം അരുളി: 'നീ നിൻെറ കൎത്താവിനെ, ദൈവത്തെ, പൂൎണ്ണഹൃദയത്തോടെയും പൂൎണ്ണമനസ്സോടെയും സ്നേഹിക്കണം.' 'നോക്കിയിരിക്കുകയും പ്രാൎത്ഥിക്കുകയും ചെയ്യുക.' 'നീയെന്നിൽ വാഴുക, ഞാൻ നിന്നിലും.' പരിശുദ്ധപിതാക്കന്മാർ, 'കൎത്താവെത്ര കാരുണ്യവാനാണെന്നു് രുചിച്ചു നോക്കുവിൻ.' എന്ന പവിത്ര ദാവീദരചൻെറ കീൎത്തനശീലുകൾ സാക്ഷിയാക്കിക്കൊണ്ടു് ആ ഭാഗത്തെ ഈവിധം വ്യാഖ്യാനിക്കുന്നു: കൃസ്ത്യാനി പ്രാൎത്ഥനയിൽ ആനന്ദം തേടാനും കണ്ടെത്താനും അതിൽ നിരന്തരം ആശ്വാസം അന്വേഷിക്കാനുംവേണ്ടി സൎവ്വവിധ ഉപായങ്ങളും ഉപയോഗിക്കണം; അല്ലാതെ, ദിവസത്തിലൊരിക്കൽ 'നമ്മുടെ പിതാവേ,' എന്നു വെറുതെ ഉരുവിട്ടതുകൊണ്ടു പോരാ. ഹൃദയപ്രാൎത്ഥനയുടെ ആനന്ദമടയാൻ യത്നിക്കാത്തവരെ ഈ വിശുദ്ധന്മാർ എങ്ങനെ കുററപ്പെടുത്തുന്നുവെന്നു കാണിക്കാൻ ആ ഭാഗം ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കട്ടെ. മൂന്നു കാരണങ്ങളാൽ അവർ കുററക്കാരാണു് എന്നു് അവർ എഴുതുന്നു: ഒന്നാമതു്, ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട വേദത്തിനു് എതിരാണു് അവരുടെ നിലപാടു്; രണ്ടാമതു്, അവർ തങ്ങൾ പ്രാപിക്കേണ്ട ആത്മാവിൻെറ കൂടുതൽ ശ്രേഷ്ഠവും പൂൎണ്ണവുമായ ഒരവസ്ഥ തങ്ങളുടെ മുമ്പിൽ വെയ്ക്കുന്നില്ല. അവർ ബാഹ്യമായ സദാചാരംകൊണ്ടുമാത്രം

തൃപ്തിപ്പെടുന്നു; സത്യത്തിനുവേണ്ടി വിശക്കാനും ദാഹിക്കാനും അവക്കാകുന്നില്ല; അതിനാൽ ദൈവത്തിൽ വാഴുന്നതുകൊണ്ടു കിട്ടുന്ന ആനന്ദവും ധന്യതയും അവക്കു കിട്ടാതെപോകുന്നു. മൂന്നാമതു്, തങ്ങളിലും തങ്ങളുടെ ബാഹ്യാചാരങ്ങളിലും മനസ്സിനെ നിത്തുന്നതുകൊണ്ടു് അവർ പലപ്പോഴും പ്രലോഭനങ്ങളിലും അഹങ്കാരത്തിലും പെടുകയും അങ്ങനെ വഴുതിപ്പോകുകയും ചെയ്യുന്നു.'

'അതു മഹനീയമായിരിക്കുന്നു, നിങ്ങരം വായിച്ചുകൊണ്ടിരിക്കുന്നതു്;' കാര്യസ്ഥൻ പറഞ്ഞു: 'അതു നമുക്കു്,സാധാരണക്കുട്ടക്കു്, ഉള്ളതാവാനിടയില്ല, എന്നു് എനിക്കു തോന്നുന്നു.'

'ശരി, കുറേക്കൂടി ലളിതമായ ചിലതു ഞാൻ വായിച്ചുകേരംപ്പിക്കാം: സന്മനസ്സുള്ള ആളുകരംക്കും – അവർ ലോകത്തിൽ ജീവിക്കുന്നവരാണെങ്കിലും – എങ്ങനെ നിത്താതെ പ്രാത്ഥിക്കാൻ പഠിക്കാം എന്നതിനെക്കുറിച്ചു്.'

അദ്ധ്യാത്മപ്രേമത്തിൽ, പുതിയ ദൈവപ്രമാണജ്ഞൻ സൈമൺ, യുവാവായ ജോജ്ജിനു് ഉപദേശം നൽകുന്ന ഭാഗം എടുത്തു വായിച്ചുകേരംപ്പിച്ചു.

അതദ്ദേഹത്തെ സന്തോഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കു സൗകര്യംപോലെ വായിക്കാൻ ആ പുസ്തകമൊന്നു തരു. ഞാൻ എപ്പൊഴെങ്കിലും അതു ശരിക്കൊന്നു നോക്കട്ടെ.'

'ഇരുപത്തിനാലുമണിക്കൂർ നേരത്തേയ്ക്കു് ഞാനിതു നിങ്ങരംക്കു് സസന്തോഷം തരാം.' ഞാൻ പറഞ്ഞു: 'കൂടുതൽ സമയത്തേയ്ക്കു് തരാൻ നിവൃത്തിയില്ല; കാരണം, ഞാനതു നിത്യവും വായിക്കുന്നു. എനിക്കു് അതില്ലാതെ ജീവിക്കാനേ പററില്ല.'

'ആട്ടെ, എന്നാൽ നിങ്ങളിപ്പോരം വായിച്ച ഭാഗം ഒന്നു പകത്തിത്തരുകയെങ്കിലും ചെയ്യു ; നിങ്ങരംക്കു ഞാനതിനു് പ്രതിഫലം തരാം.'

'എനിക്കു പ്രതിഫലമൊന്നും വേണ്ട.' ഞാൻ പറഞ്ഞു: 'സ്നേഹത്തിൻെറ പേരിലും പ്രാൎത്ഥനസ്സുള്ള ദാഹം ദൈവം തമ്പുരാൻ നിങ്ങാംക്കു് തന്നരുളുമെന്ന ആശയുടെ പേരിലും ഞാനതു് നിങ്ങാംക്കു് എഴുതിയെടുത്തു തരാം.'

ഞാനുടൻതന്നെ സസന്തോഷം വായിച്ച ആ ധൎമ്മോപദേശം പകൎത്തിയെടുത്തു. അദ്ദേഹം അതു് ഭാൎയ്യയെ വായിച്ചു കോംപ്പിച്ചു. അവരിരുവരും അതിൽ സന്തുഷ്ടരായി. എന്നിട്ടു പിന്നെ അവർ ഇടസ്സു് എനിക്കാളയസ്സം. ഞാൻ അദ്ധ്യാത്മപ്രേമവും എടുത്തുകൊണ്ടു പോകും. ഞാൻ വായിക്കും; അവർ ചായയും കുടിച്ചു കേട്ടുകൊണ്ടിരിക്കും. ഒരു ദിവസം അവരെന്നെ ആഹാരത്തിനു ക്ഷണിച്ചു. കാൎയ്യസ്ഥൻെറ ഭാൎയ്യ – ഒരൊതുങ്ങിയ വയസ്സായ സ്ത്രീ – ഞങ്ങളുടെകൂടെ ആഹാരം കഴിക്കുന്നുണ്ടായിരുന്നു. പൊരിച്ച മീൻ തിന്നുന്ന സമയത്തു് എങ്ങനെയോ അപകടത്തിൽ അവരുടെ തൊണ്ടയിൽ മീനിൻെറ എല്ലു തറച്ചു. ഞങ്ങളെന്തൊക്കെ ചെയ്തിട്ടും അവൎക്കു് ഒരാശ്വാസവും കിട്ടിയില്ല; എല്ലൊട്ടു് ഇളകിയതുമില്ല: തൊണ്ടയിലെ വേദന സഹിക്കാൻ വയ്യാതെ രണ്ടുമണിക്കൂർ കഴിഞ്ഞപ്പോാം അവൎക്കു് പോയികിടക്കേണ്ടതായിവന്നു. ഡോക്ടൎക്കു് – ഇരുപതു മൈൽ അകലെയാണദ്ദേഹം താമസിച്ചിരുന്നതു് – ആളയച്ചു. അപ്പോഴെയ്ക്കും വൈകുന്നേരമായി. അവരെക്കുറിച്ചു സങ്കടപ്പെട്ടുകൊണ്ടു് ഞാൻ താമസസ്ഥലത്തേയ്ക്കു പോയി.

അന്നു രാത്രി ഞാൻ മെല്ലെ മയങ്ങിക്കിടക്കുമ്പോാം, എൻെറ ആചാൎയ്യൻെറ ശബ്ദം കോംക്കായി. രൂപമൊന്നും കണ്ടില്ല; പക്ഷെ അദ്ദേഹം എന്നോടിപ്രകാരം പറയുന്നതു് ഞാൻ കേട്ടു: 'നീ ആരുടെകൂടെയാണോ താമസിക്കുന്നതു് ആ മനുഷ്യൻ നിൻെറ രോഗം മാററി; എന്നിട്ടു പിന്നെ എന്തുകൊണ്ടാണു് നീ കാൎയ്യസ്ഥൻെറ ഭാൎയ്യയെ സഹായിക്കാത്തതു്? അയൽക്കാരോടു് അനുകമ്പ വേണം എന്നു് ദൈവം നമ്മോടു് കല്പിച്ചിട്ടുണ്ടു്.'

'ഞാൻ സസന്തോഷം അവരെ സഹായിച്ചേനെ.' ഞാൻ പറഞ്ഞു: 'പക്ഷെ എങ്ങനെ ? എനിക്കു യാതൊരു ഉപായവും അറിഞ്ഞുകൂടല്ലൊ.'

'ശരി, ഇതാണു് നീ ചെയ്യേണ്ടതു്: അവൾക്കു വളരെ ചെറുപ്പംമുതലേ എണ്ണയോടു വെറുപ്പാണു്. അവൾക്കു് അതിൻെറ രുചി ഇഷ്ടമല്ലെന്നു മാത്രമല്ല, മണം കേട്ടാൽപോലും ഓക്കാനിക്കും. അതിനാൽ അവളെ ഒരു കരണ്ടി എണ്ണ കുടിപ്പിക്കുക. അപ്പോൾ അവൾ ഛർദ്ദിക്കും; എല്ലു് ഇളകിപ്പോരും; എല്ലുകൊണ്ടു തൊണ്ടയിലുണ്ടായ മുറിവിനു് എണ്ണ കൊണ്ടു് ഒരു മയം കിട്ടും; അങ്ങനെ അവൾക്കു് വീണ്ടും സുഖം കിട്ടും.'

'അവൾക്കു് അതിനോടത്ര വെറുപ്പാണെങ്കിൽ ഞാനതെങ്ങനെയാണു് കൊടുക്കുന്നതു്? അവർ കുടിക്കാൻ കൂട്ടാക്കുകയില്ലല്ലൊ.'

'കാര്യസ്ഥനോടു് അവളുടെ തലപിടിക്കാൻ പറയുക; എന്നിട്ടതു പെട്ടെന്നങ്ങു് വായിലോട്ടൊഴിക്കുക, ബലം പ്രയോഗിക്കേണ്ടിവന്നാൽപോലും.'

ഞാനുണർന്നു; നേരെയങ്ങു നടന്നു. കാര്യസ്ഥനോടു് ഈ വിവരമെല്ലാം വിസ്തരിച്ചുപറഞ്ഞു. 'നിങ്ങളുടെ എണ്ണ കൊണ്ടു് ഇനിയെന്തു കാര്യം?' അയാൾ പറഞ്ഞു: 'അവളുടെ ഒച്ച കാറി; പിച്ചുംപേയും പറയുന്നു; കഴുത്തിനു വീക്കവും വന്നിട്ടിണ്ടു്.'

'ആട്ടെ,എന്തായാലും നമുക്കൊന്നു പരീക്ഷിച്ചുനോക്കാം. അതുകൊണ്ടു് ഗുണമൊന്നും ഉണ്ടായില്ലെങ്കിലും, എണ്ണ മരുന്നെന്ന നിലയ്ക്കു് നിർദ്ദോഷമാണു്.'

അയാൾ കുറച്ചെണ്ണ ഒരു വൈൻഗ്ലാസ്സിൽ പകർന്നു; ഒരു പ്രകാരത്തിൽ ഞങ്ങളതു് അവരെ കുടിപ്പിച്ചു. ഉടനെ അവർ ശക്തിയായി ഓക്കാനിച്ചു; വേഗം എല്ലു കക്കിപ്പോന്നു;

അതോടുകൂടി കുറച്ചു ചോരയും. അവക്കു് ആശ്വാസം തോന്നിത്തുടങ്ങി; വേഗം നല്ല ഉറക്കം പിടിച്ചു. കാലത്തെ ഞാൻ വിവരം അന്വേഷിക്കാൻ ചെന്നു; അവർ കുഴപ്പമൊന്നുമില്ലാതെ ചായയും കഴിച്ചുകൊണ്ടു് ഇരിക്കുന്നതു കണ്ടു. അവക്കു് ഭേദമായ മാതിരിയെക്കുറിച്ചു് അവക്കും അവരുടെ ഭത്താവിനും വലിയ ആശ്ചര്യമായി; അതിലുമേറെ അദ്ഭുതമായി ആ സ്ത്രീക്കു് എന്നുയോടുള്ള വെറുപ്പു് സ്വപ്നത്തിൽ എന്നോടു പറയപ്പെട്ടു എന്നുള്ളതു്; എന്തെന്നാൽ, അവരിരുവരുമല്ലാതെ ആ സംഗതി മററാരും അറിഞ്ഞിരുന്നില്ല. അപ്പോഴേയ്ക്കും ഡോക്ടർ വണ്ടിയിൽ വന്നുചേൻു. ഭാര്യയ്ക്കുണ്ടായതാണു് സംഭവിച്ചതു് എന്നു കാര്യസ്ഥൻ പറഞ്ഞുകേൾപ്പിച്ചു. എന്റെ മുറയ്ക്കു്, ആ ഗ്രാമീണൻ എന്റെ കാലു് സുഖപ്പെടുത്തിയതെങ്ങനെയാണു് എന്നു ഞാനും പറഞ്ഞു. ഡോക്ടർ അതെല്ലാം ശ്രദ്ധിച്ചു, എന്നിട്ടു പറഞ്ഞു: 'അതിനെക്കുറിച്ചോ ഇതിനെക്കുറിച്ചോ അധികമൊന്നും ആശ്ചര്യപ്പെടാനില്ല. രണ്ടു സംഗതികളിലും ഒരേ പ്രകൃതിശക്തിയാണു പ്രവത്തിച്ചതു്. ഏതായാലും ഞാൻ ഇതൊന്നു കുറിച്ചുവെയ്ക്കാം.' എന്നിട്ടദ്ദേഹം ഒരു പെൻസിലെടുത്തു് തന്റെ നോട്ടുപുസ്തകത്തിൽ എഴുതി.

ഇതു കഴിഞ്ഞപ്പോൾ ഞാനൊരു പ്രവാചകനാണെന്നും വൈദ്യനാണെന്നും മാന്ത്രികനാണെന്നുമൊക്കെ ഒരു വാത്ത് വളരെ വേഗം അയൽനാട്ടിലെല്ലാം പരന്നു. എല്ലാ ദിക്കിൽനിന്നും, തങ്ങളുടെ ക്ലേശങ്ങളും വിഷമങ്ങളും അറിയിക്കാൻ സന്ദശ്കർ ഇടവിടാതെ എന്റെയടുത്തേയ്ക്കു് ഒഴുകിത്തുടങ്ങി, അവരെനിയ്ക്കു സമ്മാനങ്ങൾ കൊണ്ടുവന്നു; എന്നോടു് ആദരവോടുകൂടി പെരുമാറി; എന്റെ സുഖസൗകര്യങ്ങൾ നോക്കി നടത്തി. ഒരാഴ്ചയോളം ഞാനിതു സഹിച്ചു; എന്നിട്ടു രാത്രിയിൽ രഹസ്യമായി സ്ഥലം വിട്ടു, ഹാനികരമായ വിക്ഷേപങ്ങൾക്കും ദുരഹങ്കാരത്തിനും ഞാൻ ഇരയായിപ്പോയെങ്കിലോ എന്നു പേടിച്ചു്.

ഇങ്ങനെ ഞാൻ വീണ്ടും എൻെറ ഏകാന്തസഞ്ചാരം തുടങ്ങി. തോളിൽനിന്നും വലിയൊരു ചുമട്ട പോയാലെന്നപോലെ ഒരു ലഘുത്വം എനിക്കനുഭവപ്പെട്ടു. പ്രാൎത്ഥന എന്നെ ഏറെയേറെ ആശ്വസിപ്പിച്ചു. അതെത്രയെന്നോ? ചിലപ്പോഠം യേശുക്രിസ്തുവിലുള്ള നിസ്സീമമായ സ്നേഹം എൻെറ കരഠം കവിഞ്ഞൊഴുകി; എൻെറ ഈ ആശ്വാസ പ്രവാഹത്തിൽനിന്നുള്ള ആനന്ദം അകത്തും പുറത്തും സൎവ്വാംഗം പരന്നൊഴുകുന്നതായി തോന്നി. സുവിശേഷത്തിലെ കഥയെപ്പററി ചിന്തിച്ചപ്പോഠം എൻെറ കണ്മുമ്പിൽ ആ സംഭവങ്ങഠം കാണുമാറ് യേശുക്രിസ്തുവിൻെറ സ്മരണ എൻെറ മനസ്സിൽ മുദ്രിതമായി. ആനന്ദംകൊണ്ട് ഞാൻ കണ്ണീർവാക്കുകപോലും ചെയ്തു. ചിലപ്പോഠം എൻെറ ഹൃദയത്തിൽ വല്ലാത്തൊരു ആനന്ദം അനുഭവപ്പെട്ടു. അതിനെപ്പററി എങ്ങനെയാണു വൎണ്ണിക്കുക എന്നുപോലും എനിക്കു നിശ്ചയമില്ല.

തുടൎച്ചയായി മൂന്നു ദിവസത്തേക്കു മനുഷ്യവാസമൊന്നും കാണാത്ത അവസരങ്ങളും ഉണ്ടായിട്ടുണ്ട്. മനസ്സിൻെറ ഉത്കടാനന്ദത്തിൽ, ഭൂമിയിൽ ഞാനേകനേ ഉള്ളുവെന്ന്, ദയാലുവും മനുഷ്യസ്നേഹിയുമായ ദൈവത്തിൻെറ മുമ്പിൽ ഒരു നിന്ദ്യനായ പാപിയാണു ഞാനെന്ന്, എനിക്കു ചിലപ്പോഠം തോന്നി. ഈ ഏകാന്തത എനിക്ക് ആശ്വാസപ്രദമായിരുന്നു. ആഠംക്കൂട്ടത്തിൽ ഇടകലരുമ്പോഴത്തേക്കാളേറെ പ്രാൎത്ഥനയിൽ ആനന്ദമനുഭവിക്കാൻ ഇതെന്നെ സഹായിച്ചു.

അവസാനം ഞാൻ ഇർകുട്സ്കിൽ എത്തി. ഇന്നസൻറ് പുണ്യവാളൻെറ ഭൗതികാവശിഷ്ടങ്ങഠംക്കു മുമ്പിൽ പ്രാൎത്ഥിച്ചുകഴിഞ്ഞപ്പോഠം, ഇനിയെങ്ങോട്ടാണു പോകേണ്ടതെന്ന് ആലോചനയായി. ദീൎഘകാലം അവിടെ താമസിക്കാൻ എനിക്ക് ഇഷ്ടമുണ്ടായിരുന്നില്ല; അനേകമാളു

കരം പാക്കുന്ന ഒരു പട്ടണമായിരുന്നു അതു്. ഞാൻ ആലോചനയിൽ മുഴകി തെരുവിൽക്കൂടി നടന്നുകൊണ്ടിരിക്കെ, അവിടത്തുകാരനായ ഒരു വ്യാപരിയുമായി കണ്ടുമുട്ടി. അയാളെന്നെ വിളിച്ചുനിത്തിക്കൊണ്ടു ചോദിച്ചു: 'ഹേ, നിങ്ങളൊരു തീത്ഥാടകനാണോ? എൻെറയൊപ്പം വീട്ടിലേയ്ക്കു വന്നുകൂടേ?' ഞങ്ങളൊരുമിച്ചു് പുറപ്പെട്ടു; അയാരം എന്നെ അയാളുടെ വിലപിടിച്ച ഗൃഹോപകരണങ്ങരം കൊണ്ടു് അലംകൃതമായ വീട്ടിലേയ്ക്കു കൊണ്ടുപോയി; എന്നിട്ടെന്നെക്കുറിച്ചു ചോദിച്ചു. ഞാനെൻെറ യാത്രകളെപ്പററിയെല്ലാം പറഞ്ഞു. അപ്പോരം അയാരം പറഞ്ഞു: 'നിങ്ങരം യറുശലേമിലേയ്ക്കു് ഒരു തീത്ഥയാത്ര പോകേണ്ടതാണു്; അവിടെ, മറെറങ്ങും കാണാൻ കഴിയാത്ത തരത്തിലുള്ള ദേവാലയങ്ങരം ഉണ്ടു്.'

'എനിക്കു പോകാൻ അതിയായ സന്തോഷമേ ഉള്ളു.' ഞാൻ പറഞ്ഞു: 'പക്ഷെ അതിനു വേണ്ട പണം എനിക്കില്ല. കടലിലെത്തുന്നതുവരെ കരയിൽക്കൂടിയുള്ള കാര്യം എനിക്കു സാധിക്കും. എന്നാൽ കടൽയാത്രയ്ക്കു വേണ്ട വക കൊടുക്കാൻ എൻെറ കൈയ്വശമൊന്നുമില്ല. അതിനു് നല്ലയൊരു തുക വേണംതാനും.'

'തനിക്കുവേണ്ട പണം ഞാനുണ്ടാക്കിയാൽ എങ്ങനെ? ഞങ്ങളുടെ പട്ടണത്തിലെ ഒരാളെ, ഒരു വൃദ്ധനെ, ഞാൻ മുമ്പേ അയച്ചിട്ടുമുണ്ടു്, കഴിഞ്ഞ കൊല്ലം.' എന്നു പറഞ്ഞു വ്യാപാരി.

ഞാനയാളുടെ കാല്ക്കൽ വീണു. അയാരം തുടന്നു: 'കേരംക്കു, ഞാൻ ഒഡെസ്സയിലുള്ള എൻെറ മകനു് ഒരെഴുത്തു തരാം, അയാരം അവിടെയാണു താമസം; അയാരംക്കു് കോൺസ്റ്റാൻറിനോപ്പിളുമായി വ്യാപാരബന്ധങ്ങളുണ്ടു്. കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പോകുന്ന കപ്പലിലൊന്നിൽ യാത്രയ്ക്കു് ഏപ്പാടു ചെയ്യുന്നതിനും, അവിടെനിന്നും

യറുശലേമിലേയ്ക്കു വേറൊരു കപ്പലിൽ സ്ഥാനം ഏപ്പ്ാട്ട ചെയ്യാനും അതിനു വേണ്ട പണം നല്ലാനും അയാളുടെ ഏജൻറുമാക്ക് എഴുതുന്നതിനു് അയാരംകള സന്തോഷമായിരിക്കും. അതു് അത്രയേറെ ചെലവുള്ള കാര്യമൊന്നുമല്ല.'

ഇതു കേട്ടപ്പോരം ഞാൻ സന്തോഷംകൊണ്ടു് പരവശനായി. ഈ കാരുണ്യത്തിനു് ഞാനെൻെറ ഗുണകാംക്ഷിക്കു് നന്ദി പറഞ്ഞു. ഇതുമാതിരി പിതൃനിവ്വിശേഷമായ വാത്സല്യം എന്നോടു കാണിക്കുകയും, എന്നെ – എനിക്കോ അന്യക്കോ യാതൊരു ഉപകാരവും ചെയ്യാതെ അലസനായി അന്യരുടെ അപ്പവും തിന്നു കഴിയുന്ന നിന്ദ്യനും പാപിയുമായ എന്നെ – കാത്തരുളുകയും ചെയ്ത സവ്വേശ്വരനു് ഞാൻ സവ്വോപരി നന്ദിയപ്പിച്ചു, ഈ ദയാലുവായ വ്യാപാരിയുടെകൂടെ ഞാൻ മൂന്നു ദിവസം താമസിച്ചു. അദ്ദേഹം പറഞ്ഞതുപോലെ തൻെറ മകനു് ഒരെഴുത്തെഴുതി എൻെറ കൈയ്യിൽ തന്നു. അങ്ങനെ ഞാനിതാ, യറുശലേമിലേയ്ക്കു പോകാൻവേണ്ടി ഒഡെസ്സയിലേയ്ക്കുള്ള യാത്രയിൽ ഇവിടെയെത്തി. എന്നാൽ കത്താവു തൻെറ ജീവസന്ദായകമായ ശവകുടീരത്തിൽ ആരാധിക്കാൻ എന്നെ അനുവദിക്കുമോ എന്നെനിക്കറിഞ്ഞുകൂടാ.

# മൂന്നു്

ഇർകുട്സ്കു് വിട്ടുംമുമ്പു് ഞാൻ എൻെറ ആദ്ധ്യാത്മിക പിതാവിനെ – അദ്ദേഹവുമായി ഞാനെത്രയോ തവണ സംഭാഷണം ചെയ്തിരുന്നു – കാണാൻ പോയി. ഞാൻ പറഞ്ഞു: 'ഞാനിതാ വാസ്തവമായും യറുശലേമിലേയ്ക്കു് പുറപ്പെടുന്നു. യാത്ര പറയാൻ വന്നതാണു്; അനർഹനായ ഒരു തീർത്ഥാടകനാണു ഞാനെന്നിരുന്നാലും, അങ്ങേയ്ക്കു് യേശുവിൻെറ നാമത്തിൽ എന്നോടുള്ള വാത്സല്യത്തിനു് നന്ദി പറയാനുംകൂടിയാണു ഞാൻ വന്നിരിക്കുന്നതു്.'

'ഈശ്വരൻ നിൻെറ യാത്രയെ അനുഗ്രഹിക്കട്ടെ.' അദ്ദേഹം പറഞ്ഞു: 'പക്ഷെ നീയൊരിക്കലും എന്നോടു് നിന്നെ സംബന്ധിച്ചു് നീയാരാണെന്നോ എവിടെനിന്നു വരുന്നുവെന്നോ ഒന്നും പറഞ്ഞിട്ടില്ലല്ലൊ: അതെന്താണു്? നിൻെറ യാത്രയെക്കുറിച്ചു് ഒട്ടു വളരെ ഞാൻ കേൾക്കുകയുണ്ടായി. നിൻെറ ജനനത്തെക്കുറിച്ചും തീർത്ഥാടകനാകുന്നതിനു മുമ്പുള്ള നിൻെറ ജീവിതത്തെക്കുറിച്ചും അറിയാൻ എനിക്കു താല്പര്യം ഉണ്ടായിരിക്കുമല്ലൊ.'

'അതോ, വളരെ സന്തോഷത്തോടെ ആവാമല്ലൊ.' ഞാൻ മറുപടി നൽകി: 'അതിനെക്കുറിച്ചു സകലതും ഞാൻ അങ്ങയോടു പറയാം. അതു വളരെ നീണ്ട കാര്യമൊന്നുമല്ല.'

ഓറെൽസർക്കാരിൻെറ ഭരണത്തിൻകീഴിലുള്ള ഒരു ഗ്രാമത്തിലാണു് ഞാൻ പിറന്നതു്. ഞങ്ങളുടെ മാതാപിതാക്കളുടെ മരണശേഷം ഞങ്ങൾ രണ്ടുപേർ മാത്രം ബാക്കിയുണ്ടായിരുന്നു, ചേട്ടനും ഞാനും; ചേട്ടനു പത്തു വയസ്സു്, എനിക്കു് രണ്ടും. ഞങ്ങളുടെ മുത്തച്ഛൻ ഞങ്ങളെ ദത്തെടുത്തു. അദ്ദേഹം അഭിവന്ദ്യനായ ഒരു വൃദ്ധൻ, നല്ല

നിലയിൽ കഴിയാൻ വകയുള്ള ഒരാാം. പ്രധാനപാത യുടെ വക്കത്തായി അദ്ദേഹം ഒരു സത്രം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ ഹൃദയനന്മ ഒന്നുകൊണ്ടുമാത്രം അനേകം വഴിപോക്കർ അവിടെ തങ്ങാറുണ്ട്. താന്തോന്നിയായ എൻെറ ചേട്ടൻ നാട്ടിലൊക്കെ ഓടി നടന്നു് അധികസമയവും കഴിച്ചു; എന്നാലെനിക്കു് മുത്തച്ഛൻെറ അടുത്തു കഴിച്ചുകൂട്ടാനായിരുന്നു കൂടുതലിഷ്ടം. ഞായറാഴ്ചകളിലും പെരുന്നാാംദിവസങ്ങളിലും ഞങ്ങളൊരുമിച്ചു് പള്ളിയിൽ പോകാറുണ്ട്. വീട്ടിൽവെച്ചു് മുത്തച്ഛൻ പലപ്പോഴും സുവിശേഷം വായിച്ചിരുന്നു, ഈ പുസ്തകം, ഇപ്പോാം എൻേറതായ ഇതുതന്നെ. ചേട്ടനു് പ്രായമായപ്പോാം അയാാം കുടി തുടങ്ങി. എനിക്കു് ഏഴുവയസ്സുള്ളപ്പോളൊരിക്കൽ ഞങ്ങാം നെരിപ്പോടിൻെറ മുകളിലുള്ള തിണ്ണമേൽ കിടന്നുകൊണ്ടിരിക്കെ അവനെന്നെ പിടിച്ചൊരു തള്ളു്! ഞാനുരുണ്ടു് താഴെ വീണു, ഇടതുകൈയ് ഒടിഞ്ഞു ചതഞ്ഞു. അതിനുശേഷം ആ കൈയ്കൊണ്ടു് ഒന്നും ചെയ്യാൻ വയ്യാതായി; അതങ്ങു ശോഷിച്ചുപോയി. പറമ്പിൽ പണിയെടുക്കാൻ എനിക്കു പററുകയില്ല എന്നു കണ്ടു് മുത്തച്ഛൻ എന്നെ വായിക്കാൻ പഠിപ്പിച്ചു. ബാലപാഠം ഞങ്ങളുടെ കൈയ്വശം ഇല്ലാതിരുന്നതുകൊണ്ടു് അദ്ദേഹം ഈ സുവിശേഷത്തിൽനിന്നാണു് എന്നെ അക്ഷരങ്ങാം പഠിപ്പിച്ചതു്. അദ്ദേഹം അക്ഷരങ്ങാം എനിക്കു കാണിച്ചുതന്നു; അവകൊണ്ടു വാക്കുകളുണ്ടാക്കാനും, അവയെക്കണ്ടാൽ തിരിച്ചറിയാനും പഠിപ്പിച്ചു. എന്നാൽ എങ്ങനെയെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാ, എങ്ങനെയൊക്കെയോ, അദ്ദേഹത്തെ അനുസരിച്ചു് വീണ്ടും വീണ്ടും വാക്കുകാാം പറഞ്ഞുപറഞ്ഞു് കാലക്രമത്തിൽ ഞാൻ വായിക്കാൻ പഠിച്ചു. എന്നിട്ടു പിന്നീടു്, മുത്തച്ഛൻെറ കണ്ണിനു കാഴ്ച തീരെ കുറഞ്ഞപ്പോാം, അദ്ദേഹം എന്നെക്കൊണ്ടു സുവിശേഷം പലപ്പോഴും ഉറക്കെ വായിപ്പി

ക്കാറുണ്ടു്; വായന കേട്ടുകൊണ്ടിരിക്കെ അദ്ദേഹം, ഞാൻ തെററിക്കുമ്പോഠം തിരുത്തിത്തരാറുമുണ്ടു്. ഞങ്ങളുടെ സത്ര ത്തിൽ ഒരു ഗൃഹസ്ഥൻ കൂടെക്കൂടെ വന്നുകൊണ്ടിരുന്നു. അയാ ളുടെ കൈയ്യുട നന്നായിരുന്നു; അയാഠം എഴുതുന്നതു നോക്കി യിരിക്കാൻ എനിക്കു ബഹുരസം. അയാളുടെ എഴുത്തു് ഞാൻ പകർത്താൻ ആരംഭിച്ചു; അയാളെന്നെ പഠിപ്പിക്കാനും തുടങ്ങി. അയാളെനിക്കു മഷിയും കടലാസ്സും തന്നു, തൂലി കയും ഉണ്ടാക്കിത്തന്നു. അതുകൊണ്ടു് ഞാൻ എഴുതാനും പഠിച്ചു. മുത്തച്ഛനു് വലിയ സന്തോഷമായി. അദ്ദേഹം എന്നെ ഇങ്ങനെ ഉപദേശിച്ചു: 'ഈശ്വരൻ നിനക്കു് അറി വാകുന്ന അനുഗ്രഹം നൽകിയിരിക്കുന്നു: അതു നിന്നെ യൊരു മനുഷ്യനാക്കും; ഈശ്വരനു് നന്ദി പറയുക; കൂടെ കൂടെ പ്രാൎത്ഥിക്കുകയും ചെയ്യുക.'

ഞങ്ങഠം പള്ളിയിലെ എല്ലാ ആരാധനകളിലും പങ്കു കൊള്ളാറുണ്ടു്; വീട്ടിലും ഞങ്ങഠം കൂടെക്കൂടെ പ്രാൎത്ഥിച്ചി രുന്നു. അമ്പത്തിയൊന്നാമത്തെ കീൎത്തനം വായിക്കുക എപ്പോഴും എൻെറ ജോലിയായിരുന്നു. ഞാനതു ചെയ്യുന്ന സമയത്തു മുത്തച്ഛനും മുത്തശ്ശിയും നമസ്കരിക്കുകയോ മുട്ടു കുത്തുകയോ ചെയ്യും. എനിക്കു പതിനേഴു വയസ്സുള്ള പ്പോഠം മുത്തശ്ശി മരിച്ചു. അപ്പോഠം മുത്തച്ഛൻ എന്നോടു പറഞ്ഞു: 'ഇനിയിപ്പോഠം നമ്മുടെ ഈ വീട്ടിൽ ഒരു ഗൃഹ നായികയില്ല, അതു നന്നല്ല. നിൻെറ ചേട്ടൻ ഒന്നിനും കൊള്ളരുതാത്ത ഒരുവനാണു്. നിനക്കായി ഒരു പെണ്ണിനെ നോക്കാൻ പോവുകയാണു ഞാൻ; നീ കല്യാണം കഴിക്കണം.' അംഗവികലനായതുകൊണ്ടു് എനിക്കു് അക്കാര്യം അത്ര സമ്മതമായിരുന്നില്ല. പക്ഷെ മുത്തച്ഛൻ അങ്ങനെ വിട്ടില്ല. കൊള്ളാവുന്ന, വകതിരിവുള്ള, ഒരു പെൺകുട്ടിയെ അദ്ദേഹം കണ്ടുപിടിച്ചു. വയസ്സു് ഏതാ ണ്ടു് ഇരുപതു വരും. ഞാനവളെ കെട്ടുകയും ചെയ്തു. ഒരു

KOTTAYAM PUBLIC LIBRARY KOTTAYAM

വഷം കഴിഞ്ഞപ്പോഠം മുത്തച്ഛന് കഠിനമായ സുഖക്കേട്ട പിടിച്ചു. മരണം അടുത്തുവെന്നു മനസ്സിലാക്കിയ അദ്ദേഹം എന്നെ അടുത്തു വിളിച്ചു; എന്നിട്ടിങ്ങനെ എന്നോടു യാത്ര പറഞ്ഞു: 'എൻെറ വീടും എൻെറ വകയൊക്കെയും ഞാൻ നിനക്കായി തരുന്നു. നിൻെറ മനസ്സാക്ഷിയെ അനുസരിക്കുക. ആരെയും വഞ്ചിക്കരുത്. സവ്വോപരി, ഈശ്വരനോടു പ്രാത്ഥിക്കുക. അദ്ദേഹത്തിൽനിന്നാണ് എല്ലാം വരുന്നതു്. അദ്ദേഹത്തിൽ മാത്രം വിശ്വസിക്കുക. പതിവായി പള്ളിയിൽ പോകണം; സുവിശേഷം പാരായണം ചെയ്യണം; എന്നെയും നിൻെറ മുത്തശ്ശിയെയും പ്രാത്ഥനാവസരങ്ങളിൽ സ്മരിക്കുകയും വേണം. ഇതാ എൻെറ പണം: അതും ഞാൻ നിനക്കു തരുന്നു. ഒരായിരം റൂബിഠം ഉണ്ടതിൽ; അതു കാത്തു സൂക്ഷിക്കുക. ദുർവ്യയം ചെയ്യരുതു്; എന്നാൽ പിശുക്കും കാണിക്കരുതു്. അതിൽ കുറച്ചുഭാഗം പാവങ്ങഠംക്കും ദൈവത്തിൻെറ പള്ളിക്കും കൊടുക്കുക.' അതു കഴിഞ്ഞു് അദ്ദേഹം മരിച്ചു; മൃതദേഹം ഞാൻ കുഴിച്ചിട്ടു.

സ്വത്തു മുഴുവൻ എനിക്കു മാത്രമായിട്ടു തന്നതുകൊണ്ടു് എൻെറ ചേട്ടനു് എന്നോടു് വലിയ അസൂയയായി. അയാഠംക്കു് എന്നോടുള്ള കോപം പെരുകി; എന്നെ കൊല്ലാൻ പരിപാടിയിടുന്നതിനുപോലും ചെകുത്താൻ അയാളെ പ്രേരിപ്പിച്ചു. അവസാനം, വീട്ടിൽ വിരുന്നുകാരാരും ഇല്ലാത്ത ഒരവസരത്തിൽ ഞങ്ങഠം ഉറങ്ങിക്കിടക്കെ ഇതാണയാഠം ചെയ്തതു്: പണം വെച്ചിരുന്ന മുറി തല്ലിത്തുറന്നു് അയാഠം അകത്തു കടന്നു; പെട്ടിയിൽനിന്നും പണം കട്ടെടുത്തു; എന്നിട്ടു് മുറിക്കു് കൊള്ളിവെച്ചു. ഞങ്ങഠം ഉണരുംമുമ്പെ തീയ് കെട്ടിടത്തിനു മുഴുവൻ പിടിച്ചു കഴിഞ്ഞിരുന്നു. രാത്രിയിലത്തെ ഉടുതുണിയോടെ ജനലിൽ കൂടി പുറത്തു് എടുത്തു ചാടിയതുകൊണ്ടു് ഞങ്ങഠം കഷ്ടിച്ചു രക്ഷപ്പെട്ടു. സുവിശേഷം ഞങ്ങളുടെ തലയിണയുടെ

കീഴിൽ കിടപ്പുണ്ടായിരുന്നു; അതും ചാടിയെടുത്തുംകൊണ്ടു പുറത്തു കടന്നു. ഞങ്ങളുടെ വീടു കത്തിയെരിയുന്നതു നോക്കിക്കണ്ടുകൊണ്ടു് ഞങ്ങൾ തമ്മിൽപ്പറഞ്ഞു: 'നമ്മുടെ സുവിശേഷം നഷ്ടപ്പെട്ടില്ലല്ലൊ, ദൈവത്തിനു നന്ദി. നമ്മുടെ ദുഃഖത്തിൽ അതെങ്കിലും അല്പമൊരു ആശ്വാസമാണു്.' അങ്ങനെ ഞങ്ങൾക്കുണ്ടായിരുന്നതെല്ലാം വെന്തു വെണ്ണീറായി. എൻെറ ചേട്ടൻ സ്ഥലം വിട്ടു; എങ്ങോട്ടെന്നു് ഒരു തുമ്പുമില്ല. പന്നീടു ഞങ്ങൾ കേട്ടു, കള്ളു കുടിച്ചു തലയ്ക്കു വെളിവില്ലാതിരുന്നപ്പോൾ അയാൾ വീമ്പു പറഞ്ഞുവത്രെ, പണം തട്ടിയെടുത്തിട്ടു് പുരയ്ക്കു തീയ് കൊളുത്തിയതു് താനാണു് എന്നു്.

സകലവും നശിച്ചു് ഉടുതുണിപോലും ഇല്ലാത്തവരായിത്തീൻ ഞങ്ങൾ, വെറും പിച്ചക്കാർ. ഞങ്ങളാൽ ആവുംപോലെ കുറച്ചു പണം കടം മേടിച്ചു; ഒരു ചെറിയ കുടിലു കെട്ടി; കിടപ്പേടം ഇല്ലാത്ത ഗ്രാമീണരുടെ ജീവിതം ഞങ്ങളാരംഭിച്ചു. എൻെറ ഭാര്യയ്ക്കു് കൈയ്‌വേല പലതും അറിയാമായിരുന്നു. അവൾ നൂലുനൂല്ക്കുകയും നെയ്യുകയും തുന്നുകയും ചെയ്തു. ആളുകൾ അവൾക്കു വേല കൊടുത്തു; രാവും പകലും അവൾ പണിയെടുത്തു് എന്നെ കാത്തുപോററി. എൻെറ കൈയ് നിരുപയോഗമായിരുന്നതുകൊണ്ടു് എനിക്കു് മരത്തോലുകൊണ്ടുള്ള ചെരിപ്പു് ഉണ്ടാക്കാൻപോലും കഴിഞ്ഞിരുന്നില്ല. അവൾ നൂലുനൂല്ക്കും, തുന്നും; ഞാൻ അടുത്തിരുന്നു സുവിശേഷം വായിക്കും. അവൾ ശ്രദ്ധിച്ചു കൊണ്ടിരിക്കും; എന്നിട്ടുചിലപ്പോൾ കരയാൻ തുടങ്ങും. 'നീയെന്തിനാണു കരയുന്നതു്? നാം ഉയിരോടെ ഇരിക്കുകയെങ്കിലും ചെയ്യുന്നുണ്ടല്ലൊ, ദൈവത്തിനു നന്ദി.' എന്നു ഞാൻ ചോദിക്കുമ്പോൾ, 'അതെൻെറ ഹൃദയത്തെ സ്പർശിക്കുന്നു; സുവിശേഷത്തിലെ ആ സുന്ദരമായ ഭാഗം.' എന്നു് അവൾ പറയും.

മുത്തപ്പൻ ആജ്ഞാപിച്ചിരുന്നതനുസരിച്ച് ഞങ്ങറം പലപ്പോഴം ഉപവാസം അനുഷ്ഠിച്ചു; എന്നും രാവിലെ * വിശുദ്ധകന്യാമറിയത്തിൻെറ സ്തുതി ചൊല്ലി. പ്രലോഭനങ്ങളുടെ പിടിയിൽ പെടാതിരിക്കാൻ വേണ്ടി ഞങ്ങളിരുവരും എന്നും രാത്രി ഒരായിരം നമസ്കാരം വീതം ചെയ്തു. ഞങ്ങളിങ്ങനെ ഒതുങ്ങി രണ്ടു കൊല്ലം കഴിച്ചു. എന്നാൽ വളരെ ആശ്ചര്യകരമായ സംഗതിയിതാണ്, ഹൃദയത്തിൽ അപ്പിക്കുന്ന ആന്തരികപ്രാത്ഥനയെക്കുറിച്ച് ഞങ്ങറംക്കൊരു വിവരവും ഉണ്ടായിരുന്നില്ലെങ്കിലും-ഞങ്ങളതിനെക്കുറിച്ചു കേട്ടിട്ടുപോലുമില്ല – നാവുകൊണ്ടു മാത്രം പ്രാത്ഥിച്ചതേയുള്ളു എന്നിരുന്നാലും, യാതൊരു വിചാരവും ചെയ്യാതെ വിദൂഷകന്മാർ തലകുത്തിമറിയും പോലെയാണ് നമസ്കാരങ്ങറം ചെയ്തിരുന്നതെന്നുവരികിലും, ഇങ്ങനെയൊക്കെയാണെങ്കിലും, പ്രാത്ഥനയ്ക്കുള്ള ആഗ്രഹം ഞങ്ങറംക്കുണ്ടായിരുന്നു. അത്ഥമൊന്നും ഗ്രഹിക്കാതെ ഞങ്ങറം ഉരുവിട്ടിരുന്ന നീണ്ട പ്രാത്ഥനകറം മുഷിപ്പനായിട്ട് ഞങ്ങറംക്കു തോന്നിയില്ല; എന്നുമാത്രമല്ല, ഞങ്ങറം അവയെ ഇഷ്ടപ്പെടുകതന്നെ ചെയ്തു. ഒരാചാര്യൻ എന്നോടൊരിക്കൽ പറഞ്ഞതുപോലെ, മാനവഹൃദയത്തിൽ ഒരു രഹസ്യപ്രാത്ഥന ഒളിഞ്ഞുകിടപ്പുണ്ട് എന്നതു് ശരിക്കും നേരാണ്. മനുഷ്യൻ സ്വയം അതറിയുന്നില്ല. എന്നാലതു് അവൻെറ ആത്മാവിനുള്ളിൽ ഗൂഢമായി പ്രവത്തിച്ചുകൊണ്ട്, അവനെ അവൻെറ അറിവിനും കഴിവിനും അനുസരിച്ച് പ്രാത്ഥനയ്ക്കായിട്ട് പ്രേരിപ്പിക്കുന്നു.

ഇമ്മാതിരി ഞങ്ങറം നയിച്ചുപോന്ന രണ്ടു കൊല്ലത്തെ ജീവിതത്തിനുശേഷം എൻെറ ഭായ്യ കഠിനമായ പനി പിടിച്ചു കിടപ്പിലായി. അവറംക്ക് അന്ത്യകൂദാശ നല്കപ്പെട്ടു; പനിപിടിച്ചതിൻെറ ഒമ്പതാം പക്കം അവറം

---

* Acathist of Our Lady.

മരിച്ചു, ഞാൻ ലോകത്തിൽ ഒററത്തടിയായി. എനിക്കു ചെയ്യാവുന്ന ജോലി ഒന്നുമുണ്ടായിരുന്നില്ല. എന്നാലും എനിക്കു ജീവിക്കേണ്ടതുമുണ്ടു്. പിച്ച തെണ്ടുന്നതു് എൻെറ മനസ്സാക്ഷിക്കു് എതിരുമായിരുന്നു. അതു കൂടാതെ എൻെറ ഭാര്യ്യ മരിച്ചതുകൊണ്ടുള്ള ദുഃഖം എത്രയായിരുന്നു വെന്നോ! എന്നെ ഞാൻ എന്താണു ചെയ്യേണ്ടതു് എന്നെ നിക്കു നിശ്ചയമില്ലാതായി. ഞങ്ങളുടെ ചെറിയ കുടിലി നുള്ളിൽ കടക്കുമ്പോഠം അവളുടെ ഉടുതുണികളോ രണ്ടാം മുണ്ടോ കണ്ടാൽ ഞാൻ കണ്ണുനീരിൽ കുളിച്ചു് ബോധംകെട്ടു് നിലം പതിക്കുകയായി. വീട്ടിൽ പാത്താൽ ദുഃഖം താ ങ്ങാനാവില്ല എന്നു കരുതി ഞാൻ ഇരുപതു രൂബിളിനു് വീടു വിററു; എൻെറ സ്വന്തമായും ഭാര്യ്യയുടെ വകയായും ഉണ്ടായിരുന്ന തുണികഠം പെറുക്കി പാവങ്ങഠംക്കു കൊടുത്തു. ഒരു കൈയ്ക്ക് നിരുപയോഗമായിരുന്നതുകൊണ്ടു് എനിക്കു് ഒരു പാസ്പോർട്ടു തന്നു; അതെന്നെ സകലവിധമായ പൊതു ചുമതലകളിൽനിന്നുമെന്നേയ്ക്കും വിമുക്തനാക്കി. എന്നിട്ടു് എൻെറ പ്രിയപ്പെട്ട സുവിശേഷവും എടുത്തുകൊണ്ടു യാത്രയായി, എന്തിനെന്നോ എങ്ങോട്ടെന്നോ ഒന്നും ചിന്തിക്കാതെ.

എന്നാൽ കുറച്ചു കഴിഞ്ഞപ്പോഠം ഞാനെങ്ങോട്ടു. പോകുമെന്നു് ആലോചനയായി; തന്നെത്താൻ പറഞ്ഞു: 'ഒന്നാമതായി ഞാൻ കീവിലേയ്ക്കു പോകും. ഈശ്വരനു് പ്രീതിപാത്രങ്ങളായിരുന്ന പുണ്യവാളന്മാരുടെ ദേവാലയ ങ്ങളിൽ ഞാൻ ആരാധന നടത്തും; എന്നിട്ടു് എൻെറ സങ്ക ടത്തിൽ അവരുടെ തുണ തേടും.' ഇങ്ങനെ നിശ്ചയിച്ചുറച്ചു കഴിഞ്ഞപ്പോഠംത്തന്നെ എനിക്കു് ആശ്വാസം തോന്നിത്തുട ങ്ങി; വലിയ സമാധാനത്തോടെ ഞാൻ കീവിലേയ്ക്കു യാത്ര പുറപ്പെട്ടു. അതു മുതൽ, അതായതു് കഴിഞ്ഞ പതിമ്മൂന്നു കൊല്ലങ്ങളായി ഞാൻ നാടുതോറും സഞ്ചരിച്ചുകൊണ്ടേ

വരുന്നു. പലേ പള്ളികളും സന്ന്യാസിമഠങ്ങളും ഞാൻ സന്ദർശിച്ചു; എന്നാൽ അടുത്ത പുൽമേടുകളിലും പാടങ്ങളിലും കൂടിയാണു് എൻെറ യാത്രയധികവും. യറുശലേമിൽ പോകാൻ ദൈവംതമ്പുരാൻ എന്നെ കനിഞ്ഞനുഗ്രഹിക്കുമോ എന്നെനിക്കു് അറിഞ്ഞുകൂടാ. തമ്പുരാൻെറ തിരുവുള്ളമുണ്ടെങ്കിൽ, അതിനുള്ള കാലം വരുമ്പോൾ, എൻെറ പാപം പൂണ്ട എല്ലുകൾ അവിടെ മണ്ണടിഞ്ഞേക്കും.'

'ആട്ടെ, നിങ്ങൾക്കെത്ര വയസ്സായി ?'

'മുപ്പത്തിമൂന്നു്.'

കൊള്ളാം പ്രിയപ്പെട്ട അനിയാ, നിങ്ങൾക്കു് നമ്മുടെ ഉടയതമ്പുരാൻ ഈശോമിശിഹായുടെ പ്രായമെത്തിയിരിക്കുന്നു.'

## നാല്

'എന്നാൽ ഈശ്വരനെ വിടാതെ പിടിക്കുന്നതും
ഈശ്വരനിൽ എന്റെ വിശ്വാസം അപ്പിക്കുന്നതും
എനിക്കു നല്ലതിനാണു്.'

'നാമൊന്നു നിനയ്ക്കുന്നു; ദൈവം മററൊന്നു നടത്തുന്നു.' എന്നു പറയുന്ന റഷ്യൻ പഴഞ്ചൊല്ലു വാസ്തവം തന്നെ.' എന്നു ഞാൻ വീണ്ടും എന്റെ അദ്ധ്യാത്മപിതാവിന്റെ അടുക്കൽ മടങ്ങിയെത്തിയപ്പോൾ പറഞ്ഞു: 'ഇപ്പൊഴേയ്ക്കും തീൎച്ചയായിട്ടും ഞാൻ യറുശലേമിലേയ്ക്കുള്ള വഴിയിലായിരിക്കും എന്നു ഞാൻ കരുതി. എന്നാൽ നോക്കു, കാര്യങ്ങൾ എങ്ങനെയാണു വന്നുചാടിയിരിക്കുന്നതെന്നു്. തീരെ ഉദ്ദേശിക്കാത്ത ചിലതൊക്കെ സംഭവിച്ചു; അങ്ങനെ മൂന്നു നാളേയ്ക്കുകൂടി ഞാനിവിടെത്തന്നെ തങ്ങേണ്ടിയിരിക്കുന്നു. അതിനെക്കുറിച്ചു് അങ്ങയോടു പറയുകയും അതിലൊരു തീൎപ്പേടുക്കുംമുമ്പു് അങ്ങയുടെ അഭിപ്രായം ആരായുകയും ചെയ്യാതെ എനിക്കു നിവ്വാഹമില്ല.'

ഇങ്ങനെയാണു് അതുണ്ടായതു്: എല്ലാവരോടും യാത്ര പറഞ്ഞു് ദൈവത്തിന്റെ തുണയോടെ ഞാൻ യാത്ര പുറപ്പെട്ടതായിരുന്നു. പട്ടണത്തിന്റെ പുറംപടിവരെ ഞാൻ എത്തിയതാണു്: അപ്പോഴവിടെ അവസാനത്തെ വീടിന്റെ വാതില്ക്കൽ എനിക്കു പരിചയമുള്ള ഒരാൾ നില്ക്കുന്നതു കണ്ടു. അയാൾ ഒരു കാലത്തു് എന്നെപ്പോലെ ഒരു തീൎത്ഥാടകനായിരുന്നു: ഏതാണ്ടു മൂന്നു കൊല്ലത്തോളമായി ഞാനയാളെ കണ്ടിട്ടു്. ഞങ്ങൾ പരസ്പരം അഭിവാദ്യം ചെയ്തു; ഞാനെങ്ങോട്ടാണു പോകുന്നതു് എന്നു് അയാൾ എന്നോടു ചോദിച്ചു.

'ദൈവം കനിയുന്നെങ്കിൽ, എനിക്കു് യറുശലേംവരെ പോകണമെന്നുണ്ടു്.' എന്നു പറഞ്ഞു ഞാൻ.

'ദൈവത്തിനു സ്തുതി! നിങ്ങൾക്കൊരു നല്ല സഹയാത്രികനുണ്ടു്.' അയാൾ പറഞ്ഞു.

'ദൈവം നിങ്ങളോടൊപ്പം ഉണ്ടാവട്ടെ; അയാളോടൊപ്പവും.' ഞാൻ പറഞ്ഞു: 'പക്ഷെ, മററുള്ളവരുടെകൂടെ യാത്ര ചെയ്യുക എന്നുള്ളതു് ഒരിക്കലും എൻെറ പതിവല്ല, എന്നു നിങ്ങൾക്കു തീർച്ചയായും നിശ്ചയമുണ്ടല്ലൊ. ഞാനെപ്പോഴും ഒററയ്ക്കാണു ചുററിത്തിരിയുന്നതു്.'

'അതെ, പക്ഷെ ഇതു കേൾക്കൂ: ഈ മനുഷ്യൻ നിങ്ങളെപ്പോലെതന്നെയാണെന്നു് എനിക്കു് തീർച്ചയുണ്ടു്, നിങ്ങൾ തമ്മിൽത്തമ്മിൽ എല്ലാംകൊണ്ടും ഒത്തിണങ്ങും. ദാ, ഇവിടെ നോക്കൂ, ഈ വീട്ടുടമയുടെ അച്ഛൻ – എന്നെ ഇവിടെയൊരു വേലക്കാരനായി നിർത്തിയിരിക്കുക ാണു്. ഒരു നേർച്ചയായി യറുശലേമിലേയ്ക്കു പോവുകയാണു്; നിങ്ങളിരുവരും എളുപ്പത്തിൽ ഇണങ്ങിച്ചേരും. അദ്ദേഹം ഈ പട്ടണത്തിൽ പെട്ടവനാണു്; ഒരു നല്ല വയസ്സൻ; അദ്ദേഹത്തിനു കാതു തീരെ കേൾക്കുകയുമില്ല. നിങ്ങളെത്ര വിളിച്ചുകൂവിയാലും അദ്ദേഹം ഒരക്ഷരം കേൾക്കുകയില്ല. നിങ്ങൾക്കു് അദ്ദേഹത്തോടു് എന്തെങ്കിലും ചോദിക്കണമെന്നുണ്ടെങ്കിൽ, ഒരു കടലാസ്സുതുണ്ടിൽ എഴുതിക്കാണിക്കണം. അപ്പോൾ അദ്ദേഹം മറുപടി പറയും. അതിനാൽ വഴിക്കു് അദ്ദേഹം നിങ്ങളെ മെനക്കെടുത്തുകയില്ല. അദ്ദേഹം നിങ്ങളോടു് സംസാരിക്കുകയേ ഇല്ല; ഇവിടെ വീട്ടിലും അദ്ദേഹം ഏറെയേറെ മൗനമായി വരുകയാണു്. നേരേമറിച്ചു് നിങ്ങൾ വഴിക്കു് അദ്ദേഹത്തിനു് വലിയൊരു സഹായമായിരിക്കുകയും ചെയ്യും. മകൻ അദ്ദേഹത്തിനു് ഒരു വണ്ടിയും കുതിരയും കൊടുക്കും. അതദ്ദേഹം ഒഡെസ്സവരെ കൊണ്ടുപോകും; എന്നിട്ടവിടെ വില്ക്കും. വയ

സ്സുന നടന്നുപോയാൽ കൊള്ളാമെന്നുണ്ടു്; എന്നാൽ സ്വല്പം ചില സാമാനങ്ങരം കൊണ്ടുപോകേണ്ടതുകൊണ്ടു് കുതിരയും കൂടെപ്പോകുന്നു. അദ്ദേഹം കത്താവിൻെറ അന്ത്യവിശ്രാന്തിസ്ഥാനത്തേയ്ക്കുവേണ്ടി ചില സാധനങ്ങളും കൊണ്ടുപോകുന്നുണ്ടു്. അവയോടൊരുമിച്ചു് നിങ്ങളുടെ ഭാണ്ഡവും ഇടാമല്ലൊ. ഇത്ര നീണ്ട ഒരു യാത്രയ്ക്കു് കുതിരയേയും കൊടുത്തു് ഒരു കാതു കേരംക്കാത്ത കിഴവനെ ഞങ്ങളെങ്ങനെയാണു് ഒററക്കു പറഞ്ഞയയ്ക്കുന്നതെന്നു് ഒന്നാലോചിച്ചുനോക്കു. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോവാൻ ഒരാളെ കിട്ടുന്നതിനു് അവർ തേടിത്തേടി മടുത്തു, ചോദിക്കുന്നവരൊക്കെ വളരെ വലിയ തുകയാണു് ആവശ്യപ്പെടുന്നതു്. അതുമാത്രമല്ല: ഞങ്ങരംക്കു പരിചയമില്ലാത്ത ആളുടെകൂടെ അയക്കുന്നതിൽ അപകടവുമുണ്ടു്; കാരണം അദ്ദേഹത്തിൻെറ കൈയ്വശം പണവും സാമാനങ്ങളും ഉണ്ടായിരിക്കും. 'ആവാം.' എന്നു പറയൂ, അനിയാ; അതു തീച്ചയായും സൗകയ്യമായിരിക്കും; ദൈവത്തിൻെറ വാഴ്വിനും അയൽക്കാരനോടുള്ള സ്നേഹത്തിനും വേണ്ടി ഇപ്പോഴിങ്ങനെ നിശ്ചയിക്കുക. അദ്ദേഹത്തിൻെറ ആളുകരംക്കു് നിങ്ങളെക്കുറിച്ചു ഞാൻ ഉറപ്പുകൊടുക്കാം; നല്ല വാക്കുകൊണ്ടു് അവർ വേഗം സന്തോഷിക്കും; അലിവുള്ള കൂട്ടരാണവർ; അവക്കു് എന്നെ വലിയ കായ്യവുമാണു്. രണ്ടു കൊല്ലമായിട്ടു ഞാൻ അവരുടെയവിടെയാണു പണിയെടുക്കുന്നതു്.'

ഈ വത്തമാനമൊക്കെ വാതില്ക്കൽവെച്ചാണു നടന്നതു്; എന്നിട്ടു് അയാളെന്നെ വീട്ടിനകത്തേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. ഗൃഹനാഥൻ അവിടെ ഉണ്ടായിരുന്നു. അന്തസ്സും യോഗ്യതയും ഉള്ള കുടുംബക്കാരാണവർ എന്നെനിക്കു് തികച്ചും ബോദ്ധ്യമായി. അതുകൊണ്ടു് ഞാൻ ആ ഏപ്പാടിനു് സമ്മതിച്ചു. കൃസ്തുമസ്സിനുശേഷം രണ്ടു ദിവസം കഴിഞ്ഞു് കുർബാനയിൽ പങ്കുകൊണ്ടിട്ടു് കത്താവിൻെറ കനിവോടെ, പുറപ്പെടാം എന്നാണു് ഞങ്ങളിപ്പോരം

നിശ്ചയിച്ചിരിക്കുന്നതു്. ജീവിതയാത്രയിൽ എന്തെല്ലാം അപ്രതീക്ഷിതങ്ങളായ സംഗതികളാണു നാം കണ്ടുമുട്ടുന്നതു്! എന്നിരുന്നാലും ഏതുപൊഴുതും ദൈവംതമ്പുരാനും അദ്ദേഹത്തിൻെറ പവിത്രകടാക്ഷവുമാണു് നമ്മുടെ പരിപാടികളെ നയിക്കുന്നതും നിരോധിക്കുന്നതും. 'ഇച്ഛിക്കാനും പ്രവർത്തിക്കാനും നിന്നിൽ പ്രവർത്തിക്കുന്നതു ദൈവമാകുന്നു.' എന്നാണല്ലൊ എഴുതപ്പെട്ടിരിക്കുന്നതു്.

ഇതെല്ലാം കേട്ടപ്പോൾ എൻെറ അദ്ധ്യാത്മപിതാവു പറഞ്ഞു: 'സഹോദരാ, ഇത്ര വേഗത്തിലും ഇത്ര അപ്രതീക്ഷിതമായും നിങ്ങളെ വീണ്ടും കാണാൻ കഴിയുമാറു് ദൈവം കാര്യങ്ങൾ കല്പിച്ചരുളിയതിൽ ഞാൻ ഹൃദയപൂർണ്ണമായി സന്തോഷിക്കുന്നു. നിങ്ങൾക്കിപ്പോൾ സമയമുള്ള സ്ഥിതിയ്ക്കു്, സ്നേഹത്തിൻെറ പേരിൽ നിങ്ങളെ കുറച്ചു നേരംകൂടി വെച്ചുകൊണ്ടിരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ നീണ്ട തീർത്ഥാടനങ്ങൾക്കിടയിൽ ഏർപ്പെട്ടിട്ടുള്ള വിജ്ഞാനപ്രദങ്ങളായ അനുഭവങ്ങളെക്കുറിച്ചു് ഇനിയും കൂടുതൽ കാര്യങ്ങൾ എന്നോടു പറയണം. അതിയായ താല്പര്യത്തോടും സന്തോഷത്തോടുംകൂടി ഞാൻ നിങ്ങൾ നേരത്തേ പറഞ്ഞതെല്ലാം കേട്ടിരിക്കുന്നു.'

'അങ്ങനെ ചെയ്യാൻ ഞാൻ തയ്യാറാണു്; അതിനു് എനിക്കു സന്തോഷവുമാണു്.' ഞാൻ മറുപടി പറഞ്ഞു. എന്നിട്ടിങ്ങനെ തുടന്നു:

ഒട്ടേറെക്കാര്യങ്ങൾ എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. ചിലതു നല്ലവ, ചിലതു ചീത്തയും. അവയെക്കുറിച്ചെല്ലാം പറയാൻ വളരെ കാലം പിടിക്കും; വളരെയൊക്കെ ഞാൻ മറന്നും കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ, എൻെറ അലസമായ ആത്മാവിനെ പ്രാർത്ഥനയിലേയ്ക്കു നയിയ്ക്കുകയും പ്രേരിപ്പിക്കുകയും ചെയ്ത കാര്യങ്ങൾമാത്രമേ ഓർമ്മിച്ചുവെയ്ക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളു. മററുള്ളതൊക്കെ

വിരളമായേ ഞാൻ ഓമ്മിക്കാറുള്ളു; അഥവാ, കഴിഞ്ഞതിനെ വിസ്മരിക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളതു്. 'പിന്നിലുള്ളതൊക്കെ വിസ്മരിച്ചും, മുന്നിലുള്ളതിലേയ്ക്ക് എത്തിവലിഞ്ഞും, ഞാൻ ഉത്തമജീവിതമാകുന്ന ലക്ഷ്യത്തിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.' എന്നു് പൗലോസ് പുണ്യവാളൻ പറയുമ്പോഠം അതാണല്ലൊ അദ്ദേഹം നമ്മോടാജ്ഞാപിക്കുന്നതു്. ആന്തരപ്രാത്ഥനയ്ക്ക് എതിരായുള്ള ശക്തികഠം ഇരുവശങ്ങളിൽനിന്നു്, ഇടത്തുനിന്നും വലത്തുനിന്നും, നമ്മെ ആക്രമിക്കും എന്നു് എൻെറ കാലം ചെയ്ത ധന്യസ്മൃതിയായ ആചാര്യനും പറയാറുണ്ടു്. എന്നുവെച്ചാൽ, വ്യത്ഥചിന്തകഠംകൊണ്ടും പാപവിചാരങ്ങഠം കൊണ്ടും ചെകുത്താനു് നമ്മെ പ്രാത്ഥനയിൽനിന്നും പിന്തിരിപ്പിക്കാൻ സാധിക്കാത്തപക്ഷം, ഏതെങ്കിലും തരത്തിൽ നമ്മെ പ്രാത്ഥനയിൽനിന്നും അകററിക്കൊണ്ടുപോകുന്നതിനായി അവൻ, നാം പഠിച്ചിട്ടുള്ള നല്ല കാര്യങ്ങഠം നമ്മുടെ മനസ്സിൽ ഉണത്തിക്കൊണ്ടുവരുകയും മനോഹരങ്ങളായ ആശയങ്ങഠംകൊണ്ടു് നമ്മെ നിറയ്ക്കുകയും ചെയ്യുന്നു. 'വലത്തുവശത്തുനിന്നുള്ള ഒരു മോഷണം,' എന്നാണതിനെ പറയുന്നതു്. അതിൽ, ആത്മാവു് അതിൻെറ ആത്മാവുമായുള്ള സംഭാഷണം മാററിവെച്ചിട്ട് അഹങ്കാരവുമായോ സൃഷ്ടിജാലങ്ങളുമായോ സല്ലാപം നടത്തുന്നു. പ്രാത്ഥനാസമയത്തു്, ആദ്ധ്യാത്മികമായ അത്യുച്ചമായ ചിന്തകളെപ്പോലും അകത്തുകടക്കാൻ അനുവദിക്കരുതു് എന്നു് അതിനാൽ അദ്ദേഹം എന്നെ പഠിപ്പിച്ചു. ദിവസത്തിൽ, ഹൃദയത്തിലെ രഹസ്യമായ പ്രാത്ഥനയെക്കാളേറെനേരം ചിന്തയും സംസാരവും മെച്ചപ്പെട്ടതാനാണ് ഉപയോഗിച്ചതു് എന്നു കാണുന്ന പക്ഷം, അതു വിവേകഹീനതയായോ അദ്ധ്യാത്മലോഭമായോ വേണ്ടിയിരുന്നു ഞാൻ കണക്കാക്കാൻ. നൂതനസാധകന്മാരെ സംബന്ധിച്ച് ഇതു് സവ്വോപരി വാസ്തവമാണു് എന്നു് അദ്ദേഹം പറഞ്ഞു.

അവർ അദ്ധ്യാത്മജീവിതത്തിലെ ഇതരസാധനകൾക്ക നൽകുന്നതിലും വളരെയധികം സമയം പ്രാർത്ഥനയ്ക്കുവേണ്ടി ചെലവാക്കണമെന്നുള്ളതു് അത്യന്താപേക്ഷിതമാകുന്നു.

എന്നിരുന്നാലും ഒരുവനു് എല്ലാം മറക്കാനൊക്കില്ല. ഒരു സംഗതി മനസ്സിൽ വളരെ ആഴത്തിൽ പതിഞ്ഞിരിക്കും; വളരെക്കാലം അതിനെക്കുറിച്ച് ആലോചിച്ചിട്ടേ ഇല്ല എന്നു വരികിലും അതു വളരെ വ്യക്തമായി ഓർമ്മിക്കപ്പെടുകയും ചെയ്യും. കർത്താവിനോടു ഭക്തിയുള്ള ഒരു കുടുംബത്തിൽ ഏതാനും നാൾ താമസിക്കാനുള്ള ഭാഗ്യം നൽകപ്പെടാൻ ഞാൻ അർഹനാണെന്നു ദൈവം തമ്പുരാൻ തിരുവുള്ളമായ, ഞാൻ പറയാൻ പോകുന്ന, സംഭവം അതിനു് ഒരു ഉദാഹരണമാണു്.

തൊബ്ബോൾസ്ക്സക്കാരിൻെറ നാട്ടിൽക്കൂടി സഞ്ചരിക്കുന്നതിനിടയ്ക്കു ഞാൻ ഒരു ഉൾനാടൻപട്ടണത്തിൽക്കൂടി കടന്നു പോകാൻ ഇടയായി. എൻെറ കൈയ്വശമുണ്ടായിരുന്ന ഉണക്കറൊട്ടി ഏതാണ്ടു തീരാറായി; കുറച്ചുകൂടി മേടിക്കാനായി ഞാനൊരു വീട്ടിൽ ചെന്നു. ഗൃഹനാഥൻ പറഞ്ഞു: 'ദൈവത്തിനു സ്തുതി, നിങ്ങൾ കൃത്യസമയത്തിനാണു വന്നതു്; എൻെറ ഭാര്യ റൊട്ടി അടുപ്പിൽനിന്നും ഇതാ എടുത്തതേ ഉള്ളു. അതിനാൽ നിങ്ങൾക്കിതാ ചൂടുള്ള ഒരു റൊട്ടി. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കുക.' ഞാൻ അദ്ദേഹത്തിനു നന്ദി പറഞ്ഞുകൊണ്ടു റൊട്ടി സഞ്ചിക്കുള്ളിൽ ആക്കിക്കൊണ്ടിരിക്കെ, നോക്കിക്കൊണ്ടു നിന്നിരുന്ന അദ്ദേഹത്തിൻെറ ഭാര്യ പറഞ്ഞു: 'നിങ്ങളുടെ സഞ്ചി എത്ര മോശമായിരിക്കുന്നു; ഒക്കെ കീറിപ്പറിഞ്ഞു പോയല്ലൊ. ഞാൻ നിങ്ങൾക്കു വേറൊരു സഞ്ചി തരാം.' എന്നിട്ടവർ എനിക്കു ബലമുള്ള നല്ല ഒരെണ്ണം തന്നു. ഹൃദയപൂർവ്വം നന്ദി പറഞ്ഞുകൊണ്ടു് ഞാൻ പുറപ്പെട്ടു. പട്ടണം വിടുന്ന അവസരത്തിൽ അല്പം ഉപ്പു ചോദിക്കാനായി

ഞാനൊരു ചെറിയ കടയിൽ കയറി; കടയുടമ ഒരു ചെറു സഞ്ചി നിറയെ തന്നു. ഞാൻ ഉള്ളാലെ സന്തോഷിച്ചു; അനർഹനായ എന്നെ ഇമ്മാതിരി അൻപുള്ള ആളുകളുടെ അടുക്കലേയ്ക്കു് നയിക്കുന്നതിനു് ദൈവത്തിനു് നന്ദിയും പറഞ്ഞു. 'ഇനി, ആഹാരത്തെക്കുറിച്ചു് അല്ലൽപ്പെടാതെ ഒരാഴ്ച മുഴുവൻ വയറും നിറച്ചു തൃപ്തനായി കഴിയാം. അല്ലയോ എന്നാത്മാവേ, ദൈവത്തെ വാഴ്ത്തുക.' എന്നിങ്ങനെ ഞാൻ സ്വയം നിനച്ചു.

ഈ പട്ടണത്തിൽനിന്നു മൂന്നു മൈലോമറേറാ ചെല്ലുമ്പോഠം, ഞാൻ പൊയ്ക്കൊണ്ടിരുന്ന പാത ഒരു പാവപ്പെട്ട ഗ്രാമത്തിൽക്കൂടിയാണു കടന്നു പോയിരുന്നതു്. അവിടെ മരംകൊണ്ടു പണിത ഒരു ചെറിയ നല്ല പള്ളി ഞാൻ കണ്ടു. പുറമേ ചായം തേച്ചു് ഭംഗിയായി അലങ്കരിച്ചിട്ടുണ്ടു്. അതിലേ കടന്നുപോകുമ്പോഠം, കർത്താവിൻെറ പാർപ്പിടത്തെ ആദരിക്കണമെന്നു് ഒരാഗ്രഹം എനിക്കു തോന്നി; പൂമുഖത്തു ചെന്നു് ഞാൻ കുറച്ചുനേരം പ്രാർത്ഥിച്ചു. പള്ളിയുടെ ഒരു വശത്തുള്ള പുൽത്തകിടിയിൽ അഞ്ചോ ആറോ വയസ്സുള്ള രണ്ടു പിഞ്ചു കുട്ടികഠം കളിക്കുന്നുണ്ടായിരുന്നു. ഇടവകയിലെ പുരോഹിതൻെറ മക്കളായിരിക്കും അവർ എന്നു ഞാൻ കരുതി. കാരണം അവർ ഭംഗിയായി വസ്ത്രധാരണം ചെയ്തിരുന്നു. പ്രാർത്ഥന കഴിഞ്ഞു് ഞാൻ യാത്ര തുടന്നു; എന്നാൽ, പള്ളിയിൽനിന്നും ഒരു പന്ത്രണ്ടടി വെച്ചില്ല, അതിനുമുമ്പേ പിന്നിൽനിന്നും ഉറക്കെ ഒരു വിളി കേട്ടു: 'പ്രിയ കൊച്ചുപിച്ചക്കാരാ, നില്ലു്!' ഞാൻ മുമ്പേ കണ്ട രണ്ടു കിടാങ്ങഠം, — ഒന്നൊരാൺകുട്ടി, ഒന്നു പെൺകുട്ടിയും — വിളിച്ചുകൊണ്ടു് എൻെറ പിന്നാലെ പാഞ്ഞുവരുകയായിരുന്നു. ഞാനവിടെ നിന്നു. അവർ ഓടി അടുത്തെത്തി എൻെറ കൈയിൽ പിടിച്ചു. 'വരൂ, അമ്മയുടെ അടുത്തേയ്ക്കു്. അമ്മയ്ക്കു് പിച്ചക്കാരെ ഇഷ്ടമാ.'

'ഞാനൊരു പിച്ചക്കാരനല്ല.' ഞാൻ പറഞ്ഞു: 'ഞാനൊരു വഴിപോക്കനാണ്.'

'എന്നാപ്പിന്നെ നിങ്ങക്കെന്തിനാ ഈ പൊക്കണം ?'

'അതെനിക്കു വഴിക്കു തിന്നാനുള്ള റൊട്ടിയിട്ടു വെല്ലാൻ.'

'അതെന്തായാലും നിങ്ങ൦ വരണം. അമ്മ നിങ്ങ൦ക്കു യാത്രയ്ക്കു കുറച്ചു പണം തരും.'

'എവിടെ നിങ്ങളുടെ അമ്മ ?' ഞാൻ ചോദിച്ചു.

'അവിടെ ആ പള്ളിയുടെ പിറകിൽ; ആ കൊച്ചു കാടിനപ്പുറം.'

അവരെന്നെ ഒരൊന്നാംതരം തോട്ടത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി; അതിനു നടുക്കു നില്ക്കുന്നു, വലിയൊരു നാടൻ വീട്. ഞങ്ങ൦ അകത്തു കടന്നു. അതൊക്കെ എത്ര വൃത്തിയായും ചിട്ടയായും വെച്ചിരിക്കുന്നു! വീട്ടമ്മ ഞങ്ങളുടെ നേക്കു പാഞ്ഞുവരുന്നു: 'സ്വാഗതം, സ്വാഗതം! ദൈവം നിങ്ങളെ ഞങ്ങടെ അടുത്തു കൊണ്ടുവന്നു. ആട്ടെ, നിങ്ങളെങ്ങനെയാണു വന്നത്? ഇരിക്കൂ, സ്നേഹിതാ, ഇരിക്കൂ.' അവർ സ്വന്തം കൈയ്യാൽ എൻെറ സഞ്ചിയെടുത്ത് ഒരു മേശപ്പുറത്തുവെച്ചു; എന്നിട്ട് നല്ല പതുപതുത്ത വിരിപ്പു വിരിച്ച കസേരയിൽ എന്നെ ഇരുത്തി. 'എന്തെങ്കിലും കഴിക്കണ്ടേ? അതോ ഒരു കപ്പ് ചായയോ? നിങ്ങ൦ക്ക് എന്തെങ്കിലും അത്യാവശ്യമുണ്ടോ ?'

'ഞാൻ വളരെ താഴ്മയോടെ നന്ദി പറയട്ടെ.' ഞാൻ മറുപടി പറഞ്ഞു: 'എന്നാൽ ഒരു സഞ്ചിനിറയെ ആഹാരം എൻെറ കൈയ്‌വശമുണ്ട്. ഞാൻ ചായ കഴിക്കും എന്നുള്ളതു് ശരിയാണ്: പക്ഷെ ഒരു ഗ്രാമീണനായതുകൊണ്ട് അങ്ങനെ നിർബ്ബന്ധമായ പതിവൊന്നുമില്ല. നിങ്ങളുടെ ഹൃദയസ്പൃശിയും ദയാപൂർവ്വവുമായ സ്വാഗതത്തെ, നിങ്ങ൦

തരാമെന്നു പറഞ്ഞ ആഹാരത്തേക്കാരം ഞാൻ വിലമതി യ്ക്കുന്നു. അപരിചിതരോട് സുവിശേഷങ്ങളിൽ വർണ്ണിച്ചി രിക്കുന്നവിധം ഇമ്മാതിരി സ്നേഹം പ്രകാശിപ്പിക്കുന്ന തിനു് സർവ്വേശ്വരൻ നിങ്ങളെ അനുഗ്രഹിക്കേണമേ, എന്നു ഞാൻ പ്രാർത്ഥിക്കുന്നതാണു്.'

ഞാനിങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ, എന്നുള്ളി ലേയ്ക്കു പിൻവാങ്ങാൻ ശക്തിയായ ഒരു പ്രേരണ എന്നെ പിടികൂടി. പ്രാർത്ഥന എൻെറ ഹൃദയത്തിൽ കുതിച്ചുയരുക യായിരുന്നു. പ്രാർത്ഥനാദീപത്തിൻെറ ആളുന്ന ഈ നാള ത്തിനു വിളങ്ങാൻ വേണ്ട സൗകര്യം കൊടുക്കുന്നതിനും അതോടൊപ്പമുണ്ടാകുന്ന ബാഹ്യചിഹ്നങ്ങരം, അതായതു്, കണ്ണുനീർ, നെടുവീർപ്പ്, മുഖത്തിൻെറയും ചുണ്ടുകളുടെയും പതിവില്ലാത്ത ചലനങ്ങരം എന്നിവ അന്യരിൽനിന്നും മറയ്ക്കുന്നതിനും എനിക്കു് ശാന്തിയും നിശ്ശബ്ദതയും വേണ്ടി യിരുന്നു. അതിനാൽ ഞാനിങ്ങനെ പറഞ്ഞുകൊണ്ടു് എഴു ന്നേററു: 'സദയം ക്ഷമിക്കുക, എനിക്കിപ്പോരം പോകണം. യേശുനാഥൻ നിങ്ങളുടെയും നിങ്ങളുടെ പ്രിയസന്താനങ്ങ ളുടെയുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.'

'ഇല്ലില്ല, അതൊക്കുകയില്ല! നിങ്ങരം അങ്ങനെ പോ കരുതേ! അതിനു ഞാൻ സമ്മതിക്കുകയില്ല. എൻെറ ഭർത്താ വു് — ഒരു മജിസ്ട്രേട്ടാണു് അദ്ദേഹം — ഇന്നു വൈകുന്നേരം പട്ടണത്തിൽനിന്നു മടങ്ങിവരുന്നതാണു്. അദ്ദേഹത്തിനു് എന്താനന്ദമായിരിക്കുമെന്നോ നിങ്ങളെ കാണാൻ! ഓരോ തീർത്ഥയാത്രികനെയും ഈശ്വരൻെറ സന്ദേശഹരനായിട്ടാ ണു് അദ്ദേഹം ആരാധിക്കുന്നതു്. നിങ്ങരം പോകുന്നപക്ഷം, നിങ്ങളെ കാണാൻ കഴിയാഞ്ഞു് അദ്ദേഹത്തിനു് വാസ്തവ ത്തിൽ വലിയ ഖേദമാകും. പോരാത്തതിനു്, നാളെ ഞായ റാഴ്ചയുമാണു്; ആരാധനാസമയത്തു് നിങ്ങരം ഞങ്ങളുടെ കൂടെ പ്രാർത്ഥിക്കും; എന്നിട്ടു് ആഹാരസമയത്തു്, ദൈവം നൽകിയിട്ടുള്ളതിൽ നിങ്ങളുടെ വീതം ഞങ്ങളുടെ കൂടെ

ഇരുന്നു കഴിക്കും. പുണ്യദിവസങ്ങളിൽ എല്ലായ്പ്പൊഴും ഞങ്ങൾക്കു മുപ്പതുപേരോളം വിരുന്നുകാരായിട്ടുണ്ടാവും. അവരെല്ലാം ശ്രീ യേശുകൃസ്തുവിൽ ഞങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളാകുന്നു. ആട്ടെ, വരിൻ, നിങ്ങളെക്കുറിച്ച് എന്നോടൊന്നും പറഞ്ഞില്ലല്ലൊ, എവിടെനിന്നു വരുന്നു, എങ്ങോട്ടു പോകുന്നു, എന്നൊന്നും? എന്നോടു വത്തമാനം പറയിൻ. ഭക്തിയുള്ള ആളുകളുടെ അദ്ധ്യാത്മസംഭാഷണം കേൾക്കുന്നതു് എനിക്കിഷ്ടമാണു്. കുട്ടികളേ, കുട്ടികളേ, ഈ തീത്ഥയാത്രികൻെറ സഞ്ചി എടുത്തുകൊണ്ടുപോയി പ്രാത്ഥനാമുറിയിൽ വെയ്ക്കിൻ. അദ്ദേഹം രാത്രി അവിടെ താമസിക്കും.'

അവർ പറയുന്നതു കേട്ടുകൊണ്ടിരിക്കെ എനിക്കു് ആശ്ചര്യമായി: ഒരു മനുഷ്യസ്ത്രീയോടോ അതോ വല്ല ദേവതയോടുമോ ഞാൻ സംസാരിക്കുന്നതു് എന്നു് ഞാൻ തന്നെത്താൻ ചോദിച്ചു.

അങ്ങനെ ഞാൻ താമസിച്ചു; അവരുടെ ഭത്താവിനേയും കാത്തിരുന്നു. എൻെറ യാത്രയുടെ ഒരു ചെറുവിവരണം ഞാനവരെ പറഞ്ഞുകേൾപ്പിച്ചു; ഇർകുട്സ്കിലേയ്ക്കു് പോവുകയാണു് എന്നും പറഞ്ഞു.

'അങ്ങനെയോ, എന്നാൽ നിങ്ങൾക്കു് തൊബ്ലൊസ്കിൽക്കൂടി വേണമല്ലൊ പോകാൻ.' ആ സ്ത്രീ പറഞ്ഞു: 'എൻെറ സ്വന്തം അമ്മ അവിടെ ഒരു മഠത്തിൽ സന്ന്യാസിനിയാണു്. അവരിപ്പോൾ ഒരു മഹാതപസ്വിനിയാകുന്നു. ഞങ്ങൾ ഒരെഴുത്തു തരാം അവക്കു നിങ്ങളെ കാണാൻ സന്തോഷമായിരിക്കും. അദ്ധ്യാത്മകാര്യങ്ങളിൽ അവരുടെ അഭിപ്രായം തേടിക്കൊണ്ടു് അനവധി ആളുകൾ അവരെ സമീപിക്കുന്നുണ്ടു്. സെൻറ് ജോൺ ഓഫ് ദി ലാഡർ *

* St. John of the Ladder

എഴുതിയ ഒരു പുസ്തകം കൊണ്ടുപോയി അവക്കു കൊടുക്കാനും നിങ്ങാക്കു കഴിയും; അവരുടെ ആവശ്യപ്രകാരം ഞങ്ങളിപ്പോരം മോസ്കോയിൽനിന്നു വരുത്തിയതാണു്. എത്ര ഭംഗിയായി എല്ലാം ഒത്തുവന്നു!'

വേഗം ആഹാരത്തിനുള്ള സമയമായി; ഞങ്ങാ മേശയ്ക്കു ചുറ്റും ഇരുന്നു. വേറെ നാലു സ്ത്രീകളുംകൂടി വന്നു; അവരും ഞങ്ങളുടെകൂടെ ഭക്ഷണം കഴിക്കാൻ ആരംഭിച്ചു. ആദ്യത്തെ വിളമ്പും ഊണും കഴിഞ്ഞപ്പോരം അവരിലൊരാരം എഴുന്നേററു; ദിവ്യചിത്രത്തിനുനേരേ കുമ്പിട്ടു; ഞങ്ങളെയും വണങ്ങി. എന്നിട്ടവർ പോയി രണ്ടാംവട്ടം സാധനങ്ങാ എടുത്തുകൊണ്ടുവന്നു; പിന്നെയും ഇരുന്നു. പിന്നെ മററൊരു സ്ത്രീ അതേമാതിരി പോയി മൂന്നാം തവണയ്ക്കുള്ള സാധനങ്ങാ കൊണ്ടുവന്നു. ഇതു കണ്ടപ്പോരം ഞാൻ ആതിഥേയിയോടു ചോദിച്ചു: 'ഈ സ്ത്രീകാ നിങ്ങളുടെ ബന്ധുക്കളാണോ എന്നു ഞാൻ അന്വേഷിക്കട്ടെയോ?'

അതെ; ഇവരെന്റെ സഹോദരികാതന്നെ. ഇതെന്റെ വെപ്പുകാരി; ഇതു് വണ്ടിക്കാരന്റെ ഭാര്യ; അവാ താക്കോൽസൂക്ഷിപ്പുകാരിയാണു്; മറേറതു് എന്റെ പരിചാരികയും. അവരെല്ലാം കല്യാണം കഴിഞ്ഞവരാണു്; കല്യാണം കഴിയാത്ത പെൺകിടാങ്ങളാരും എന്റെ കുടുംബത്തിലില്ല.'

ഇതിനെക്കുറിച്ചെല്ലാം കൂടുതൽ കാണുകയും കേറക്കുകയും ചെയ്യുംതോറും എന്റെ അദ്ഭുതം ഏറിയേറിവന്നു; ഈശ്വരഭക്തരായ ഇവരെ കാണാൻ ഇടവരുത്തിയതിനു ഞാൻ ഈശ്വരനു് നന്ദി പറയുകയും ചെയ്തു. പ്രാൎത്ഥന എന്റെ ഹൃദയത്തിൽ ശക്തിയോടെ ഉയൎന്നുവരുന്നതായി തോന്നി; അതിനാൽ കഴിയുന്നതുംവേഗം തനിച്ചാകാനും പ്രാൎത്ഥന തടയാതിരിക്കാനുംവേണ്ടി, ആഹാരം കഴിഞ്ഞെഴുന്നേററ ഉടനെ ഞാൻ ആ മഹതിയോടു പറഞ്ഞു: 'ആഹാരം

കഴിഞ്ഞു നിങ്ങറം കുറച്ചു സമയം വിശ്രമിക്കും, തീച്ച്; എനിക്കാണെങ്കിലോ, നടക്കുക ഒരു പതിവായിത്തീന്നിരിക്കുന്നു: അതിനാൽ ഞാൻ തോട്ടത്തിൽപ്പോയി കുറച്ചു നടക്കട്ടെ.'

'ഇല്ല, ഞാൻ വിശ്രമിക്കാറില്ല.' അവർ പറഞ്ഞു: 'ഞാനും വരാം നിങ്ങളുടെകൂടെ തോട്ടത്തിലേയ്ക്കു്; പ്രയോജനപ്രദമായിട്ടെന്തെങ്കിലും നിങ്ങളെനിക്കു പറഞ്ഞുതരുകയും വേണം. നിങ്ങറം തനിച്ചുപോയാൽ കുഞ്ഞുങ്ങറം നിങ്ങറംക്കു് സ്വൈരം തരുകയില്ല. നിങ്ങളെ കണ്ടാൽ പിന്നെ ഒരു നിമിഷം അവർ നിങ്ങളെ വിടുകയില്ല. യാചകരെയും കൃസ്തുഭക്തന്മാരെയും തീൎത്ഥാടകരെയും അവക്കു് അത്രക്കിഷ്ടമാണു്.'

അവരുടെകൂടെ പോവുകയല്ലാതെ എനിക്കു ഗത്യന്തരമുണ്ടായിരുന്നില്ല. എനിക്കു് അധികം സംസാരിക്കാനിട വരാതിരിക്കുന്നതിനു്, ഞങ്ങറം തോട്ടത്തിലെത്തിയപ്പോറം, ഞാൻ അവരുടെ മുമ്പിൽ നിലംതൊട്ടു വണങ്ങിക്കൊണ്ടു ചോദിച്ചു: 'ദയവുചെയ്തു്, എന്നോടു പറഞ്ഞാലും, ഈ ഭക്തിപൂൎണ്ണമായ ജീവിതം നിങ്ങറം നയിക്കാൻ തുടങ്ങിയിട്ടു് വളരെ നാളായോ? നിങ്ങളിതു് തുടങ്ങാൻ ഇടയായതെങ്ങനെ?'

'ഞാൻ മുഴുവൻ കഥയും പറയാം, നിങ്ങറംക്കു താല്പര്യമുണ്ടെങ്കിൽ.' എന്നായിരുന്നു മറുപടി. 'നോക്കൂ, എൻെറ അമ്മ വിശുദ്ധജോസഫിൻെറ ഒരു പ്രപൗത്രിയായിരുന്നു; ആ വിശുദ്ധൻെറ ഭൗതികാവശിഷ്ടങ്ങറം * ബൈൽഗൊരോദിൽ അന്ത്യവിശ്രമം കൊള്ളുന്നുണ്ടു്. ഞങ്ങറംക്കു പട്ടണത്തിൽ ഒരു വലിയ വീടുണ്ടായിരുന്നു; അതിൻെറ ഒരു ഭാഗം മാന്യനായ ഒരാറംക്കു വാടകയ്ക്കു കൊടുത്തു. അദ്ദേഹം വലിയ ധനികനൊന്നുമായിരുന്നില്ല. കുറച്ചു കഴിഞ്ഞു്

---

*. Byelgorod–St. Joasaph.

അദ്ദേഹം മരിച്ചു. അന്നു് അദ്ദേഹത്തിൻെറ ഭാര്യ ഗർഭിണി യായിരുന്നു. പ്രസവത്തോടുകൂടി അവരും മരണമടഞ്ഞു. ശിശു അനാഥനും ദരിദ്രനും. അലിവുതോന്നി എൻെറ അമ്മ അതിനെ ഏറെറടുത്തു. ഒരു കൊല്ലം കഴിഞ്ഞു് ഞാൻ ജനിച്ചു. ഞങ്ങളൊരുമിച്ചു വളൎന്നുവന്നു; ഒരേ ആശാന്മാരുടെ കീഴിൽ പഠിച്ചു; ഒരേ ആയമാർ വളൎത്തി. ശരിയായ സഹോദരീസഹോദരന്മാരെപ്പോലെ വളൎന്നുവന്നു. കുറച്ചു കാലം കഴിഞ്ഞപ്പോൾ അപ്പൻ മരിച്ചു. അമ്മ പട്ടണത്തിലെ പാൎപ്പുവിട്ടു് ഞങ്ങളെയുംകൂട്ടി ഇവിടേയ്ക്കു്, അമ്മയുടെ വക ഈ തോട്ടത്തിലേയ്ക്കു, പോന്നു താമസിക്കാൻ. ഞങ്ങൾക്കു പ്രായമായപ്പോൾ അമ്മ എന്നെ തൻെറ ദത്തുപുത്രനു കല്യാണംകഴിച്ചുകൊടുത്തു; ഈ തോട്ടം ഞങ്ങളുടെ പേരിലാക്കി; എന്നിട്ടു് ഒരു മഠത്തിൽ ചേൎന്നു് സന്ന്യാസിനിയായി. അവിടെ അവർ അവൎക്കായി ഒരു കുടിൽ പണിയിച്ചിട്ടുണ്ടു്. അവർ ഞങ്ങൾക്കു് ഒരമ്മയുടെ അനുഗ്രഹം നല്കി. അവരുടെ അന്ത്യാഭിലാഷവും ശാസനവുമായി ഞങ്ങളോടു് നല്ല ക്രിസ്ത്യാനികളായി ജീവിക്കാനും, ഉൾച്ചൂടോടെ പ്രാൎത്ഥനകൾ ചൊല്ലാനും, സൎവ്വോപരി, കൎത്താവിൻെറ കല്പനകളിൽ ഏററവും ശ്രേഷ്ഠമായതു് – അതായതു്, തൻെറ അയൽക്കാരനോടുള്ള സ്നേഹം – അനുസരിച്ചു ജീവിക്കാൻ ശ്രമിക്കാനും, ക്രിസ്തുവിൽക്കൂടി നമ്മുടെ സഹോദരങ്ങളായവരിൽ പാവപ്പെട്ടവൎക്കു് താഴ്മയോടും തെളിമയോടുംകൂടി തുണയും ആഹാരവും നൽകാനും, ഞങ്ങളുടെ കുഞ്ഞുങ്ങളെ ഈശ്വരഭക്തിയുള്ളവരാക്കി വളൎത്തിക്കൊണ്ടുവരാനും, ഞങ്ങളുടെ അടിമകളെ കൂടെപ്പിറപ്പുകളായി കരുതി പെരുമാറാനും, ഉപദേശിച്ചു. അങ്ങനെയാണു കഴിഞ്ഞ പത്തു വൎഷങ്ങളായി ഞങ്ങൾ തനിയെ ഇവിടെ പാൎത്തുവരുന്നതു്. അമ്മയുടെ അന്ത്യാഭിലാഷത്തെ നിറവേററാൻ ആവുംപോലെ ശ്രമിച്ചുംകൊണ്ടു്. യാചകന്മാൎക്കായി ഞങ്ങൾക്കു് ഒരതിഥിമന്ദിരമുണ്ടു്; അതിലിപ്പോൾ അംഗഭംഗംവന്ന

42943

വരും രോഗികളുമായി പത്തിനുമേൽ ആളുകൾ താമസമുണ്ടു്. നിങ്ങൾക്കു് ഇഷ്ടമാണെങ്കിൽ നാളെ നമുക്കു് അവരെ പോയിക്കാണാം.'

അവർ തൻെറ കഥ പറഞ്ഞു തീർന്നപ്പോൾ, അമ്മയ്ക്കു തന്നെയയ്ക്കാൻ അവരാഗ്രഹിച്ച, 'സെയിൻറ് ജോൺ ഓഫ് ദി ലാഡർ' എഴുതിയ പുസ്തകം എവിടെ എന്നു ഞാൻ ചോദിച്ചു. 'വീട്ടിനകത്തേയ്ക്കു വരൂ.' അവർ പറഞ്ഞു: 'ഞാൻ അതെടുത്തുതരാം.'

ഞങ്ങൾ ഇരുന്നു് അതു വായിക്കാൻ തുടങ്ങിയപ്പൊഴേയ്ക്കും അവരുടെ ഭർത്താവു വന്നുചേർന്നു. എന്നെ കണ്ടു് അദ്ദേഹം ഹാർദ്ദമായ സ്വാഗതം നൽകി. ക്രിസ്തുവിൻെറ നാമത്തിൽ, രണ്ടു കൂടെപ്പിറപ്പുകളെപ്പോലെ, ഞങ്ങൾ പരസ്പരം ഉമ്മവെച്ചു; അതുകഴിഞ്ഞു് അദ്ദേഹം എന്നെ തൻെറ മുറിയിലേയ്ക്കു് ഇങ്ങനെ പറഞ്ഞുകൊണ്ടു് കൂട്ടിക്കൊണ്ടു പോയി: 'വരൂ സോദരാ, നമുക്കു് എൻെറ പഠനമുറിയിലേയ്ക്കു് പോകാം; താങ്കൾ എൻെറ കുടിലിനെ അനുഗ്രഹിക്കണം. അവൾ (ഭാര്യയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) താങ്കളെ ശല്യപ്പെടുത്തുകയായിരുന്നുവെന്നു ഞാൻ കരുതുന്നു. ഒരു തീർത്ഥയാത്രക്കാരനെയോ രോഗിയെയോ കണ്ടാൽ, ആണോ പെണ്ണോ ആരായാലും വേണ്ടില്ല, അവളുടെ സന്തോഷത്തിൻെറ കൂടുതൽകൊണ്ടു് അവൾ പിന്നെ ആ ആളെ രാവുംപകലും വിടില്ല. അനേകം വർഷങ്ങളായിട്ടു് അവൾ അങ്ങനെയാണു്.' ഞങ്ങൾ പഠനമുറിയിലെത്തി. എന്തുമാത്രം പുസ്തകങ്ങൾ! മനോഹരങ്ങളായ ദേവതാചിത്രങ്ങളെത്ര! പ്രാണപ്രദായകമായ കുരിശു് ഒരാൾവലിപ്പത്തിലുള്ള ക്രിസ്തുരൂപത്തോടുകൂടിയതു്! അതിനടുത്തു് സുവിശേഷപുസ്തകങ്ങളും! ഞാൻ ഒരു പ്രാർത്ഥന ചൊല്ലി. എന്നിട്ടു പറഞ്ഞു: 'താങ്കളിവിടെ ദൈവത്തിൻെറ സ്വന്തം പറുദീസയിലാണു്. ഇതാ ഇവിടെ കർത്താ യേശുക്രിസ്തു

സ്വയം; അദ്ദേഹത്തിൻെറ അതിപരിശുദ്ധയായ മാതാവും വിശുദ്ധന്മാരും! അതാ അവിടെ,' പുസ്തകങ്ങളുടെ നേരേ ചൂണ്ടിക്കൊണ്ടു് ഞാൻ തുടൎന്നു: 'അവരുടെ ഉപദേശങ്ങളുടെ ദിവ്യവും സജീവവും നിത്യവുമായ അരുളമൊഴികളും. അവരുമായി താങ്കൾ കൂടെക്കൂടെ ദിവ്യസംവാദം അനുഭവിക്കുന്നുണ്ടു് എന്നു ഞാൻ വിശ്വസിക്കുന്നു.'

'അതെ, ഞാനൊരു വലിയ പാരായണപ്രിയനാണെന്നുള്ള കാൎയ്യം സമ്മതിക്കുന്നു.' അദ്ദേഹം പറഞ്ഞു.

'എന്തുമാതിരി പുസ്തകങ്ങളാണു് താങ്കൾക്കു് ഇവിടെയുള്ളതു്?' ഞാൻ ചോദിച്ചു.

'എനിക്കു് ഒരുപാടു് മതഗ്രന്ഥങ്ങളാണുള്ളതു്.' എന്നായിരുന്നു മറുപടി: 'ഇതാ ഇവിടെ, ഒരു കൊല്ലത്തിൽ ഏതെല്ലാം വിശുദ്ധന്മാരുടെ പെരുന്നാളുകൾ ആഘോഷിക്കാറുണ്ടോ അവരുടെയെല്ലാം ജീവിതചരിത്രങ്ങൾ: വിശുദ്ധയോഹന്നാൻ ക്രിസോസ്റ്റോമിൻെറയും മഹാനായ ബാസിലിൻെറയും വേറെ പലേ ദൈവവിജ്ഞാനികളുടെയും തത്വചിന്തകന്മാരുടെയും കൃതികൾ, അവയും, പ്രസിദ്ധന്മാരായ ആധുനികപ്രചാരകന്മാരുടെ ധൎമ്മപ്രഭാഷണങ്ങളടങ്ങിയ അനേകം ഗ്രന്ഥങ്ങളും എനിക്കുണ്ടു്. എൻെറ ഗ്രന്ഥശാലയ്ക്കു്ഏകദേശം അഞ്ഞൂറു പവൻ വിലപിടിക്കും.'

'പ്രാൎത്ഥനയെക്കുറിച്ചു പ്രസ്താവിക്കുന്ന ഒരു ഗ്രന്ഥവും ഇവിടെയില്ലേ?'

'ഉവ്വു്, പ്രാൎത്ഥനയെക്കുറിച്ചു വായിക്കാൻ എനിക്കു വളരെ ഇഷ്ടമാണു്. ആ വിഷയത്തെക്കുറിച്ചു് ഏററവും പുതിയ പുസ്തകം ഇതാ ഇവിടെ; പീറേറഴ്സ്ബൎഗ്ഗിലെ ഒരു പുരോഹിതൻെറ കൃതിയാണതു്.' കൎത്താവിൻെറ പ്രാൎത്ഥനയെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു പുസ്തകം അദ്ദേഹം കൈയ്യിലെടുത്തു; ഞങ്ങൾ അത്യാനന്ദത്തോടെ അതു വായിക്കാൻ തുടങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ വീട്ടമ്മ

ചായയുംകൊണ്ടെത്തി; പിന്നാലെ കുട്ടികളും. അവർ ഒരു വലിയ വെള്ളിക്കുട്ട വലിച്ചിഴച്ചുകൊണ്ടുവരുന്നുണ്ടു്; അതു നിറയെ അപ്പവും ബിസ്കറ്റും. അമ്മാതിരി സാധനങ്ങരം ഞാനെൻെറ ജീവിതത്തിൽ അതിനുമുമ്പൊരിക്കലും സ്വാദറിഞ്ഞിട്ടേ ഇല്ല. ഗൃഹനാഥൻ പുസ്തകം എൻെറ്റെകയ്യിൽനിന്നും വാങ്ങി ഭാൎയ്യയുടെ കൈയ്യിൽ കൊടുത്തു് ഇങ്ങനെ പറഞ്ഞു: 'ഇനി നമുക്കു് അവളെക്കൊണ്ടു വായിപ്പിക്കാം. അവരം സുന്ദരമായിട്ടു വായിക്കും. നമുക്കു ചായ കൊണ്ടു് നമ്മുടെ കരുത്തു നിലനിൎത്താം.' അങ്ങനെ അവർ വായന തുടങ്ങി; ഞങ്ങരം കേട്ടുകൊണ്ടുമിരുന്നു. കേട്ടുകൊണ്ടിരിക്കെ പ്രാൎത്ഥനയുടെ പ്രവൎത്തനം എനിക്കെൻെറ ഹൃദയത്തിൽ അനുഭവപ്പെട്ടു. വായന നീളുന്നതോടെ പ്രാൎത്ഥനയും പെരുകിവന്നു; അതെന്നെ ആനന്ദിതനാക്കി. പെട്ടെന്നു ഞാൻ കണ്ടു, എൻെറ കൺമുമ്പിൽ എന്തോ മിന്നുന്നു, വായുവിലെന്നപോലെ, എൻെറ പരേതനായ ആചാൎയ്യൻെറ രൂപംപോലെ ഒന്നു്. ഞാൻ നടുങ്ങി. അതു മററുള്ളവരിൽനിന്നു മറയ്ക്കാൻവേണ്ടി ഞാൻ പറഞ്ഞു: 'ക്ഷമിക്കണേ, ഞാൻ ഒരു നിമിഷം ഉറങ്ങിപ്പോയിരിക്കണം.' പിന്നെ എനിക്കു തോന്നി എൻെറ ആചാൎയ്യൻെറ ആത്മാവു് എൻെറ ആത്മാവിൽ പ്രവേശിച്ചു എന്നു്, അല്ലെങ്കിൽ അതിനു വെളിച്ചം നൽകി എന്നു്. എനിക്കെൻെറ മനസ്സിൽ ഒരുതരം പ്രകാശം അനുഭവപ്പെട്ടു; പ്രാർത്ഥനയെ സംബന്ധിച്ചു് പലേ ആശയങ്ങളും എനിക്കു തോന്നി. ഞാൻ കുരിശു വരച്ചുകൊണ്ടു് ആവക ആശയങ്ങളെ മാററി നിൎത്താൻ നിശ്ചയിച്ചുകൊണ്ടിരിക്കെ ആ സ്ത്രീ പുസ്തകത്തിൻെറ അവസാനത്തിലെത്തി; അവരുടെ ഭൎത്താവു്, എനിക്കു് അതിഷ്ടപ്പെട്ടുവോ എന്നു ചോദിക്കുകയും ചെയ്തു. അങ്ങനെ സംഭാഷണം വീണ്ടും തുടങ്ങി. 'വളരെയേറെ ഇഷ്ടപ്പെട്ടു.' എന്നു പറഞ്ഞു ഞാൻ: ''ഞങ്ങളുടെ പിതാവേ,' എന്നതാണു് നമുക്കു ക്രിസ്ത്യാനികരംക്കു് ഉള്ള ലിഖിത

പ്രാത്ഥനകളിലേററവും ഉത്കൃഷ്ടവും ഏററവും വിലയേറിയതും; കാരണം, കത്താവ് യേശുക്രിസ്തു സ്വയം തന്നതാണു നമുക്കതു്. ഇപ്പോഠം വായിച്ച അതിൻെറ വിശദീകരണവും വളരെ നല്ലതുതന്നെ; ഒന്നുമാത്രം, അതു ക്രൈസ്തവ ജീവിതത്തിൻെറ പ്രവത്തനപരമായ വശത്തെയാണ് അധികപക്ഷവും പ്രതിപാദിക്കുന്നതു്. വിശുദ്ധപിതാക്കന്മാരുടെ ഗ്രന്ഥങ്ങഠം വായിക്കുന്നതിനിടയിൽ പ്രാർത്ഥനയുടെ ഇതിലുമേറെ ആദശ്പരവും ആദ്ധ്യാത്മികവും ആയ ഒരു വ്യാഖ്യാനം ഞാൻ കാണുകയുണ്ടായി.''

'ഏതു പിതാവിൻെറ ഗ്രന്ഥത്തിലാണ് നിങ്ങളിതു വായിച്ചതു്?'

'അതോ, ഉദാഹരണത്തിനു്, അദ്ധ്യാത്മപ്രേമം എന്ന പുസ്തകത്തിൽ *മാക്സിം ദി കൺഫെസ്സറും പീററർ ദി ദമസ്സീനും എഴുതിയ ഭാഗങ്ങളിൽ.'

'നിങ്ങഠംക്കതു് ഓമ്മയുണ്ടോ ? അതിനെക്കുറിച്ച് സദയം ഞങ്ങളോടു പറയൂ.'

''തീച്ച്യായും. പ്രാർത്ഥനയിലെ ആദ്യത്തെ പദങ്ങഠം ''സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നുള്ളതു്, നിങ്ങളുടെ പുസ്തകത്തിൽ ഒരുവൻെറ അയൽക്കാരനെ സഹോദരഭാവേന സ്നേഹിക്കാനുള്ള ഒരാഹ്വാനമായിട്ടാണു വ്യാഖ്യാനിച്ചിരിക്കുന്നതു്, നാമെല്ലാം ഒരേ പിതാവിൻെറ സന്താനങ്ങളായതുകൊണ്ടു്; അതു വളരെ ശരിയുമാണ്. എന്നാൽ വിശുദ്ധപിതാക്കന്മാരുടെ ഗ്രന്ഥത്തിൽ വ്യാഖ്യാനം അതിനുമപ്പുറം പോകുന്നു; കൂടാതെ, തികച്ചും ആദ്ധ്യാത്മികവുമാണതു്. ഈ വാക്കുകഠം ഉച്ചരിക്കുമ്പോഠം നാം നമ്മുടെ മനസ്സ് സ്വഗ്ഗത്തിലേയ്ക്കു്, സ്വഗ്ഗസ്ഥനായ പിതാവിലേയ്ക്കു്, ഉയത്തണമെന്നും നാം ദൈവ

* Maxim the confessor,; Peter the Damascene.

ത്തിൻെറ തിരുമുമ്പിലാണ് എന്നു് ഓരോ നിമിഷവും ഓർമ്മിക്കണമെന്നും അവർ പറയുന്നു.

''അവിടുത്തെ തിരുനാമം പവിത്രമായിരിക്കട്ടെ, എന്ന വാക്കുകൾ നിങ്ങളുടെ പുസ്തകത്തിൽ വിശദമാക്കിയിരിക്കുന്നതു്, ദൈവത്തിൻെറ തിരുനാമം ആദരത്തോടെയല്ലാതെ ഉച്ചരിക്കാതിരിക്കാനും കപടമായി ആണയിടുമ്പോൾ ഉപയോഗിക്കാതിരിക്കാനും: ചുരുക്കത്തിൽ ദൈവത്തിൻെറ തിരുനാമം പരിശുദ്ധഭാവത്തിൽമാത്രമേ ഉച്ചരിക്കാവൂ, അല്ലാതെ, വ്യർത്ഥമായിട്ടരുതു്, എന്ന കാര്യത്തിൽ നമുക്കു വേണ്ട ശ്രദ്ധയെ പ്രതിപാദിക്കുന്നതായിട്ടാണു്. എന്നാൽ അദ്ധ്യാത്മവ്യാഖ്യാതാക്കന്മാർ ഇതിൽ കാണുന്നതു് ഹൃദയത്തിലെ ആന്തരപ്രാർത്ഥനയ്ക്കായുള്ള നേരായ ഒരാഹ്വാനമാകുന്നു; അതായതു്, ദൈവത്തിൻെറ അതിപവിത്രമായ തിരുനാമം ഉള്ളിൽ, ഹൃദയത്തിൽ, മുദ്രിതമാവുകയും സ്വയം പ്രവർത്തിക്കുന്ന പ്രാർത്ഥനയാൽ പാവനമാക്കപ്പെടുകയും നമ്മുടെ സകല വികാരങ്ങളെയും ആത്മാവിൻെറ സർവ്വശക്തികളെയും പരിശുദ്ധമാക്കുകയും ചെയ്യണം എന്നാകുന്നു. 'സ്വർഗ്ഗരാജ്യം വരേണമേ.' എന്ന പദങ്ങൾക്കു് അവർ അർത്ഥം പറയുന്നതിങ്ങനെയാണു്: ആന്തരമായ ശാന്തിയും സമാധാനവും ആദ്ധ്യാത്മികാനന്ദവും ഞങ്ങളുടെ അകക്കാമ്പിൽ വാഴേണമേ, എന്നു്. ''ഞങ്ങൾക്കിന്നു്, പതിവായുള്ള അപ്പം തരേണമേ.'' എന്ന വാക്കുകൾക്കു് നിങ്ങളുടെ പുസ്തകത്തിൽ അർത്ഥം കൊടുത്തിരിക്കുന്നതു്, നമ്മുടെ ശാരീരികജീവിതത്തിന്നു് നമുക്കാവശ്യമുള്ളതിനുവേണ്ടി ആവശ്യപ്പെടുന്നതായിട്ടാണു്; അതിലുംകൂടുതൽ വേണ്ട; നമുക്കും നമ്മുടെ അയൽക്കാരനെ തുണയ്ക്കാനും വേണ്ടത്രയും മാത്രം. നേരേ മറിച്ചു്, 'പതിവായുള്ള അപ്പം,' എന്നതുകൊണ്ടു് മാക്സിം ദി കൺഫെസ്സർ മനസ്സിലാക്കുന്നതു്, ദിവ്യാഹാരം

കൊണ്ടു് ആത്മാവിനെ പോഷിപ്പിക്കുന്നതിനെയാണു്; അതായതു്, ദൈവത്തിൻെറ തിരുവരുളും ആത്മാവിൻെറ ദൈവവുമായുള്ള ഐക്യവും – മനസാ അദ്ദേഹത്തിൽ വസിക്കുന്നതുകൊണ്ടും, ഹൃദയത്തിലെ നിരന്തരമായ ആന്തരപ്രാൎത്ഥനകൊണ്ടും.''

'ആ! ആന്തരപ്രാൎത്ഥന സാധിക്കുക വളരെ വലിയ ഒരു സംഗതിയാണു്; ലൗകികന്മാൎക്കു് അതു മിക്കവാറും അസാദ്ധ്യവുമാണു്.' എന്നു് ഉദ്ഘോഷിച്ചു എൻെറ ആതിഥേയൻ: 'അലസതകൂടാതെ നമ്മുടെ സാധാരണ പ്രാൎത്ഥനകൾ നടത്താൻ സാധിച്ചാൽ നാം ഭാഗ്യവാന്മാരാണു്.'

'അതിനെ ആ നിലയിൽ നോക്കരുതു്,' ഞാൻ പറഞ്ഞു: 'അതു് അസാദ്ധ്യമായിരുന്നു, തികച്ചും അപ്രായോഗികമായിരുന്നു എന്നു വരുകിൽ, അങ്ങനെ ചെയ്വാൻ ഈശ്വരൻ നമ്മോടെല്ലാം ആജ്ഞാപിക്കുമായിരുന്നില്ല. അദ്ദേഹത്തിൻെറ ശക്തി പൂൎണ്ണമാക്കപ്പെടുന്നതു് ദൗൎബ്ബല്യത്തിലാണു്. പരിശുദ്ധപിതാക്കന്മാർ – അവർ സ്വാനുഭവത്തിൽനിന്നുമാണു സംസാരിക്കുന്നതു് – വഴി കാണിച്ചു തരുന്നു; ഹൃദയപ്രാൎത്ഥന കൂടുതൽ എളുപ്പത്തിൽ നേടാൻ വേണ്ട മാൎഗ്ഗം ഉണ്ടാക്കിത്തരുന്നു. തപസ്വികൾക്കു് അവർ പ്രത്യേകമായ ഉയൎന്ന മാൎഗ്ഗങ്ങൾ നൽകുന്നു എന്നതു വാസ്തവം തന്നെ; എന്നാൽ ലോകത്തിൽ ജീവിക്കുന്നവൎക്കു് അവരുടെ ഗ്രന്ഥങ്ങൾ, നെഞ്ചകത്തിലെ പ്രാൎത്ഥനയിലേക്കു നേരായും നയിക്കുന്ന വഴികൾ കണിച്ചുതരുന്നുണ്ടു്.'

'അമ്മാതിരി യാതൊന്നും എൻെറ വായനയിൽ ഞാനൊരിക്കലും കണ്ടുമുട്ടിയിട്ടില്ല.' അദ്ദേഹം പറഞ്ഞു.

'താങ്കൾക്കു കേൾക്കാൻ താല്പര്യമുണ്ടെങ്കിൽ, അദ്ധ്യാത്മപ്രേമമെന്ന ഗ്രന്ഥത്തിൽനിന്നും കുറച്ചു ഭാഗം ഞാൻ വായിക്കട്ടെയോ?' എന്നു് എൻെറ പുസ്തകം കൈയ്യിലെടുത്തു

കൊണ്ടു് ഞാൻ ചോദിച്ചു. പീററർ ദി ദമസ്സീനിൻെറ ലേഖനം, മൂന്നാംഭാഗം 48 -ാംപുറം ഞാനെടുത്തു് ഇങ്ങനെ വായിച്ചു: ''ദൈവത്തിൻെറ നാമം ജപിക്കാൻ ഒരുവൻ അഭ്യസിക്കണം, ശ്വാസം വിടുന്നതിലും കൂടുതലായിട്ടു് - എല്ലാനേരവും എല്ലാ ഇടങ്ങളിലും എന്തു വേലയിൽ ഏപ്പെട്ടുകൊണ്ടിരിക്കുമ്പോഴും. 'ഇടവിടാതെ പ്രാത്ഥിക്കുക.' എന്നു് പുണ്യവാളൻ ഉപദേശിക്കുന്നു. അതായതു്, ഏതു പൊഴുതും ഏതിടത്തും എന്തു ചുററുപാടിലും ദൈവത്തെ ഓമ്മിച്ചുകൊണ്ടു വേണമിരിക്കാൻ, എന്നു് അദ്ദേഹം മനുഷ്യരെ പഠിപ്പിക്കുന്നു. നിങ്ങളെന്തെങ്കിലും നിമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, സകല വസ്തുക്കളുടെയും സ്രഷ്ടാവിനെ നിങ്ങഠം മനസ്സിൽ സ്മരിക്കണം; നിങ്ങഠം പ്രകാശം കാണുന്നുവെങ്കിൽ അതിൻെറ ദാതാവിനെ ഓക്കുക; നിങ്ങഠം ആഴിയും ഊഴിയും വാനവും അവയിലുള്ളതൊക്കെയും കാണുന്നപക്ഷം, അദ്ഭുതമാന്നു് അവയുടെ കത്താവിനെ സ്മരിക്കുക. നിങ്ങഠം അണിഞ്ഞൊരുങ്ങുമ്പോഠം അതാരുടെ ദാനമാണെന്നു് ഓമ്മിക്കുകയും നിങ്ങളുടെ ജീവിതത്തിനുവേണ്ട വകകഠം തന്നരുളുന്ന അദ്ദേഹത്തിനു് നന്ദി നല്കുകയും ചെയ്യുക. ചുരുക്കത്തിൽ, നിങ്ങളുടെ ഓരോ പ്രവൃത്തിയും ദൈവത്തെ ഓക്കാനും വാഴ്ത്താനും ഉള്ള ഒരവസരമായിരിക്കട്ടെ; എങ്കിൽ അതാ, നിങ്ങഠം ഇടവിടാതെ പ്രാത്ഥിക്കുകയായിരിക്കും; ആയതിൽ നിങ്ങളുടെ അന്തരാത്മാവു് ഏതുപൊഴുതും ആനന്ദംകൊള്ളുകയും ചെയ്യും.'' 'അതാ കണ്ടോ, നിരന്തരപ്രാത്ഥനയുടെ ഈ മാഗ്ഗം ലളിതവും സുഗമവും, അല്പമെങ്കിലും മനുഷ്യത്വം ഒരുവനിൽ ഉള്ളിടത്തോളംകാലം ഒരുവനു് എളുപ്പത്തിൽ പ്രാപിക്കാവുന്നതും ആകുന്നു.'

അവക്കു് ഇതു കേട്ടു് അത്യന്തം സന്തോഷമായി. എൻെറ ആതിഥേയൻ എന്നെ കെട്ടിപ്പിടിച്ചുകൊണ്ടു് വീണ്ടും വീണ്ടും എനിക്കു നന്ദി പറഞ്ഞു. എന്നിട്ടു് അദ്ദേഹം

എൻെറ 'അദ്ധ്യാത്മപ്രേമ'ത്തിൻെറ നേരെ നോക്കി, ഇങ്ങനെ പറഞ്ഞുകൊണ്ടു്: 'ഇതിൻെറ ഒരു പ്രതി എനിക്കു തീച്ച്യായും വാങ്ങിക്കണം. ഞാനതു് ഉടനെതന്നെ പീറേറഴ്സ്ബഗ്ഗിൽനിന്നും വരുത്തും; എന്നാൽ തല്ക്കാലത്തേയ്ക്കും ഈ അവസരത്തിൻെറ സ്മരണയ്ക്കും ആയി നിങ്ങളിപ്പോഠം വായിച്ച ഭാഗം ഞാൻ എഴുതിയെടുക്കട്ടെ – നിങ്ങളെനിക്കു വായിച്ചുതരു.' അപ്പോഠംത്തന്നെ അദ്ദേഹമതു് ഭംഗിയായിട്ടെഴുതി. എന്നിട്ടദ്ദേഹം ഉദ്ഘോഷിച്ചു: 'ഹാ, അതു കൊള്ളാം! ഈ ദമസ്സീനിൻെറ ഒരു പടം എൻെറയടുത്തുണ്ടല്ലൊ, ശരിതന്നെ.' (അതു് ഒരുപക്ഷെ സെയിൻറ്ജോൺ ദമസ്സീനിൻെറ ആയിരുന്നിരിക്കണം.) അദ്ദേഹം ഒരു ചട്ടക്കൂടെടുത്തു; എഴുതിയതു് ചില്ലിൻെറ പിന്നിൽ പതിച്ചു. എന്നിട്ടതു് ചിത്രത്തിൻെറ അടിയിൽ തൂക്കിയിട്ടു. 'അങ്ങനെ,' അദ്ദേഹം പറഞ്ഞു: 'വിശുദ്ധൻെറ സജീവവാണികഠം, അദ്ദേഹത്തിൻെറ ചിത്രത്തിനുതാഴെ കാണുമ്പോഠം, അദ്ദേഹത്തിൻെറ ഹിതകരമായ ഉപദേശം നടപ്പിൽ വരുത്താൻ അതെന്നെ കൂടെക്കൂടെ ഓമ്മിപ്പിക്കും.'

ഇതു കഴിഞ്ഞു് ഞങ്ങഠം അത്താഴത്തിനു പോയി. മുമ്പത്തെപ്പോലെ കുടുംബം മുഴുവൻ, ആണും പെണ്ണും, സകലരും ഞങ്ങളോടൊപ്പം അത്താഴത്തിനിരുന്നു. എത്ര ആദരവോടും ശാന്തമായും നിശ്ശബ്ദമായും ആണു് ആഹാരം കഴിച്ചതു്! അതിൻെറ ഒടുവിൽ, ഞങ്ങളേവരും, കുട്ടികളുംകൂടി, വളരെനേരം പ്രാത്ഥനയിൽ കഴിച്ചു. 'ഹൃദയാഹ്ലാദകരനായ യേശുവിൻെറ സ്തോത്രം' * വായിക്കാൻ എന്നോടാവശ്യപ്പെട്ടു. അതുകഴിഞ്ഞു് വേലക്കാർ കിടക്കാൻ പോയി. മുറിയിൽ ഞങ്ങഠം മൂവർ മാത്രമായി. അപ്പോഠം ഗൃഹനായിക ഒരു വെളുത്ത ഉടുപ്പും ഒരു ജോടി കാലുറയും കൊണ്ടുവന്നു. ഞാൻ അവരുടെ കാല്ക്കൽ കുമ്പിട്ടുകൊണ്ടു പറഞ്ഞു:

* Acathist to Jesus the Heart's Delight.

'കാലുറ, കുഞ്ഞമ്മേ, ഞാൻ സ്വീകരിക്കുകയില്ല. ഞാൻ എൻെറ ജീവിതത്തിലൊരിക്കലും അതുപയോഗിച്ചിട്ടില്ല. ഞങ്ങൾക്കെപ്പോഴും ചാക്കുപട്ടീസ് ഉപയോഗിച്ചാണു പരിചയം.' അവർ വേഗം ഓടിപ്പോയി, നേർത്ത മഞ്ഞത്തുണ്ടികൊണ്ടുണ്ടാക്കിയ പഴയ അവരുടെ കുപ്പായം എടുത്തുകൊണ്ടുവന്നു് അതു മുറിച്ചു് രണ്ടു പട്ടീസ് ഉണ്ടാക്കി. തത്സമയം അവരുടെ ഭർത്താവു്, 'അതാ നോക്കു, പാവത്തിൻെറ ചെരിപ്പൊക്കെ തേഞ്ഞുപോയിരിക്കുന്നു.' എന്നു പറഞ്ഞുകൊണ്ടു് തൻെറ പുതിയ ഷൂസ് എടുത്തുകൊണ്ടുവന്നു തന്നു: വലിയ ഷൂസുകൾ, അദ്ദേഹം കാലിൻെറ മേലുറയ്ക്കുമീതെ ധരിക്കുന്നവ. എന്നിട്ടദ്ദേഹം എന്നോടു്, ഒഴിഞ്ഞുകിടന്ന അടുത്ത മുറിയിൽ പോയി ഉടുപ്പു് മാറാൻ ആവശ്യപ്പെട്ടു. ഞാനപ്രകാരം ചെയ്തു; എന്നിട്ടു പിന്നെയും അവരുടെ അടുത്തെത്തിയപ്പോൾ, പുതിയ പാദരക്ഷ ധരിപ്പിക്കാൻ അവരെന്നെ ഒരു കസേരയിൽ പിടിച്ചിരുത്തി; അദ്ദേഹം പട്ടീസ്കൊണ്ടു് എൻെറ പാദവും കാലും പൊതിയുകയും അവർ ഷൂസ് കാലിൽ ഇടുകയും. ആദ്യം ഞാൻ സമ്മതിച്ചില്ല. 'അവിടെ ഇരിക്കിൻ, മിണ്ടരുതു്; കൃസ്തു തൻെറ ശിഷ്യന്മാരുടെ കാലുകൾ കഴുകി.' എന്നു പറഞ്ഞുകൊണ്ടു് അവിടെയിരിക്കാൻ അവർ എന്നോടു് ആവശ്യപ്പെട്ടു. അനുസരിക്കുകയല്ലാതെ ഒന്നും ചെയ്വാൻ നിർവ്വാഹമില്ലായിരുന്നു; ഞാൻ കരയാൻ തുടങ്ങി; അവരും കരഞ്ഞു. അതിനുശേഷം വീട്ടമ്മ കുട്ടികളോടൊപ്പം കിടക്കാൻ പോയി. അവരുടെ ഭർത്താവും ഞാനുംകൂടി തോട്ടത്തിലൊരു ബംഗ്ലാവിലേയ്ക്കും പോയി.

വളരെ നേരത്തേയ്ക്കു ഞങ്ങൾ ഉറങ്ങിയില്ല, വർത്തമാനം പറഞ്ഞുകൊണ്ടു കിടന്നു. അദ്ദേഹം ഇങ്ങനെ ആരംഭിച്ചു: 'ഇനി, കർത്താവിൻെറപേരിലും നിങ്ങളുടെ മനസ്സാക്ഷിയെ

മൻനിർത്തിയും എന്നോടു് ഉള്ള വാസ്തവം പറയൂ – നിങ്ങ ളാരാണു് ? നിങ്ങരം നല്ല കുടുംബത്തിൽ ജനിച്ചയാളാ വണ്ണം; എളിമയുടെ മൂടുപടം അണിഞ്ഞിരിക്കുക മാത്ര മാണു്. നിങ്ങരം വൃത്തിയായി എഴുതുകയും വായിക്കുകയും ചെയ്യുന്നു; ശരിയായിട്ടു സംസാരിക്കുന്നു; കാര്യങ്ങരം ചർച്ച ചെയ്യാൻ നിങ്ങരംക്കു കഴിവുണ്ടു്. ഇതൊന്നും നാടൻ പരി ശീലനവുമായി ഒത്തിണങ്ങുന്നില്ല.'

'നിങ്ങളോടും നിങ്ങളുടെ ഭാര്യയോടും ഞാനെൻെറ ജനനത്തെക്കുറിച്ചു പറഞ്ഞപ്പോരം ആത്മാർത്ഥമായ ഹൃദയ ത്തോടെ ശരിയായ സത്യമാണു ഞാൻ പറഞ്ഞതു്: എനി ക്കൊരിക്കലും നുണ പറയണമെന്നോ നിങ്ങളെ വഞ്ചിക്ക ണമെന്നോ വിചാരമുണ്ടായിരുന്നില്ല. ഞാനെന്തിനങ്ങനെ ചെയ്യണം ? ഞാൻ പറയുന്ന സംഗതികളെക്കുറിച്ചാണെ ങ്കിൽ, അവ എൻെറ സ്വന്തമൊന്നുമല്ല; പിന്നെയോ, എൻെറ പരേതനായ ആചാര്യൻെറ അടുത്തുനിന്നും കേട്ടിട്ടു ള്ളവയാണു്: അദ്ദേഹം ദിവ്യജ്ഞാനംകൊണ്ടു പൂർണ്ണനായി രുന്നു. പിന്നെയുള്ളതു് പരിശുദ്ധപിതാക്കന്മാരുടെ ഗ്രന്ഥ ങ്ങരം സശ്രദ്ധം വായിച്ചു് അവയിൽനിന്നും ഞാൻ ശേഖ രിച്ചതുമാണു്. മറെറന്തിൽനിന്നും കിട്ടിയതിനേക്കാരം കൂടുതൽ വെളിച്ചം എൻെറ അജ്ഞാനത്തിനു ലഭിച്ചതു് ആന്തരപ്രാർത്ഥനയിൽ നിന്നുമാണു്; അതു ഞാൻ തന്നെ ത്താൻ നേടിയതല്ല. അതു ദൈവത്തിൻെറ കനിവിനാലും ആചാര്യൻെറ അരുളപ്പാടിനാലും എനിക്കു നല്കപ്പെട്ട താണു്. അതാക്കും നേടാൻ കഴിയും. നിശ്ശബ്ദമായി സ്വന്തം ഹൃദയത്തിൻെറ അടിത്തട്ടിലേയ്ക്കു് ആണ്ടിറങ്ങു കയും യേശുവിൻെറ ദിവ്യനാമം കൂടുതൽ കൂടുതൽ ഉരുവിടു കയും അല്ലാതെ അതിനു വേറെ ചെലവൊന്നുമില്ല. അതു ചെയ്യുന്നവർക്കൊക്കെ ഉടൻ ഉള്ളിലെ വെളിച്ചം അനുഭവ പ്പെടും; അവർക്കു് എല്ലാം മനസ്സിലാകുമാറാകും; അവർ ഈ വെളിച്ചത്തിൽ സ്വർഗ്ഗരാജ്യത്തിലെ ചില രഹസ്യങ്ങരം

കാണുകപോലും ചെയ്യും. സ്വന്തം സത്തയുടെ ആഴമളക്കാൻ കഴിവെഴുമെന്നു്, അകത്തു നിന്നുകൊണ്ടു് തന്നെത്താൻ കാണാൻ കഴിയുമെന്നു്, ആത്മജ്ഞാനത്തിൽ ആനന്ദംകൊള്ളാമെന്നു്, തന്നെക്കുറിച്ചുതന്നെ പരിതാപം തോന്നുകയും തൻെറ അധഃപതനത്തിൻെറയും തകന്ന ഇച്ഛാശക്തിയുടെയും മേൽ ആനന്ദബാഷ്പം പൊഴിക്കാൻ സാധിക്കുകയും ചെയ്യുമെന്നു്, ഒരു മനുഷ്യൻ അറിയാനിടവരുമ്പോറം അവൻെറ നിഗൂഢതയിൽ എത്ര ആഴവും വെളിച്ചവും ആണുള്ളതെന്നോ! കാര്യങ്ങളിൽ ഇടപെടുമ്പോറം ഔചിത്യം കാണിക്കാനും ആളുകളുമായി സംഭാഷണം ചെയ്യാനും വലിയ പ്രയാസമില്ല, അവ ഒരുവൻെറ സ്വാധീനത്തിലുള്ള കാര്യങ്ങളാണു്; കാരണം, പഠിപ്പിനും മാനവവിജ്ഞാനത്തിനും മുമ്പുതന്നെ മനസ്സും ഹൃദയവും അവിടെയുണ്ടായിരുന്നു. മനസ്സവിടെ ഉള്ള പക്ഷം, നിങ്ങറംക്കതിനെ ശാസ്ത്രത്തിന്മേലോ അനുഭവത്തിന്മേലോ പ്രവത്തിപ്പിക്കാം; എന്നാൽ മനസ്സവിടെ ഇല്ലെങ്കിലോ, യാതൊരു പഠിപ്പിക്കലും, എത്ര കേമമായതായാലും, യാതൊരു പരിശീലനവും യാതൊരു ഗുണവും ചെയ്കയില്ല. കുഴപ്പമെന്തെന്നു വെച്ചാൽ, നാം നമ്മിൽനിന്നും വളരെ അകന്നാണു് ജീവിക്കുന്നതു്: അല്ലമെങ്കിലും നമ്മോടു് അടുത്തുവരാൻ ആഗ്രഹം തീരെയില്ലതാനും. വാസ്തവത്തിൽ നാം ഏതു നേരവും അക്ലേശ്ശ പാഞ്ഞുകൊണ്ടാണിരിക്കുന്നതു്, നമ്മുടെ ശരിയായ ആത്മാവുമായി മുഖത്തോടുമുഖം കാണാതെ കഴിക്കാൻവേണ്ടി. നാം വ്യത്ഥവസ്തുക്കറംക്കുവേണ്ടി സത്യത്തെ കൈയ്മാറുന്നു. നാം നിനയ്ക്കുന്നു: ''അദ്ധ്യാത്മകാര്യങ്ങളിലും പ്രാത്ഥനയിലും ഞാൻ വളരെ സന്തോഷത്തോടുകൂടി താല്പയ്യമെടുക്കുമായിരുന്നു; പക്ഷെ. എനിക്കു നേരമില്ല; ജീവിതത്തിൻെറ അല്ലലും അലട്ടും അതിനൊന്നിനും ഒരു സൗകയ്യവും തരുന്നില്ല.'' എങ്കിലും ഏതാണു് വാസ്തവത്തിൽ കൂടുതൽ പ്രധാനവും അനുപേക്ഷണീയവും?

ആത്മാവിന്റെ നിത്യജീവിതവും മുക്തിയുമാണോ, അതോ, നാം ഇത്രയേറെ പാടുപെടുന്ന ശരീരത്തിന്റെ ക്ഷണികമായ ജീവിതമോ ? അതിനെക്കുറിച്ചാണ് ഞാൻ സംസാരിച്ചതു്; അതു് ആളുകളിൽ അറിവോ മൂഢത്വമോ ഉളവാക്കുന്നു.'

'പ്രിയസോദരാ, സദയം ക്ഷമിക്കു, ഞാൻ ചോദിച്ചതു് വെറും കുതൂഹലംകൊണ്ടല്ല, പിന്നെയോ, സൗഹൃദംകൊണ്ടും ക്രൈസ്തവമായ സമഭാവംകൊണ്ടുമാണു്; അതിലും കൂടുതലായി എന്തെന്നാൽ, ഏകദേശം രണ്ടു വർഷംമുമ്പു് ഞാനൊരാളെ കാണാനിടയായി; അതിൽനിന്നുമാണു് നിങ്ങളോടു് ഞാനിപ്പോൾ ചോദിച്ച ചോദ്യം ഉദിക്കാൻ ഇടയായതു്. സംഭവമിതാണു്: പട്ടാളത്തിൽനിന്നും പിരിച്ചയച്ച ഒരാളുടെ പാസ്പോർട്ടുമായി ഒരു യാചകൻ ഞങ്ങളുടെ വീട്ടിൽ വന്നു. ആൾ വൃദ്ധൻ, ദുർബ്ബലൻ; മിക്കവാറും നഗ്നൻ എന്നുതന്നെ പറയാം. ചെരിപ്പുമില്ല; അത്ര ഏഴ. അയാൾ വളരെ കുറച്ചേ സംസാരിച്ചിരുന്നുള്ളു; അതും വളരെ ലളിതമായിട്ടു്. കേട്ടാൽ തോന്നും ആൾ പുൽമേട്ടിൽനിന്നു വരുന്ന ഒരുൾനാടൻ ആണെന്നു്. ഞങ്ങൾ അയാളെ അതിഥിശാലയിൽ പാർപ്പിച്ചു. പക്ഷേ നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ അയാൾക്കു കലശലായ രോഗം പിടിച്ചു; അതുകൊണ്ടു് ഞങ്ങൾ അയാളെ ഈ കെട്ടിടത്തിലേയ്ക്കു മാററി. ഇവിടെ ഞങ്ങൾ അയാളെ അടക്കിക്കിടത്തി; ഭാര്യയും ഞാനുംകൂടി അയാളെ നോക്കി ശുശ്രൂഷിച്ചു. പക്ഷേ കുറച്ചു കഴിഞ്ഞപ്പോൾ തീർച്ചയായി അയാളുടെ അവസാനം അടുത്തു എന്നു്. ഞങ്ങൾ അയാളെ അതിനു് ഒരുക്കി; കുമ്പസാരത്തിനും അന്ത്യകൂദാശയ്ക്കും ദിവ്യലേപനത്തിനുംവേണ്ടി ഞങ്ങളുടെ പുരോഹിതനെ വരുത്തി. മരിക്കുന്നതിന്റെ തലേന്നാൾ അയാൾ എഴുന്നേററിരുന്നു് ഒരു താൾ കടലാസ്സും പേനയും ആവശ്യപ്പെട്ടു. എന്നിട്ടു് വാതിൽ അടയ്ക്കാനും തന്റെ ഒസ്യത്തു്

എഴുതിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ആരെയും അകത്തു വിടരുത് എന്നും അപേക്ഷിച്ചു. അയാളുടെ മരണശേഷം ഒസ്യത്ത് അയാളുടെ മകനു പീറേറഴ്സ്ബഗ്ഗിലെ ഒരു മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്നും എന്നോട് ആവശ്യപ്പെട്ടിരുന്നു. അയാ൦ എഴുതുന്നതു കണ്ടപ്പോ൦ ഞാൻ അദ്ഭുതംകൊണ്ട് അമ്പരന്നുപോയി; എന്തെന്നാൽ അയാ൦ മനോഹരമായും അത്യന്തം അഭ്യസ്തവുമായ രീതിയിൽ എഴുതി എന്നു മാത്രമല്ല, രചനയോ അതിസുന്ദരം, അസ്ഖലിതം; വലിയ പാടവവും ഉത്കൃഷ്ടസംസ്കാരവും അതിൽ വ്യക്തമായി കാണാമായിരുന്നു. എന്തിനു്, അയാളുടെ ആ ഒസ്യത്ത് നിങ്ങളെ ഞാൻ നാളെ വായിച്ചു കേ൦പ്പിക്കാം; അതിൻെറ ഒരു പകപ്പ് എൻെറ കൈയ്യ്വശമുണ്ട്. ഇതൊക്കെ എന്നെ ആശ്ചൎയ്യപ്പെടുത്തി. അയാളുടെ ജനനത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അന്വേഷിക്കാൻ മാത്രം കുതുഹലവും എന്നിൽ ഉളവാക്കി.

താൻ മരിച്ചതിനുശേഷമല്ലാതെ ആരോടും ഒന്നും വെളിപ്പെടുത്തുകയില്ല എന്ന് എന്നെക്കൊണ്ട് ദൃഢപ്രതിജ്ഞ ചെയ്യിച്ചശേഷം, ദൈവത്തിൻെറ മഹത്വത്തിനു വേണ്ടി അയാ൦ തൻെറ ജീവിതകഥ എന്നോടു പറഞ്ഞു: ‘‘ഞാൻ ഇന്ന....രാജകുമാരൻ ആയിരുന്നു,’’ അദ്ദേഹം ആരംഭിച്ചു: ‘‘വലിയ ധനികനായിരുന്നു ഞാൻ; അത്യാഡംബരപൂൎണ്ണവും അനിയന്ത്രിതവും ആയ ഒരു ജീവിതമാണു ഞാൻ നയിച്ചതു്. എൻെറ ഭാൎയ്യയുടെ മരണത്തിനുശേഷം എൻെറ മകനും ഞാനുംകൂടി ഒരുമിച്ചു താമസമാക്കി. അയാ൦ക്കു പട്ടാളത്തിൽ ഒരു നല്ല ഉദ്യോഗമുണ്ട്. കാവൽപ്പടയിൽ ഒരു ക്യാപ്ററൻ ആയിരുന്നു അയാ൦. ഒരു ദിവസം ഞാൻ ഒരു പ്രമാണിയുടെ വീട്ടിൽ നൃത്തത്തിനു പോകാൻ ഒരുങ്ങുമ്പോ൦, എനിക്ക് എൻെറ പരിചാരകൻെറ പേരിൽ കലശലായ കോപം വന്നു. ദ്വേഷ്യം തടുക്കാനാവാതെ ഞാനവൻെറ തലയ്ക്കു് കനത്ത ഒരടികൊടുത്തു; അവനെ

അവന്റെ നാട്ടിലേയ്ക്ക് അയയ്ക്കാൻ ആജ്ഞയും നൽകി. ഇതുണ്ടായതു് ഒരുദിവസം വൈകുന്നേരമാണു്; അടുത്ത നാരം കാലത്തു് അടിയുടെ ഫലമായി അവൻ മരിച്ചു. ഇതത്ര കാര്യമായിട്ടൊന്നും എന്നെ ബാധിച്ചില്ല. എന്റെ അവിവേകത്തെക്കുറിച്ചു് ഞാൻ പശ്ചാത്തപിച്ചു; പക്ഷെ, വേഗം എല്ലാം മറന്നു. ആറാഴ്ച കഴിഞ്ഞു; എന്നിട്ടും, മരിച്ച വേലക്കാരനെ ഞാൻ കാണാൻ തുടങ്ങി; ആദ്യം സ്വപ്നത്തിൽ. ഓരോ നാളും രാത്രിയിൽ അവൻ എന്നെ ശല്യപ്പെടുത്തി. 'മനസ്സാക്ഷിയില്ലാത്ത മനുഷ്യൻ! താനാണെന്റെ കൊലയാളി!' എന്നിങ്ങനെ നിത്താതെ പറഞ്ഞുകൊണ്ടു് എന്നെ ശകാരിച്ചു. നാളുകരം കഴിയും തോറും ഞാനവനെ ഉണർന്നിരിക്കുമ്പോഴും കാണാൻ തുടങ്ങി, ഉണർന്നു മിഴിച്ചിരിക്കുമ്പോഴും. കാലക്രമത്തിൽ അവന്റെ ദശ്നം കൂടിക്കൂടി വന്നു; അവനുണ്ടാക്കിയ ക്ഷോഭം ഏതാണ്ടു് നിരന്തരമായിത്തീന്നു. ഒടുവിലായപ്പോരം അവൻ തനിച്ചുമല്ല വന്നിരുന്നതു്; ഞാൻ ക്രൂരമായി പെരുമാറിയിട്ടുള്ള മരിച്ചുപോയ പുരുഷന്മാരെയും മാനഭംഗപ്പെടുത്തിയിട്ടുള്ള സ്ത്രീകളെയും ഞാൻ അതേ സമയംതന്നെ കാണാൻ തുടങ്ങി. അവരെല്ലാം എന്നെ ഇടവിടാതെ ശകാരിച്ചുകൊണ്ടിരുന്നു; എനിക്കൊരു സൈ്വരവും തന്നില്ല. അതെന്തു മാത്രമായെന്നോ, എനിക്കു് ഉണ്ണാനോ ഉറങ്ങാനോ മറെറന്തെങ്കിലും ചെയ്യാനോ ഒന്നും വയ്യാതായി. എന്റെ ശക്തി നിശ്ശേഷം നശിച്ചു; ഞാൻ വെറും എല്ലും തോലുമായി. വിദഗ്ദ്ധന്മാരായ വൈദ്യന്മാരുടെ പ്രയത്നങ്ങരംകൊണ്ടൊന്നും ഒരു ഗുണവും ഉണ്ടായില്ല. ഒരു ശമനത്തിനുവേണ്ടി ഞാൻ മറുനാടുകളിൽ പോയി; ആറുമാസം നോക്കിയിട്ടും അതുകൊണ്ടൊന്നും ലവലേശം പ്രയോജനമുണ്ടായില്ല. ആ ശല്യപ്പെടുത്തുന്ന ഭൂതങ്ങരം ക്രമേണ കൂടുതൽകൂടുതൽ ഭയങ്കരങ്ങളായിത്തീന്നു. എന്നെ മടക്കി വീട്ടിൽ കൊണ്ടുവന്നു ഒട്ടുമുക്കാലും ചത്ത മട്ടിൽ. നരക

ത്തിലെ യാതനകളും ഭീഷണികളും ഒട്ടും വിടാതെ തികച്ചും ഞാൻ അനുഭവിച്ചു. നരകം ഉണ്ടു് എന്നതിനു് എനിക്കപ്പോഠം തെളിവുണ്ടായിരുന്നു; നരകം എന്നുവെച്ചാൽ എന്താണത്ഥം എന്നെനിക്കു മനസ്സിലായി.

ഞാനിങ്ങനെയീ ദുഃശയിലായിരുന്നപ്പോഠം എൻെറ തെററുകളെല്ലാം ഞാൻ മനസ്സിലാക്കി. ഞാൻ പശ്ചാത്തപിച്ചു, ഏററുപറഞ്ഞു. ഞാനെൻെറ അടിമകഠംക്കെല്ലാം സ്വാതന്ത്ര്യം കൊടുത്തു. ബാക്കി ജീവിതകാലം മുഴുവൻ ആവുന്നത്ര കഷ്ടത നിറഞ്ഞ ജീവിതം നയിക്കാനും ഒരു യാചകനായി വേഷംമാറാനും ഞാൻ പ്രതിജ്ഞ ചെയ്തു. എൻെറ പാപത്തിൻെറയെല്ലാം കാരണമായി, ജീവിതത്തിൽ ഏററവും താണപടിയിലുള്ള ആളുകളുടെ ഏററവും എളിയ വേലക്കാരനാവാനാണു് ഞാൻ ആഗ്രഹിച്ചതു്. ഞാനിപ്രകാരമൊരു ദൃഢനിശ്ചയം ചെയ്ത ആ നിമിഷം എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആവക ഭ്രാന്തിദശ്നങ്ങളൊക്കെ മറഞ്ഞു. ഈശ്വരനുമായി സന്ധിയായതിൽ എനിക്കുണ്ടായ സമാധാനവും സുഖവും എത്രയെന്നു് എനിക്കു പൂണ്ണമായി വണ്ണിക്കാൻ സാദ്ധ്യമല്ല. മുമ്പു ഞാൻ നരകയാതന അനുഭവിച്ചതുമാതിരിതന്നെ ഇപ്പോഠം ഞാൻ സ്വഗ്ഗീയസുഖവും അനുഭവിച്ചു; സ്വഗ്ഗമെന്നുവെച്ചാൽ എന്താണത്ഥം എന്നും ഞാൻ മനസ്സിലാക്കി; സ്വഗ്ഗരാജ്യം എങ്ങനെയാണു നമ്മുടെ ഹൃദയത്തിൽ വെളിപ്പെടുന്നതു് എന്നും എനിക്കു മനസ്സിലായി. വേഗം ഞാൻ വീണ്ടും ആരോഗ്യവാനായി; പിരിച്ചയച്ച ഒരു പട്ടാളക്കാരൻെറ പാസ്പോർട്ടും സമ്പാദിച്ചു് രഹസ്യമായി. പിറന്ന നാടുവെടിഞ്ഞു് ഞാൻ എൻെറ ഉദ്ദേശം നിറവേററി. കഴിഞ്ഞ പതിനഞ്ചു കൊല്ലമായി സൈബീരിയയിലെങ്ങും ചുററി നടക്കുകയായിരുന്നു. ചിലപ്പോഠം ഞാൻ കൃഷിക്കാരുടെ വീട്ടിൽ എന്നാലാവുന്ന കൂലിപ്പണിക്കു പോകും. ചിലപ്പോഠം കൃസ്തുവിൻെറ നാമത്തിൽ പിച്ചയെടുത്തു് അഹർ

വൃത്തി കഴിക്കും. ഹാ, ഈ പട്ടിണിയിലും കഷ്ടപ്പാടിലും എന്തൊരു ധന്യത, എന്തൊരാനന്ദം, എന്തൊരു ആത്മ ശാന്തിയാണു ഞാൻ അനുഭവിക്കുന്നതെന്നോ! ആ മഹാ മദ്ധ്യസ്ഥൻെറ കനിവിനാൽ നരകത്തിൽനിന്നും സ്വർഗ്ഗത്തിലേയ്ക്കു് കരകയററപ്പെട്ട ഒരുവനുമാത്രമേ അതു തികച്ചും അനുഭവവേദ്യമാവുകയുള്ളു.''

കഥ പറഞ്ഞു തീർന്നപ്പോൾ അദ്ദേഹം തൻെറ ഒസ്യത്തു് മകനു് അയച്ചുകൊടുക്കാനായി എൻെറ കൈയ്യിൽ തന്നു; അടുത്ത ദിവസം അദ്ദേഹം മരിക്കുകയും ചെയ്തു. ആ ഒസ്യത്തിൻെറ ഒരു പകപ്പു് വേദപുസ്തകത്തിൻെറമേലെ ഒരു ഉറയിൽ കിടപ്പുണ്ടു്. നിങ്ങൾക്കതു വായിക്കാനിഷ്ട മുണ്ടെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ എടുത്തുകൊണ്ടുവരാം. ... ഇതാ കണ്ടോളൂ.'

ഞാനതു നിവർത്തി ഇങ്ങനെ വായിച്ചു:

'കർത്താവിൻെറ തിരുനാമത്തിൽ, ത്രിമൂർത്തികളുടെ തിരുനാമത്തിൽ, ബാവയുടെയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും തിരുനാമത്തിൽ.

എൻെറ ഏററവും പ്രിയപ്പെട്ട മകനേ,

നീ നിൻെറ അപ്പനെ കണ്ടിട്ടിപ്പോൾ പതിനഞ്ചു വർഷമായി. അപ്പൻെറ വർത്തമാനമൊന്നും നിനക്കറിയാൻ കഴിയാറില്ലെങ്കിലും അപ്പൻ ഇടയ്ക്കിടെ നിൻെറ വിവരങ്ങൾ അറിയാൻ വഴി കണ്ടിരുന്നു; നിന്നോടു് ഒരപ്പൻെറ വാത്സല്യവും വളർത്തിയിരുന്നു. ആ വാത്സല്യം തൻെറ മരണശയ്യയിൽനിന്നു് ഈ വരികൾ നിനക്കയെയ്ക്കാൻ അപ്പനെ പ്രേരിപ്പിക്കുന്നു. ഇവ നിനക്കു് ജീവിതകാല മത്രയും ഒരു പാഠമായിരിക്കട്ടെ.

ഞാനെൻെറ അശ്രദ്ധവും അവിവേകപൂർണ്ണവുമായ ജീവിതംകൊണ്ടു് എന്തുമാതിരി കഷ്ടപ്പെട്ടു എന്നു നിനക്ക റിവുള്ളതാണല്ലൊ; എന്നാൽ എൻെറ അജ്ഞാതമായ

തീൎത്ഥാടനത്തിൽ പശ്ചാത്താപത്തിൻെറ ഫലമായി ഞാൻ ഏതുവിധം ആനന്ദപൂൎണ്ണനായി എന്നും അനുഗൃഹീതനായി എന്നും നിനക്കു് നിശ്ചയമില്ല.

എനിക്കു നന്മചെയ്ത — നിനക്കും — ഒരാളുടെ വീട്ടിൽ സമാധാനത്തോടുകൂടി ഞാൻ മരിക്കുന്നു; അപ്പൻെറ മേൽ ചൊരിഞ്ഞ കാരുണ്യം കൃതജ്ഞതാനിർഭരനായ ഒരു പുത്രൻെറ സ്നേഹപൂൎണ്ണമായ ഹൃദയത്തെ തീൎച്ചയായും സ്പൎശിക്കുമല്ലൊ, അതിനാൽ നിനക്കും. നിനക്കാവുന്ന വിധത്തിൽ അദ്ദേഹത്തോടു് എൻെറ കൃതജ്ഞത പ്രകാശിപ്പിക്കുക.

നിന്മേൽ ഒരു പിതാവിൻെറ അനുഗ്രഹം വൎഷിക്കുന്നതോടൊപ്പം ഈശ്വരനെ സ്മരിക്കാനും മനസ്സാക്ഷിയെ കാത്തു സൂക്ഷിക്കാനും സൎവ്വാത്മനാ നിന്നെ ഞാൻ ഉപദേശിക്കുന്നു. വിവേകിയും ദയാലുവും പരഹിതേച്ഛുവും ആയിരിക്കുക. ആവുന്നത്ര മൈത്രിയോടും ഹിതകരമായും നിൻെറ ആശ്രിതരോടു പെരുമാറുക. യാചകരേയും തീൎത്ഥാടകരേയും നിന്ദിക്കരുതു്. യാചനയിലും തീൎത്ഥാടനത്തിലും മാത്രമേ മരിക്കുന്ന നിൻെറ പിതാവു് യാതന തിന്നുകൊണ്ടിരുന്ന തൻെറ ആത്മാവിനു് ശാന്തിയും വിശ്രാന്തിയും കണ്ടെത്തിയുള്ളു എന്ന കാര്യം ഓൎമ്മിക്കുക. നിന്നിൽ ദൈവത്തിൻെറ കരുണാകടാക്ഷമുണ്ടാകട്ടെ എന്നു ഞാൻ പ്രാൎത്ഥിക്കുന്നു. മനുഷ്യൻെറ മഹാമദ്ധ്യസ്ഥനായ നമ്മുടെ നാഥൻ യേശുക്രിസ്തുവിൻെറ അൻപിനാൽ നിത്യജീവിതം കൈയ്‌വരുമെന്ന പ്രതീക്ഷയോടെ ഞാൻ ശാന്തമായി കണ്ണടയ്ക്കുന്നു.

എന്നു് നിൻെറ അപ്പൻ.........'

ഇങ്ങനെ എൻെറ ആതിഥേയനും ഞാനും വൎത്തമാനം പറഞ്ഞുകൊണ്ടിരുന്നു. എന്നിട്ടു പിന്നെ ഞാനൊരു ചോദ്യം ചോദിച്ചു: 'നിങ്ങളുടെ ഈ അതിഥിമന്ദിരം കാരണം നിങ്ങൾക്കു് അല്ലലും അലട്ടും ഉണ്ടാകാതിരിക്കയില്ല എന്നു

ഞാൻ വിചാരിക്കുന്നു. നമ്മുടെ തീൎത്ഥാടകരിൽ, വെറും അലസതകൊണ്ടോ, തങ്ങാംക്കു് തൊഴിലൊന്നുമില്ലാത്തതുകൊണ്ടോ, ഈ ജീവിതം സ്വീകരിച്ച കൂട്ടർ ഒട്ടേറെയുണ്ടു്, തീച്ച്; ചിലപ്പോാം അവർ വഴിക്കു് കുറേശ്ശെ കളവും നടത്തും; ഞാൻതന്നെ അതു കണ്ടിട്ടുണ്ടു്.'

'അമ്മാതിരി സംഭവങ്ങാം അധികമൊന്നുമുണ്ടായിട്ടില്ല.' എന്നായിരുന്നു മറുപടി: 'ഞങ്ങളെപ്പോഴും ഏറിയകൂറും യഥാൎത്ഥതീൎത്ഥാടകരെയാണു് കണ്ടുമുട്ടാറു്. ഇനി, മറേറ കൂട്ടരെ കിട്ടുകയാണെന്നുവരികിലോ, കൂടുതൽ ദയയോടെ ഞങ്ങളവരെ സ്വാഗതം ചെയ്യുന്നു; അവരെ ഞങ്ങളുടെകൂടെ താമസിപ്പിക്കാൻ കൂടുതലായി ശ്രമിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നല്ല യാചകരുടെയും കൃസ്തുവിൽക്കൂടി സഹോദരരായവരുടെയും സഹവാസംകൊണ്ടു് അവർ സത്‌സ്വഭാവികളായിത്തീരുന്നു; വിനീതരും ദയാലുക്കളുമായി അവർ അതിഥിശാല വിട്ടുപോകുന്നു. അതെ, ഈ അടുത്തകാലത്തു് അത്തരം ഒരാളുണ്ടായിരുന്നു. അയാാം ഞങ്ങളുടെ ഈ പട്ടണത്തിലെ താണ ഇടത്തരം കുടുംബത്തിൽ പെട്ട ഒരാളായിരുന്നു. അയാാം എത്രകണ്ടു് ചീത്തയായി എന്നു വെച്ചാൽ: സകലരും അയാളെ തങ്ങളുടെ പടിക്കൽ നിന്നും വടിയെടുത്തു് ഓടിക്കാൻ തുടങ്ങി, ആരും അവനു് റൊട്ടിയുടെ തോടുപോലും ഒരുകഷണംകൊടുക്കാതെയായി: അവൻ കള്ളു കുടിക്കും; വഴക്കടിക്കും, കബളിപ്പിക്കും. അതുമല്ല, അവൻ കക്കുകയും ചെയ്യുമായിരുന്നു. അതായിരുന്നു ആളുടെ മാതിരി. അവനൊരിക്കൽ ഞങ്ങളുടെ അടുത്തുവന്നു കുറച്ചു റൊട്ടിയും വീഞ്ഞും ചോദിച്ചപ്പോാം – വീഞ്ഞിനു് അയാാംക്കു് അത്യാൎത്തിയായിരുന്നു – ഞങ്ങാം അവനു് സ്നേഹപൂൎണ്ണമായ ഒരു സ്വീകരണം നൽകിക്കൊണ്ടു പറഞ്ഞു: ''ഞങ്ങളുടെകൂടെ താമസിക്കുക; തനിക്കു വേണ്ടത്ര വീഞ്ഞു ഞങ്ങാം തരാം; പക്ഷെ, ഒരു കാര്യം: കുടിച്ചാൽ നേരേപോയി കിടന്നു് ഉറങ്ങിക്കൊള്ളണം. സ്വല്പമെ

ങ്കിലും താൻ ബഹളം കൂട്ടുകയോ ശല്യപ്പെടുത്തുകയോ ചെയ്താൽ തന്നെ പുറത്തു കടത്തും; പിന്നെ തിരിച്ചെടുക്കുകയില്ല എന്നു മാത്രമല്ല, ഞങ്ങൾ വിവരം പോലീസിൽ അറിയിക്കുകയും, തെണ്ടിയാവാനിടയുള്ളവനാണെന്ന കാരണത്തിന്മേൽ തന്നെ ഏതെങ്കിലും കുററവാളികളുടെ താവളത്തിലേയ്ക്കു് അയയ്ക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്യും.'' അയാൾ ആ വ്യവസ്ഥ സമ്മതിച്ചു ഞങ്ങളുടെ കൂടെ താമസമാക്കി. ഒരാഴ്ചയോ മറേറാ അയാൾ ധാരാളം കുടിച്ചു, മതിയാവോളം കുടിച്ചു. എന്നാൽ അയാളുടെ പ്രതിജ്ഞ കാരണവും വീഞ്ഞിനോടുള്ള അത്യാർത്തിമൂലവും – അതു കിട്ടാതെയായെങ്കിലോ എന്നു പേടിച്ചു് – കുടി കഴിഞ്ഞാൽ എപ്പൊഴും പോയി ഉറങ്ങാൻ കിടക്കും; അല്ലെങ്കിൽ അടുക്കളത്തോട്ടത്തിൽ പോയി അവിടെയെവിടെയെങ്കിലും അടങ്ങിയൊതുങ്ങി കിടക്കും. വെളിവുള്ള സമയത്തു്, അതിഥിശാലയിലെ സഹോദരങ്ങൾ അനുനയപൂർവ്വം അയാളോടു സംസാരിക്കും; തുടക്കത്തിൽ പതുക്കെപ്പതുക്കെ ആയാലും വേണ്ടില്ല, സ്വയം നിയന്ത്രിക്കാൻ ശീലിക്കുന്നതിനു് നല്ല ഉപദേശം നൽകും. ക്രമേണ അയാൾ കുടി കുറച്ചുകൊണ്ടു വന്നു. ഒടുക്കം, ഏതാണ്ടു മൂന്നുമാസം കഴിഞ്ഞപ്പോൾ അയാൾ മര്യാദവിട്ടു് ഒട്ടും കുടിക്കാതെയായി. അയാളിപ്പോൾ എവിടെയോ ഒരു ജോലിയിൽ പ്രവേശിച്ചിട്ടുണ്ടു്. അന്യരുടെ ഔദാര്യത്തെ ആശ്രയിച്ചുംകൊണ്ടു് വെറുതെ അലഞ്ഞുതിരിയുന്നില്ല. മിനിയാന്നു് അയാളിവിടെ വന്നിരുന്നു എന്നോടു നന്ദി പറയാൻ.'

എന്തൊരു വിവേകം, ഞാൻ വിചാരിച്ചു, സ്നേഹം വഴികാണിച്ചതുകൊണ്ടു് പൂർണ്ണമാക്കപ്പെട്ട വിവേകം! അദ്ദേഹം കേൾക്കെ ഞാൻ പറഞ്ഞു: 'താങ്കളുടെ സംരക്ഷണത്തിൻകീഴിലുള്ള കുടുംബത്തിൽ കാരുണ്യം വർഷിച്ച കർത്താവിനു സ്തുതി.' ഇങ്ങനെ ഈ സംഭാഷണം കഴിഞ്ഞു് ഒന്നോ ഒന്നരയോ മണിക്കൂർ സമയം ഉറങ്ങി, പ്രഭാത

പ്രാൎത്ഥനയ്ക്കുള്ള മണി അടിക്കുംവരെ. ഞങ്ങറം എഴുനേററു് തയ്യാറായി പള്ളിയിലേയ്ക്കു പോയി. അകത്തു കടന്ന പ്പോറം, നേരത്തേതന്നെ കുട്ടികളോടൊത്തു് അവിടെ എത്തിയിരുന്ന ഗൃഹനാഥയെ കണ്ടു. പ്രഭാതപ്രാൎത്ഥനയിൽ ഞങ്ങളെല്ലാവരും പങ്കുകൊണ്ടു; ഉടനെതന്നെ പൊതുവായ ദിവ്യാരാധനയും ആരംഭിച്ചു. ഗൃഹനാഥനും കൊച്ചുമകനും ഞാനും ശ്രീകോവിലിനകത്തുതന്നെ സ്ഥലം പിടിച്ചു; ഗൃഹ നായികയും കൊച്ചുമകളും ശ്രീകോവിലിൻെറ ജനലിന നടുത്തു്, നിവേദ്യം * സമൎപ്പിക്കുന്നതു് കാണാൻ കഴിയു മാറു് നിലകൊണ്ടു. അവർ മുട്ടുകുത്തിയപ്പോറം എത്ര ആത്മാൎത്ഥതയോടെയാണു് അവർ പ്രാൎത്ഥിച്ചതും ആനന്ദാ ശ്രുക്കറം പൊഴിച്ചതും! അവരുടെ മുഖത്തെ പ്രകാശം കണ്ടു് ഞാനും അകംനിറഞ്ഞു കരഞ്ഞു. ആരാധനയ്ക്കുശേഷം ആ സജ്ജനങ്ങളും പുരോഹിതനും ഭൃത്യന്മാരും യാചകരും സക ലരും ഒരുമിച്ചു് ഭക്ഷണമുറിയിലേയ്ക്കു പോയി. യാചകരും രോഗികളും കുട്ടികളും വികലാംഗരുമായി ആകെ നാല്പതു പേരോളം അവിടെ ഉണ്ടായിരുന്നു, അവരേവരും ഒരേ മേ ശയ്ക്കു ചുററും ഇരുന്നു:അതും എത്ര ശാന്തമായും നിശ്ശബ്ദമായും! ഞാൻ ധൈൎയ്യമവലംബിച്ചുകൊണ്ടു് എൻെറ ആതിഥേയ നോടു മെല്ലെ പറഞ്ഞു: 'സന്ന്യാസാശ്രമങ്ങളിൽ ആഹാര സമയത്തു് അവർ വിശുദ്ധന്മാരുടെ ജീവനചരിത്രങ്ങറം വായിക്കുന്നു. നിങ്ങറംക്കും അങ്ങനെ ചെയ്യാവുന്നതാണു്. നിങ്ങറംക്കു് ആവക പുസ്തകങ്ങളെല്ലാം ഇവിടെ ഉണ്ടല്ലൊ.'

'മേരീ, നമുക്കും ആ ഏൎപ്പാടു സ്വീകരിക്കാം,' അദ്ദേഹം ഭാൎയ്യയുടെ നേക്കു തിരിഞ്ഞുകൊണ്ടു പറഞ്ഞു: 'അതു വളരെ ശ്രേയസ്കരമായിരിക്കും. ഞാൻ ആരംഭിക്കാം, ആദ്യത്തെ ആഹാരസമയത്തു വായിക്കാം, അടുത്തതിനു് നീ; പിന്നെ കൊച്ചച്ചൻ, അതു കഴിഞ്ഞാൽ, ക്രമത്തിൽ സഹോദര ന്മാരിൽ വായിക്കാൻ അറിയാവുന്നവർ ഓരോരുത്തരും.'

* Elevation of the Holy Gifts.

പുരോഹിതൻ ഭക്ഷണം കഴിക്കലും സംസാരിക്കലും ഒരുമിച്ചു നടത്തി: 'കേട്ടുകൊണ്ടിരിക്കാനാണ് എനിക്കിഷ്ടം, വായനയെക്കുറിച്ചാണെങ്കിൽ – ശരി, സാദരം ഞാൻ അപേക്ഷിക്കുന്നു, എന്നെ വെറുതെ വിടണമെന്നു്. ഞാൻ വീട്ടിൽ മടങ്ങിയെത്തിയാൽ എന്തൊരു ബദ്ധപ്പാടിലാണ് എന്നു നിങ്ങൾക്കു് ഒരു പിടിയും ഇല്ല; അല്ലലും പല തരം പണികളും, ആദ്യം ഇതു ചെയ്യണം പിന്നെ വേറൊന്നു്; ഒരുപാടു പിള്ളേരും പിന്നെക്കുറെ മൃഗങ്ങളും കാരണം എന്റെ ദിവസം മുഴുവൻ അതുമിതും ചെയ്യാനുണ്ടു്. വായിക്കാനോ പഠിക്കാനോ നേരമില്ല. ഞാൻ സെമിനാരിയിൽ പഠിച്ചതുപോലും പണ്ടേ മറന്നുപോയിരിക്കുന്നു.' ഇതു കേട്ടപ്പോൾ ഞാൻ നടുങ്ങിപ്പോയി. എന്നാൽ എന്റെ അടുത്തിരുന്നിരുന്ന ആതിഥേയി എന്റെ കൈയ് പിടിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ കൊച്ചച്ചൻ അങ്ങനെ പറയുന്നുവെന്നേയുള്ളു. അദ്ദേഹം വളരെ വിനീതനായതുകൊണ്ടു്; അദ്ദേഹമെപ്പോഴും തന്നെത്താൻ താഴ്ത്തുന്നു. എന്നാൽ വാസ്തത്തിൽ അദ്ദേഹത്തിന്റെ ജീവിതം അങ്ങേയററം കാരുണ്യവും പരിശുദ്ധിയും നിറഞ്ഞതാണു്. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി അദ്ദേഹമൊരു വിധുരനാണു്; ഒരു വീടുനിറയെ പൗത്രന്മാരെ അദ്ദേഹം പോററിപ്പോരുന്നുണ്ടു്. അങ്ങനെയൊക്കെയാണെങ്കിലും അദ്ദേഹം കൂടെക്കൂടെ ആരാധന നടത്തുന്നുണ്ടു്.' ഈ വാക്കുകൾ കേട്ടപ്പോൾ അദ്ധ്യാത്മപ്രേമത്തിലെ*നിസെതാസ് സ്റ്റെതാററസിന്റെ ഈ വാചകം എന്റെ ഓർമ്മയിൽ വന്നു: 'ആത്മാവിന്റെ ആന്തരവാസനയനുസരിച്ചാണു് ഓരോ വസ്തുവിന്റെയും സ്വഭാവത്തെ തീർച്ചപ്പെടുത്തുന്നതു്.' അതായതു്, ഒരു മനുഷ്യനു് തന്റെ അയൽക്കാരനെക്കുറിച്ചു് അഭിപ്രായം തോന്നുന്നതു് അവനവന്റെ സ്വഭാവമനുസരിച്ചാണു്. അദ്ദേഹം തുടർന്നുപറയുന്നു: 'യഥാർത്ഥമായ പ്രാർത്ഥനയും സ്നേഹവും

* Nicetas Stethatus.

നേടിയിട്ടുള്ള ആരംക്കു് വസ്തുക്കറം തമ്മിൽ ഭേദബുദ്ധിയില്ല; അയാറം പുണ്യവാനെ പാപിയിൽനിന്നു വേർതിരിച്ചു കാണുന്നില്ല; പ്രത്യുത, അവരെയെല്ലാം ഒരുപോലെ സ്നേഹിക്കുന്നു. ഒരു മനുഷ്യനെക്കുറിച്ചും വിധികല്പിക്കുന്നതുമില്ല; എന്തെന്നാൽ, ഈശ്വരൻ പുണ്യവാൻെറയും പാപിയുടെയും മേൽ തൻെറ സൂര്യ്യനെ പ്രകാശിപ്പിക്കുന്നു, തൻെറ വൃഷ്ടി പൊഴിക്കുന്നു.'

വീണ്ടും ഞങ്ങറം നിശ്ശബ്ദരായി. എനിക്കെതിരെ, അതിഥിശാലയിൽ താമസിച്ചിരുന്ന ഒരു യാചകൻ ഇരുന്നിരുന്നു; അയാറംക്കു കണ്ണു തീരെ കാണുകയില്ല. ഗൃഹനാഥൻ അയാറംക്കു വേണ്ട താക്കെ ചെയ്തുകൊടുത്തുപോന്നു. അദ്ദേഹം അയാറംക്കു് മീൻ മുറിച്ചുകൊടുത്തു, സ്പൂൺ എടുത്തു കൊടുത്തു, സൂപ്പ് ഒഴിച്ചുകൊടുത്തു.

ഞാൻ സൂക്ഷിച്ചുനോക്കി; ഈ യാചകൻെറ വായ് എപ്പോഴും തുറന്നാണിരിക്കുന്നതു് എന്നു കണ്ടു. നാക്കു് എപ്പോഴും അനങ്ങുന്നുമുണ്ടു്, വിറയ്ക്കുന്നതുപോലെ. പ്രാത്ഥന ചൊല്ലുന്ന ഒരാറം ആയിരിക്കണം ഇയാറം, തീച്ച്, എന്നു കരുതി ഞാൻ. ഞാനയാളെ ശ്രദ്ധിച്ചുനോക്കിക്കൊണ്ടിരുന്നു. ആഹാരം കഴിഞ്ഞതും ഒരു കിഴവിക്കു് സുഖക്കേടു പിടിച്ചു. എന്തോ കലശലായ രോഗബാധ: ആ സ്ത്രീ കിടന്നു ഞരങ്ങാനും മൂളാനും തുടങ്ങി. ഞങ്ങളുടെ ആതിഥേയനും ഭാര്യ്യയുംകൂടി രോഗിയെ അവരുടെ ശയനമുറ്റിയിലേയ്ക്കു് കൊണ്ടുപോയി; അവരുടെ കിടക്കയിൽ കിടത്തി; സ്ത്രീ രോഗിയെ ശുശ്രൂഷിക്കാൻ അവിടെത്തന്നെ നിന്നു. അവരുടെ ഭത്താവു് വേഗം വണ്ടി കൊണ്ടുവരാൻ പറഞ്ഞു് അതിൽക്കയറി പട്ടണത്തിലേയ്ക്കു പാഞ്ഞുപോയി ഒരു ഡോക്ടറെ വിളിച്ചുകൊണ്ടുവരുന്നതിനു്. വൈദികൻ തിരുവത്താഴത്തിൻെറ അപ്പം ‡ കൊണ്ടുവരാൻ പോയി; ഞങ്ങളൊക്കെ ഞങ്ങളുടെ വഴിക്കും പോയി.

‡ Reserved Sacrament.

ഞാൻ പ്രാൎത്ഥനയ്ക്കുവേണ്ടി ദാഹിച്ചുതുടങ്ങി, പ്രാൎത്ഥനയിൽ എൻെറ ആത്മാവു് പ്രവഹിപ്പിക്കാനുള്ള അടിയന്തരമായ ഒരത്യാവശ്യം; നാല്പത്തിയെട്ടു മണിക്കൂർ നേരമായിട്ടു് എനിക്കു ശാന്തമായോ ഒററയ്ക്കോ ഇരിക്കാൻ കഴിഞ്ഞിട്ടില്ല. എൻെറ ഹൃദയത്തിൽ ഒരുതരം വെള്ളപ്പൊക്കം ചിറപൊട്ടി മേലാകെ ഒഴുകാൻ ഒരുങ്ങിയിരിക്കുന്നതായി എനിക്കു തോന്നി. അതു തടഞ്ഞുനിൎത്തുക, ആശ്വാസപ്രദമെങ്കിലും ഹൃദയത്തിൽ കടുത്ത ഒരു വേദന, പ്രാൎത്ഥനയുടെ നിശ്ശബ്ദതയിൽ ആറുകയും മാറുകയും ചെയ്യേണ്ട ഒരു വേദന, എനിക്കനുഭവപ്പെട്ടു. സ്വയം പ്രവൎത്തിക്കുന്ന ആന്തരപ്രാൎത്ഥന യഥാൎത്ഥത്തിൽ അഭ്യസിക്കുന്ന ആളുകൾ ജനക്കൂട്ടത്തിൽനിന്നും ഓടിപ്പോയി അജ്ഞാതസ്ഥലങ്ങളിൽ ഒളിച്ചു താമസിക്കുന്നതെന്തുകൊണ്ടാണെന്നു് എനിക്കപ്പോൾ മനസ്സിലായി. ഏററവും ആദ്ധ്യാത്മികവും പ്രയോജനപ്രദവും ആയ സംഭാഷണംപോലും അധികമായാൽ വെറും വൃഥാപ്രലാപമെന്നു് അഭിവന്ദ്യനായ ഇസിഖി പറയുന്നതെന്തുകൊണ്ടാണെന്നും എനിക്കു മനസ്സിലായി; 'നല്ല സംഭാഷണം വെള്ളിയാകുന്നു, എന്നാൽ മൗനമോ തനിത്തങ്കവും.' എന്നാണല്ലൊ സിറിയക്കാരനായ എഫ്രേം പറയുന്നതു്.

ഇതിനെക്കുറിച്ചെല്ലാം ആലോചിച്ചുകൊണ്ടു് ഞാൻ അതിഥിശാലയിലേയ്ക്കു പോയി. അവിടെ എല്ലാവരും ആഹാരം കഴിഞ്ഞു് വിശ്രമിക്കുകയായിരുന്നു. ഞാൻ മട്ടുപ്പാവിലെ മുറിയിൽ കയറി ശാന്തമായി വിശ്രമിക്കുകയും പ്രാൎത്ഥിക്കുകയും ചെയ്തു.

യാചകന്മാർ വീണ്ടും ഇറങ്ങി നടന്നുതുടങ്ങിയപ്പോൾ ഞാൻ ആ അന്ധനെ കണ്ടെത്തി; അയാളെയും കൂട്ടിക്കൊണ്ടു് അടുക്കളത്തോട്ടത്തിലേയ്ക്കു പോയി. അവിടെ ഒരിടത്തു് ഞങ്ങൾ തനിച്ചിരുന്നു് സംസാരിക്കാൻ തുടങ്ങി.

'നിങ്ങഠം നിങ്ങളുടെ ആത്മാവിനുവേണ്ടി യേശുവിൻെറ പ്രാത്ഥന ചൊല്ലുന്നുണ്ടോ, സദയം പറയൂ.' ഞാൻ ആവശ്യപ്പെട്ടു.

'വളരെക്കാലമായി ഞാനതു നിൎത്താതെ ചൊല്ലിവരുന്നുണ്ടു്.'

'അതിൽനിന്നു് നിങ്ങഠംക്കു് എന്തൊരു അനുഭവമാണുണ്ടാകുന്നതു് ?'

'ഇത്രതന്നെ, പ്രാത്ഥനകൂടാതെ രാത്രിയോ പകലോ എനിക്കു് ജീവിക്കാനാവില്ല.'

'ഈശ്വരൻ എങ്ങനെയാണു നിങ്ങഠംക്കതു കാണിച്ചുതന്നതു് ? അതിനെക്കുറിച്ചു് എന്നോടു പറയൂ; പ്രിയ സോദരാ, സകലതും എന്നോടു പറയൂ.'

'ശരി, അതിങ്ങനെയാണു്: ഞാൻ ഈ ജില്ലയിൽ പെട്ട ആളാണു്; തുന്നൽപ്പണി ചെയ്താണു് ഞാൻ നിത്യവൃത്തി കഴിച്ചിരുന്നതു്. ഗ്രാമംതോറും പോയി പല പ്രവിശ്യകളിലും ചെന്നു് ഞാൻ ഗ്രാമീണക്കു തുണിയുണ്ടാക്കിക്കൊടുത്തിരുന്നു. ഒരു ഗ്രാമത്തിൽ ഞാൻ കുറെയേറെക്കാലം താമസിക്കാനിടയായി, ഒരു കൃഷിക്കാരൻെറ വീട്ടിൽ; അയാളുടെ വീട്ടിലേയ്ക്കു വേണ്ട തുണിയുണ്ടാക്കുകയായിരുന്നു. ഒരു ദിവസം, അന്നൊരു പവിത്രദിവസമായിരുന്നു, ദിവ്യചിത്രങ്ങളുടെ അടുത്തു് മൂന്നു പുസ്തകം കിടക്കുന്നതു ഞാൻ കണ്ടു; ആ വീട്ടിൽ ആക്കാണു വായിക്കാൻ അറിയാവുന്നതു് എന്നു ഞാൻ അന്വേഷിച്ചു. ''ആക്കും അറിഞ്ഞുകൂടാ.'' അവർ പറഞ്ഞു: ''ഈ പുസ്തകങ്ങഠം ഒരു ചിററപ്പൻ ഞങ്ങഠംക്കു തന്നതാണു്; അദ്ദേഹത്തിനു് എഴുതാനും വായിക്കാനും അറിയാമായിരുന്നു.'' ഒരു പുസ്തകം ഞാൻ കൈയ്യിലെടുത്തു, ഒരിടത്തങ്ങു തുറന്നു, വായിച്ചു ഈ വാക്കുകഠം — ഈ നിമിഷത്തിലും എനിക്കതോൎമ്മയുണ്ടു്: ''നിരന്തരപ്രാത്ഥനയെന്നാൽ സദാ ഈശ്വരനാമം

ജപിക്കുകയാകുന്നു; വത്തമാനം പറയുകയോ ഇരിക്കുക യോ നടക്കുകയോ എന്തെങ്കിലും ഉണ്ടാക്കുകയോ ആഹാരം കഴിക്കുകയോ എന്തു ചെയ്തുകൊണ്ടിരുന്നാലും എല്ലായി ടത്തും എല്ലാ നേരവും മനുഷ്യൻ ഈശ്വരനാമം ജപിക്കേണ്ട താകുന്നു.'' അതു വായിച്ചതും ഞാൻ ആലോചിക്കാൻ തുടങ്ങി അതെത്ര എളുപ്പമാണ് എനിക്കു ചെയ്യാൻ എന്ന്. തുന്നൽപ്പണി നടത്തിക്കൊണ്ടിരിക്കെ ഞാൻ പ്രാത്ഥന മെല്ലെ ചൊല്ലാൻ തുടങ്ങി; എനിക്കതു് ഇഷ്ടമായി. അതേ വീട്ടിൽ എൻെറകൂടെ താമസിച്ചിരുന്ന ആളുകരം അതു കണ്ടുപിടിച്ചു; അവരെന്നെ കളിയാക്കാൻ തുടങ്ങി: ''താനെന്താ വല്ല മന്ത്രവാദിയോ മറേറാ ആണോ ഏതു നേരവും ഇങ്ങനെ പിറുപിറുത്തുകൊണ്ടിരിക്കാൻ ?'' അവർ ചോദിച്ചു. അല്ലെങ്കിൽ, ''താനെന്തിനെക്കുറിച്ചാണു മന്ത്ര മോതുന്നതു് ?'' എന്നായിരിക്കും ചോദ്യം. അതിനാൽ ഞാൻ ചെയ്യുന്നതു് അന്യർ അറിയാതിരിക്കാൻവേണ്ടി ഞാൻ ചുണ്ടനക്കുന്നതു നിത്തി; നാവുകൊണ്ടുമാത്രം പ്രാത്ഥ ന ഉരുവിടാൻ ആരംഭിച്ചു. ഒടുവിൽ എൻെറ നാവു് രാവും പകലും സ്വയമേവ അതു് ഉരുവിടുമാറു് അതുമായി ഞാൻ ഇണങ്ങിച്ചേന്നു; ഞാനതു് ഇഷ്ടപ്പെട്ടു. വളരെനാരം ഞാൻ അങ്ങനെ കഴിഞ്ഞുപോന്നു; അങ്ങനെയിരിക്കെ പൊട്ട ന്നനെ ഞാൻ തീത്തും അന്ധനായിത്തീന്നു. ഞങ്ങളുടെ വീട്ടിൽ ഒട്ടു മിക്കവക്കും * കണ്ണുഴകൽ പിടിക്കാറുണ്ടു്. അതുകൊണ്ടു്, ഞാൻ ദരിദ്രനായതിനാൽ എൻെറ സ്വന്ത ക്കാർ എനിക്കു് തോബോരംസ്കിലെ യാചകമന്ദിരത്തിൽ പ്രവേശനം മേടിച്ചുതന്നു. തോബോരംസ്കാണു ഞങ്ങളുടെ പ്രവിശ്യയുടെ തലസ്ഥാനം. ഞാനിപ്പോരം അങ്ങോട്ടു പോകുന്ന വഴിയാണു്. തോബോരംസ്ക്വരെ എന്നെ ഒരു വണ്ടിയിൽ അയയ്ക്കുണമെന്നു കരുതി ഈ നല്ല മനു ഷ്യൻ എന്നെയിവിടെ താമസിപ്പിച്ചുവെന്നേയുള്ളൂ.'

---

* Glaucoma

'നിങ്ങഠം വായിച്ച പുസ്തകത്തിൻെറ പേരെന്തായി രുന്നു ? അദ്ധ്യാത്മപ്രേമമെന്നല്ലേ അതിൻെറ പേരു് ?'

'വാസ്തവം പറഞ്ഞാൽ, എനിക്കറിഞ്ഞുകൂടാ. പുറം താളിലേയ്ക്കു് ഞാൻ നോക്കുകപോലും ഉണ്ടായില്ല.'

ഞാനെൻെറ അദ്ധ്യാത്മപ്രേമം എടുത്തുകൊണ്ടുവന്നു്, അയാഠം കാണാപ്പാഠം ചൊല്ലിയ അതേ വാക്കുകഠം, കാലി സ്റ്റസ് പത്രിയാക്കീസിൻെറ വാക്കുകഠം, നാലാംഭാഗ ത്തിൽ നോക്കിയെടുത്തു, അയാളെ വായിച്ചുകേഠപ്പിച്ചു.

'എന്തു്, അതേ വാക്കുകഠംതന്നെയാണല്ലൊ ഇതു്,' അന്ധൻ വിളിച്ചുപറഞ്ഞു: 'എത്ര കേമമായിരിക്കുന്നു! ഇനിയും വായിക്കു, സോദരാ.'

'ഒരുവൻ ഹൃദയംകൊണ്ടുവേണം പ്രാത്ഥിക്കാൻ,' എന്ന വരിയിലെത്തിയപ്പോഠം, അയാളെന്നോടു പല ചോദ്യ ങ്ങളും ചോദിക്കാൻ തുടങ്ങി: 'എന്താണതിന്നത്ഥം ? എങ്ങ നെയാണതു് ചെയ്യുന്നതു് ?'

'ഹൃദയംകൊണ്ടുള്ള പ്രാത്ഥനയെ സംബന്ധിച്ച പൂണ്ണ മായ ഉപദേശം ഈ പുസ്തകത്തിൽ, അദ്ധ്യാത്മപ്രേമത്തിൽ, കൊടുത്തിട്ടുണ്ടു്.' എന്നു ഞാൻ പറഞ്ഞു. അതു മുഴുവൻ വായിച്ചുകേഠപ്പിക്കാൻ അയാഠം ആകാംക്ഷയോടുകൂടി എന്നോടപേക്ഷിച്ചു.

'നമുക്കിങ്ങനെ ചെയ്യാം,' ഞാൻ പറഞ്ഞു: 'നിങ്ങളെ പ്പോഴാണു് തോബോഠസ്കിലേയ്ക്കു് പുറപ്പെടുന്നതു് ?'

'ഉടനടി.' അയാഠം പറഞ്ഞു.

'അപ്പോഠം ശരി, ഞാനും വീണ്ടും നടക്കാൻ തുടങ്ങുക യാണു്. നമുക്കൊരുമിച്ചു പോകാം. ഞാനതു മുഴുവൻ നിങ്ങളെ വായിച്ചുകേഠപ്പിക്കാം, ഹൃദയംകൊണ്ടുള്ള പ്രാത്ഥനയെ സംബന്ധിച്ച സകലകായ്യങ്ങളും; എവിടെ യാണു നിങ്ങളുടെ ഹൃദയമെന്നു് കണ്ടുപിടിക്കുന്നതെങ്ങനെ

എന്നും അതിൽ പ്രവേശിക്കുന്നതെങ്ങനെയെന്നും ഞാൻ കാണിച്ചുതരാം.'

'അപ്പോൾ വണ്ടിയുടെ കാര്യമെങ്ങനെ?' അയാൾ ചോദിച്ചു.

'വണ്ടിയെന്തിന്? തോബോൾസ്കിലേയ്ക്ക് എത്ര ദൂരമുണ്ടെന്ന് നമുക്കറിഞ്ഞുകൂടേ, വെറും നൂറു മൈൽ മാത്രം. നമുക്കതു് എളുപ്പത്തിൽ സാധിക്കാം; എന്തു രസമായിരിക്കുമതെന്നു് ഒന്നാലോചിച്ചുനോക്കു–നമ്മളങ്ങനെ പോകും, നമ്മൾ രണ്ടുപേരും മാത്രം; പൊയ്ക്കൊണ്ടിരിക്കെ പ്രാർത്ഥനയെക്കുറിച്ചു് സംസാരിക്കുകയും വായിക്കുകയും!' ഞങ്ങൾ അങ്ങനെ തീരുമാനിച്ചു.

വൈകുന്നേരം ഞങ്ങളെ അത്താഴത്തിന്നു വിളിക്കുന്നതിനു് ഞങ്ങളുടെ ആതിഥേയൻതന്നെ വന്നു. ആഹാരത്തിനുശേഷം ഞങ്ങൾ അദ്ദേഹത്തോടു്, അന്ധനും ഞാനും ഒരുമിച്ചു യാത്ര ചെയ്യാൻ പോവുകയാണെന്നും, ഞങ്ങൾക്കു് വണ്ടി ആവശ്യമില്ലെന്നും, അദ്ധ്യാത്മപ്രേമം വായിക്കാൻ കൂടുതൽ സൗകര്യം അതായിരിക്കുമെന്നും അറിയിച്ചു. ഇതു കേട്ടു് അദ്ദേഹം പറഞ്ഞു: 'എനിക്കും അദ്ധ്യാത്മപ്രേമം വളരെ ഇഷ്ടപ്പെട്ടു; ഒരെഴുത്തു ഞാൻ എഴുതിവെച്ചുകഴിഞ്ഞു. നാളെ കോടതിയിൽ പോകുമ്പോൾ പീറേറഴ്സ് ബർഗ്ഗിലേയ്ക്കു് അയയ്ക്കാൻപാകത്തിനു് പണവും തയ്യാറാക്കിവെച്ചിരിക്കുന്നു. മടക്കത്തപാലിൽതന്നെ ഒരു പ്രതി അയച്ചുകിട്ടാനുള്ള ഏർപ്പാടുകളൊക്കെ ചെയ്തുകഴിഞ്ഞു.'

അവരുടെ ഗാഢമായ സ്നേഹത്തിനും ദയയ്ക്കും അതിഹാർദ്ദമായി നന്ദി പറഞ്ഞശേഷം, ഞങ്ങൾ പിറേറന്നു രാവിലെ യാത്ര തിരിച്ചു. അവരിരുവരും ഞങ്ങളോടൊപ്പം അവരുടെ വീട്ടിൽനിന്നും അരമൈലിലേറെ ദൂരം, വന്നു. അങ്ങനെ ഞങ്ങൾ പരസ്പരം യാത്ര പറഞ്ഞു.

ഞങ്ങരം, അന്ധനും ഞാനും, അങ്ങനെ നടന്നു; ക്ലേശമില്ലാത്ത ദൂരം വീതം. ദിവസവും ആറു മുതൽ പത്തു മൈൽ വരെ നടക്കും. ബാക്കി സമയം മുഴുവൻ ഞങ്ങരം ഏകാന്ത സ്ഥാനങ്ങളിലിരുന്നു് അദ്ധ്യാത്മപ്രേമം വായിച്ചുപോന്നു. ഹൃദയംകൊണ്ടുള്ള പ്രാത്ഥനയെക്കുറിച്ചു് പ്രസ്താവിയ്ക്കുന്ന ഭാഗംമുഴുവൻ ഞാൻ അയാളെ വായിച്ചുകേരംപ്പിച്ചു. പരേതനായ എൻെറ ഗുരുനാഥൻ കാണിച്ചുതന്ന ക്രമത്തിലാണു വായിച്ചതു്: അതായതു്, സന്ന്യാസി നിസെഫോറസ്സിൻെറയും സിനായിയിലെ ഗ്രിഗോറിയുടേയും ലേഖനങ്ങരംമുതൽ അങ്ങോട്ടു്. അതെല്ലാം അയാരം എത്ര ആത്തിയോടും ശ്രദ്ധയോടും കേട്ടുവെന്നോ! അതുവഴി അയാരംക്കു് എന്തു മാത്രം സുഖവും സംതൃപ്തിയും ആണു് ഉണ്ടായതെന്നോ! അതു കഴിഞ്ഞു് അയാരം പ്രാത്ഥനയെക്കുറിച്ചു് ഓരോ ചോദ്യങ്ങരം ചോദിക്കാൻ തുടങ്ങി, എന്നെക്കൊണ്ടു് ഉത്തരം നൽകാൻ കഴിയാത്ത ചോദ്യങ്ങരം. അദ്ധ്യാത്മപ്രേമത്തിൽനിന്നും ഞങ്ങരംക്കാവശ്യമുള്ള ഭാഗങ്ങരം വായിച്ചുതീന്നപ്പോരം, മനസ്സു് ഹൃദയം കണ്ടെത്തുന്നതെങ്ങനെയെന്നും, യേശുക്രിസ്തുവിൻെറ തിരുനാമം അതിലേയ്ക്കു് കൊണ്ടുവരുന്നതു് എങ്ങനെയെന്നും, ഹൃദയംകൊണ്ടുള്ള ആന്തരപ്രാത്ഥനവഴി ആനന്ദം കണ്ടെത്തുന്നതെങ്ങനെയെന്നും, ശരിക്കു കാണിച്ചുകൊടുക്കാൻ അയാരം എന്നോടു് ആകാംക്ഷയോടുകൂടി അപേക്ഷിച്ചു. അതിനെക്കുറിച്ചെല്ലാം ഞാൻ അയാളോടു് ഇങ്ങനെ പറഞ്ഞു: 'ശരി, നിങ്ങരംക്കു്, അന്ധനായതുകൊണ്ടു് ഒന്നും കാണാൻ സാദ്ധ്യമല്ല. എന്നിരുന്നാലും വാസ്തവത്തിൽ, നിങ്ങരംക്കു മനസ്സുകൊണ്ടു്, കഴിഞ്ഞ കാലത്തു കണ്ടിട്ടുള്ള വസ്തുക്കരം – ഒരു മനുഷ്യനോ എന്തെങ്കിലും സാധനമോ നിങ്ങളുടെ അവയവങ്ങളേതെങ്കിലുമോ – സങ്കല്പിക്കാൻ സാധിക്കും. ഉദാഹരണത്തിനു്, നിങ്ങളുടെ കൈയ്യോ കാലോ, അവയെ നോക്കിക്കാണുംപോലെ വ്യക്തമായി നിങ്ങരംക്കു ഭാവനചെയ്യാൻ സാധിക്കുക

യില്ലേ? കാഴ്ചയില്ലെങ്കിലും നിങ്ങൾക്കു നിങ്ങളുടെ കണ്ണുകൾ അതിൻെറ നേരേ തിരിച്ചുകൂടേ, അതിന്മേൽ ഉറപ്പിച്ചുകൂടേ?'

'ഉവ്വ്, എനിക്കു സാധിക്കും.' അയാൾ പറഞ്ഞു.

'അപ്പോൾ, അതേ മാതിരി നിങ്ങളുടെ ഹൃദയം ഭാവന ചെയ്യുക; നെഞ്ചിൽക്കൂടി ഉള്ളിലേയ്ക്കു നോക്കുന്നതുപോലെ കണ്ണുകൾ അതിൻെറ നേർക്കു തിരിക്കുക; അങ്ങനെ നിങ്ങൾക്ക് ആവുംപടി വ്യക്തമായി അതു വിഭാവനചെയ്യുക. എന്നിട്ടു നിങ്ങളുടെ കാതുകൾകൊണ്ട് അതിൻെറ മിടിപ്പും സൂക്ഷിച്ചു കേൾക്കുക, ഓരോ മിടിപ്പും. ഇതു ചെയ്യാൻ ശീലിച്ചുകഴിഞ്ഞാൽ പ്രാർത്ഥനയുടെ വാക്കുകൾ ഹൃദയത്തിൻെറ മിടിപ്പുമായി ഒന്നൊന്നായി കൂട്ടിയിണക്കുവാൻ ശ്രമിക്കുക, എപ്പോഴും അതിന്മേൽത്തന്നെ നോക്കിക്കൊണ്ട്. അങ്ങനെ,ആദ്യത്തെ മിടിപ്പിനൊപ്പം,''പ്രഭോ,''എന്നു പറയുകയോ വിചാരിക്കുകയോ ചെയ്യുക; രണ്ടാംമിടിപ്പിൽ ''യേശുനാഥാ,'' എന്നും, മൂന്നാം മിടിപ്പിൽ ''എന്നിൽ'' എന്നും, നാലാമതിൽ ''കരുണ'' എന്നും, അഞ്ചാമതിൽ ''കാണിച്ചാലും.'' എന്നും വിചാരിക്കുക. അതു വീണ്ടും വീണ്ടും ചെയ്യണം. നിങ്ങൾക്കിതു് എളുപ്പത്തിൽ സാധിക്കും; കാരണം, അതിൻെറ പ്രാരംഭപാഠങ്ങളും ഹൃദയംകൊണ്ടുള്ള പ്രാർത്ഥനയുടെ ആദ്യത്തെ പടിയും നിങ്ങൾക്ക് ഇപ്പോൾ ത്തന്നെ അറിയാം. പിന്നീട്, ഞാനിപ്പോൾ നിങ്ങളോടു പറഞ്ഞതു പരിശീലിച്ചുകഴിഞ്ഞാൽ, ഈശോയുടെ പ്രാർത്ഥനമുഴവൻ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതുപോലെ നിങ്ങളുടെ ശ്വാസോച്ഛ്വാസത്തോടൊപ്പം ഹൃദയത്തിനുള്ളിലേയ്ക്കും പുറത്തേയ്ക്കും കൊണ്ടുവരാൻ ആരംഭിക്കണം – അതായതു്, നിങ്ങൾ ശ്വാസം അകത്തേയ്ക്കു വലിക്കുമ്പോൾ ഇങ്ങനെ പറയുക, അല്ലെങ്കിൽ പറയുന്നതായിട്ടു ഭാവന ചെയ്യുക: ''പ്രഭോ, യേശുനാഥാ,''; ശ്വാസം പുറത്തേയ്ക്ക് വിടുമ്പോൾ പിന്നെയും, ''എന്നിൽ കരുണ കാണിച്ചാലും.''

ഇതു് ആവുന്നത്ര തവണ ആവുന്നേടത്തോളം നേരം ചെയ്യുക. അല്പകാലത്തിനുള്ളിൽ ഹൃദയത്തിനകത്തു് നേരിയ ഒരു നോവു്, അസുഖകരമല്ലാത്ത ഒന്നു്, അനുഭവപ്പെടും, പിന്നാലെ ഒരു ചൂടും. ഇങ്ങനെ ദൈവത്തിന്റെ തുണയാൽ ഹൃദയത്തിലെ സ്വയം പ്രവർത്തിക്കുന്ന ആന്തരപ്രാർത്ഥനയുടെ ആനന്ദം നിങ്ങൾക്കു ലഭിക്കും. എന്നാലൊരു കാര്യം: നിങ്ങളെന്തു ചെയ്താലും, എന്തെങ്കിലും തരത്തിലുള്ള ദർശനങ്ങളെയും സങ്കല്പങ്ങളെയും സൂക്ഷിച്ചുകൊള്ളണം. അവയിലൊന്നുപോലും, എന്തായാലും വേണ്ടതില്ല, സ്വീകരിച്ചുപോകരുതു്; കാരണം, ആന്തരപ്രാർത്ഥന ദർശനങ്ങളിൽനിന്നും മുക്തമാക്കിവെച്ചിരിക്കണം എന്നു്, പ്രലോഭനങ്ങളിൽ ചെന്നു ചാടാതിരിക്കാൻവേണ്ടി, പരിശുദ്ധപിതാക്കന്മാർ അതിശക്തിയായി അനുശാസിക്കുന്നുണ്ടു്.'

അന്ധൻ ഇതൊക്കെ ശ്രദ്ധിച്ചുകേട്ടു; എന്നിട്ടു ഞാൻ കാണിച്ചുകൊടുത്തതു് ആകാംക്ഷയോടെ ഹൃദയംകൊണ്ടു് അഭ്യസിക്കാൻ ആരംഭിച്ചു; അയാളതിൽ വളരെ നേരം ചെലവഴിച്ചു, വിശേഷിച്ചും രാത്രികാലങ്ങളിൽ ഞങ്ങളുടെ താവളങ്ങളിൽ. ഏതാണ്ടു് അഞ്ചു ദിവസംകൊണ്ടു് അയാൾക്കു് ചൂടു് വളരെ അനുഭവപ്പെടാൻ തുടങ്ങി; അതുപോലെതന്നെ, ഹൃദയത്തിൽ അവാച്യമായ ആനന്ദവും അനുഭവപ്പെട്ടു; യേശുവിനോടു് ഭക്തി ഉണർത്തിയ ഈ പ്രാർത്ഥനയിൽ നിർത്താതെ മുഴുകാനുള്ള വലിയ ആഗ്രഹവും ജനിച്ചു.

ഇടയ്ക്കിടെ അയാൾ ഒരു പ്രകാശം കണ്ടു, അതിൽ വസ്തുക്കളൊന്നും കാണാൻ കഴിഞ്ഞില്ലെങ്കിലും. ചിലപ്പോൾ അയാൾ ഹൃദയത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ ഒരു ദീപം, കത്തിച്ച മെഴുകുതിരിയുടെ നാളംപോലെയൊന്നു്, ശക്തിയായും സന്തോഷദായകമായും ഹൃദയത്തിൽ പ്രകാ

ശിക്കും; അതു കണ്ണനാളത്തിൽക്കൂടി പ്രവഹിച്ച് അയാളെ പ്രകാശത്തിൽ കുളിപ്പിക്കും. ഈ പ്രഭയുടെ പ്രകാശത്തിൽ വിദൂരസ്ഥങ്ങളായ വസ്തുക്കാംപോലും അയാൾക്കു കാണാൻ കഴിഞ്ഞിരുന്നു. ഉവ്വ്, ഒരിക്കലങ്ങനെ സംഭവിക്കുകതന്നെ ചെയ്തു. ഞങ്ങാം കാട്ടിൽക്കൂടി നടന്നുപോവുകയായിരുന്നു; അയാാം നിശ്ശബ്ദൻ, പ്രാർത്ഥനയിൽ മുഴുകി കഴിയുകയായിരുന്നു. പെട്ടെന്നു് അയാളെന്നോടു പറഞ്ഞു: 'എന്തൊരു കഷ്ടം! പള്ളിക്കു് തീയ് പിടിച്ചുകഴിഞ്ഞു; അതാ മണിമേട താഴെവീണു!' 'അർത്ഥമില്ലാത്ത ഈ സ്വപ്നാടനം നിർത്തു്.' ഞാൻ പറഞ്ഞു: 'തനിക്കു് അതൊരു പ്രലോഭനമാകുന്നു. ഉടനടി താൻ ആവക മനോരാജ്യങ്ങളൊക്കെ ദൂരെക്കളയണം. പട്ടണത്തിൽ നടക്കുന്നതെന്താണെന്നു് തനിക്കെങ്ങനെയാണു കാണാൻ കഴിയുന്നതു്? നാമിനിയും ഏഴോ എട്ടോ മൈൽ അവിടെനിന്നും അകലെയാണു്.'

അയാാം ഞാൻ പറഞ്ഞതു് അനുസരിച്ചു; നിശ്ശബ്ദമായി അയാളുടെ പ്രാർത്ഥന തുടന്നു. വൈകുന്നേരമായപ്പൊഴേക്കും ഞങ്ങാം പട്ടണത്തിലെത്തി. അവിടെ വെന്തെരിഞ്ഞ പല വീടുകളും മറിഞ്ഞുവീണ ഒരു മണിമേടയും വാസ്തവത്തിൽ ഞാൻ കണ്ടു. മണിമേട തടികാംകൊണ്ടു് ഉണ്ടാക്കിയതായിരുന്നു. മേട മറിഞ്ഞുവീണപ്പോാം ആക്കും യാതൊരു അപകടവും പററാതിരുന്നതെങ്ങനെ എന്നു് അദ്ഭുതപ്പെട്ടുകൊണ്ടു് തിരക്കിക്കൂടിയിരുന്ന ആളുകളെയും കണ്ടു. ഞാൻ കണക്കാക്കിനോക്കിയപ്പോാം, അന്ധൻ അതിനെക്കുറിച്ചു് എന്നോടു പറഞ്ഞ അതേ സമയത്താണു് ഈ അത്യാഹിതം സംഭവിച്ചതു് എന്നു മനസ്സിലായി. അതിനെക്കുറിച്ചു് അയാാം എന്നോടു പറഞ്ഞുതുടങ്ങി. 'നിങ്ങാം പറഞ്ഞല്ലൊ,' അയാാം പറഞ്ഞു: 'എൻെറ ഈ ദശനം അർത്ഥമില്ലാത്തതാണെന്നു്. എന്നാൽ ഇവിടെ സംഗതികാം ഞാൻ കണ്ടതുമാതിരിതന്നെയാണു് വാസ്ത

വത്തിൽ, എന്നു നിങ്ങറം കാണുന്നു. പാപികറംക്കും അന്ധന്മാക്കും മൂഢന്മാക്കും തൻെറ കാരുണ്യം അരുളുന്ന യേശുനാഥനു ഞാനെങ്ങനെ നന്ദി പറയാതിരിക്കും? അദ്ദേഹത്തെ എങ്ങനെ സ്നേഹിക്കാതിരിക്കും? ഞാൻ നിങ്ങറംക്കും നന്ദി പറയുന്നു, ഹൃദയത്തിൻെറ പ്രവത്തനം പഠിപ്പിച്ചു തന്നതിനു്.'

'യേശുക്രിസ്തുവിനെ സ്നേഹിച്ചോളൂ.' ഞാൻ പറഞ്ഞു: 'നിങ്ങളുടെ ഇഷ്ടംപോലെ അദ്ദേഹത്തിനു് നന്ദി പറയുകയും ചെയ്തോളൂ. എന്നാൽ ഈവക ദശ്നങ്ങറം ഈശ്വര കാരുണ്യത്തിൻെറ പ്രത്യക്ഷലക്ഷണമായി കരുതാതെ സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ, ഈവക സംഗതികറം കാര്യങ്ങളുടെ കിടപ്പനുസരിച്ചു പലപ്പോഴും സ്വാഭാവികമായിത്തന്നെ സംഭവിച്ചുവെന്നുവരാം. ഇരുട്ടത്തും കാണാൻ കഴിഞ്ഞെന്നുവരാം; വളരെ ദൂരെ സംഭവിക്കുന്ന കാര്യങ്ങറം, അടുത്തു നടക്കുന്നവപോലെതന്നെ കാണാൻ കഴിഞ്ഞേക്കും. ഈ അദ്ധ്യാത്മശക്തിക്കു് നാം ശക്തിയോ അവസരമോ നൽകുന്നില്ലെന്നുമാത്രം. നാമതിനെ നമ്മുടെ സ്ഥൂലശരീരങ്ങളാകുന്ന കെട്ടുപാടിനടിയിലിട്ടു ഞെരിച്ചുകളയുന്നു; അഥവാ നമ്മുടെ യാദൃച്ഛികചിന്തകളുടെയും ആശയങ്ങളുടെയുംകൂടെ നാമതിനെ ഇട്ടു കുഴച്ചുമറിയ്ക്കുന്നു. എന്നാൽ നാം നമ്മുടെ ഉള്ളിൽത്തന്നെ ഏകാഗ്രപ്പെടുമ്പോറം, നമ്മുടെ ചുററുമുള്ള സകലതിൽനിന്നും നാം പിൻവാങ്ങുമ്പോറം, അങ്ങനെ മനസ്സു് കൂടുതൽ സൂക്ഷ്മവും ശുദ്ധവുമാകുമ്പോറം, ആത്മാവു് സ്വയം വിളങ്ങുകയും അതിൻെറ പൂണ്ണശക്തിയോടെ പ്രവത്തിക്കുകയും ചെയ്യുന്നു. അതിനാൽ ഇപ്പോറം സംഭവിച്ചതു് സ്വാഭാവികംതന്നെ. എൻെറ പരേതനായ ഗുരുനാഥൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്, ഏററവും ഇരുളടഞ്ഞ മുറികളിൽപ്പോലും വെളിച്ചം കാണുന്ന ആളുകറം ഉണ്ടെന്നു്; അവയിലെ ഓരോ വസ്തുവിൽ നിന്നും പ്രകാശം പ്രസരിക്കുന്നതുപോലെ തോന്നും;

ആ വെളിച്ചത്തിൽ വസ്തുക്കരം അവർ കാണുന്നു. തങ്ങളുടെ പ്രതിരൂപങ്ങളെ കാണുന്നവരും മററുള്ള ആളുകളുടെ ചിന്തകളിൽ പ്രവേശിക്കുന്നവരും ഉണ്ടെന്നു് – അതും പ്രാത്ഥനകളിൽ ഏപ്പെടാത്തവക്കുപോലും ഇങ്ങനെയുള്ള ശക്തികളുണ്ടു്; രോഗം ബാധിക്കുന്ന അവസ്ഥയിൽ ഇതു ലഭിക്കുന്നവരുണ്ടു്. എന്നാൽ ഹൃദയത്തിലെ പ്രാത്ഥനയുടെ ഫലമായിട്ടു് ഈശ്വരകാരുണ്യത്തിൽനിന്നു നേരിട്ടുവരുന്നതു് മാധുര്യവും ആനന്ദവും നിറഞ്ഞുകവിഞ്ഞതാണു്; നാവിനു് അതിനെ വണ്ണിക്കാനാവില്ല; ഭൗതികമായ യാതൊന്നിനോടും അതിനെ തുലനപ്പെടുത്താവതല്ല, അതു് അനുപമമാണു്. ഹൃദയത്തിലനുഭവപ്പെടുന്ന ദൈവകാരുണ്യത്തിൻെറ മധുരബോധവുമായി തുലനപ്പെടുത്തുമ്പോരം സകല വികാരവും തുച്ഛമാകുന്നു.'

എൻെറ അന്ധസുഹൃത്തു് താല്പര്യപൂവ്വം ഇതു കേട്ടു; അയാരം പൂവ്വാധികം വിനീതനായി. പ്രാത്ഥന അയാളുടെ ഹൃദയത്തിൽ കൂടിക്കൂടിവന്നു; അതയാരംക്കു് അവാച്യമായ ആനന്ദം നൽകി. ഞാനിതിൽ സവ്വാത്മനാ സന്തുഷ്ടനായി. ഈശ്വരൻ തൻെറ ഇത്രയും അനുഗൃഹീതനായ ഒരു ഭൃത്യനെ എനിക്കു് കാണാനിടയാക്കിയതിനു് ഞാൻ അദ്ദേഹത്തിനു് ഹൃദയപൂവ്വം നന്ദി സമപ്പിച്ചു. അവസാനം ഞങ്ങരം തോബോരംസ്കിൽ എത്തിച്ചേന്നു. ഞാൻ അയാളെ യാചകമന്ദിരത്തിൽ കൊണ്ടുപോയി ആക്കിയിട്ടു്, സ്നേഹപുരസ്സരം യാത്ര പറഞ്ഞു് എൻെറ വഴിക്കു പോയി.

ഞാൻ ഏതാണ്ടൊരു മാസത്തോളം ഒരു ബദ്ധപ്പാടുമില്ലാതെ സഞ്ചരിച്ചു. വിശിഷ്ടജീവിതം എങ്ങനെ നമ്മെ ഓരോന്നു പഠിപ്പിക്കുന്നുവെന്നും അവരെ അനുകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു എന്നും ഗാഢമായി ചിന്തിച്ചുകൊണ്ടാണു ഞാൻ സഞ്ചരിച്ചതു്. അദ്ധ്യാത്മപ്രേമം ധാരാളം വായിച്ചു; പ്രാത്ഥനയെക്കുറിച്ചു് അന്ധനോടു ഞാൻ പറഞ്ഞതൊക്കെ ശരിയാണെന്നു് അതിൽ നോക്കി ഉറപ്പു

വരുത്തി. അയാളുടെ മാതൃക എന്നിൽ ഉത്സാഹവും കൃതജ്ഞതയും ഈശ്വരസ്നേഹവും ഉളവാക്കി. ലോകത്തിൽ എന്നേക്കാറം ആനന്ദവാനായിട്ടൊരാളില്ല എന്നു തോന്നത്തക്കവിധം അത്ര ആത്മസംതൃപ്തി ഹൃദയപ്രാത്ഥന എനിക്കു നല്കി. സ്വർഗ്ഗരാജ്യത്തിൽപ്പോലും ഇതിലും കൂടുതലോ പൂർണ്ണമോ ആയ സുഖം ഉണ്ടാകാനിടയുണ്ടോ എന്നും ഞാൻ സംശയിച്ചു. ഞാനിതു് എൻെറ ആത്മാവിനുള്ളിൽ അനുഭവിച്ചു് എന്നു മാത്രമല്ല, ബാഹ്യലോകം മുഴുവൻ ആകർഷണവും ആനന്ദവും നിറഞ്ഞതായിട്ടും എനിക്കു തോന്നി. ഈശ്വരനെ സ്നേഹിക്കാനും വാഴ്ത്താനും സകലതും എന്നെ പ്രേരിപ്പിച്ചു, ആളുകളും മരങ്ങളും ചെടികളും ജന്തുക്കളും. അവരെ എല്ലാം ഞാൻ എൻെറ സ്വജനങ്ങളായി കണ്ടു. അവരിലെല്ലാം ഞാൻ യേശുവിൻെറ നാമമഹിമ കണ്ടു. ചിലപ്പോറം എനിക്കു ശരീരമേ ഇല്ല എന്നു തോന്നുമാറു് അത്ര ലാഘവം തോന്നി; നടക്കുന്നതിനുപകരം വായുവിൽക്കൂടി സാനന്ദം ഒഴുകുകയാണു് എന്നു തോന്നി. ചില അവസരങ്ങളിൽ ഞാൻ എന്നുള്ളിലേയ്ക്കു പിൻവലിഞ്ഞപ്പോറം ശരീരത്തിനുള്ളിലുള്ള അവയവങ്ങളെല്ലാം ഞാൻ വ്യക്തമായി കണ്ടു: മനുഷ്യശരീരനിർമ്മാണത്തിൻെറ പിന്നിലുള്ള വിശിഷ്ടവിജ്ഞാനത്തെക്കുറിച്ചു് ഞാൻ അദ്ഭുതപ്പെട്ടുപോയി. എന്നെ സാർ ചക്രവർത്തിയാക്കിയാലെന്നപോലെ ആനന്ദം തോന്നി ചില അവസരങ്ങളിൽ. അത്തരം ആനന്ദാവസരങ്ങളിലെല്ലാം ഞാനാശിച്ചു ദൈവം എനിക്കു പെട്ടെന്നു മരണമരുളി അനുഗ്രഹിക്കണേ, എന്നു്, പിതൃലോകത്തിൽ, കർത്താവിൻെറ കാൽത്താരിൽ, കൃതജ്ഞതാനിർഭരതയോടെ എൻെറ അകക്കാമ്പു് അർപ്പിക്കാൻ വേണ്ടി.

ഈവക വികാരങ്ങളിൽ ഞാൻ അതിരു കടന്നു് ആനന്ദം പൂണ്ടോ എന്നൊരു സംശയം; അഥവാ, ഈശ്വരേച്ഛയാ അങ്ങനെ അനുവദിക്കപ്പെട്ടതായിരിക്കാം. എന്തായാലും കുറച്ചുകാലം എനിക്കു നെഞ്ചിനുള്ളിൽ ഒരുതരം

പിടപ്പും പേടിയും തോന്നി. പള്ളിയിൽവെച്ച് യേശുവിൻെറ പ്രാത്ഥന പഠിപ്പിച്ചതിനുശേഷം ആ പെൺകുട്ടിയെ വീണ്ടും കണ്ടതിനെ തുടന്ന്ണ്ടായതുപോലെ എന്തെങ്കിലും പുതിയ ആപത്തോ അപകടമോ സംഭവിക്കാൻ പോകുന്നുണ്ടോ എന്നു് എനിക്കു് ആശങ്കയായി. അമ്മാതിരി ചിന്തകളുടെ കരിമുകിൽ എന്നെ വന്നു മൂടി. ഞാൻ അപ്പോഠം അഭിവന്ദ്യനായ ജോൺ കർപാതിസ്സിയുടെ വാക്കുകഠം ഓമ്മിച്ചു. അദ്ദേഹം പറയുന്നു: 'തന്നിൽനിന്നു് ആദ്ധ്യാത്മികമായി ശ്രേയസ്സു ലഭിച്ചവക്കുവേണ്ടി ആചാര്യൻ പലപ്പൊഴും അവമാനത്തിനു വഴിപ്പെടുകയും ആപത്തും പ്രലോഭനവും സഹിക്കുകയും ചെയ്യും.' ഈവക വിഷാദപൂണ്ണങ്ങളായ ചിന്തകളെ ഞാൻ ചെറുത്തു; പൂവ്വാധികം തീവ്രമായി യത്നിച്ചു. പ്രാത്ഥന അവയെ അടിച്ചോടിക്കുകതന്നെ ചെയ്തു. വീണ്ടും ധൈര്യമവലംബിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: 'ദൈവത്തിൻെറ നിശ്ചയം നടക്കട്ടെ. എൻെറ ദുഷ്ടതയും അഹങ്കാരവും കാരണം യേശുകൃസ്തു എന്താണെനിക്കു വരുത്തിവെയ്ക്കുന്നതു് എന്നുവെച്ചാൽ അതൊക്കെ അനുഭവിക്കാൻ ഞാൻ തയ്യാറാണു്. ഞാനീയിടെ ആന്തരപ്രാത്ഥനയുടെയും ഹൃദയപ്രവേശനത്തിൻെറയും രഹസ്യം കാണിച്ചുകൊടുത്തിട്ടുള്ള ആളുകഠം, എന്നെ കാണുന്നതിനു മുമ്പുതന്നെ, അവർ ഈശ്വരൻെറ നേരിട്ടുള്ള രഹസ്യമായ ശിക്ഷണംകൊണ്ടു് സന്നദ്ധരാക്കപ്പെട്ടവരാകുന്നു.'

ഈവക ചിന്തകഠംകൊണ്ടു് ശാന്തനായി ഞാൻ പിന്നെയും എൻെറ പാട്ടിനു നടന്നു, പ്രാത്ഥനയും തുണയാക്കിക്കൊണ്ടു്, മുമ്പുണ്ടായിരുന്നതിലും കൂടുതൽ ആനന്ദത്തോടുകൂടി. രണ്ടു ദിവസം മഴ പെയ്തു; വഴിയെല്ലാം ചളിപിളി, ചളിയിൽനിന്നു കാൽ വലിച്ചെടുക്കാൻ നന്നേ കുഴങ്ങി. മൈതാനത്തിൽക്കൂടിയാണു ഞാൻനടന്നിരുന്നതു്. പത്തുമൈലോ മറേറാ നടന്നിട്ടും ഒരു കുടിയിടയും കണ്ടില്ല.

ഒടുവിൽ, അന്തിയോടടുത്തപ്പോഠം ഒരു വീടു കണ്ടെത്തി, ഒന്നുമാത്രം, നേർവഴിയിൽ. അതു കണ്ടതിൽ എനിക്കു സന്തോഷമായി. ഇവിടെ ഒരു രാത്രി തങ്ങാൻ അനുവാദം ചോദിക്കണമെന്നും അടുത്ത നാളേയ്ക്കു് ദൈവമെന്താണു തരാൻ വെച്ചിരിക്കുന്നതെന്നു നോക്കാമെന്നും വിചാരിച്ചു: ഒരു പക്ഷെ കാലാവസ്ഥ ഭേദപ്പെട്ടേക്കും. അടുത്തെത്തിയപ്പോഠം കണ്ടു ഉമ്മറത്തു് ഒരു കിഴവൻ ഇരിപ്പുണ്ടു്, പട്ടാളക്കാരുടെ കുപ്പായമാണിട്ടിരിക്കുന്നതു്; കുടിച്ചു് തലയ്ക്കു നല്ല വെളിവുമില്ല. 'എനിക്കിവിടെ ഇന്നു രാത്രിയൊന്നു തങ്ങാൻ ആരോടെങ്കിലും ഒന്നു ചോദിക്കാനാവുമോ?' എന്നു ചോദിച്ചുകൊണ്ടു് ഞാൻ അഭിവാദനം ചെയ്തു.

'തനിക്കതിനു് അനുവാദം തരാൻ ഞാനല്ലാതെ ആരുണ്ടു്?' അയാഠം അലറി: 'ഞാനാണിവിടെ യജമാനൻ. തപാൽക്കുതിരകളെ സൂക്ഷിക്കുന്ന വീടാണിതു്; എനിക്കാണിതിൻെറ ചുമതല.'

'അപ്പോഠം മാന്യരേ, താങ്കളുടെ വീട്ടിൽ രാത്രി താമസിക്കാൻ എന്നെ അനുവദിക്കുമോ?'

'തൻെറ കൈയ്യിൽ പാസ്സ്പോർട്ടു് ഉണ്ടോ? തന്നെ സംബന്ധിച്ച നിയമാനുസൃതമായ തെളിവെന്തെങ്കിലും തരൂ.'

ഞാനെൻെറ പാസ്സ്പോർട്ടു് അയാളുടെ കൈയ്യിൽ കൊടുത്തു. അതും കൈയ്യിൽ പിടിച്ചുകൊണ്ടു് അയാഠം വീണ്ടും ചോദിച്ചു: 'എവിടെ തൻെറ പാസ്സ്പോർട്ടു്?'

'അതു താങ്കളുടെ കൈയ്യിൽ ഉണ്ടു്.' ഞാൻ പറഞ്ഞു.

'ശരി, വീട്ടിനകത്തേയ്ക്കു വരൂ.' എന്നു പറഞ്ഞു അയാഠം.

അയാഠം കണ്ണടയെടുത്തുവെച്ചു് പാസ്സ്പോർട്ടു് മുഴുവൻ വായിച്ചു; എന്നിട്ടു പറഞ്ഞു: 'ശരി, അതെല്ലാം ശരിയായി

ട്ടുണ്ട്. രാത്രി താമസിക്കൂ. ഞാൻ വാസ്തവത്തിൽ നല്ലവനാണു്. ഒരു കോപ്പ കുടിക്കൂ.'

'ഞാൻ കുടിക്കുകയില്ല.' ഞാൻ പറഞ്ഞു; 'ഒരിക്കലും കുടിച്ചിട്ടുമില്ല.'

'ശരി, തൻെറ ഇഷ്ടം, എനിക്കൊന്നുമില്ല. എന്തായാലും അത്താഴം ഞങ്ങളുടെകൂടെ കഴിക്കുക.'

അവർ അത്താഴത്തിനിരുന്നു, അയാളും അരിവെപ്പുകാരിയും – ചെറുപ്പക്കാരിയായ ഒരു സ്ത്രീ, അവരും ഒരു മാതിരി ധാരാളം കുടിച്ചിരുന്നു. എന്നോടു് അവരുടെകൂടെ ഇരിക്കാൻ പറഞ്ഞു. ആഹാരം കഴിച്ചുകൊണ്ടിരുന്ന സമയമെല്ലാം അവർ വഴക്കടിച്ചു; തമ്മിൽത്തമ്മിൽ ചീത്ത പറഞ്ഞു, അവസാനം അടിപിടിയിലെത്തി. കിഴവൻ വഴിയിലേയ്ക്കിറങ്ങി ഒരു കളപ്പുരയിലേയ്ക്കു കിടക്കാൻ പോയി. അരിവെപ്പുകാരി കപ്പും സ്പൂണുമെല്ലാം കഴുകി സ്ഥലം വൃത്തിയാക്കുന്നതിലും ഏപ്പെട്ടു. ആ സമയമെല്ലാം അവരു തൻെറ യജമാനനെ ചീത്ത പറഞ്ഞുകൊണ്ടുമിരുന്നു. അവരു അടങ്ങാൻ കുറച്ചു സമയം പിടിക്കും എന്നു വിചാരിച്ചുകൊണ്ടു് ഞാനൊരിടത്തിരുന്നു. യാത്രകൊണ്ടു ഞാൻ വല്ലാതെ തളൎന്നിരുന്നതിനാൽ, എനിക്കു കിടക്കാൻ എവിടെയാണു്, എന്നു ഞാൻ ചോദിച്ചു. 'നിങ്ങരുക്കു് ഒരു കിടപ്പേടം ഞാൻ ഉണ്ടാക്കിത്തരാം.' അവരു പറഞ്ഞു. മുൻവശത്തെ ജനലിനു് അടുത്തുകിടന്നിരുന്ന ബെഞ്ചിനോടു ചേൎത്തു് അവരു ഒരു ബെഞ്ചുംകൂടി ഇട്ടു; അതിന്മേൽ ഒരു കരിമ്പടം വിരിച്ചു, ഒരു തലയിണയും തന്നു. ഞാൻ കിടന്നു, ഉറങ്ങുംപോലെ കണ്ണുമടച്ചു. വെപ്പുകാരി വളരെ നേരം ബഹളം കൂട്ടിക്കൊണ്ടു നടന്നു; ഒടുക്കം, എല്ലാം വെടിപ്പാക്കി; തീയു് കെടുത്തി; എന്നിട്ടു് എൻെറ നേക്കു് വരികയായിരുന്നു. പെട്ടെന്നു് ജനലാകെ – വീടിൻെറ മുൻവശത്തു് ഒരു മൂലയ്ക്കായിരുന്നു അതു് – ചട്ടക്കൂടും ചില്ലും ചീള

കളും എല്ലാം തകൎന്നു നുറുങ്ങി ചീറിപ്പാഞ്ഞു് തട്ടുപിടോ ന്നങ്ങു വീണു. വീടാകെ കിടന്നു കുടുങ്ങി. ജനലിനപ്പുറത്തു നിന്നും നടക്കുന്ന ഞരക്കവും അലൎച്ചയും പിടച്ചിലും കേട്ടു. ആ സ്ത്രീ പേടിച്ചരണ്ടു മുറിയുടെ നടുക്കേയ്ക്കു പിന്നാക്കം ചാടി തറയിൽ ഒരു കൂനപോലെയങ്ങു വീണു. ഞാൻ പരിഭ്രമിച്ചു് ചാടിയെഴുന്നേററു, എൻെറ കാല്ക്കീഴിൽ ഭൂമി പിളൎന്നുപോയി എന്നു വിചാരിച്ചുംകൊണ്ടു്. അടുത്ത തായി ഞാൻ കാണുന്നതു് വണ്ടിക്കാർ രണ്ടുപേർ വീട്ടിന കത്തേയ്ക്കു് ഒരാളെ എടുത്തുകൊണ്ടുവരുന്നതാണു്; ചോര യിൽ കുളിച്ചിട്ടുണ്ടു്; മുഖം കാണാനേ നിവൃത്തിയില്ല. അയാൾ രാജാവിൻെറ ഒരു സന്ദേശവാഹകനാണു്; കുതി രയെ മാററാനായിട്ടു് ഇവിടേയ്ക്കു് ഓടിച്ചുവന്നതാണു്. അയാളുടെ വണ്ടിക്കാരൻ പടിയ്ക്കകത്തേയ്ക്കുള്ള വളവു് നേരെ യല്ല തിരിഞ്ഞതു്; വണ്ടിയുടെ കഴക്കോൽ ജനലിനെ അകത്തേയ്ക്കു തള്ളി; വീടിനു മുൻവശത്തു് ഒരു കുണ്ടുണ്ടാ യിരുന്നതുകൊണ്ടു് വണ്ടി മറിഞ്ഞു; രാജാവിൻെറ ദൂതൻ തെറിച്ചുവീണു; അയാളുടെ തല ഒരു കൂൎത്ത കുററിയിൽ ചെന്നു തട്ടി വല്ലാതെ മുറിഞ്ഞു.

അയാൾ തൻെറ മുറിവു കഴുകാൻ കുറെ വെള്ളവും വീഞ്ഞും ചോദിച്ചു. എന്നിട്ടു് അയാൾ ഒരു കോപ്പ കുടിച്ചു; 'കുതിര!' എന്നലറി.

ഞാൻ അടുത്തുചെന്നു പറഞ്ഞു: 'മാന്യരേ, ഇമ്മാതിരി യൊരു മുറിവും വെച്ചുകൊണ്ടു് താങ്കൾ ഇനിയൊട്ടും യാത്ര ചെയ്യുയില്ലല്ലൊ ?'

'ഒരു രാജാവിൻെറ ദൂതനു് രോഗിയായിരിക്കാൻ നേരമില്ല.' എന്നും പറഞ്ഞു് അയാൾ കുതിരമേലേറി ഓടിച്ചുപോയി.

ബോധംകെട്ടു കിടന്ന ആ സ്ത്രീയെ വണ്ടിക്കാർ വലിച്ചു് അടുപ്പിനടുത്തു് ഒരു മൂലയിലാക്കി ഒരു കരിമ്പടം

ഇട്ടു മൂടി; എന്നിട്ടു പറഞ്ഞു: ' അവരം വല്ലാതെ പേടിച്ചരണ്ടു പോയിരിക്കുന്നു. ഒക്കെ ശരിയായിക്കോളും.' വീട്ടുടമ ഒരു കോപ്പക്കൂടി കുടിച്ചു; എന്നിട്ടു കിടക്കാൻ പോയി. ഞാൻ തനിച്ചായി. വളരെ വേഗം ആ സ്ത്രീ വീണ്ടും എഴുന്നേററു; മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും മൂലയോടുമൂല നടക്കാൻ തുടങ്ങി, വെളിവില്ലാത്ത മട്ടിൽ; ഒടുവിൽ അവരം വീട്ടിൽനിന്നും പുറത്തിറങ്ങിപ്പോവുകയും ചെയ്തു. ആ നടക്കംകൊണ്ടു് എൻെറ കരുത്തെല്ലാം പൊയ്പ്പോയതായി എനിക്കു തോന്നി; പ്രാത്ഥന ചൊല്ലിയശേഷം പുലച്ചയ്ക്കു മുമ്പു് കുറച്ചുനേരം ഉറങ്ങി.

രാവിലെ ഞാൻ വൃദ്ധനോടു വിടവാങ്ങി നടതുടന്നു. എന്നെ ഇത്ര വലിയ അത്യാപത്തിൽനിന്നും കാത്തുരക്ഷിച്ചവനും സവ്വവിധാനുഗ്രഹങ്ങളുടെയും ആശ്വാസനങ്ങളുടെയും പിതാവുമായ ദൈവത്തിനു് ശ്രദ്ധയോടും വിശ്വാസത്തോടും കൃതജ്ഞതയോടും കൂടി ഞാൻ എൻെറ പ്രാത്ഥന സമപ്പിച്ചു നടന്നുകൊണ്ടിരിക്കെ.

ഇതു സംഭവിച്ചു് ഏതാണ്ടു് ആറുകൊല്ലം കഴിഞ്ഞു് ഞാനൊരിക്കൽ ഒരു കന്യാസ്ത്രീമഠത്തിനടുത്തുകൂടി കടന്നു പോകുമ്പോരം പ്രാത്ഥിക്കാനായി പള്ളിയിൽ കയറി. ദയാവതിയായ മഠാധിപ ആരാധനയ്ക്കുശേഷം എന്നെ മുറിയിലേയ്ക്കു ക്ഷണിച്ചു, ചായ തന്നു. പെട്ടെന്നു് അപ്രതീക്ഷിതരായ ചില അതിഥികരം അവരെ കാണാൻ വന്നു; മഠാധിപ അവരെ കാണാൻ പോയി. മുറിയിൽ ഞാനുമുണ്ടു്, മഠാധിപയെ പരിചരിക്കുന്ന ചില കന്യാസ്ത്രീകളുമുണ്ടു്. അവരിലൊരുവരം, ചായ പകന്നുകൊണ്ടിരുന്ന ആരം, വളരെ വിനയനമ്രയാണെന്നു വ്യക്തമായിരുന്നു; അവരെ കണ്ടപ്പോരം, എനിക്കൊരു കൗതുകം തോന്നി അവർ മഠത്തിൽ ചേർന്നിട്ടു് വളരെ നാളായോ, എന്നു ചോദിക്കാൻ.

'അഞ്ചു വഷം.' അവർ പറഞ്ഞു: 'എന്നെ ഇവിടെ കൊണ്ടുവന്നപ്പോഠം എൻെറ തലയ്ക്കു വെളിവുണ്ടായിരുന്നില്ല; ഇവിടെയാണു ദൈവം എന്നിൽ കനിവുകാണിച്ചതു്. മഠാദ്ധ്യക്ഷയായ അമ്മ എന്നെ തൻെറ പരിചരണത്തിനായി തൻെറ മുറിയിൽ പാപ്പിക്കുകയും എന്നെ സന്ന്യാസത്തിലേയ്ക്കു നയിക്കുകയും ചെയ്തു.'

'തലയ്ക്കു വെളിവില്ലാതാകാൻ ഇടയായതെങ്ങനെ?' ഞാൻ ചോദിച്ചു.

'ഭയംകൊണ്ടാണതു്.' അവർ പറഞ്ഞു: 'ഞാനൊരു തപാൽക്കുതിരകളെ സൂക്ഷിക്കുന്ന ആപ്പിസിൽ പണിയെടുത്തിരുന്നു. ഒരു ദിവസം രാത്രി വളരെ വൈകിയ നേരത്തു് ചില കുതിരകഠം വന്നു് ഒരു ജനൽ ഉള്ളിലേയ്ക്കു തള്ളിയിട്ടു. ഞാൻ പേടിച്ചരണ്ടു; എൻെറ ബുദ്ധിക്കു വെളിവില്ലാതായി. ഒരു കൊല്ലക്കാലം എൻെറ ബന്ധുക്കഠം എന്നെ ഓരോരോ ദേവാലയംതോറും കൊണ്ടുനടന്നു. എന്നാൽ ഇവിടെയേ എനിക്കു സുഖമായുള്ളു.' ഇതു കേട്ടപ്പോഠം ഞാനെൻെറ ആത്മാവിൽ ആനന്ദംകൊണ്ടു. സകല സംഗതികളും പരമശ്രേയസ്സിനായി ബുദ്ധിപൂവ്വം ചിട്ടപ്പെടുത്തുന്ന കത്താവിനെ ഞാൻ വാഴ്ത്തി.

'എനിക്കു വേറെയും ഒട്ടേറെ അനുഭവങ്ങഠം ഉണ്ടായിട്ടുണ്ടു്.' എൻെറ അദ്ധ്യാത്മപിതാവിനോടു സംസാരിക്കുന്ന കൂട്ടത്തിൽ ഞാൻ പറഞ്ഞു: 'എന്നാൽ അതൊക്കെ നടന്നതുപോലെ പറയണമെന്നുണ്ടെങ്കിൽ മൂന്നു പകലും മൂന്നു രാത്രിയും മുഴുവൻ വേണ്ടിവരും. എങ്കിലും, വേറൊരു സംഭവമുണ്ടു്; അതിനെക്കുറിച്ചു ഞാൻ അങ്ങയോടു പറയാം.'

വേനല്ക്കാലത്തു് നല്ല തെളിഞ്ഞ ഒരു ദിവസം വഴിയരികിൽ ഞാനൊരു ശവക്കോട്ട കണ്ടു. അടുത്തുതന്നെ ഒരു പള്ളിയും അവിടെ ശുശ്രൂഷ നടത്തുന്നവരുടെ പാർപ്പിട

ങ്ങളും ഉണ്ടു്. പൊതു ആരാധനയ്ക്കുള്ള മണി അടിച്ചു കൊണ്ടിരുന്നു; ഞാൻ ആ നേക്കു തിരിഞ്ഞു. ചുററും താമസ ക്കാരായ ആളുകളും ആ വഴിക്കു പോകുന്നുണ്ടു്. അവരിൽ ചിലർ പള്ളിയിലെത്തുന്നതിനുമുമ്പായി, പുൽത്തകിടി യിൽ ഇരിപ്പുണ്ടായിരുന്നു. ഞാൻ ബദ്ധപ്പെട്ടു നടക്കുന്നതു കണ്ടു് അവർ പറഞ്ഞു: 'ബദ്ധപ്പെടണ്ട; ആരാധന തുട ങ്ങിയാൽ നിങ്ങൾക്കു നില്ക്കാൻ വേണ്ടുവോളം നേരം കിട്ടും. ഇവിടെ ആരാധനയ്ക്കു് ഒട്ടുവളരെ നേരം പിടിക്കും. നമ്മുടെ വൈദികനു് സുഖമില്ല; അദ്ദേഹം പതുക്കെയേ പോകൂ.'

ആരാധന വാസ്തവത്തിൽ വളരെനേരം നീണ്ടുനിന്നു. പുരോഹിതൻ ഒരു ചെറുപ്പക്കാരനായിരുന്നു; പക്ഷെ മെലി ഞ്ഞു വിളറിയ ആാം. വളരെ സാവധാനത്തിലാണു് അദ്ദേഹം ആരാധന നടത്തിയതു്, എങ്കിലും വളരെ ഭക്തി പുരസ്സരമാണു നടത്തിയതു്. ആരാധനയ്ക്കുശേഷം അദ്ദേഹം, ഈശ്വരഭക്തിയിൽ എങ്ങനെ വളരാം എന്നതിനെക്കുറിച്ചു് വലിയ ആവേശത്തോടെ മനോഹരവും ലളിതവും ആയ ഒരു പ്രവചനം നടത്തി. പുരോഹിതൻ എന്നെ അദ്ദേഹത്തി ൻെറ വീട്ടിലേയ്ക്കു ചെല്ലാനും ആഹാരത്തിനും ക്ഷണിച്ചു.

ആഹാരം കഴിച്ചുകൊണ്ടിരിക്കെ ഞാൻ പറഞ്ഞു: 'അച്ചാ, അവിടുന്നു് എത്ര മെല്ലെയും ആദരവോടുംകൂടി യാണു് ആരാധന നടത്തുന്നതു്!'

'അതെ,' അദ്ദേഹം പറഞ്ഞു: 'പക്ഷെ, എൻെറ ഇട വകക്കാർ അതു് ഇഷ്ടപ്പെടുന്നില്ല; അവർ മുറുമുറുക്കുന്നു. എന്നിരുന്നാലും, അതിനു നിവൃത്തിയൊന്നുമില്ല. ഓരോ പ്രാത്ഥനയും ഉറക്കെ ചൊല്ലുംമുമ്പു് അതിനെക്കുറിച്ചു ധ്യാനിക്കുക എനിക്കിഷ്ടമാണു്; എനിക്കതിൽ ആനന്ദവും തോന്നുന്നുണ്ടു്. ആന്തരമായ ആ മാഹാത്മ്യബോധവും ഭാവവും കൂടാതെ ഉച്ചരിക്കുന്ന ഓരോ വാക്കും വ്യത്ഥമാണു്, എനിക്കും മററുള്ളവക്കും. ആന്തരജീവിതത്തെയും ശ്രദ്ധാ

പൂർവ്വമുള്ള പ്രാർത്ഥനയെയും ചുററിയാണ് എല്ലാം നില കൊള്ളുന്നതു്. എന്നിട്ടും എത്രയോ ചുരുക്കം ആളുകൾ മാത്രമേ ആന്തരജീവിതത്തിൽ ശ്രദ്ധാലുക്കളാകുന്നുള്ളു!' അദ്ദേഹം തുടൎന്നു: 'അതിനു കാരണം, ആദ്ധ്യാത്മികമായ അന്തർദീപം പുലർത്താൻ അവൎക്ക് ആഗ്രഹം തോന്നുന്നില്ല.'

'എങ്ങനെയാണ് ഒരുവൻ അതിനെ പ്രാപിക്കുന്നതു്?' ഞാൻ ചോദിച്ചു: 'അതു് വളരെ പ്രയാസമാണെന്നു തോന്നുന്നുവല്ലൊ.'

'അല്ല, തീരെയല്ല.' എന്നായിരുന്നു മറുപടി. 'അദ്ധ്യാത്മപ്രകാശം ലഭിക്കുന്നതിനും ധ്യാനനിഷ്ഠമായ ആന്തര ജീവിതത്തോടുകൂടിയവനാകാനും പരിശുദ്ധവേദത്തിലെ ഏതെങ്കിലും ഒരു പാഠം എടുത്തു് ആവുന്നത്ര സമയം നിങ്ങളുടെ ശ്രദ്ധാസാമർത്ഥ്യവും ധ്യാനശക്തിയും അതിന്മേൽ തന്നെ കേന്ദ്രീകരിക്കണം; അപ്പോൾ ജ്ഞാനദീപം നിങ്ങൾക്കു തെളിഞ്ഞുകിട്ടും. പ്രാർത്ഥനയെ സംബന്ധിച്ചും അതേ മുറ സ്വീകരിക്കണം. അതു ശുദ്ധവും പവിത്രവും ആനന്ദപ്രദവും ആയിരിക്കണമെങ്കിൽ ഒരു ചെറുപ്രാർത്ഥന തെരഞ്ഞെടുക്കണം; വാക്കുകൾ കുറഞ്ഞതും അതേ സമയം കരുത്തുററതും ആയിരിക്കണം; അതു് കൂടെക്കൂടെയും ഏറെ നേരവും ഉരുവിടണം. എന്നാൽ നിങ്ങൾക്കു് അതിൽ ആനന്ദം തോന്നും.'

വൈദികൻെറ ഈ ഉപദേശം എനിക്കു് വളരെയധികം ഇഷ്ടപ്പെട്ടു. അതെത്ര പ്രായോഗികവും ലളിതവും, അതേ സമയം എത്ര ഗാഢവും വിജ്ഞാനസമ്പന്നവും! തൻെറ പള്ളിയിൽ ഇത്ര ആത്മാർത്ഥമായി ആരാധന നടത്തുന്ന ഒരു വൈദികനെ കാണിച്ചുതന്നതിനു് ഞാൻ മനസാ ദൈവത്തിനു് നന്ദി നൽകി.

ആഹാരം കഴിഞ്ഞപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: 'ആഹാരം കഴിഞ്ഞു് നിങ്ങൾ അല്പം ഉറങ്ങു: ഞാനപ്പോ

ഴേയ്ക്കും സുവിശേഷം വായിക്കുകയും നാളത്തെ പ്രവചനത്തിനുവേണ്ടതു് തയ്യാറാക്കുകയും ചെയ്യട്ടെ.' അതനുസരിച്ച ഞാൻ അടുക്കളമുറിയിലേയ്ക്കു പോയി. അവിടെ ഒരു മൂലയ്ക്കു ചുരുണ്ടുകൂടി ചുമച്ചുംകൊണ്ടിരിക്കുന്ന ഒരു കിഴവിയല്ലാതെ വേറാരും ഉണ്ടായിരുന്നില്ല. ചെറിയ ഒരു ജനലിൻെറ താഴെ ചെന്നിരുന്നു് ഞാൻ, അദ്ധ്യാത്മപ്രേമം സഞ്ചിയിൽനിന്നു പുറത്തെടുത്തു്, നിശ്ശബ്ദമായി വായിക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഠ കേഠക്കാം മൂലക്കിരുന്നിരുന്ന കിഴവി യേശുവിൻെറ പ്രാത്ഥന ഇടവിടാതെ പിറുപിറുക്കുന്നു. ദൈവത്തിൻെറ തിരുനാമം അങ്ങനെ നിരന്തരം ഉരുവിടുന്നതു കേട്ടു് എനിക്കു വളരെ ആനന്ദം തോന്നി. ഞാൻ അവരോടു പറഞ്ഞു: 'അമ്മേ, ഇതെത്ര നല്ല ഒരു കാര്യമാണു്, അവിടുന്നു് ഏതു നേരവും പ്രാത്ഥന ചൊല്ലിക്കൊണ്ടിരിക്കുന്നതു്! ഒരു കൃസ്ത്യാനിക്കു് ഏററവും യോജിച്ചതും ശ്രേയസ്കരവുമായ ഒരു പ്രവൃത്തിയാണതു്.'

'അതെ.' അവർ പറഞ്ഞു: ''പ്രഭോ, കനിവു കാണിച്ചാലും.' എന്നതു മാത്രമേ എനിക്കു് എൻെറ ഈ വയസ്സുകാലത്തു് ഒരു താങ്ങുള്ളു.''

'അവിടുന്നു് ഈ പ്രാത്ഥന ഒരു പതിവാക്കിയിട്ടു വളരെ നാളായോ ?'

'ഉവ്വു്, വളരെ ചെറുപ്പംമുതലേ. അതില്ലാതെ എനിക്കു ജീവിക്കാനും മേല; കാരണം യേശുവിൻെറ പ്രാർത്ഥനയാണു് എന്നെ നാശത്തിൽനിന്നും മരണത്തിൽ നിന്നും രക്ഷിച്ചതു്.'

'എങ്ങനെ? ദയവുചെയ്തു് അതിനെക്കുറിച്ചു് എന്നോടു പറയൂ, ദൈവത്തിൻെറ മഹിമയ്ക്കും യേശുവിൻെറ പ്രാത്ഥനയ്ക്കുള്ള അനുഗ്രഹീതശക്തിയുടെ സ്തുതിക്കുവേണ്ടിയും പറയൂ.'

ഞാൻ അദ്ധ്യാത്മപ്രേമം സഞ്ചിയിലാക്കി; അവരോടു കുറച്ചുകൂടി അടുത്തു ചെന്നിരുന്നു; അവർ തൻെറ കഥ ആരംഭിച്ചു.

'ഞാൻ നല്ല ഭംഗിയുള്ള ഒരു പെൺകുട്ടിയായിരുന്നു. അച്ഛനമ്മമാർ എന്നെ കല്യാണം കഴിച്ചുകൊടുത്തു; കല്യാണത്തിൻെറ തലേന്നാൾ എൻെറ വരൻ ഞങ്ങളെ കാണാൻ വന്നു. പെട്ടെന്നു്, ഒരു പന്ത്രണ്ടടി മുന്നോട്ടു വെയ്ക്കുംമുമ്പു് ഉരുണ്ടു വീണു, മരിച്ചു, ഒന്നു വായ്‌പൊളിക്കുകകൂടി ചെയ്യാതെ. ഇതെന്നെ വല്ലാതെ ഭയപ്പെടുത്തി. ഞാൻ പിന്നെ കല്യാണം കഴിക്കാനേ കൂട്ടാക്കിയില്ല. അവിവാഹിതയായിട്ടു ജീവിക്കാനും ദേവാലയങ്ങളിൽ തീൎത്ഥാടനത്തിനു പോകാനും അവിടെ പ്രാർത്ഥന നടത്താനും ഞാൻ തീരുമാനിച്ചു. എന്നാലും തനിച്ചു സഞ്ചരിക്കാൻ എനിക്കു് ഭയമായിരുന്നു; എനിക്കു ചെറുപ്പമായിരുന്നതുകൊണ്ടു്, ദുഷ്ടജനങ്ങൾ എന്നെ ഉപദ്രവിച്ചെങ്കിലോ എന്നു പേടിച്ചു്. എന്നാൽ എനിക്കു പരിചയമുള്ള വയസ്സുചെന്ന ഒരു തീർത്ഥാടകസ്ത്രീ, ഏതു വഴിയെ പോയാലും നിൎത്താതെ യേശുവിൻെറ പ്രാൎത്ഥന ചൊല്ലണമെന്നു പഠിപ്പിക്കുകയും ഞാൻ അങ്ങനെ ചെയ്യുന്നപക്ഷം വഴിക്കു യാതൊരു തരത്തിലുള്ള അപകടവും സംഭവിക്കുകയില്ലെന്നു് ഉറപ്പായി പറയുകയും ചെയ്തു. ഇതിൻെറ സത്യത ഞാൻ തെളിയിച്ചു; എങ്ങനെയെന്നാൽ, ഞാൻ വളരെ ദൂരെയുള്ള ദേവാലയങ്ങളിലേയ്ക്കും നടന്നുപോയിട്ടുണ്ടു്; എന്നിട്ടു് യാതൊരു അപകടവും ഉണ്ടായിട്ടില്ല. യാത്രയ്ക്കുവേണ്ട പണം എനിക്കു് അച്ഛനമ്മമാർ തന്നു. പ്രായമായതോടെ എൻെറ ആരോഗ്യം ക്ഷയിച്ചു. ഇപ്പോൾ ഇവിടത്തെ അച്ചൻ തൻെറ അലിവുകൊണ്ടു് എനിക്കു് ആഹാരവും പാൎപ്പിടവും തരുന്നു.'

ഇതു കേട്ടു ഞാൻ ആനന്ദപരവശനായി. അദ്ധ്യാത്മജീവിതത്തിൻെറ മാതൃകകൾകൊണ്ടു് ഇത്രയേറെ പാഠ

KOTTAYAM PUBLIC LIBRARY KOTTAYAM

ങ്ങടം പഠിപ്പിച്ച ഈ സുദിനത്തിനുവേണ്ടി ദൈവത്തിന്ന് എങ്ങനെയാണ നന്ദിപറയേണ്ടതു് എന്നു് എനിക്കു നിശ്ചയമില്ലാതായി. പിന്നെ, ദയാലുവും ഭക്തിമാനുമായ വൈദികൻെറ അനുഗ്രഹത്തിന്നു് അപേക്ഷിച്ചുകൊണ്ടു്, ആനന്ദത്തോടുടെ ഞാൻ വീണ്ടും പുറപ്പെട്ടു.

പിന്നെയൊരിക്കൽ - അതു നടന്നിട്ടു വളരെ നാളായില്ല - ഞാൻ കസ്സാൻസംസ്ഥാനത്തിൽക്കൂടി ഇങ്ങോട്ടു വരുന്ന വഴിക്കു്, യേശുവിൻെറ പ്രാർത്ഥനയുടെ ശക്തി, ആ പ്രാർത്ഥന വേണമെന്നുവെച്ചല്ലാതെ ഉപയോഗിക്കുന്നവരിൽപ്പോലും വ്യക്തമായും ശക്തിയായും പ്രകടമാകുന്നതെങ്ങനെയെന്നും, പ്രാത്ഥന കൂടെക്കൂടെയും ഏറെ നേരവും ചൊല്ലുന്നതു് അതിൻെറ ധന്യഫലം ലഭിക്കാനുള്ള നിശ്ചിതവും ത്വരിതവുമായ ഒരു മാൎഗ്ഗമാണെന്നും പഠിക്കാനുള്ള ഒരവസരം എനിക്കുണ്ടായി. ഒരു രാത്രി എനിക്കു് ഒരു ടാർടാർഗ്രാമത്തിൽ കഴിച്ചുകൂട്ടേണ്ടതായിവന്നു. അവിടെ എത്തിയപ്പോഠം, ഒരു കുടിലിൻെറ ജനലിന്നു പുറത്തു് ഒരു റഷ്യൻ കുതിരവണ്ടിയും വണ്ടിക്കാരനെയും ഞാൻ കണ്ടു. സമീപത്തായി കുതിരകഠംക്കു് തീററി കൊടുക്കുന്നുണ്ടായിരുന്നു. അതൊക്കെ കാണാൻ എനിക്കു സന്തോഷമായിരുന്നു. അതേ സ്ഥലത്തുതന്നെ ഒരു രാത്രി താമസിക്കാനുള്ളു അനുവാദം ചോദിക്കണമെന്നു നിശ്ചയിച്ചു, ഒന്നുമില്ലെങ്കിലും രാത്രി * കൃസ്ത്യാനികളുടെകൂടെ കഴിക്കാമല്ലോ എന്നു വിചാരിച്ചു. ഞാൻ അവരുടെ അടുത്തെത്തി, വണ്ടിക്കാരനോടു്, അയാഠം എങ്ങോട്ടാണു് പോകുന്നതു് എന്നു ചോദിച്ചു. അയാളുടെ യജമാനൻ കസ്സാനിൽനിന്നും ക്രിമിയയിലേയ്ക്കു പോവുകയാണെന്നു് അയാഠം പറഞ്ഞു. ഞാൻ വണ്ടിക്കാരനുമായി സംസാരിച്ചുകൊണ്ടിരിക്കെ, അയാളുടെ യജമാനൻ വണ്ടിക്കുള്ളിലിരുന്നുകൊണ്ടു് വണ്ടിയുടെ

---

* ടാർടാറുകഠം മുസ്ലീമുകളാണു്.

തിരശ്ശീല നീക്കി, പുറത്തേയ്ക്കു നോക്കി, എന്നെ കണ്ടു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഞാനും ഇന്നു രാത്രി ഇവിടെ ത്തന്നെ താമസിക്കാൻ വിചാരിക്കുന്നു; എന്നാൽ ഞാൻ കുടിലിനകത്തു പോയില്ല; ടാർടാർവീടുകരം അത്ര അസുഖ കരങ്ങളാണ്. വണ്ടിയിൽത്തന്നെ രാത്രി കഴിക്കാനാണ് ഞാൻ തീച്ച്യാക്കിയിരിക്കുന്നതു്.' അതുകഴിഞ്ഞു് അദ്ദേഹം പുറത്തിറങ്ങി. അതൊരു നല്ല സായന്തനമായിരുന്ന തിനാൽ ഞങ്ങരം കുറച്ചുനേരം ചുററിനടന്നു, സംസാരിച്ചു. അദ്ദേഹം എന്നോട്ട് ഒട്ടുവളരെ ചോദ്യങ്ങരം ചോദിച്ചു; തന്നെക്കുറിച്ചും പലതും പറഞ്ഞു. അദ്ദേഹം എന്നോടു പറ ഞ്ഞതിതാണ്: ''അറുപത്തഞ്ചു വയസ്സാകുന്നതുവരെ ഞാൻ നാവികസേനയിൽ ഒരു കപ്പിത്താനായിരുന്നു: എന്നാൽ പ്രായമേറിയതോടെ ഞാൻ വാതരക്തത്തിനു്, ഒരു മാറാ വ്യാധിക്കു്, ഇരയായിത്തീന്നു. അതുകൊണ്ടു ഞാൻ നാവി കസേനയിൽനിന്നും പിരിഞ്ഞു: പിന്നെ ക്രിമിയയിൽ എൻെറ ഭാര്യയുടെ വക ഒരു കൃഷിക്കളത്തിൽ താമസ മാക്കി, ഒട്ടെല്ലാപ്പോഴും സുഖക്കേടുകാരനായിട്ട്. അവളൊരു എടുത്തുചാട്ടക്കാരിയും പെട്ടെന്നു പ്രകൃതം പകരുന്ന സ്വഭാ വക്കാരിയുമായിരുന്നു; ചീട്ടുകളി നന്നായിട്ടറിയുകയും ചെയ്യും. ഒരു രോഗിയുടെകൂടെ പാക്കുന്നതു് മുഷിപ്പനാ യിട്ട് അവരംക്കു തോന്നി; അതിനാൽ അവളെന്നെ വിട്ടു പോയി. കസ്സാനിൽ താമസിക്കുന്ന ഞങ്ങളുടെ മകളുടെ അടുത്തേയ്ക്കു പോയി. മകളെ അവിടെ ഒരു സക്കാരുദ്യോഗ സ്ഥനാണു വിവാഹം ചെയ്തിരിക്കുന്നതു്. എൻെറ ഭാര്യ ആവുന്നതൊക്കെ കടത്തി, വേലക്കാരെയും അവരം കൊണ്ടു പോയി; എട്ടുവയസ്സായ ഒരു ദത്തുപുത്രനെ ഒഴിച്ചു സകല രേയും കൊണ്ടുപോയി. അതുകൊണ്ടു് ഏതാണ്ടു മൂന്നുവഷ ത്തോളം ഞാൻ തനിച്ചു താമസിച്ചു. എന്നെ പരിചരിച്ചി രുന്ന പയ്യൻ സമത്ഥനായ ഒരു കൊച്ചുമിടുക്കനായിരുന്നു; വീട്ടുവേലകളൊക്കെ നടത്താൻ അവനു കഴിഞ്ഞിരുന്നു.

അവൻ എൻെറ മുറിയൊക്കെ വെടിപ്പാക്കി, നെരിപ്പോടു തയ്യാറാക്കി, കഞ്ഞി കാലമാക്കി, ചായയ്ക്കു വെള്ളം തിളപ്പിച്ചു. അതേസമയം അവൻ അസാധാരണമാംവണ്ണം കുസൃതിക്കാരനും ബഹളക്കാരനും ആയിരുന്നു. ഏതുനേരവും അവൻ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ചാടിനടക്കും: തട്ടും, മുട്ടും, കൂവും; കളിക്കും, കുറുമ്പുകൾ പലതും കാട്ടും. ആകപ്പാടെ അവനെന്നെ വല്ലാതെ ശല്യപ്പെടുത്തിയിരുന്നു. ഞാനോ, രോഗിയായതിനാലും എല്ലാംകൊണ്ടും മടുത്തതുകൊണ്ടും എപ്പോഴും അദ്ധ്യാത്മഗ്രന്ഥങ്ങൾ വായിക്കാൻ തല്പരനും. യേശുവിൻെറ പ്രാൎത്ഥനയെ സംബന്ധിച്ച് ഗ്രിഗോറി പലാമാസ് എഴുതിയ ഒന്നാംതരം ഒരു പുസ്തകം എൻെറ കൈയ്യിലുണ്ടായിരുന്നു. ഞാനൊട്ടു മിക്കപ്പൊഴും അതു വായിച്ചുവന്നു: കുറെയൊക്കെ പ്രാൎത്ഥനയും ചൊല്ലാറുണ്ട്. എന്നാൽ ഈ പയ്യൻ എന്നെ അലട്ടിക്കൊണ്ടിരുന്നു. ഭീഷണിയും ശിക്ഷയുമൊന്നും കാടുകാട്ടുന്നതിൽനിന്നും അവനെ തടഞ്ഞില്ല. അവസാനം ഞാൻ ഇങ്ങനെയൊരു വിദ്യ പ്രയോഗിച്ചു: അവനെ എൻെറ മുറിയിൽ ഒരു ബഞ്ചിൽ കൊണ്ടുവന്നിരുത്തി. എന്നിട്ട് യേശുവിൻെറ പ്രാൎത്ഥന നിൎത്താതെ ചൊല്ലാൻ ഞാനവനോടു പറഞ്ഞു. ആദ്യം ഇതവന് വല്ലാതെ അരോചകമായിരുന്നു. അതു ചൊല്ലാതിരിക്കാൻ അവൻ പല പണികളും നോക്കി; പലപ്പോഴും മിണ്ടാതിരുന്നു. എൻെറ ആജ്ഞ അനുസരിപ്പിക്കാനായി ഞാനൊരു ചൂരലെടുത്ത് അടുത്തുവെച്ചു. അവൻ പ്രാൎത്ഥന ചൊല്ലുമ്പോൾ ഞാൻ മെല്ലെ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയോ, അല്ലെങ്കിൽ, അവനെങ്ങനെയാണ് ചൊല്ലുന്നത് എന്ന് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയോ ചെയ്യും. അവൻ ഒരു നിമിഷം ചൊല്ലൽ നിൎത്തട്ടെ, ഞാനുടൻ വടിയെടുത്ത് കാണിക്കും, അവനു പേടിയാകും; വേഗം പിന്നെയും ചൊല്ലാൻ തുടങ്ങും. ഇതു വളരെ ശാന്തിപ്രദമായി ഞാൻ കണ്ടു; വീട്ടിൽ സ്വൈരമായി. കുറച്ചുകഴിഞ്ഞ

പ്പോറം വടിയുടെ ആവശ്യമൊന്നുമില്ലെന്നു ഞാൻ കണ്ടു. പയ്യൻ സ്വമനസ്സാലെയും ഉത്സാഹത്തോടും എൻെറ നിദ്ദേശം അനുസരിച്ചുപോന്നു. കൂടാതെ, അവൻെറ കുസൃതിപ്രകൃതത്തിനു സമൂലമായ ഒരു മാററം വന്നതായി കാണപ്പെട്ടു. അവൻ അടക്കവും ഒതുക്കവും ഉള്ളവനായി; ഒച്ചയുണ്ടാക്കാതായി; വീട്ടുവേലകറം മുമ്പത്തേതിലും ഭംഗിയായി നിവ്വഹിക്കുകയും ചെയ്തു. അതു കണ്ടു് എനിക്കു സന്തോഷം തോന്നി; അവനു ഞാൻ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കാൻ തുടങ്ങി. എന്നിട്ടെന്തായി ഫലമെന്നോ? അതോ, ഏതാണ്ടൊട്ടെല്ലാനേരവും, എന്തു ചെയ്തുകൊണ്ടിരിക്കുമ്പോഴും എൻെറ നിബ്ബന്ധം ലവലേശമില്ലാതെ, അവൻ പ്രാത്ഥന ഉരുവിട്ടുകൊണ്ടേ പോന്നു. അതിനെക്കുറിച്ചു ഞാൻ അവനോടു ചോദിച്ചപ്പോറം, ഏതു നേരവും പ്രാത്ഥന ചൊല്ലിക്കൊണ്ടിരിക്കാൻ അടക്കാനാവാത്ത ആഗ്രഹം തോന്നുന്നു, എന്നു പറഞ്ഞു അവൻ.

'അങ്ങനെ ചെയ്യുമ്പോറം നിനക്കെന്തോണു തോന്നുന്നതു് ?' ഞാൻ ചോദിച്ചു.

'ഒന്നുമില്ല,' അവൻ പറഞ്ഞു, 'അതു ചൊല്ലിക്കൊണ്ടിരിക്കുന്നതു് രസമാണെന്നുമാത്രം തോന്നുന്നു.'

'രസം - എന്നു വെച്ചാൽ ?'

'എങ്ങനെയാണതു് ശരിക്കു പറയേണ്ടതു് എന്നു് എനിക്കു് അറിഞ്ഞുകൂടാ.'

'നിന്നെ ഉല്ലാസവാനാക്കുന്നു, എന്നാണോ നീ ഉദ്ദേശിക്കുന്നതു് ?'

'അതെ, ഉല്ലാസവാൻ.'

ക്രിമിയൻയുദ്ധം ആരംഭിച്ചപ്പോറം അവനു പന്ത്രണ്ടു വയസ്സു പ്രായമുണ്ടു്. അപ്പോറം ഞാൻ അവനെയുംകൂട്ടി എൻെറ മകളുടെകൂടെ താമസിക്കുന്നതിന്നായി കസ്സാനി

ലേയ്ക്കു പോയി. ഇവിടെ അവൻ മററു വേലക്കാരോടൊപ്പം അടുക്കളയിൽ താമസിച്ചു: അതവനെ വല്ലാതെ മുഷിപ്പിച്ചു. മററു വേലക്കാർ തങ്ങളിൽ കളിക്കുകയും ഇളിക്കുകയും ചെയ്യുന്നുവെന്നുമാത്രമല്ല, തന്നെയും തൊന്തരപ്പെടുത്തുന്നു, തന്നെ കളിയാക്കുന്നു, അങ്ങനെ പ്രാർത്ഥന ചൊല്ലുന്നതു തടയുന്നു, എന്നൊക്കെ അവൻ എൻെറയടുത്തു പരാതികളുംകൊണ്ടു് വരും. ഒടുവിൽ, ഏതാണ്ടു മൂന്നു മാസം കഴിഞ്ഞു് അവൻ വന്നു് എന്നോടു പറഞ്ഞു: 'ഞാൻ വീട്ടിലേയ്ക്കു പോവുകയാണു്; ഈ സ്ഥലവും ഇവിടത്തെ കോലാഹലവും എനിക്കൊട്ടും സഹിക്കാൻ സാദ്ധ്യമല്ല.'

'ഇത്ര ദൂരം നീ തനിച്ചെങ്ങനെ പോകും, അതും ഈ മഞ്ഞുകാലത്തു് ?' ഞാൻ പറഞ്ഞു: 'വരട്ടെ, ഞാൻ പോകുമ്പോൾ നിന്നെയും കൂടെ കൊണ്ടുപോകാം.' പിറേറന്നു് എൻെറ പയ്യനെ കാണാനില്ല.

അവനെ അന്വേഷിച്ചു് ഞങ്ങൾ എല്ലായിടത്തും ആളെ അയച്ചു; പക്ഷെ എങ്ങും അവനെ കാണാനില്ല. അവസാനം എനിക്കു് ക്രിമിയയിൽനിന്നും ഒരെഴുത്തു കിട്ടി, ഞങ്ങളുടെ കൃഷിക്കളത്തിലെ ആളുകളിൽനിന്നു്: ഏപ്രിൽ നാലാംതീയതി, അതായതു്, ഉയിർത്തെഴുന്നേല്പു പെരുന്നാൾകാലത്തെ തിങ്കളാഴ്ച, എൻെറ ഒഴിഞ്ഞുകിടക്കുന്ന വീട്ടിൽ പയ്യൻ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു, എന്നു്. അവൻ എൻെറ മുറിയുടെ തറയിൽ, മാറത്തു് തൊഴുകൈയ്യും ചേർത്തുകൊണ്ടു് ശാന്തമായി കിടക്കുകയായിരുന്നു, അതേ നേർത്ത മേലങ്കിയും അണിഞ്ഞു്; വീട്ടിൽ വേലയ്ക്കു നില്ക്കുമ്പോൾ ഇട്ടിരുന്ന അതേ മേലങ്കിയിൽ, അവൻ പുറപ്പെട്ടുപോകുമ്പോൾ ധരിച്ചിരുന്ന അതേ മേലങ്കിയിൽ, കിടന്നിരുന്നു. അവരവനെ എൻെറ തോട്ടത്തിൽ അടക്കം ചെയ്തു.

ഈ വാൎത്ത കേട്ടപ്പോഠം ഞാൻ അതിയായി ആശ്ചയ്യപ്പെട്ടു. ആ കുഞ്ഞു് എങ്ങനെ ഇത്ര വേഗത്തിൽ തോട്ടത്തിലെത്തി ? അവൻ ഫെബ്രുവരി 26-ാംതീയതിയാണു പുറപ്പെട്ടതു്, ഏപ്രിൽ 4-ാം തീയതി കാണപ്പെടുകയും ചെയ്തു. കൎത്താവിൻെറ തുണ ഉണ്ടായാൽക്കൂടി, ഒരു മാസം കൊണ്ടു് രണ്ടായിരം മൈൽ സഞ്ചരിക്കണമെങ്കിൽ കുതിര വേണം. എന്തു്, ദിവസം ശരാശരി എഴുപതു മൈൽ! അതും നേൎത്ത തുണിയിൽ, പാസ്പോർട്ടമില്ലാതെ; മാത്രമോ, കീശയിലാണെങ്കിൽ ഒരു കൊച്ചുകാശുപോലും ഇല്ലതാനും! വഴിക്കു് ആരെങ്കിലും അവനെ കുതിരപ്പുറത്തു കയററി കൊണ്ടുപോയി എന്നു കരുതിയാൽത്തന്നെയും അതുതന്നെ ദൈവത്തിനു് അവൻെറ പേരിലുള്ള പ്രത്യേക കാരുണ്യത്തിൻെറയും വാത്സല്യത്തിൻെറയും അടയാളമാകുന്നു. എൻെറ ആ പയ്യൻ നോക്കു, പ്രാൎത്ഥനയുടെ ഫലം അനുഭവിച്ചു; ഇവിടെയിതാ ഞാൻ, ഒരു കിഴവൻ, ഇനിയും അവനോളം മുന്നേറിയിട്ടില്ല.'' എന്നിങ്ങനെ ആ മാന്യൻ കഥ അവസാനിപ്പിച്ചു.

പിന്നീടു ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'അതൊരു ഒന്നാംതരം പുസ്തകമാണു്, സർ, ഗ്രിഗോറി പലാമാസ് എഴുതിയതു്, താങ്കഠം വായിക്കാൻ ഇഷ്ടപ്പെട്ടിരുന്നു എന്നു പറഞ്ഞതു്. എനിക്കതറിയാം. പക്ഷെ, അതു് വാചികമായ യേശുവിൻെറ പ്രാൎത്ഥനയെക്കുറിച്ചാണു പ്രസ്താവിക്കുന്നതു്. അദ്ധ്യാത്മപ്രേമം എന്നു പറയുന്ന ഒരു പുസ്തകം താങ്കഠം വായിക്കണം. ആദ്ധ്യാത്മികമായ യേശുവിൻെറ പ്രാൎത്ഥന മനസ്സിലും ഹൃദയത്തിലും എത്തുന്നതെങ്ങനെ എന്നും അതിൻെറ മധുരഫലം ആസ്വദിക്കുന്നതെങ്ങനെ എന്നും ഉള്ള സമഗ്രവും സമ്പൂൎണ്ണവും ആയ വിവരണം താങ്കഠംക്കു് അതിൽ കാണാം.' ഞാൻ എൻെറ അദ്ധ്യാത്മപ്രേമം അദ്ദേഹത്തെ അപ്പോഠംത്തന്നെ കാണിക്കുകയും

ചെയ്തു. എൻെറ ഈ ഉപദേശം സ്വീകരിക്കാൻ അദ്ദേഹത്തിനു സന്തോഷമാണെന്നു ഞാൻ കണ്ടു; സ്വന്തമായിട്ട് ഒരു പുസ്തകം വാങ്ങുന്നതാണ് എന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്യുകയും ചെയ്തു. ഈ പ്രാർത്ഥനയിൽക്കൂടി ഈശ്വരൻെറ ശക്തി പ്രകാശിപ്പിക്കപ്പെടുന്ന ആശ്ചര്യകരങ്ങളായ രീതികളെക്കുറിച്ച് ഞാനെൻെറ മനസ്സിൽ വിചാരിച്ചു. ഞാൻ ഇപ്പോൾ കേട്ട കഥയിൽ എന്തുമാത്രം അനുഭൂതിയും ഉപദേശവും അടങ്ങിയിരിക്കുന്നു! ചൂരൽ പയ്യനെ പ്രാർത്ഥന പഠിപ്പിച്ചു; എന്നിട്ടോ, അതവന് സമാശ്വസനത്തിന് സഹായകമായ ഒരു ഉപായമായിത്തീർന്നു. പ്രാർത്ഥനയുടെ പാതയിൽ നാം കണ്ടുമുട്ടുന്ന നമ്മുടെ പരിക്ലേശങ്ങളും പരീക്ഷണങ്ങളും അതേമാതിരി കർത്താവിൻെറ തൃക്കൈയ്യിലെ ചൂരൽവടിയല്ലേ? നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് തൻെറ അപാരമായ കരുണയുടെ പൂർണ്ണതയിൽ അവ കാണാൻ നമ്മെ അനുവദിക്കുന്നെങ്കിൽ, പ്രാർത്ഥിക്കാൻ പഠിക്കുന്നതിൽ കൂടുതൽ ശ്രദ്ധാലുക്കളാകാൻ ഈ വടികൾ നമ്മെ പരിശീലിപ്പിക്കുമ്പോൾ, വാചാമഗോചരമായ സമാശ്വസനത്തിലേയ്ക്ക് അവ നയിക്കുമെന്നിരിക്കെ, നാമെന്തിനിത്ര ഭയപ്പെടുന്നു, വിഷമിക്കുന്നു?

എനിക്കു പറയാനുണ്ടായിരുന്ന കാര്യങ്ങളുടെ അവസാനത്തിലെത്തിയപ്പോൾ ഞാനെൻെറ അദ്ധ്യാത്മപിതാവിനോടു പറഞ്ഞു: 'ദൈവത്തിൻെറ നാമത്തിൽ, എന്നോട് ക്ഷമിച്ചാലും. ഞാനിപ്പോൾത്തന്നെ വളരെയേറെ ചിലച്ചിരിക്കുന്നു. വളരെയേറിപ്പോയാൽ അദ്ധ്യാത്മസംഭാഷണത്തെപ്പോലും വെറും വായാടിത്തമെന്നാണ് പരിശുദ്ധ പിതാക്കന്മാർ വിളിക്കുന്നതു്. യറുശലേമിലേയ്ക്കുള്ള എൻെറ സഹയാത്രികനെ പോയി കാണാൻ നേരമായി. ദൈവം തൻെറ അളവററ അൻപിനാൽ എൻെറ യാത്രയെ

അനുഗ്രഹിക്കുന്നതിനു്, ഗതിയററ ഒരു പാപിയായ എനിക്കു വേണ്ടി സദയം പ്രാത്ഥിച്ചാലും.'

'ദൈവത്തിൽക്കൂടി എനിക്കനിയനായവനേ, പ്രിയനേ, ഞാനിതാ നിന്നെ അതിനു് അകമഴിഞ്ഞു് ആശംസിക്കുന്നു.' അദ്ദേഹം മറുപടിയരുളി: 'സർവ്വേശ്വരന്റെ സർവ്വാശ്ലേഷിയായ കാരുണ്യം നിന്റെ വഴിയിൽ വെളിച്ചം വീശട്ടെ; റഫേൽ ദൈവദൂതൻ ടോബിയാസ്സിനെ അനുഗമിച്ചതുപോലെ ആ കാരുണ്യം നിന്നെ അനുഗമിക്കട്ടെ.'

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. M08 ... Acc. No. 12943

This book should be returned on or before the date last stamped below.

27 AUG 1986

20 MAR 1994

4 NOV 199

22 JUN 1997

24 JUN 2022

23 JUL 2022

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MOE
Sid

42943

വിദ്യാഭ്യാസത്തെപ്പറ്റി
ഒരു ബാലകന്റെ സങ്കടം